# യൂണിറ്റ് - കനകച്ചിലങ്ക

കനകച്ചിലങ്ക കിലുക്കിക്കിലുക്കി നൃത്തം ചെയ്യുന്ന കാവ്യനർത്തകി മലയാളത്തിൻെറതന്നെ പ്രതിരൂപമാണ്. കനകച്ചിലങ്ക എന്ന ഈ യൂണിറ്റിൽ കവിത, നാടൻപാട്ട്, പഴഞ്ചൊല്ല്, കടങ്കഥ, എന്നിവയിലെ നാട്ടുമൊഴി വഴക്കങ്ങൾ, താളാത്മകത, തുടങ്ങിയവയെല്ലാം പ്രമേയമാവുന്നുണ്ട്. അതോടൊപ്പം പ്രാഥമികമായി കലകളെ പരിചയപ്പെടാനുള്ള സന്ദർഭങ്ങളും ഒരുക്കിയിട്ടുണ്ട്. വാമൊഴിച്ചന്തം, കഥ കഥ കസ്തൂരി, താളവും മേളവും എന്നിങ്ങനെ മൂന്നു പാഠങ്ങളാണ് ഈ യൂണിറ്റിലുള്ളത്.

ഭാഷയിലടങ്ങിയ സൗന്ദര്യത്തിന്റെ ഒരടിസ്ഥാന ഘടകം അതിന്റെ താളമാണ്. പദ്യത്തിലും ഗദ്യത്തിലും ഉൾച്ചേർന്ന താളവൈവിധ്യം കണ്ടെത്താനും ആസ്വദിക്കാനും കഴിയണം. ഇതിനുള്ള അവസരം ലഭിക്കുമ്പോഴാണ് കുട്ടിക്ക് ഭാഷയോട് അടുപ്പവും ഇഷ്ടവും വർധിക്കുന്നത്. അതിനു വേണ്ടിയാണ് ആദ്യ രണ്ടു പാഠഭാഗങ്ങളിൽ നാടൻ ശീലിലുള്ള കവിതകൾ, നാടൻപാട്ടുകൾ, വായ്ത്താരികൾ, നാടോടിക്കഥകൾ, വാമൊഴിവഴക്കങ്ങൾ എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നത്. കേരളത്തിന്റെ സമ്പന്നമായ കലാപാരമ്പര്യത്തിന്റെ സവിശേഷതകൾ തിരിച്ചറിയാനുള്ള ഒരു ചവിട്ടുപടിയെന്നോണമാണ് താളവും മേളവും എന്ന മൂന്നാം പാഠം ചേർത്തിട്ടുള്ളത്.

## യൂണിറ്റ് വിശകലനം

**പഠനലക്ഷ്യങ്ങൾ**

1. അപരിചിതപദങ്ങൾ, പ്രയോഗങ്ങൾ എന്നിവയുടെ അർത്ഥവും ആശയവും സന്ദർഭങ്ങളിൽ നിന്നും നിഘണ്ടു നോക്കിയും കണ്ടെത്തുക. പുതിയ സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിച്ചു രസിക്കുക.

2. സാഹിത്യ രചനകൾ (കഥ, കവിത, നാടൻപാട്ട്, വിവരണം) വായിച്ചുകേട്ടും സ്വയം വായിച്ചും ആശയംഗ്രഹിച്ച് ആസ്വദിക്കുക. ആസ്വദിച്ച കാര്യങ്ങൾ വിവിധ വ്യവഹാര രൂപങ്ങളിലൂടെ (കവിത – നാടൻപാട്ട്, ഡയറി, റോൾപ്ലേ, ചിത്രീകരണം) രസകരമായി അവതരിപ്പിക്കുക.

3. നാടൻ പാട്ട് ചൊല്ലിക്കേട്ടും സ്വയം ചൊല്ലിയും താളം പിടിച്ചും ആശയം ഗ്രഹിച്ചും ആസ്വദിക്കുന്നതിൽ ആനന്ദം കണ്ടെത്തുക.

4. സമാനമായ താളത്തിൽ വായ്ത്താരികൾ ഉണ്ടാക്കി താളം പിടിച്ച് രസകരമായി ചൊല്ലുക.

5. വാമൊഴി വഴക്കങ്ങൾ ഭാഷയ്ക്ക് നൽകുന്ന ശക്തിയും സൗന്ദര്യവും തിരിച്ചറിയുക. സ്വന്തംരചനകളിൽ ഉചിതമായി പ്രയോഗിച്ച് ഭാഷ സ്വയം മെച്ചപ്പെടുത്തുന്നതിൽ ആനന്ദിക്കുക.

6. അനുയോജ്യമായ ഭാവം, ഒഴുക്ക്, ഉച്ചാരണശുദ്ധി അർത്ഥവ്യക്തതയ്ക്കുള്ള ഊന്നലുകൾ എന്നിവയോടെ ആകർഷകമായി വായിച്ചവതരിപ്പിക്കുക.

7. നാട്ടുകഥകൾ കേട്ട് ആശയംഗ്രഹിച്ച് ആസ്വദിക്കുന്നതിൽ സന്തോഷിക്കുക.

8. നാട്ടുകഥകളിൽ അടങ്ങിയിട്ടുള്ള താളം, നാട്ടുമൊഴിവഴക്കങ്ങൾ തുടങ്ങിയവ താളാത്മകമായി വായിച്ചു രസിക്കുക.

9. സ്കൂൾ ലൈബ്രറിയിൽനിന്ന് നാടോടിക്കഥാപുസ്തകങ്ങൾ തെരഞ്ഞെടുത്ത് വായിക്കുക. അതിലെ ആശയം തനിക്ക് ഇഷ്ടമുള്ള രീതിയിൽ ആവിഷ്കരിക്കുന്നതിൽ ആനന്ദിക്കുക. (പാവനാടകം, ചിത്രീകരണം, റോൾപ്ല).

10. കടങ്കഥകൾ ഭാഷയ്ക്ക് നൽകുന്ന സൗന്ദര്യവും ശക്തിയും തിരിച്ചറിയുക. അവയെ ഉചിതമായും രസകരമായും പ്രയോഗിക്കുക. രസകരമായ പുതിയ കടങ്കഥകൾ നിർമിച്ചു പങ്കിടുക.

11. പ്രാദേശികമായ നാടോടിക്കലാരൂപങ്ങളിലെ വർണ്ണവൈവിധ്യവും രൂപവൈവിധ്യവും രസിച്ചുകാണുക.

12. നാടോടിക്കലകളിലെ വർണ്ണവൈവിധ്യവും രൂപവൈവിധ്യവും തിരിച്ചറിഞ്ഞ് സന്തോഷപൂർവ്വം ചിത്രീകരിക്കുക.

13. വിവിധകലാരൂപങ്ങൾക്ക്, അവതരണത്തിനു സഹായകമായ സാഹിത്യരൂപം ഉണ്ടെന്ന് തിരിച്ചറിയുക. അവ രസിച്ചു കേട്ടും വായിച്ചും ആസ്വദിക്കുക.

14. പരിചിതമായ കലാരൂപവുമായി ബന്ധപ്പെട്ട പുതിയ പദങ്ങൾ ശേഖരിച്ച് അവയുടെ അർത്ഥം കണ്ടെത്തി അക്ഷരമാലാക്രമത്തിലാക്കി പദസഞ്ചയം വികസിപ്പിക്കുന്നതിൽ സന്തോഷിക്കുക.

15. കലാരൂപം കണ്ടാസ്വദിച്ച അനുഭവം ഡയറിയായോ അനുഭവവിവരണമായോ എഴുതുക. വാക്കകലം വരിയകലം,ഖണ്ഡികാകരണം,അക്ഷരവ്യക്തത,ചിഹ്നനം എന്നിവ പാലിച്ച് എഴുതുന്നതിൽ ആനന്ദിക്കുക.

16.ചർച്ചകളിൽ പങ്കെടുത്ത് അധ്യാപകരുടെ സഹായത്തോടെ വിലയിരുത്തൽ സൂചകങ്ങൾ വികസിപ്പിക്കുക. ഇതിൻെറ അടിസ്ഥാനത്തിൽ സ്വന്തം രചനകളും മറ്റുള്ളവരുടെ രചനകളും വിലയിരുത്തി മെച്ചപ്പെടുത്തുക.

**പ്രമേയം - കല**

കലകൾ എന്ന പ്രധാന പ്രമേയത്തെ മുൻനിർത്തിയാണ് ഇവിടെ പഠനാനുഭവങ്ങൾ ക്രമപ്പെടുത്തിയിട്ടുള്ളത്. ഭാഷയുടെ സർഗാത്മകമായ എല്ലാ ആവിഷ്ക്കാരങ്ങളേയും കലകളെന്നനിലയിൽ പരിഗണിക്കുകയാണ് ഇവിടെ. ആ നിലയിൽ പാഠഭാഗത്തെ സാമഗ്രികളും പ്രവർത്തനങ്ങളും ഉപയോഗപ്പെടുത്തേണ്ടതുണ്ട്.

**ഉപപ്രമേയങ്ങൾ**

കലയെന്ന പ്രധാന പ്രമേയമേഖലയെ സാമാന്യമായി നാടൻപാട്ടുകൾ, നാട്ടുകഥകൾ, കലകളും ഭാഷയും, നാട്ടുമൊഴി വഴക്കങ്ങൾ (കടങ്കഥ, പഴഞ്ചൊല്ല്) എന്നിങ്ങനെ ഉപപ്രമേയങ്ങളാക്കിത്തിരിച്ചാണ് പഠനസാമഗ്രികളും പഠനാനുഭവങ്ങളും തയ്യാറാക്കിയിട്ടുള്ളത്.

***സാഹിത്യരൂപങ്ങൾ***

ഈ പാഠഭാഗത്ത് പ്രധാനമായും നാടൻപാട്ട്, നാടോടിക്കഥകൾ, കവിത, വിവരണം എന്നീ സാഹിത്യരൂപങ്ങൾ കുട്ടികൾ പരിചയപ്പെടണമെന്നാണ് നാം കരുതുന്നത്.

**ഭാഷാവസ്തുതകൾ**

ഭാഷയിൽ ഉള്ളടങ്ങിയിട്ടുള്ള താളം, ഈണം, സന്ദർഭങ്ങളിൽ നിന്ന് അപരിചിത പദങ്ങളുടെ അർത്ഥം കണ്ടെത്തൽ, പ്രയോഗങ്ങൾ, ചിഹനം (പൂർണ്ണവിരാമം, അല്പവിരാമം, ചോദ്യചിഹ്നം), വാക്യഘടന, പകരംപദം, വിശേഷണം, സമാനപദങ്ങൾ, അകാരാദിക്രമം തുടങ്ങി ഭാഷാപരമായി കുട്ടി നേടേണ്ട വസ്തുതകൾ പരിചയപ്പെടാനും അവ ഉചിതമായ രീതിയിൽ, വേണ്ടുന്ന സന്ദർഭത്തിൽ പ്രയോഗിക്കാനും കുട്ടികൾക്ക് അവസരം നൽകണമെന്ന് ലക്ഷ്യം വയ്ക്കുന്നുണ്ട്.

**സമയം**

*22 മണിക്കൂർ*

**യൂണിറ്റ് ഗ്രിഡ്**

ഈ യൂണിറ്റ് മുന്നോട്ടുവയ്ക്കുന്ന ആശയധാരണകൾ, ഇതുവഴി നേടേണ്ട ശേഷികൾ, മൂല്യങ്ങൾ, മനോഭാവങ്ങൾ, പാഠഭാഗത്തെ പ്രവർത്തനങ്ങൾ, പ്രകടിപ്പിക്കേണ്ട വ്യവഹാരരൂപങ്ങൾ, വിലയിരുത്തൽ സൂചനകൾ എന്നിവ ഇങ്ങനെ സംഗ്രഹിക്കാം.

| ആശയം, ധാരണ | ശേഷി, നൈപുണി | മൂല്യം, മനോഭാവം | പ്രവർത്തനം, പ്രക്രിയ (സംഗ്രഹം) | വ്യവഹാര രൂപം | വിലയിരുത്തൽ സന്ദർഭം |
|---|---|---|---|---|---|
| •നാടൻ പാട്ടുകൾക്ക് രസം നൽകുന്നത് അവയുടെ താളമാണ്.<br>•നാടൻ പാട്ടുകൾക്ക് ചന്തം നൽകുന്നത് വാക്കുകളുടെ കിലുക്കവും മുഴക്കവും ആവർത്തനവുമാണ്.<br>•നാടൻ പാട്ടുകളുടെ താളാത്മകതയ്ക്ക് ഒരടിസ്ഥാനം അവയുടെ വായ്ത്താരികളാണ്.<br>•നാടോടിക്കഥകൾ പറയുന്നതിന് പ്രത്യേകമായ രീതികളുണ്ട്. (എല്ലാവരും ചേർന്ന് കഥ പറയുന്ന രീതി, പാട്ടുകൾ ആവർത്തിക്കുന്ന രീതി, ചൊല്ലുകൾ ആവർത്തിക്കുന്ന രീതി ...)<br>•നാടോടിക്കഥ പറച്ചിലിന് സവിശേഷമായ താളഘടനയുണ്ട്.<br>•ഓരോ നാടിനും അതിന്റേതായ നാടോടിക്കലാരൂപങ്ങളുണ്ട്.<br>•കവിതകളിൽ നിന്ന് സങ്കൽപ്പചിത്രങ്ങൾ രൂപപ്പെടുത്താൻ കഴിയും.<br>•കവിതയ്ക്ക് ഒന്നു പറഞ്ഞു മറ്റൊന്ന് ധ്വനിപ്പിക്കാൻ കഴിവുണ്ട്.<br>•അനുയോജ്യമായ പദങ്ങളും പ്രയോഗങ്ങളും ഉപയോഗിക്കുമ്പോൾ വികാരങ്ങളെ ഏറ്റവും സാന്ദ്രമായ ഭാഷയിൽ | •നാടൻപാട്ടുകൾ/ വായ്ത്താരികൾ എന്നിവ കേട്ടും ചൊല്ലിയും അതിലടങ്ങിയിരിക്കുന്ന താളം ആസ്വദിക്കുന്നു.<br>•നാടൻപാട്ടുകളിൽ ഉപയോഗിച്ച വാക്കുകളുടെ കിലുക്കം മുഴക്കം എന്നിവ കണ്ടെത്തുന്നു.<br>•ആവശ്യമായ സന്ദർഭങ്ങളിൽ വായ്ത്താരികൾ സ്വയം കണ്ടെത്തി ഉപയോഗിക്കുന്നു.<br>•കേട്ടതും കണ്ടെത്തിയതുമായ നാടോടിക്കഥകൾ അതിലെ സംഭാഷണങ്ങൾ, ചൊൽവടിവുകൾ എന്നിവ കൃത്യമായി പാലിച്ചുകൊണ്ട് അവതരിപ്പിക്കുന്നു.<br>•കേട്ടതോ കണ്ടെത്തിയതോ ആയ നാടോടിക്കഥകൾ റോൾപ്ലേയായി അവതരിപ്പിക്കുന്നു.<br>•നാടോടിക്കഥയിലെ കഥാപാത്രങ്ങളുടെ പാവകൾ തയ്യാറാക്കി പാവനാടകം അവതരിപ്പിക്കുന്നു.<br>•കലാരൂപങ്ങളുടെ വർണ്ണരൂപവൈവിധ്യങ്ങൾ കണ്ടെത്തുന്നു.<br>•അനുഭവങ്ങൾ ആവിഷ്കരിക്കുന്നതിന് ഉചിതമായ ഭാഷ ഉപയോഗിക്കുന്നു.<br>•അനുഭവങ്ങളിലൂടെ നേടിയ ഭാഷാപരമായ അറിവുകൾ ഉചിതമായ വാചിക-ലിഖിത അവസരങ്ങളിൽ ഉപയോഗിക്കുന്നു. | •അനുഭവങ്ങളിൽനിന്നും ആർജിച്ചെടുത്ത താളബോധം പുതിയ കവിതകളിലും പാട്ടുകളിലും പ്രയോഗിച്ച് നോക്കുന്ന ശീലം.<br>•പഴഞ്ചൊല്ലുകളും നാട്ടുമൊഴിവഴക്കങ്ങളും സ്വന്തം ഭാഷാ പ്രയോഗങ്ങളിൽ ഉചിതമായി ഉൾപ്പെടുത്താനും ഭാഷയുടെ ചന്തവും കരുത്തും തുടർച്ചയായി വളർത്താനുമുള്ള ശീലം.<br>•നാടൻപാട്ടുകളും നാട്ടുകഥകളും പരിചിതമാവുന്നതിലൂടെ ഭാഷയുടെ സൗന്ദര്യാത്മകമായ പാരമ്പര്യത്തിൽ അഭിമാനിക്കുകയും അത്തരം വിഭവങ്ങൾ തുടർച്ചയായി ശ്രദ്ധിക്കുകയും ശേഖരിക്കുകയും ചെയ്യുന്നശീലം.<br>•ശേഖരിച്ചതും നിർമ്മിച്ചതുമായ കടങ്കഥകൾ ഉപയോഗിച്ച് കടങ്കഥാപയറ്റുകളിൽ ഏർപ്പെടുന്ന ശീലം.<br>•കേൾക്കുന്നവരിൽ ഇമ്പം വളർത്തുന്ന വിധത്തിൽ കവിതയും ഗദ്യഭാഗങ്ങളും സൂക്ഷ്മതയോടെയും ജാഗ്രതയോടെയും | •കവിത താളാത്മകമായി ചൊല്ലൽ<br>•കവിതയുമായി ബന്ധപ്പെട്ട ചിത്ര രചന<br>•നാടൻ പാട്ട് അവതരണം<br>• വായ്ത്താരി<br>•താളം കണ്ടെത്തൽ (വായ്ത്താരി)<br>•കവിതകൾക്ക് വരികൾ കൂട്ടിച്ചേർക്കൽ.<br>• താളത്തിനനുസരിച്ചുള്ള വായ്ത്താരി നിർമാണം<br>•പഴഞ്ചൊല്ലുകൾ വിശകലനം<br>•നാട്ടുകഥ അവതരണം<br>•കുട്ടികളുടെ കഥോത്സവം<br>• റോൾപ്ലേ<br>•പാവനാടകം<br>•കടങ്കഥാകേളി<br>•നിഘണ്ടു പരിചയം<br>•കവിതയ്ക്കു പേരുനൽകൽ<br>•കടങ്കഥ നിർമ്മാണം<br>•അനുഭവവിവരണം എഴുതൽ. | •കവിത (നാടൻപാട്ട്)<br>•കഥ<br>•ഡയറി<br>•റോൾപ്ലേ | •കവിതകളും പാട്ടുകളും താളമിട്ടുചൊല്ലൽ. (താളം, ഉച്ചരണം, സംഘമായി ചോല്ലൽ, സങ്കല്പചിത്രങ്ങൾ രൂപപ്പെടുത്തൽ..)<br>•കവിതയുമായി ബന്ധപ്പെട്ട ചിത്ര രചന (കവിത വായിച്ച് ആശയം ഉൾക്കൊള്ളൽ, ചിത്രീകരണം, നിറങ്ങളുടെ ഉപയോഗം..)<br>•കവിതകൾക്ക് വരികൾ കൂട്ടിച്ചേർക്കൽ (താളം, പദസ്വാധീനം,)<br>•വായ്ത്താരികൾ താളമിട്ടു ചൊല്ലൽ, വായ്ത്താരികൾ തയ്യാറാക്കൽ. (താളം)<br>•പഴഞ്ചൊല്ലുകൾ വിശകലനം (മറച്ചുവച്ച ആശയങ്ങൾ കണ്ടെത്തൽ, ഗദ്യഭാഷയുടെ താളം, പുതിയ സന്ദർഭങ്ങളിൽ പ്രയോഗിക്കൽ)<br>•സവിശേഷമായ പദക്കൂട്ടുകൾ കണ്ടെത്തി എഴുതൽ. (ശരിയായ സന്ദർ |

| | | | | | |
|---|---|---|---|---|---|
| ആവിഷ്കരിക്കാൻ കഴിയും.<br>•കവിതയെ വിമർശനാത്മകമായി സമീപിക്കുമ്പോൾ യഥാർത്ഥ ആസ്വാദനം കൂടുതൽ സാധ്യമാകുന്നു.<br>•യഥാർത്ഥ ആസ്വാദനം സാധ്യമാകാൻ ഉചിതമായ ചോദ്യങ്ങൾ ഉന്നയിക്കേണ്ടതുണ്ട്.<br>•സംഭവങ്ങൾ ആഴത്തിൽ മനസ്സിൽ തട്ടുമ്പോഴാണ് അനുഭൂതികൾ ഉണ്ടാവുന്നത്.<br>•അനുഭവവിവരണം മനസ്സിൽ തട്ടുന്നതാവണമെങ്കിൽ ഉചിതമായ പദങ്ങൾ, പ്രയോഗങ്ങൾ, സാമ്യപ്പെടുത്തിപ്പറയലുകൾ മുതലായവ വേണം.<br>•അനുഭവങ്ങൾ മനസ്സിൽ തട്ടുന്ന രീതിയിൽ അവതരിപ്പിക്കാൻ ആശയങ്ങളെ ക്രമപ്പെടുത്തി എഴുതേണ്ടതുണ്ട്.<br>•അനുഭവ വിവരണത്തിന് കരുത്തുകൂട്ടാൻ പുതിയ പദങ്ങൾ, പദക്കൂട്ടുകൾ മുതലായവ സഹായിക്കും .<br>•മനസ്സിൽ തട്ടുന്ന അനുഭവങ്ങൾ ഉചിതമായ മറ്റൊരു സന്ദർഭത്തിൽ അവതരിപ്പിക്കാൻ കഴിയും.<br>•മനസ്സിനെ സ്പർശിച്ച അനുഭവങ്ങളും, | •പുതിയ അനുഭവങ്ങളുമായി മുന്നനുഭവങ്ങളെ താരതമ്യപ്പെടുത്തുന്നു.<br>•ഈണം, താളം, ഘടനാപരമായ സവിശേഷതകൾ തുടങ്ങിയവയുള്ള കവിതകൾ കേട്ടും വായിച്ചും ആസ്വദിക്കുന്നു.<br>•കവിതകൾ ഈണത്തിലും താളത്തിലും ഭാവത്തിലും ഊന്നേണ്ടിടത്ത് ഊന്നിയും ഉച്ചാരണസ്ഫുടതയോടെ ചൊല്ലി അവതരിപ്പിക്കുന്നു.<br>•കവിതയിലെ കാവ്യഭംഗിയും പ്രയോഗ ഭംഗിയും തിരിച്ചറിയുന്നു.<br>•കവിതയെ വിമർശനാത്മകമായ സമീപിക്കുന്നതിന് ആവശ്യമായ ചോദ്യങ്ങൾ ചോദിക്കുന്നു.<br>•വാമൊഴിവഴക്കങ്ങൾ കണ്ടെത്തുന്നു. സ്വന്തം രചനയിൽ പ്രയോഗിക്കുന്നു.<br>•അകാരാദി ക്രമത്തിൽ നിഘണ്ടു തയ്യാറാക്കുന്നു.<br>•ഭാഷാവസ്തുതകൾ (ചിഹനനം, പദക്കൂട്ട്, പ്രയോഗം, പകരം പദം വിശേഷണം, സമാനപദം) തിരിച്ചറിഞ്ഞ് ഉചിതമായ സന്ദർഭങ്ങളിൽ പ്രയോഗിക്കുന്നു.<br>•മനസ്സിൽ സ്പർശിച്ച അനുഭവങ്ങളും പ്രതികരണങ്ങളും അനുയോജ്യമായ പദങ്ങളും പ്രയോഗങ്ങളും ഉപയോഗിച്ച് ഡയറിയായോ അനുഭവക്കുറിപ്പായോ എഴുതുന്നു. | അവതരിപ്പിക്കുന്ന ശീലം.<br>•സൂചകങ്ങൾ വികസിപ്പിക്കുകയും രചനകളെ തിരുത്തി മെച്ചപ്പെടുത്തുകയും ചെയ്യുന്നതിലൂടെ വിശകലനത്തിലൂന്നി വിമർശനപരമായും കാര്യങ്ങളെ സമീപിക്കുന്ന ശീലം.<br>•സ്വന്തം പ്രദേശത്തെ നാടൻകലകൾ, നാടോടി സാഹിത്യം എന്നിവ ആസ്വദിക്കാനും അവയെക്കുറിച്ച് മറ്റുള്ളവരോട് പറയാനുമുള്ള താൽ പ്പര്യം.<br>•ചർച്ചകളിൽ പങ്കടുത്ത് മറ്റുള്ളവരുടെ അഭിപ്രായങ്ങൾ ക്ഷമാപൂർവം കേൾ ക്കുന്ന ശീലം<br>• മറ്റുള്ളവരുടെ അഭിപ്രായങ്ങൾ പരിഗണിച്ച് സ്വന്തം ധാരണകൾ വിലയിരുത്തുന്ന ശീലം<br>•ഉചിതമായ മാറ്റങ്ങൾ വരുത്തി സ്വന്തം ധാരണകൾ നിരനിതരം പുതുക്കി മെച്ചപ്പെടുത്തുന്ന ശീലം | •ഭാവാത്മക വായന<br>•നിയമാവലി തയ്യാറാക്കൽ<br>• കലാരൂപങ്ങളുടെ കാഴ്ച (നേരിട്ട് / ഐസിടി)<br>•ചിത്രീകരണം<br>•വിവിധ കലാരൂപങ്ങൾ -താരതമ്യം<br>•ഡയറിയെഴുതൽ<br>•അനുഭവവിവരണം / ഡയറി തയ്യാറാക്കൽ<br>•കവിതയിൽ പുതിയ വരികൾ ചേർക്കൽ | | ഭങ്ങളിൽ പ്രയോഗിക്കുന്നു)<br>•കഥകൾ പറയൽ. (ശബ്ദ നിയന്ത്രണം, ഭാവം, താളം, ആംഗ്യം..)<br>•റോൾപ്ലേ (സംഭാഷണം, അഭിനയശേഷി, കൂട്ടായ്മ..)<br>•ഭാവാത്മക വായന (ഉച്ചാരണം, ശബ്ദനിയന്ത്രണം, നിർത്തലുകൾ..)<br>•പാവനാടകം (സംഭാഷണം, ശബ്ദനിയന്ത്രണ ം,)<br>•കടങ്കഥാകേളി (മറച്ചുവച്ച അർ ത്ഥം കണ്ടെത്തൽ)<br>•നിഘണ്ടു പരിചയം (അകാരാദിക്രമം തിരിച്ചറിയൽ)<br>•കവിതയ്ക്കു പേരുനൽകൽ (ആസ്വാദനം)<br>•പകരം പദം നൽകൽ (അർ ത്ഥം ഊഹിക്കൽ)<br>•കടങ്കഥ നിർമ്മാണം (മറച്ചുവച്ചു പറയാനുള്ള കഴിവ്, ഭാഷയിലെ ശബ്ദഭംഗി, താളം)<br>•അനുഭവവിവരണം എഴുതൽ. (പൂർവാപര |

| | | | | | |
|---|---|---|---|---|---|
| അതിനോടുള്ള പ്രതികരണങ്ങളുമടക്കം എഴുതുമ്പോഴാണ് ഡയറി മികച്ചതാകുന്നത്. •പ്രതികരണങ്ങൾ അവതരിപ്പിക്കുന്നതിന് യോജിച്ച ചില പദങ്ങൾ, പ്രയോഗങ്ങൾ എന്നിവ തെരഞ്ഞെടുത്ത് ഉപയോഗിക്കുന്നതിലൂടെ ഡയറി/അനുഭവക്കുറിപ്പ് കൂടുതൽ മനോഹരമാകും. | | | | | ബന്ധം, ഭാഷ) • നിയമാവലി തയ്യാറാക്കൽ. (ആശയങ്ങൾ സംക്ഷിപ്തമായി അവതരിപ്പിക്കൽ) •കലാരൂപങ്ങൾ - താരതമ്യം (സാമ്യവ്യത്യാസങ്ങൾ കൃത്യതയോടെ അവതരിപ്പിക്കൽ) •ഡയറി തയ്യാറാക്കൽ (ഒതുക്കിപ്പറയൽ, വൈകാരികമായ ഭാഷ) •കവിതയിൽ പുതിയ വരികൾ ചേർക്കൽ (താളം, പദസ്വീകരണം) |

## പ്രവർത്തന വിശദീകരണം

### വാതിൽ

നാടൻപാട്ടുകളും നാടൻപാട്ടിന്റെ സ്വഭാവമുള്ള കവിതകളും താളം പിടിച്ച് ഈണത്തിൽ ചൊല്ലുന്നതിനുള്ള അവസരം കുട്ടികൾക്ക് ലഭിക്കേണ്ടതുണ്ട്. അതിനു സഹായകമായ വായനാ സാമഗ്രി എന്ന നിലയിലാണ് രാമകൃഷ്ണൻ കുമരനല്ലൂരിന്റെ കാക്കിരി പൂക്കിരി എന്ന കവിത പ്രവേശകമായി ഉൾപ്പെടുത്തിയിട്ടുള്ളത്.

### രാമകൃഷ്ണൻ കുമരനല്ലൂർ

മലയാളത്തിലെ ബാലസാഹിത്യകാരനാണ്. പാലക്കാട് ജില്ലയിലെ കുമാരനല്ലൂരിൽ 1969 ൽ ജനിച്ചു. പൊന്നാനി എ വി ഹൈസ്കൂളിൽ മലയാളം അധ്യാപകനായി ജോലിചെയ്യുന്നു. അദ്ദേഹത്തിന്റെ 'ഈച്ചയും പൂച്ചയും' എന്ന കഥാപുസ്തകത്തിനും 'തൂവൽ' എന്ന കവിതാപുസ്തകത്തിനും കേരള ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുരസ്കാരം ലഭിച്ചിട്ടുണ്ട്.

## കാക്കിരി പൂക്കിരി - താളമിട്ടു ചൊല്ലാം

കുട്ടികൾ വ്യക്തിഗതമായി കവിത ചൊല്ലിയവതരിപ്പിക്കട്ടെ. ടീച്ചറും കുട്ടികളും ചേർന്നുചെല്ലാം, പിന്നീട്.കുട്ടികൾ ഗ്രൂപ്പുകളായി ഈരണ്ടു വരികൾ [ഈരടികൾ] മാറിമാറി ചൊല്ലട്ടെ. നിർദിഷ്ട കുട്ടികൾ ടീച്ചർ ചൊല്ലുന്ന വരിക്ക് ശേഷമുള്ള ഭാഗം ചൊല്ലുന്നു.സ്ട്രിപ്പുകളിൽ വേറിട്ടെഴുതിത്തയ്യാറാക്കിയ കവിതയിലെ ഈരടികൾ ടീച്ചർ ക്ലാസ്സിൽ മാറി മാറി പ്രദർശിപ്പിക്കുന്നു.നിർദിഷ്ടകുട്ടികൾ കാണിച്ച ഈരടികൾ മുതൽക്ക് കവിത ചൊല്ലുന്നു. [ഓരോകുട്ടിക്കും നന്നായി കവിത ചൊല്ലാൻ കഴിയണം. അതിനുവേണ്ടിയാണ് വ്യത്യസ്ത വായനാ തന്ത്രങ്ങൾ സ്വീകരിക്കുന്നത്. ക്ലാസ്സിന്റെ ആവശ്യത്തിനനുസരിച്ച് വേണ്ടത്ര അളവിലും ആഴത്തിലും ഉചിതമായ പഠനതന്ത്രങ്ങൾ ടീച്ചർ സ്വീകരിക്കുമല്ലോ.]

- കാക്കിരി പൂക്കിരി എന്ന കവിതയിലെ ഒരു വരി ചൊല്ലുമ്പോൾ എത്ര തവണ താളമടിക്കുന്നുണ്ട്? ഓരോ കുട്ടിയും താളമടിച്ചുചൊല്ലിപ്പറയട്ടെ. [ചില വരികൾക്ക് നാല്, മറ്റുചില വരികൾക്ക് മൂന്ന് എന്നൊക്കെ കുട്ടികളിൽ ചിലർ പറയാനിടയുണ്ട്.]

**കാക്കിരി പൂക്കിരി തേൻമാവിന്റെ**
**എത്താക്കൊമ്പത്ത് -- -- --**
**കാക്കിരി പൂക്കിരി മാങ്ങകളങ്ങനെ**
**പഴുത്തു തൂങ്ങുന്നു -- --- --**

അടിവരയിട്ട അക്ഷരങ്ങൾ ചൊല്ലുമ്പോഴാണല്ലോ താളം പിടിക്കുന്ന കയ്യടി വരുന്നത്. കൊമ്പത്ത്... എന്നും തൂങ്ങുന്നു... എന്നും നീട്ടിച്ചൊല്ലുന്നുണ്ടല്ലോ. അപ്പോഴാണ് താളം പൂർണമാവുന്നത്. എട്ട് അടിയിൽ രണ്ടു വരികൾ ചൊല്ലാൻ കഴിയും.
സ്വാഭാവികമായും ഒരു വരിയിൽ നാലുതവണയാവും താളമിടുന്നത്. എല്ലാവരെയും ശരിയായ താളത്തിലേക്ക് കൊണ്ടുവരാൻ മേൽ സൂചിപ്പിച്ച വിധത്തിൽ അടിവരയിട്ട അക്ഷരങ്ങൾ വരുമ്പോൾ താളമിടാൻ പ്രേരിപ്പിക്കാം. ഇതിനായി കവിതയിലെ ആദ്യ നാലുവരികൾ ഇവിടെ നൽകിയപോലെ വലുതാക്കി ചാർട്ടിലെഴുതി പ്രദർശിപ്പിക്കാം.

കുട്ടികൾ ചെറുസംഘമായി കവിത ചൊല്ലി പ്രഭാത സർഗവേളയിൽ അവതരിപ്പിക്കട്ടെ. മികച്ച സംഘാവതരണങ്ങൾ ക്ലാസ് തലത്തിലോ സ്ക്കൂൾ തലത്തിലോ ഉള്ള നവമാധ്യമ ഗ്രൂപ്പിൽ പങ്കുവയ്ക്കാം.

**വാക്കും അർഥവും**

സന്ദർഭത്തിൽ നിന്ന് വാക്കുകളുടെയും പ്രയോഗങ്ങളുടെയും അർഥം ഉല്പാദിപ്പിക്കുക എന്നത് കാവ്യാസ്വാദനത്തിന്റെ രീതിയാണ്. മനസ്സിൽ വേറിട്ടതും വിചിത്രവുമായ സങ്കല്പങ്ങൾ ഉണ്ടാക്കാൻ കുട്ടികൾക്കു കഴിയും. അതുകൊണ്ടാണ് സന്ദർഭത്തിൽനിന്ന് പുതിയ അർത്ഥങ്ങൾ കണ്ടത്താൻ കഴിയുന്നത്.

കാക്കിരി പൂക്കിരി എന്ന വാക്കിന് പ്രത്യേകിച്ചൊരു അർത്ഥവുമില്ല. എന്നാൽ ഈ കവിതയിൽ ഇതിന് വ്യത്യസ്തമായ അർത്ഥങ്ങൾ കണ്ടെത്താനാവും. ഇതിനായി ചില ചോദ്യങ്ങൾ ഉന്നയിക്കാം.

- കാക്കിരി പൂക്കിരി തേൻമാവ് എന്നു പറയുമ്പോൾ മനസ്സിൽ എന്തു തരം മാവാണ് നിങ്ങൾ കാണുന്നത്?
- കാക്കിരി പൂക്കിരി മാങ്ങയോ?
- കാക്കിരി പൂക്കിരി പിള്ളേർ എങ്ങനെയുള്ള കുട്ടികളാവും?
- കാക്കിരി പൂക്കിരി കാറ്റ് എങ്ങനെയുള്ള കാറ്റാണ് ?
-
-

ഇവിടെ ഓരോ കുട്ടിക്കും മാവിനെയും മാങ്ങയേയും കാറ്റിനേയുമെല്ലാം സ്വന്തം നിലയിൽ സങ്കൽപ്പിക്കാനവസരം ലഭിക്കുന്നു. ഓരോരുത്തരും കണ്ടെത്തിയ അർഥങ്ങൾ നോട്ടു പുസ്തകത്തിൽ എഴുതിയശേഷം ക്ലാസിൽ പങ്കിടട്ടെ. ഇപ്പോൾ ഓരോ കാക്കിരി പൂക്കിരിക്കും വ്യത്യസ്ത അർഥങ്ങൾ വന്നുകാണും. ഓരോ കുട്ടിയും മനസ്സിൽ ഉണ്ടാക്കുന്ന ചിത്രമാണ് ഓരോ അർത്ഥവും. ഇത്തരത്തിൽ മനസ്സിൽ ചിത്രങ്ങൾ രൂപപ്പെടുത്താൻ കഴിയുമ്പോഴാണ് ഒരു രചനയിൽ നിന്ന് പുതുതായി ചില അർത്ഥങ്ങൾ കണ്ടെടുക്കാൻ കഴിയുന്നത്.

**വരച്ചുചേർക്കാം**

പ്രവേശക കവിതയെ ആഴത്തിൽ അറിഞ്ഞും ആസ്വദിച്ചും കുട്ടികൾ അവരുടെ മനസ്സിൽ രൂപപ്പെടുത്തിയ ചിത്രം വരച്ചു ചേർക്കുന്നതിനുള്ള പ്രവർത്തനമാണിത്. കവിതയ്ക്ക് ചുറ്റുമുള്ള ഒഴിഞ്ഞ ഇടത്തിൽ കുട്ടികൾക്ക് അവരവർ കണ്ടെത്തുന്ന ചിത്രങ്ങൾ വരച്ചു ചേർക്കാം. ഓരോ ചിത്രത്തിൻെറയും സ്ഥാനം മുൻകൂട്ടി തീരുമാനിച്ചു വരച്ചു ചേർക്കുന്നതായിരിക്കും ഉചിതം. ഇങ്ങനെ ചിത്ര വിന്യാസം ( Picture Lay- Out) ചെയ്യാൻ കുട്ടികളെ എങ്ങനെ സഹായിക്കാം?

കുട്ടികൾ അവരുടെ നോട്ട് ബുക്കിൽ പേജിൻെറ മധ്യഭാഗത്തായി കവിത പകർത്തട്ടെ. പിന്നീട് വരക്കേണ്ടുന്ന ചിത്രങ്ങൾ മനസ്സിൽ ക്രമപ്പടുത്തി വരച്ചുചേർത്ത് നിറം നൽ

കട്ടെ. ഓരോകുട്ടിയും വരച്ച ചിത്രങ്ങൾ ഗ്രൂപ്പിൽ അവതരിപ്പിക്കട്ടെ. അവയോരോന്നും മെച്ചപ്പെടുത്താനുള്ള നിർദേശങ്ങൾ മറ്റുകുട്ടികൾ പങ്കുവക്കട്ടെ. തുടർന്ന് ഓരോ ഗ്രൂപ്പും ടീച്ചർ നൽകുന്ന ചാർട്ടുപേപ്പറിൽ സംഘമായി ചിത്രീകരണം നടത്തി ക്ലാസ്സിലവതരിപ്പിക്കട്ടെ. മറ്റു ഗ്രൂപ്പുകൾക്ക് മെച്ചപ്പെടുത്താനുള്ള നിർദേശങ്ങൾ പങ്കുവെക്കാം. ഏറ്റവും മികച്ച ഗ്രൂപ്പ് ചിത്രീകരണത്തെ അടിസ്ഥാനമാക്കി സൂചകങ്ങൾ വികസിപ്പിക്കാനുള്ള ചർച്ച നടത്താം. സൂചകങ്ങൾ വികസിപ്പിക്കാനായി ചില ചോദ്യങ്ങൾ ചോദിക്കേണ്ടി വരും.

- കവിതയ്ക്കാണല്ലോ നാം ചിത്രം വരച്ചത്. എങ്കിൽ ചിത്രത്തിൽ എന്തെല്ലാം ഉൾപ്പെടണം? (കവിതയിലെ സംഭവങ്ങൾ / സന്ദർഭങ്ങൾ)
- ചിത്രത്തിനു ഭംഗി ഉണ്ടാവണമെങ്കിൽ എന്തെല്ലാം ചെയ്യണം? (വരകൾ വ്യക്തമാവണം. കൃത്യമായി ക്രമപ്പെടുത്തണം. നിറങ്ങൾ നൽകണം)

ചർച്ചയെ അടിസ്ഥാനമാക്കി ചിത്രീകരണത്തിന്റെ സൂചകങ്ങൾ ചാർട്ട് ചെയ്യുന്നു.

മാതൃകാ സൂചകങ്ങൾ:

- കവിതയിലെ സന്ദർഭങ്ങൾ/സംഭവങ്ങൾ എന്നിവ ചിത്രത്തിൽ നിന്നു വ്യക്തമാവുന്നുണ്ട്.
- ആശയം വ്യക്തമാവും വിധം ചിത്രങ്ങളെ ക്രമീകരിച്ചിട്ടുണ്ട്.
- മിഴിവുറ്റ രീതിയിൽ വ്യക്തമായി വരച്ചിട്ടുണ്ട്.
- ചന്തം വർദ്ധിപ്പിക്കുന്ന വിധത്തിൽ നിറങ്ങൾ ഉപയോഗിച്ചിട്ടുണ്ട്.

ടീച്ചർ വേർഷൻ

തുടർന്ന് അധ്യാപക സഹായിയിലുള്ള ചിത്രീകരണ പേജിന്റെ പകർപ്പ് കുട്ടികൾക്ക് നൽകുന്നു. കുട്ടികൾ അതിന് നിറം കൊടുക്കട്ടെ. സൂചകങ്ങളുമായി ചേർത്തുവച്ച് ചിത്രത്തെ പരിശോധിക്കാം. ഇതിനനുസരിച്ച് സ്വന്തം ചിത്രത്തിൽ മെച്ചപ്പെടുത്തലുകൾ വരുത്തി, കുട്ടികൾക്ക് പാഠപുസ്തകത്തിലെ ചിത്രീകരണം പൂർത്തിയാക്കാം. വരച്ചുചേർത്ത ചിത്രങ്ങളുടെ ഫോട്ടോ ക്ലാസ്തല നവമാധ്യമഗ്രൂപ്പിൽ പങ്കിടാവുന്നതാണ്.

ഈ പ്രവർത്തനം പ്രാഥമികമായി ഒരു വിലയിരുത്തൽ പ്രവർത്തനം കൂടിയാണ്. കുട്ടിക്ക് കാവ്യാനുഭൂതി എത്രമാത്രം ഉണ്ടായി എന്നു തിരിച്ചറിയാൻ ഇത് സഹായിക്കും. താളം, മനസ്സിൽ രൂപപ്പെടുന്ന ചിത്രങ്ങൾ, മുതലായവ കുട്ടിയെ

സ്വാധീനിച്ചിട്ടുണ്ടാവണം. ഇതിന്റെയെല്ലാം പ്രകടനമെന്ന നിലയിൽ കുട്ടി വരക്കുന്ന ചിത്രത്തെ കാണാൻ കഴിയും. സൂചകത്തെ അധികരിച്ച് കുട്ടികൾ വരച്ച ചിത്രത്തെ വിലയിരുത്താവുന്നതാണ്.

(കാക്കിരി പൂക്കിരി എന്ന കവിതയുടെ ചിത്രീകരണം അടുത്ത പേജിൽ)

**എന്താണ് സൂചകങ്ങൾ**

സൂചകം ഒരു അന്തിമപ്രമാണമല്ല. ഏതെങ്കിലും ഒരു പ്രവർത്തിചെയ്യുമ്പോൾ അതിനെ സ്വയം വിലയിരുത്താൻ കുട്ടിക്കു കഴിയണം. പരസ്പരം വിലയിരുത്താനും കഴിയണം. അങ്ങനെ കഴിയണമെങ്കിൽ ആ പ്രവർത്തിയെ മികച്ചതാക്കുന്ന ചില ഘടകങ്ങൾ കണ്ടെത്തേണ്ടതായി വരും. ഇതിനായി രൂപപ്പെടുത്തുന്ന സൂചകങ്ങൾ കുട്ടിയുടെ ചിന്തയുടെ ഭാഗമായി മാറുകയാണ് ചെയ്യുന്നത്. ഭാഷാക്ലാസിൽ നടത്തുന്ന ഏതു പ്രവർത്തനമാവട്ടെ (ചിത്രംവരയാവാം, ഏതുതരത്തിലുള്ള എഴുത്തുമാവാം, അഭിനയമടക്കമുള്ള ആവിഷ്കകാരങ്ങളാവാം) അവ ഓരോന്നും എങ്ങനെ മെച്ചപ്പെടുത്താമെന്ന തിരിച്ചറിയൽ ചിന്തയായാണ് ഓരോ സൂചകവും പ്രവർത്തിക്കേണ്ടത്.

സൂചകങ്ങൾ എങ്ങനെ വികസിപ്പിക്കാം?

- നിലവിലുള്ള അറിവ് ഉപയോഗപ്പെടുത്തി ഒരു പ്രവർത്തനത്തിലേർപ്പെടുന്നു.
- ആ പ്രക്രിയയിലൂടെ ഒരു ഉല്പന്നം രൂപപ്പെടുന്നു.
- മികച്ച ഉല്പന്നം ഏതെന്ന് കണ്ടെത്താനുള്ള ചർച്ചനടക്കുന്നു.
- മികച്ച ഉല്പന്നം കണ്ടെത്താനുള്ള ചർച്ചയിലൂടെ സൂചകം വികസിപ്പിക്കുന്നു.
- ചർച്ചയിലിടപെടുമ്പോൾ തൻെറ ഉല്പന്നത്തെയും സൂചകത്തെയും ഒത്തുനോക്കാൻ അവസരം കിട്ടുന്നു.
- ഇതിലൂടെ തൻെറ മികവുകളും ഇനിയും മെച്ചപ്പെടുത്താനുള്ള കാര്യങ്ങളും തിരിച്ചറിയുന്നു. (First feed back)
- ഗ്രൂപ്പിൽ സൂചകത്തെ അടിസ്ഥാനമാക്കി വിലയിരുത്തൽ നടത്തുമ്പോൾ ഓരോ കുട്ടിക്കും കൂട്ടത്തിൻെറ പ്രതികരണം ലഭിക്കുന്നു. മറ്റുള്ളവരുടെ രചനകളെ വിലയിരുത്താനുള്ള അവസരവും ലഭിക്കുന്നു. (Second feed back)
- ഓരോഗ്രൂപ്പും മികച്ചത് ക്ലാസിൽ അവതരിപ്പിക്കുമ്പോൾ സൂചകങ്ങളെ അടിസ്ഥാനമാക്കി മറ്റു ഗ്രൂപ്പുകൾ നടത്തുന്ന പ്രതികരണം ലഭിക്കുന്നു. (Third

feed back)

- ടീച്ചർ അവതരിപ്പിക്കുന്ന മികവുറ്റ മാതൃകയുമായി സൂചകത്തിൻെറ വെളിച്ചത്തിൽ സ്വന്തം രചനയെ ഒത്തുനോക്കുന്നു. അതിൻെറ മികവുകളും മെച്ചപ്പെടുത്താനുള്ള ഘടകങ്ങളും തിരിച്ചറിയുന്നു. (Fourth feed back)
- സൂചകവുമായി സ്വയം ഒത്തുനോക്കിയതിൻെറയും ഗ്രൂപ്പിലുള്ളവർ പ്രതികരിച്ചതിൻെറയും ഒരു ഗ്രൂപ്പ് അവതരിപ്പിച്ചപ്പോൾ മറ്റു ഗ്രൂപ്പുകൾ നടത്തിയ പ്രതികരണത്തിൻെറയും ടീച്ചറവതരിപ്പിച്ച മാതൃകയുമായി ഒത്തു നോക്കിയപ്പോൾ നടത്തിയ സ്വയം കണ്ടെത്തലിൻെറയും വെളിച്ചത്തിലാണ് കുട്ടി സൂചകങ്ങളെ അടിസ്ഥാനമാക്കി സ്വന്തം രചന മെച്ചപ്പെടുത്തുന്നത്.
- ഈ ഘട്ടങ്ങളിലൂടെയെല്ലാം കടന്നുപോകുമ്പോഴാണ് സൂചകം കുട്ടിയുടെ ചിന്തയുടെ ഭാഗമായി വളരുന്നത്.
- ഇങ്ങനെ ചിന്തയുടെ ഭാഗമാവുമ്പോൾ കുട്ടിയേർപ്പെടുന്ന ഓരോ പ്രവൃത്തിയുടെയും മെച്ചപ്പെടുത്തൽ ഉപകരണമായി അതാതു സൂചകങ്ങൾ മനസ്സിൽ പ്രവർത്തിച്ചുകൊണ്ടിരിക്കും.

# വാമൊഴിച്ചന്തം

കേരളത്തിന്റെ സമ്പന്നമായ താളപാരമ്പര്യത്തെ അടുത്തറിയുവാനും ആസ്വദിക്കുവാനും അതോടൊപ്പം പഴഞ്ചൊല്ലുകൾ കടങ്കഥകൾ എന്നിവയുടെ വിസ്മയം അനുഭവിക്കുന്നതിനുമാണ് ഈ പാഠം ഉൾപ്പെടുത്തിയിട്ടുള്ളത്.

**താളമിട്ടു ചൊല്ലാം**

കുട്ടികൾ വ്യക്തിഗതമായും ചെറു സംഘങ്ങളായും താളമിട്ടു ചൊല്ലി പരിചയിച്ചതിനു ശേഷം ക്ലാസിൽ അവതരിപ്പിക്കട്ടെ. ഓരോ ഗ്രൂപ്പിൻെറയും അവതരണം മറ്റു ഗ്രൂപ്പുകൾ വിലയിരുത്തി മെച്ചപ്പെടുത്തൽ നിർദ്ദേശങ്ങൾ നൽകട്ടെ.

തുടർന്ന് ടീച്ചറുടെ അവതരണം. താളത്തിൻെറ അടികൾ വരുന്ന അക്ഷരങ്ങൾക്ക് അടിവരയിട്ട് എഴുതിത്തയ്യാറാക്കിയ ചാർട്ട് പ്രദർശിപ്പിക്കുന്നു. താളമടിച്ചുചൊല്ലാൻ വിഷമം നേരിടുന്ന കുട്ടികൾക്ക് ചാർട്ടിൻെറ കൂടി പിന്തുണയോടെ വേണ്ടുന്ന സഹായം നൽകുന്നു.

തിന്താരോ തക തിന്താരോ തക
തിന്താരോ തക തിന്താരോ.....
ഒന്നാനമ്മയ്ക്കും മക്കൾക്കുമാടാൻ
രണ്ടാം കുന്നിമ്മേലൂഞ്ഞാല്.....
രണ്ടാനമ്മയ്ക്കും മക്കൾക്കും ചൂടാൻ
മൂന്നാം കാവിലെ മുല്ലപ്പൂ .....
.............................................
.............................................

അടിവരയിട്ട അക്ഷരങ്ങൾ ചൊല്ലുമ്പോഴാണല്ലോ ഇവിടെയും താളം പിടിക്കുന്ന കയ്യടി വരുന്നത്. നാലാം വരിയിൽ ഊഞ്ഞാല്... എന്നും ആറാം വരിയിൽ മുല്ലപ്പൂ .. എന്നും നീട്ടിച്ചൊല്ലിയാലാണ് താളം പൂർത്തിയാവുന്നത്.

**വരികൾ ചേർക്കാം**

'അഞ്ചാനമ്മയ്ക്കും മക്കൾക്കും' എന്നു തുടങ്ങുന്ന രീതിയിൽ വരികൾ എഴുതാൻ കുട്ടികൾ തീർച്ചയായും ശ്രമിക്കുമല്ലോ. എന്നാൽ ആ വരികൾ എത്രമാത്രം താളാത്മകമാണ് എന്നതാണ് പ്രധാനം.

ഇക്കാര്യം കുട്ടിക്ക് ബോധ്യപ്പെടണമെങ്കിൽ അവ ചൊല്ലിനോക്കണം. കുട്ടികൾ എഴുതിയ വരികൾ നീട്ടിച്ചൊല്ലിയോ മറ്റോ താളത്തിലാക്കാൻ ശ്രമിക്കും. അങ്ങനെ താളത്തിലാക്കി പാടുന്നതിനെ ഈ ഘട്ടത്തിൽ നാം അംഗീകരിക്കേണ്ടതുണ്ട്. കുട്ടികൾ തയ്യാറാക്കിയ വരികൾ കൃത്യമായി താളത്തിലാക്കാൻ ചെറിയമാറ്റങ്ങൾ ടീച്ചർക്കോ, മറ്റു കുട്ടികൾക്കോ, നിർദ്ദേശിക്കുകയും ആവാം. ഇതിനായി സൂചകം രൂപപ്പെടുത്തൽ, ഗ്രൂപ്പുതലത്തിൽ ചർച്ച, മികച്ചതു കണ്ടെത്തി അവതരണം, ചർച്ച, ടീച്ചറുടെ മാതൃക അവതരണം, മെച്ചപ്പെടുത്തൽ എന്നിവ നടത്തണം. വ്യക്തിപരമായി ആദ്യഘട്ടത്തിൽ തയ്യാറാക്കുന്ന രചനകൾ നോട്ടുപുസ്തകത്തിൽ മാത്രം എഴുതിയാൽ മതിയാകും. എന്നാൽ സൂചകത്തെ അടിസ്ഥാനമാക്കിയുള്ള വിവധഘട്ടത്തിലെ ചർച്ചകൾക്കുശേഷം മെച്ചപ്പെടുത്തിയ രചനകൾ രചനാശേഖരത്തിൽ ഉൾപ്പെടുത്തണം.

കവിതാ രചനയുമായി ബന്ധപ്പെട്ട് വിലയിരുത്തൽ നടത്താൻ ഈ സന്ദർഭം ഉപയോഗപ്പെടുത്താം.

***ചർച്ചയിലൂടെ രൂപപ്പെടുത്താവുന്ന വിലയിരുത്തൽ സൂചകങ്ങൾ:***

- *നാടൻപാട്ടിലെ ഈരണ്ട് വരികളിലെ ആദ്യത്തെ വാക്കുകൾ പുലർത്തുന്ന ക്രമം കണ്ടെത്തി വരികൾ എഴുതിയിട്ടുണ്ട്.*
- *ആടാൻ ഊഞ്ഞാല്, ചൂടാൻ മുല്ലപ്പൂ എന്നിങ്ങനെ ചെയ്യാനുള്ള പണിയും അതിനായി തെരഞ്ഞെടുക്കുന്ന വസ്തുവും തമ്മിലുള്ള ബന്ധം നിലനിർത്തുന്നുണ്ട്.*
- *താളത്തിനും ഈണത്തിനും ചേരും വിധം വാക്കുകളെ ഇണക്കിച്ചേർത്തിട്ടുണ്ട്.*
- 

കൂട്ടിച്ചേർക്കാവുന്ന ചില വരികൾ:

അഞ്ചാനമ്മയ്ക്കും മക്കൾക്കും പോകാൻ
ആറാം കടവിലെ പൂന്തോണി
ആറാനമ്മക്കും മക്കൾക്കും കാണാൻ
ഏഴാം കാവിലെ തുള്ളാട്ടം.

**വായ്ത്താരിച്ചന്തം**

തുടർച്ചയായി ഏതാനും ദിവസങ്ങൾ തുടരേണ്ട പ്രവർത്തനമാണിത്. വായ്ത്താരികൾ ഓരോന്നോരോന്നായി താളമിട്ടു ടീച്ചർ ചൊല്ലിക്കേൾപ്പിക്കണം. കുട്ടികൾ താളം പിടിച്ച് ചൊല്ലട്ടെ.

1 തെയ്യക്കം തെയ്യക്കം തെയ്യക്കം താരോ
തെയ്യക്കം തെയ്യക്കം തെയ്യക്കം താരോ

2 താനാ തെന്തിന്നോ താനാ തെന്തിന്നോ
താനാ തെന്തിന്നോ താനാ തെന്തിന്നോ

3 ധീം തകിട ധീം തകിട ധീം തകിട ധീം ധീം
ധീം തകിട ധീം തകിട ധീം തകിട ധീം ധീം

4 താന താന താനന താന താന താനന
താന താന താനന താന താന താനന

തുടർന്ന് ഇതേ വായ്ത്താരി ഏതെങ്കിലും വാദ്യോപകരണം ഉപയോഗിച്ച് താളമിട്ടത് കേൾപ്പിക്കുന്നു.(QR code) കുട്ടികൾ ശ്രദ്ധിക്കട്ടെ. പലതവണ ആവർത്തിച്ച് കേട്ടതിനു ശേഷം വാദ്യത്തോടൊപ്പം വായ്ത്താരി താളമിട്ടു ചൊല്ലട്ടെ. പ്രഭാത സർഗവേളയിൽ കുട്ടികൾ മാറിമാറി കുട്ടികൾ അവതരിപ്പിക്കട്ടെ.

തുടർന്ന് ലളിതമായ ചില പുതിയ വായ്ത്താരികൾ ഏതെങ്കിലും വാദ്യത്തിൽ വായിച്ചത് കേൾപ്പിക്കുന്നു.(QR code )

ഉദാ:

1 തെന്തിനം താനാ തെന്തിനം താനാ
തെന്തിനം താനാ തെന്തിനം താനാ

2 തക തക തക തക തക തക തക തക
തക തക തക തക തക തക തക തക

3 തോംത തിന്തക തോംത തിന്തക
തോംത തിന്തക തോം
തോംത തിന്തക തോംത തിന്തക
തോംത തിന്തക തോം

4 താന്തിനന്തോം താനിനന്തോം
താന്തിനന്തോം താനിനന്തോം
താന്തിനന്തോം താനിനന്തോം
താന്തിനന്തോം താനിനന്തോം

4 തന്തിനന തന്തിനന തന്തിനന തന്തിനന
തന്തിനന തന്തിനന തന്തിനന തന്തിനന

5 തക തകിട തക തകിട തക തകിട തക തകിട
തക തകിട തക തകിട തക തകിട തക തകിട

കൊട്ടുന്നത് കേട്ട് കുട്ടികൾ താളം തിരിച്ചറിയുന്നു.

താളത്തിനു ചേരുന്ന അക്ഷരങ്ങൾ ചേർത്ത് സ്വയം വായ്ത്താരി ഉണ്ടാക്കി അവതരിപ്പിക്കട്ടെ.

അവ ചാർട്ടിൽ എഴുതി പ്രദർശിപ്പിക്കണം. കുട്ടികൾ താളമിട്ടു സംഘമായി ചൊല്ലി ആസ്വദിക്കട്ടെ.

കുട്ടികൾ സ്വയം ഉണ്ടാക്കുന്ന വായ്ത്താരിയിൽ അവർക്ക് ഇഷ്ടമുള്ള അക്ഷരങ്ങൾ/ ശബ്ദങ്ങൾ ഉപയോഗിക്കാം. താളക്രമം പാലിക്കുന്നുണ്ടോ എന്നുമാത്രം പരിഗണിച്ചാൽ മതി.

എഴുതിത്തയ്യാറാക്കിയ വായ്ത്താരികൾ നോട്ടുപുസ്തകത്തിൽ എഴുതിവയ്ക്കാം. കുട്ടികളുടെ വായ്ത്താരി അവതരണം പ്രഭാത സർഗവേളയിലും ബാലസഭയിലും നടത്താം.

**പാടി രസിക്കാം**

ഈ പാഠഭാഗവുമായി ബന്ധപ്പെട്ട്  ഉപയോഗിക്കാവുന്ന ചില നാടൻപാട്ടുകളാണ് താഴെ നൽകുന്നത്. ക്ലാസ് തുടങ്ങുമ്പോഴുള്ള പ്രഭാതസർഗ്ഗവേളയിൽ പാടി ആസ്വദിക്കട്ടെ. മികച്ച അവതരണങ്ങൾക്ക് ബാലസഭയിൽ അവസരം നൽകണം.

## ആകാശോം പൂമിയുമെന്നുണ്ടായി

തെയ്യോ തിനുന്തോ തിനന്തിനുന്തോ- തെയ് തെയ്
തെയ്യത്തിനുന്തോ തിനുന്തിനന്തോ

ആകാശോം പൂമിയുമെന്നുണ്ടായി - തെയ് തെയ്
മാനത്തെ നക്ഷത്രമെന്നുണ്ടായി - തെയ് തെയ്
നീ പോയിക്കണ്ടോ നിന്റമ്മൻ കണ്ടോ - തെയ് തെയ്
നീയും നിന്നമ്മനും കൂടെക്കണ്ടോ - തെയ് തെയ്

അക്ഷരം പാറ്റും മുറമിതേതോ - തെയ് തെയ്
നാവുകൊണ്ടക്ഷരം പാറ്റുമെടി - തെയ് തെയ്
ഗംഗയടിക്കുന്ന ചൂലിതേതോ -  തെയ്തെയ്
തലമുടിയാലെയടിക്കുമെടീ - തെയ്തെയ്

തെയ്യോ തിനുന്തോ തിനന്തിനുന്തോ- തെയ് തെയ്
തെയ്യത്തിനുന്തോ തിനുന്തിനന്തോ

## താനാ തന തന

താനാ തന തന, താനാ തന തന
താന തന തന തന്തിന്നാനോ
ഒരു ചാലുഴുതില്ല, ഒരു വിത്തു വിതച്ചില്ല
താനേ മുളച്ചൊരു പൊൻ തകര
(താനാ തന തന..,.)
ഒരുനാളൊരു വട്ടി പിറ്റേന്നാൾ രണ്ടു വട്ടി
മൂന്നാം നാൾ മൂന്നു വട്ടി തകര നുള്ളി

(താനാ തന തന..,.)

ഉപ്പോടു മുളകോടു വെങ്കല കലത്തോടു

തകര പറിച്ചൊരു കറിയുണ്ടാക്കി

(താനാ തന തന..,.)

അപ്പൂപ്പനമ്മാവ നയലത്തെ കേളുമ്മാൻ

വടക്കേലെ നാണിക്കും വിരുന്നൊരുക്കി.

(താനാ തന തന..,.)

കുംഭമാസം കഴിഞ്ഞപ്പോൾ തകര കരിഞ്ഞു

ഇനിയെന്തു ചെയ്യും പെരും കുടലേ..

(താനാ തന തന..,.)

ആറാറു മടക്കിട്ട് അറുപതു കുരുക്കിട്ട്

അനങ്ങാതെ കിടന്നോ പെരും കുടലേ...

(താനാ തന തന..,.)

**പഴഞ്ചൊൽ പെരുമ**

മൂന്നാം ക്ലാസ്സിൽ പഴഞ്ചൊൽപഠനത്തിന്റെ മേഖലയിലേക്ക് പ്രവേശിക്കുകയാണ് കുട്ടി. ഒതുക്കി പറയുന്നതിന്റെയും അർഥം ഒളിപ്പിച്ചു പറയുന്നതിന്റെയും ശക്തിയും സൗന്ദര്യവുമാണ് പ്രധാനമായും ശ്രദ്ധയിൽപെടുത്തേണ്ടത്. അതുപോലെ ഗദ്യഭാഷയിലടങ്ങിയിട്ടുള്ള താളാത്മകത തിരിച്ചറിയാനും കുട്ടികൾക്ക് അവസരമുണ്ടാവണം. കേവലമായി പഴഞ്ചൊല്ലുകൾ ശേഖരിക്കുന്നത് കൊണ്ട് പ്രത്യേകിച്ച് കാര്യമുണ്ടാകണമെന്നില്ല. അവയിൽ ഒളിപ്പിച്ചുവച്ച ആശയം കണ്ടെത്താനുള്ള അവസരം കൈവരുമ്പോഴാണ് പഴഞ്ചൊല്ലിന്റെ പഠനം അർത്ഥ പൂർണ്ണമാവുന്നത്.

കുട്ടികളും ടീച്ചറും ചേർന്ന് 'നാരങ്ങപ്പാല് ' എന്ന കളി കളിച്ച് ആസ്വദിക്കുന്നു. ഇതേ കളി കളിക്കുന്ന ഒരുകൂട്ടം കുട്ടികളെ പരിചയപ്പെട്ടാലോ? കുട്ടികൾ വ്യക്തിഗതമായി പാഠം വായിക്കട്ടെ.

പഴഞ്ചൊല്ലുകൾ വെറുതെ പരിചയപ്പെട്ടാൽ മാത്രം പോര. അവയിൽ നിറഞ്ഞിരിക്കുന്ന ആശയലോകം കണ്ടെത്താൻ കുട്ടികൾക്കാവണം. അതിനാലാണ് പഴഞ്ചൊല്ലുകൾ ഇത്തരത്തിൽ ചില സന്ദർഭങ്ങളിൽ പ്രയോഗിച്ച് പരിചയപ്പെടുത്തുന്നത്. അതിനാൽ ക്ലാസിൽ ഓരോകുട്ടിക്കും ഇത് വായിക്കാനും പഴഞ്ചൊല്ലുകളെ തൻേതായ നിലയിൽ വ്യാഖ്യാനിക്കാനും അവസരം നൽകണം.

ഒപ്പംതന്നെ പരിചിതമായ പഴഞ്ചൊല്ലുകൾ സംഭാഷണത്തിലും എഴുത്തിലും പ്രയോഗിക്കാൻ പ്രോത്സാഹിപ്പിക്കുകയും വേണം. കുട്ടികൾ ദൈനംദിനം സ്വതന്ത്രമായി നടത്തുന്ന സംഭാഷണങ്ങളിലും എഴുത്തിലും സാധ്യമായ സന്ദർഭങ്ങലിൽ പഴഞ്ചൊല്ലുകള കൂട്ടിച്ചേർക്കാൻ നാം സഹായിക്കണം. അങ്ങനെ കൂട്ടിച്ചർക്കുമ്പോൾ ഭാഷയ്ക്കു കൈവന്ന ശക്തിയും ചാരുതയും തിരിച്ചറിയാനും അവസരമൊരുക്കണം.

- 'എന്താ മക്കളെ കാക്കക്കൂട്ടത്തിൽ കല്ലിട്ടപോലെ' ബഹളംകൂട്ടിക്കളിക്കുന്ന കുട്ടികളോട് അമ്മ, കാക്കക്കൂട്ടത്തിന്റെയും കല്ലിന്റെയും കാര്യം പറയുന്നതെന്തിനാവും?
- ഇവിടെ കാക്കയെക്കുറിച്ചല്ലല്ലോ അമ്മ പറയുന്നത്, അമ്മ ശരിക്കും ഉദ്ദേശിക്കുന്നതെന്താണ്?
- ഇതുപോലെ മറ്റെന്തെല്ലാം പ്രയോഗങ്ങളാണ് ഈ പാഠത്തിലുള്ളത്?
  [കാക്കക്കൂട്ടിൽ കല്ലിട്ടപോലെ
  അരിയെറിഞ്ഞാൽ ആയിരംകാക്ക
  ആലിൻകായ പഴുത്തപ്പോൾ കാക്കയ്ക്ക് വായ്പ്പുണ്ണ് ]

പാഠപുസ്തകം പേജ് 14 ലെ ഉചിതമായ ചോദ്യസൂചനകളുപയോഗിച്ച് പഴഞ്ചൊല്ലിന്റെ ആശയം വ്യക്തമാക്കുന്ന ചർച്ച നടത്തുമല്ലോ. കണ്ടെത്തിയ പഴഞ്ചൊല്ലുകളും അവയെക്കുറിച്ച് ചർച്ചചെയതു കണ്ടെത്തിയ കാര്യങ്ങളും അടങ്ങുന്ന കുറിപ്പ് നോട്ടുപുസ്തകത്തിൽ ചേർക്കണം.

| |
|---|
| ഒന്ന് പറയുകയും മറ്റൊട്ടേറെ കാര്യങ്ങൾ അതിലൂടെ സൂചിപ്പിക്കുകയും ചെയ്യുന്നതിന് ഭാഷയിൽ ഏറെക്കാലമായി പ്രയോഗിച്ചു വരുന്ന ഒന്നാണ് പഴഞ്ചൊല്ലുകൾ. ആറ്റിക്കുറുക്കി പറഞ്ഞ കവിതകളാണവ. |

**പദക്കൂട്ട്**

പഴഞ്ചൊല്ലുകൾ വായിച്ച് വിശദീകരിക്കാൻ കഴിയണമെങ്കിൽ വാക്കുകളിൽ ഒളിപ്പിച്ച് വച്ച അർഥം കണ്ടെടുക്കാനാവണം. അതിന് ചില അനുഭവങ്ങൾ ഒരുക്കേണ്ടി വരും . പുതിയ പദക്കൂട്ടുകൾ നിർമ്മിക്കുന്നത് ഇതിന് സഹായകമാകും.

കാക്ക, കല്ല്, കഞ്ഞി.........

ഇത്തരം എട്ടോ പത്തോ നാമപദങ്ങൾ കുട്ടികൾ എഴുതട്ടെ. അതിനു സമാന്തരമായി
വെളുത്ത, വാലുള്ള, മധുരമുള്ള...............

തുടങ്ങിയ വിശേഷണ പദങ്ങൾ എഴുതണം. തമ്മിൽ ചേർച്ചയില്ലാത്ത നാമവും വിശേഷണവും ചേർത്ത് വാക്കുകൾ ഉണ്ടാക്കുന്നു. 'മധുരമുള്ള അമ്മ' എന്ന വാക്ക് ഉണ്ടാക്കിയെന്നിരിക്കട്ടെ. ഇവിടെ മധുരമുള്ള അമ്മ എന്ന് പറയുമ്പോൾ മിട്ടായി പോലെ മധുരിക്കുന്ന അമ്മ എന്നല്ലല്ലോ വിചാരിക്കുന്നത്. പകരം മനസ്സിൽ തെളിയുന്നത് അമ്മയുടെ അലിവാർന്ന പെരുമാറ്റം, വാത്സല്യം, തുടങ്ങിയ ഗുണങ്ങളാണല്ലോ. അതായത് പറയുന്നതൊന്നും അർത്ഥമാക്കുന്നത് മറ്റൊന്നും. ഈ രീതിയാണ് പഴഞ്ചൊല്ലുകളിൽ ഉപയോഗിച്ചിട്ടുള്ളത്.

ഇത്തരത്തിൽ പുതിയ പദക്കൂട്ടുകൾ ഉണ്ടാക്കുമ്പോൾ മനസ്സിൽ തെളിഞ്ഞ കാര്യങ്ങൾ കൂടി ഓരോരുത്തർക്കും പറയാൻ അവസരം നൽകണം. ഇതിനായി അവരുണ്ടാക്കിയ പുതിയ പദക്കൂട്ട് പ്രയോഗിക്കുന്ന ഒരു വാക്യം എഴുതാൻ ആവശ്യപ്പെടാം. അവയിൽ ഒളിപ്പിച്ചുവച്ച അർഥം കണ്ടെത്താനുള്ള കഴിവ് ഇതിലൂടെ വളരും. രണ്ടു നാമപദങ്ങളെ മാത്രം കൂട്ടിച്ചേർത്തും ഈ പ്രവർത്തനം തുടരാം. ഉദാ : ചക്കപ്പേൻ, കല്ലുമഴ എന്നിങ്ങനെ..

നിർമിക്കുന്ന പദക്കൂട്ടുകൾ നോട്ട് പുസ്തകത്തിൽ എഴുതണം.

ഓരോ കുട്ടിക്കും കണ്ടെത്തിയ പദക്കൂട്ടിന്റെ പുതിയ അർഥം വിശദീകരിക്കാൻ അവസരം നൽകണം.

**പഴഞ്ചൊല്ലുകളോടൊപ്പം**

പരിചപ്പെട്ട പഴഞ്ചൊല്ലുകൾ പുതിയ സന്ദർഭങ്ങളിൽ പ്രയോഗിക്കാൻ കുട്ടികൾക്ക് അവസരം നൽകേണ്ടതുണ്ട്. അതിനായി ടീച്ചർ ചില സന്ദർഭങ്ങൾ മുന്നോട്ടുവയ്ക്കുന്നു. കുട്ടികൾ സന്ദർഭത്തിനു യോജിച്ച പഴഞ്ചൊല്ല് കണ്ടെത്തട്ടെ.

- ടീവിയിൽ ഫുട്ബാൾ കളി തുടങ്ങാറായി. ടീവിക്കുമുൻപിൽ ചെന്നിരുന്നതും കറണ്ടുപോയി................
- ബെല്ലടിച്ചു ഇൻർവെല്ലായി, ക്ലാസിൽ ഇനി ചെവികേൾക്കാനാവില്ല, ബഹളമയം................
- മടക്കിപ്പിടിച്ച കയ്യിൽ എന്താണെന്നു പറയാമോ? പറഞ്ഞാലതു നിങ്ങൾക്ക്. ടീച്ചറിതു പറയേണ്ടതാമസം കുട്ടികളെല്ലാവരും ചുറ്റും തിക്കിത്തിരക്കി ........
- 
- 

പഴഞ്ചാല്ലുകൾ പരിചയപ്പെട്ടതിൻെറ വെളിച്ചത്തിൽ കുട്ടികൾ അവരുടെ സ്വാഭാവിക ഭാഷാവ്യവഹാരങ്ങളിൽ ഇവയുപയോഗിച്ചു തുടങ്ങണം. അതിനു മാതൃകയാവുന്ന

വിധത്തിൽ ടീച്ചർ സ്വന്തം സംഭാഷണത്തിലും മറ്റും പഴഞ്ചൊല്ലുകൾ ഉൾച്ചേർക്കാൻ ശ്രദ്ധിക്കണം. കുട്ടികളുടെ ദൈനംദിന ഡയറിയെഴുത്തിലുൾപ്പടെ പഴഞ്ചൊല്ലുകൾ പ്രയോഗിക്കാനുള്ള സന്ദർഭങ്ങൾ കാണും.

**ഒരുമതന്നെ പെരുമ**

കാക്ക വിഷയമായിവരുന്ന ഏതാനും പഴഞ്ചോല്ലുകളാണല്ലോ കുട്ടികൾ ഇതിനകം പരിചയപ്പെട്ടത്. പലതും വിഷയമാവുന്ന പഴഞ്ചൊല്ലുകളുണ്ടെന്ന് കണ്ടെത്തുന്നതിനാണ് ഒരുമതന്നെ പെരുമ എന്ന പ്രവർത്തനം.ചിത്രമാണ് ഇവിടെ പാഠസാമഗ്രി.പഴഞ്ചൊല്ല് സൂചിപ്പിക്കുന്ന ആശയമാണ് ചിത്രീകരിച്ചിട്ടുള്ളത്, ഇക്കാര്യം ചർച്ചയിലൂടെ കുട്ടികൾകൾക്ക് ബോധ്യപ്പെടണം.

ചർച്ചാ സൂചനകൾ:

- ചിത്രത്തിലെ ഉറുമ്പുകൾ എന്താണുചെയ്യുന്നത്?
- വട ഏറ്റിനടക്കാൻ ഇത്തിരപോന്ന ഉറുമ്പിന് ഒറ്റയ്ക്കു സാധിക്കുമോ?
- ചില ഉറുമ്പുകൾ ഇങ്ങോട്ടുവലിക്കുമ്പോൾ മറ്റുചിലർ അങ്ങോട്ടാണ് വട വലിക്കുന്നതെങ്കിലോ, എന്താണ് സംഭവിക്കുക?
- പ്രയാസം കൂടാതെ വട ഏറ്റിപ്പോകാൻ ഉറുമ്പുകൾക്ക് കഴിഞ്ഞതെന്തു കൊണ്ടാണ്?
- 

ഈ സൂചനകളോടു പ്രതികരിക്കുന്നതിലൂടെ ഈ പഴഞ്ചൊല്ലിൻെറ പല പ്രകാരത്തിലുള്ള അർത്ഥമാണ് വ്യക്തമാവേണ്ടത്.

- ഒത്തുപിടിച്ചാൽ മലയും പോരും.
- പലരുകൂട്യാൽ പഞ്ഞിനൂല്.
- പലതുള്ളിപ്പെരുവെള്ളം.

തുടങ്ങി ഒരുമയെക്കുറിച്ചുള്ള മറ്റുചില പഴഞ്ചൊല്ലുകൾ കൂടി പരിചയപ്പെടുത്താം. അവ ചിത്രീകരിക്കുന്നതിന്റെ സാധ്യതകൾ ക്ലാസിൽ ചർച്ചചെയ്യാം. ചിത്രം വരയ്ക്കാം.

പെരുമ എന്ന വാക്കിൻെറ അർത്ഥം കണ്ടെത്താൻ വായനാവസരം ഒരുക്കണം. താഴെക്കൊടുത്ത സാമഗ്രി ഇതിനായി ഉപയോഗപ്പെടുത്താം. പാഠഭാഗത്തെ ചിത്രം ഒരുമയുടെ പെരുമ കാണിക്കുന്നതാണല്ലോ. ആ ചിത്രവും ചർച്ചാവിഷമമാക്കാം.

ഒരുമയിലൊരു'മയിൽ' ഒരുമിച്ചൊരുമര-
മരികിലിരിക്കുന്നു.
പെരുമയിലുള്ളൊരു പീലി നിവർത്തി
തിരുമയിലൊന്നിന്നാടുന്നു.
ഒരുമയ്ക്കുള്ളൊരു പെരുമ പുകഴ്ത്തുക-
യാണിവയെന്നേ തോന്നുന്നു.

**ടീച്ചർ പഴഞ്ചൊല്ലുകളെ സമീപിക്കുമ്പോൾ**

പഴയകാല ജീവിതം രൂപംകൊടുത്തവയാണ് പഴഞ്ചൊല്ലുകൾ. അന്നത്തെ ജീവിതത്തിൽ പുലർന്നുപോന്നിരുന്ന നീതിബോധമാണ് അവയിൽ മിക്കതിലും നിഴലിക്കുന്നത്. താഴ്ന്ന ജാതി, ഉയർന്നജാതി, അയിത്തം തുടങ്ങി ഇന്നത്തെ ജീവിതത്തിനു ചേരാത്ത പലതും പഴഞ്ചൊല്ലുകളിൽ കണ്ടേക്കാം. അതുകൊണ്ടുതന്നെ ജനാധിപത്യ ജീവിതക്രമം പാലിക്കുന്ന ഇന്നത്തെക്കാലത്ത് എല്ലാ പഴഞ്ചൊല്ലുകളും സ്വീകാര്യമാവണമെന്നില്ല, ക്ലാസിൽ ചർച്ചചെയ്യാനായി പഴഞ്ചൊല്ലുകൾ തെരഞ്ഞെടുക്കുമ്പോൾ അവയുടെ കാലിക പ്രസക്തി പ്രത്യേകം പരിഗണിക്കുമല്ലോ.

## കഥ കഥ കസ്തൂരി

കനകച്ചിലങ്ക യൂണിറ്റിലെ രണ്ടാമത്തെ പാഠത്തിൽ നാട്ടുകഥകളും നാടോടിക്കഥകളും കടങ്കഥകളുമാണ് ഉള്ളടക്കമായി വരുന്നത്.

**നാട്ടുകഥ**

ഓരോ നാടിനും സ്വന്തമായി നാട്ടുകഥകളുണ്ട്. അവയിൽ ചിലതെല്ലാം മറ്റു പ്രദേശങ്ങളിലും പ്രചാരമുള്ളവയായിരിക്കും. ഓരോ നാട്ടിലും അവരുടേതെന്ന് കരുതുന്ന കഥകളെ നാം നാട്ടുകഥകളെന്ന് സൗകര്യത്തിനായി വിളിക്കുകയാണ്. നാടോടി വാങ്മയങ്ങളിലുള്ളതും കൂടുതൽ പ്രദേശങ്ങളിൽ പ്രചാരത്തിലുള്ളതുമായ കഥകളെ നാടോടിക്കഥകളെന്നും സൂചിപ്പിക്കുന്നു.

നാട്ടുകഥകളുടെയും നാടോടിക്കഥകളുടെയും വലിയൊരു പറച്ചിൽ പാരമ്പര്യം നമുക്കുണ്ട്. ഇത് കുട്ടികൾക്ക് പരിചിതമാകുമ്പോഴാണ് അവർക്ക് ഭാഷയോട് ഇഷ്ടം വളരുന്നത്. അക്ഷരങ്ങളുടെ ആവർത്തനം കൊണ്ടും മറ്റും ഉണ്ടാകുന്ന കിലുക്കം, അതുവഴി രൂപപ്പെടുന്ന താളം, ആവർത്തിച്ചു പറയുന്നതിലെ ചാരുത, നാട്ടുഭാഷയുടെ ചന്തം, ഭ്രമകല്പനകളുടെ (fantasy) സൗന്ദര്യം തുടങ്ങി നാടോടിക്കഥകളുടെ അനുഭൂതി സാധ്യതകളെല്ലാം കുട്ടികൾക്ക് അനുഭവിച്ചറിയാൻ അവസരം ലഭിക്കണം.

പ്രചാരത്തിലുള്ള ഒരു നാട്ടുകഥ കുട്ടികൾക്ക് പറഞ്ഞു കേൾപ്പിക്കൂ. ആവശ്യമെങ്കിൽ താഴെ കൊടുത്ത കഥ ഉപയോഗപ്പെടുത്താം. ശബ്ദ നിയന്ത്രണം, നാട്ടു ഭാഷയിലുള്ള ഉച്ചാരണം, ഭാവം, ആംഗ്യം, ശാരീരിക ചലനങ്ങൾ തുടങ്ങി കഥ പറച്ചിലിൻെറ എല്ലാ സവിശേഷതകളും ഉൾക്കൊണ്ടുവേണം പറയാൻ.

**ഈച്ചേം പൂച്ചേം**

ഈച്ചേം പൂച്ചേം കഞ്ഞി വെച്ചു. ഈച്ച പ്ലാവില പെറുക്കാൻ പോയി, പൂച്ച കഞ്ഞി മുഴുവൻ കുടിച്ചു തീർത്തു. ഈച്ച വന്നപ്പോ കഞ്ഞി ഒന്നും കാണാനില്ല.
അപ്പോ ഈച്ച ചോദിച്ചു: "എന്തേ പൂച്ചേ നീ കാട്ടിയേ?"
"അതൊക്കെ പറയാം, ൻെറ ഈച്ചേ, അതിനുമുമ്പ് ഞാനൊരു കാര്യം ചോദിക്കട്ടെ. അല്ല.. ഈച്ചേ നിൻെറ പേര് എന്താ?"
ഈച്ചക്ക് അതിൻെറ പേര് അറിയോ? ഇല്ല. "നിക്കറിയില്ല ട്ടോ". ഈച്ച പറഞ്ഞു.
"എന്നാ നീ ഒരു കാര്യം ചെയ്യ്, ആ പാടത്ത് മേയണ പോത്തിനോട് പോയി ചോദിച്ചു

നോക്ക്"
ഉടനെ ഈച്ച പറന്നു ചെന്നു, പോത്തിനോടു ചോദിച്ചു:
"പോത്തേ.. പോത്തേ.. നിക്കെന്താ പേര്?" പോത്തിനറിയോ?... അറിയില്ല. അപ്പോ പോത്ത് പറഞ്ഞു: "ആവേ നിക്കറിയില്ലാട്ടോ, നീ ഒരു കാര്യം ചെയ്യ്, എന്നെ മേയ്ക്കണ ചെക്കനതാ വരമ്പത്തു നിക്കുണു. അവനോടുചോദിച്ചു നോക്ക്, അവനറിയണ്ടാവും". വേഗം.. ഈച്ച ചെക്കൻെറ അടുത്തക്ക് പറന്നു ചെന്നു ചോദിച്ചു:
"പോത്തേ.. പോത്തേ.. പോത്തിനെ മേക്കണ ചെക്കാ.. ചെക്കാ.. നിക്കെന്താ പേര്?"
അവന് ഈച്ചടെ പേരറിയോ? അവൻ പറഞ്ഞു:
"ആവേ നിക്കറിയില്ലാട്ടോ... നീയൊരു കാര്യം ചെയ്യ്... എന്റെ കയ്യിൽ ഇരിക്കണ ഈ വടിയോട് ചോദിച്ചു നോക്ക്." ഉടനെ ഈച്ച പറന്നു ചെന്നു വടിയോടു ചോദിച്ചു:
"പോത്തേ.. പോത്തേ... പോത്തിനെ മേയ്ക്കണ ചെക്കാ.. ചെക്കാ.. ചെക്കൻെറ കയ്യിലെ വടിയേ... വടിയേ.. നിക്കെന്താ.. പേര്?"
"ആവേ... നിക്കറിയില്ല.. ട്ടോ..., നീ ഈ ഒരു കാര്യം ചെയ്യ്... എന്നെ വെട്ടിയ കുറ്റിയോട് ചോദിച്ചു നോക്ക്." ഈച്ച വേഗം പറന്നു ചെന്നു ചോദിച്ചു. "പോത്തേ.. പോത്തേ... പോത്തിനെ മേയ്ക്കണ ചെക്കാ.. ചെക്കാ.. ചെക്കൻെറ കയ്യിലെ വടിയേ.. വടിയേ.. വടിയേ വെട്ടിയ കുറ്റിയേ.. കുറ്റിയേ... നിക്കെന്താ പേര്?"
"ആവേ നിക്കറിയില്ല ട്ടോ... നീ ഈ ഒരു കാര്യം ചെയ്യ്... എൻെറ അടീലെ മണ്ണിനോട് ചോദിച്ചു നോക്ക്". ഈച്ച വേഗം പറന്നു ചെന്നു ചോദിച്ചു "പോത്തേ.. പോത്തേ... പോത്തിനെ മേയ്ക്കണ ചെക്കാ... ചെക്കാ... ചെക്കൻെറ കയ്യിലെ വടിയേ... വടിയേ... വടിയേ വെട്ടിയ കുറ്റിയേ... കുറ്റിയേ... കുറ്റീടടീലെ മണ്ണേ... മണ്ണേ...നിക്കെന്താ പേര്?"
"ആവേ... നിക്കറിയില്ല ട്ടോ... നീ ഈ ഒരു കാര്യം ചെയ്യ്. എൻെറ ഉള്ളിലുള്ള വെള്ളത്തിനോട് ചോദിച്ചു നോക്ക്." ഈച്ച വേഗം പറന്നു ചെന്നു ചോദിച്ചു "പോത്തേ.. പോത്തേ.. പോത്തിനെ മേയ്ക്കണ ചെക്കാ... ചെക്കാ... ചെക്കൻെറ കയ്യിലെ വടിയേ.. വടിയേ.. വടിയേ വെട്ടിയ കുറ്റിയേ... കുറ്റിയേ... കുറ്റീടടീലെ മണ്ണേ... മണ്ണേ... മണ്ണിന്റുള്ളിലെ വെള്ളേ വെള്ളേ...നിക്കെന്താ പേര്?"
"ആവേ... നിക്കറിയില്ല ട്ടോ... നീ ഈ ഒരു കാര്യം ചെയ്യ്. വെള്ളത്തിലൊഴുകണ തോണ്യോട് ചോദിച്ചു നോക്ക്." ഈച്ച വേഗം പറന്നു ചെന്നു ചോദിച്ചു. "പോത്തേ... പോത്തേ.. പോത്തിനെ മേയ്ക്കണ ചെക്കാ,,, ചെക്കാ... ചെക്കൻെറ കയ്യിലെ വടിയേ... വടിയേ... വടിയേ വെട്ടിയ കുറ്റിയേ... കുറ്റിയേ... കുറ്റീടടീലെ മണ്ണേ... മണ്ണേ...

മണ്ണിന്റുള്ളിലെ വെള്ളേ... വെള്ളേ... വെള്ളത്തിലൊഴുകണ തോണ്യേ.. തോണ്യേ..നിക്കെന്താ പേര്?"
"ആവേ... നിക്കറിയില്ല ട്ടോ...നീ ഈ ഒരു കാര്യം ചെയ്യ്. തോണി തൊഴയണ ചെക്കനോട് ചോദിച്ചു നോക്ക്... അവനറിയണ്ടാവും...."
ഈച്ച വേഗം പറന്നു ചെന്നു ചോദിച്ചു "പോത്തേ... പോത്തേ.. പോത്തിനെ മേയ്ക്കണ ചെക്കാ,,, ചെക്കാ... ചെക്കൻെറ കയ്യിലെ വടിയേ... വടിയേ... വടിയേ വെട്ടിയ കുറ്റിയേ... കുറ്റിയേ... കുറ്റീടടീലെ മണ്ണേ... മണ്ണേ... മണ്ണിന്റുള്ളിലെ വെള്ളേ... വെള്ളേ... വെള്ളത്തിലൊഴുകണ തോണ്യേ.. തോണ്യേ.. തോണികുത്തണ ചെക്കാ.. ചെക്കാ..നിക്കെന്താ പേര്?"
"ആവേ.. നിക്കറിയില്ല.. ട്ടോ... നീ ഈ ഒരു കാര്യം ചെയ്യ്... എന്നെ പഠിപ്പിച്ച മാഷതാ... സ്ക്കൂളിൻെറ മുമ്പില് നിക്കുണു... മാഷോടൊന്ന് ചോദിച്ചു നോക്ക്... മാഷക്കറിയണ്ടാവും..." ഈച്ച വേഗം പറന്നു ചെന്നു മാഷോടു ചോദിച്ചു. "പോത്തേ... പോത്തേ.. പോത്തിനെ മേയ്ക്കണ ചെക്കാ,,, ചെക്കാ... ചെക്കൻെറ കയ്യിലെ വടിയേ... വടിയേ... വടിയേ വെട്ടിയ കുറ്റിയേ... കുറ്റിയേ... കുറ്റീടടീലെ മണ്ണേ... മണ്ണേ... മണ്ണിന്റുള്ളിലെ വെള്ളേ... വെള്ളേ... വെള്ളത്തിലൊഴുകണ തോണ്യേ.. തോണ്യേ.. തോണികുത്തണ ചെക്കാ.. ചെക്കാ.. ചെക്കനെ പഠിപ്പിച്ച മാഷേ.. മാഷേ.. നിക്കെന്താ പേര്?
മാഷക്ക് പേരറിയോ..? പിന്നില്ലാതേ...! മാഷക്ക് ഈച്ചടെ പേരറിയാണ്ടിരിക്ക്യോ...?
മാഷ് പറഞ്ഞു. "അല്ലാ ഈച്ചേ... നിനക്ക് നിൻെറ പേരറിയില്ലാ.. ലേ... നിൻെറ പേരാണ്.. ഈച്ച ഈച്ച പൊന്നീച്ച...."

എന്താ പേര്? പൊന്നീച്ച.
പൊന്നീച്ച എന്ന പേരു കേട്ടപ്പളോ....
ഈച്ചക്കങ്ങ്ട്ട് സന്തോഷായി... സന്തോഷായപ്പളോ.. ഈച്ച അങ്ങ്ട് ചിരിച്ച് ചിരിച്ച് ചിരിച്ച് ചിരിച്ച് ചിരിച്ച് ചിരിച്ച് ചിരിച്ച് ചിരിച്ച്......... ചത്തും പോയി. കഥ അങ്ങട്ടും പോയി, ഞാൻ ഇങ്ങട്ടും പോന്നു.

കഥയുടെ ഒഴുക്ക് മുറിയാതെ കുട്ടികൾക്കാകെ പങ്കെടുക്കാവുന്ന ചില സന്ദർഭങ്ങൾ ഈ കഥയിലുണ്ട്..

തന്റെ പേരെന്താണെന്ന ഈച്ചയുടെ ചോദ്യത്തിന്റെ മറുപടിയിൽ കുട്ടികൾക്ക് പങ്കെടുക്കാം. അതുപോലെ ഈച്ചയോട് ഓരോരുത്തരും പറയുന്ന മറുപടി 'ആവേ

ഇയ്ക്കറിയില്ലാട്ടോ' എന്ന നാട്ടു പ്രയോഗത്തിലും പങ്കുചേരാൻ കുട്ടികൾക്കവസരമുണ്ട്.

നടപ്പുള്ള ഒരു പ്രാദേശിക ഭാഷാ രീതിയിലാണ് ഇവിടെ ഈ കഥ കൊടുത്തിട്ടുള്ളത്. എഴുതിക്കിട്ടിയ പോലെത്തന്നെ ഈ കഥ പറയണമെന്നില്ല. തനതു നാട്ടുഭാഷാ രീതിയിൽ കുട്ടികൾക്ക് രസം തോന്നും മട്ട് കഥ അവതരിപ്പിക്കാവുന്നതാണ്. ഈച്ചയും പൂച്ചയും എന്നകഥയ്ക്കു പകരം മറ്റൊന്നാണ് ടീച്ചർ പറയുന്നതെങ്കിൽ കുട്ടികൾക്കുകൂടി പങ്കുചേർ അവസരമുള്ള കഥയാവുമല്ലോ.

തുടർന്ന് കഥപറയൽ രീതിയിലേക്ക് കുട്ടികളുടെ ശ്രദ്ധയാകർഷിക്കുന്ന ലഘു ചർച്ചയും ആവശ്യമായി വരും.

- ഈ കഥ നിങ്ങൾക്കിഷ്ടപ്പെട്ടോ?
- ഇഷ്ടപ്പെടാൻ കാരണമെന്ത്?
- കഥ പറച്ചിലിൽ പങ്കെടുത്തത് ആരൊക്കെ?
- നാട്ടു കഥകളുടെ എന്തെല്ലാം പ്രത്യേകതകളാണ് നിങ്ങളിതിൽ കണ്ടെത്തിയത്?

തുടങ്ങിയ കാര്യങ്ങൾ ചർച്ചയിൽ ഉന്നയിക്കപ്പെടണം.
ആശയങ്ങൾ ക്രോഡീകരിക്കണം .തുടർന്ന് പാഠഭാഗത്തേക്ക് പ്രവേശിക്കാം

**ആനയും അണ്ണാറക്കണ്ണനും**

ഇത്തരം നാടോടിക്കഥകൾ പറഞ്ഞവതരിപ്പിക്കുന്നത് പോലെത്തന്നെ പ്രധാനമാണ് അവയുടെ വായനയും.
ആദ്യം കുട്ടി മൗനമായി വായിക്കട്ടെ. തുടർന്ന് ഗ്രൂപ്പ് തിരിഞ്ഞ് കുട്ടികളുടെ ഭാവാത്മക വായന. ഓരോ ഗ്രൂപ്പിൽ നിന്നും മികച്ച വായനക്കാർ പൊതുവായന നടത്തുന്നു. കഥ വായിക്കുമ്പോൾ പുലർത്തേണ്ട ഭാവാത്മകത ഉൾച്ചേർക്കാൻ ചിലപ്പോൾ കുട്ടികൾക്ക് വിഷമം നേരിടും. ഭാവാത്മകത കുട്ടികളുടെ ശ്രദ്ധയിൽപ്പെടുത്താൻ അങ്ങനെയല്ലാതെ പറഞ്ഞൊരു രചനയും ഭാവാത്മകമായി പറഞ്ഞതും തമ്മിൽ താരതമ്യം ചെയ്യേണ്ടിവരും. തുടർന്ന് ടീച്ചർ വായന.
താഴെ കൊടുത്ത മാതൃക വച്ച് ഈച്ചയും പൂച്ചയും എന്ന കഥയുടെ രണ്ടുതരം ആഖ്യാനവും താരതമ്യം ചെയ്യാവുന്നതാണ്.

| |
|---|
| ഈച്ചയും പൂച്ചയും കഞ്ഞി വച്ചു . ഈച്ചയെ പ്ലാവില പെറുക്കാൻ വിട്ട് പൂച്ച കഞ്ഞി കുടിച്ചു. ഈച്ച തിരിച്ചു വന്നു കഞ്ഞിയെവിടെ എന്ന് ചോദിച്ചു അതിനു മറുപടി |

പറയാതെ പൂച്ച മറ്റൊരു ചോദ്യം ചോദിച്ചു. ഈച്ചേ നിന്റെ പേരെന്താ? സ്വന്തം പേരറിയാത്തതിനാൽ ഈച്ച ആദ്യം പോത്തിനോടും പിന്നെ പോത്തിനെ മേക്കുന്ന ചെക്കനോടും, വടിയോടും, ചോദിച്ചു. ഉത്തരം കിട്ടാഞ്ഞു വടി വെട്ടിയ കുറ്റിയോടും , കുറ്റിക്കടിയിലെ മണ്ണിനോടും മണ്ണിനുള്ളിലെ വെള്ളത്തോടും വെള്ളത്തിലെ തോണിയോടും അന്വേഷിച്ചു. ആർക്കും ഉത്തരമറിയില്ല. തോണിക്കാരന്റെ നിർദേശപ്രകാരം അവസാനം അവനെ പഠിപ്പിച്ച മാഷോട് ചോദിച്ചു. മാഷ് ഉത്തരം പറഞ്ഞു.നിന്റെ പേര് പൊന്നീച്ചയെന്നാണ് . മറുപടി കേട്ട് സന്തോഷം സഹിക്ക വയ്യാതെ ഈച്ച ചത്തുപോയി. കഥയും കഴിഞ്ഞു.

ഇത്തരത്തിൽ ഈ കഥ കുട്ടികളുടെ മുമ്പിൽ അവതരിപ്പിക്കാം. തുടർന്ന് ചർച്ച.

- ആദ്യം പറഞ്ഞ രീതിയിലാണോ ഇപ്പോൾ പറഞ്ഞ രീതിയിലാണോ നിങ്ങൾ ഈ കഥ കേൾക്കാൻ ഇഷ്ടപ്പെടുന്നത് ? എന്തുകൊണ്ട് ?
- ആദ്യം പറഞ്ഞ രീതിയിൽ കേൾക്കുമ്പോൾ നിങ്ങളെ രസിപ്പിക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണ്.?
  - താളം
  - വാക്കുകളുടെ/ വരികളുടെ ആവർത്തനം
  - കേൾവിക്കാർക്കുള്ള പങ്കാളിത്തം
  - ആംഗ്യങ്ങൾ, ശബ്ദത്തിലെ മാറ്റങ്ങൾ (ഉയർച്ച താഴ്ചകൾ)
  - ചേർച്ചയുള്ള മുഖഭാവങ്ങൾ, ശരീരചലനങ്ങൾ എന്നിവ സ്വീകരിക്കൽ

ആനയും അണ്ണാറക്കണ്ണനും അല്ലെങ്കിൽ അതുപോലുള്ള മറ്റു നാടോടിക്കഥകൾ ഭാവാത്മകമായി വായിച്ചവതരിപ്പിക്കുന്നതിന് പ്രഭാതസർഗവേളയിൽ കുട്ടികൾക്ക് മാറിമാറി അവസരം നൽകാവുന്നതാണ്.

**വലുതായി വലുതായി**

"ആനയുടെ പ്ലാവ് വലുതായി വലുതായി വന്നു"

"ആനയ്ക്ക് ഒരുപാടൊരുപാട് ദേഷ്യം വന്നു." എന്നിങ്ങനെ ഒരുവാക്ക് ആവർത്തിക്കുന്നതുകൊണ്ട് എന്തു കാര്യമാണുള്ളത്?

വലുതായി വന്നു എന്നതിനുപകരം വലുതായി വലുതായി വന്നു എന്നു പറയുമ്പോൾ ഉണ്ടാകുന്ന വ്യത്യാസം കുട്ടികൾക്ക് വിശദീകരിക്കാനവസരം നൽകാം. തുടർന്ന് ഇത്തരത്തിൽ വാക്ക് ആവർത്തിച്ചുവരുന്ന പ്രയോഗങ്ങൾ കുട്ടികൾ സ്വയം

കണ്ടെത്തട്ടെ. കണ്ടെത്തിയ വാക്കുകൾ പൊതുവായി എഴുതി പ്രദർശിപ്പിക്കാം. ഉദാഹരണം

- നടന്നുനടന്ന്
- ചിരിച്ചുചിരിച്ച്
- പൊട്ടിപ്പൊട്ടി
-
-

ഇത്തരം പദക്കൂട്ടുകൾ സ്വാഭാവികമായി പ്രയോഗിക്കുന്ന ചില സന്ദർഭങ്ങൾ കുട്ടികൾ കണ്ടെത്തിപ്പറയട്ടെ.

ഉദാഹരണമായി

- ടീച്ചർ പറഞ്ഞ കഥകേട്ട് ഞങ്ങൾ പൊട്ടിപ്പൊട്ടിച്ചിരിച്ചു.
- പന്തിനു പിന്നാലെ ഞാൻ ഓടിയോടിത്തളർന്നു.
-
-

ഇങ്ങനെ തയ്യാറാക്കുന്ന വാക്യങ്ങൾ നോട്ടുപുസ്തകത്തിൽ രേഖപ്പെടുത്തട്ടെ.

**കഥോത്സവം**

ഓരോ പ്രദേശത്തും വ്യത്യസ്തമായ നാട്ടുകഥകൾ ഉണ്ട്. അവയോരോന്നും പറയുന്ന പ്രത്യേക രീതിയുമുണ്ട്. ഇതുകൂടി ആസ്വദിക്കാൻ കഴിയുമ്പോഴേ കുട്ടിയുടെ കഥാനുഭവം പൂർത്തിയാവൂ. അതിനാലാണ് പ്രാദേശികമായി കഥ പറയുന്നവരെ വിളിച്ചു വരുത്തി കഥോത്സവം നടത്തുന്നത്.

മുതിർന്നവർ വന്നു പറയുമ്പോൾ രണ്ടോ മൂന്നോ പേരുടെ കഥപറയൽ മതിയാകും. പറയുന്നതോടൊപ്പം അവ റെക്കോർഡ് ചെയ്തു വെക്കാൻ ശ്രദ്ധിക്കുമല്ലോ. ഇങ്ങനെ ചെയ്തു വച്ചാൽ അവ പിന്നീട് ഉപയോഗപ്പെടുത്താം. കേട്ട കഥകൾ ആസ്വദിച്ചു എന്നതിന്റെ പ്രധാന തെളിവ് അവ കുട്ടികൾ ആവർത്തിച്ച് പറയുന്നു എന്നതാണ്. അതിനാൽ കുട്ടികൾക്ക് കഥ പറയാൻ ധാരാളം അവസരങ്ങൾ ഒരുക്കേണ്ടതുണ്ട്.

കഥ രസിച്ചുൾക്കൊണ്ടാൽ അതാവിഷ്കരിക്കാനുള്ള ആഗ്രഹം കുട്ടികൾക്കുണ്ടാകും. ഇങ്ങനെ ആവിഷ്ക്കരിക്കുമ്പോഴാണ് ആസ്വദിച്ച് വായിച്ചു /കേട്ടു എന്നു ടീച്ചർക്ക് വിലയിരുത്താൻ കഴിയുക.

ക്ലാസിൽ തുടർച്ചയായി നടക്കേണ്ടതാണ് കഥപറയൽ. പ്രഭാതസർഗവേളയിൽ, സ്ക്കൂൾഅസംബ്ലിയിൽ, ബാലസഭയിൽ എല്ലാം കഥപറയലിനുള്ള അവസരങ്ങൾ നൽകാം. കുട്ടികൾ പറയുന്ന കഥകൾ ഓഡിയോ/വീഡിയോ റിക്കാർഡ് ചെയ്ത് ക്ലാസ് തലത്തിലോ സ്ക്കൂളിനു പൊതുവായോ ഉള്ള സമൂഹമാധ്യമ ഇടങ്ങളിൽ പ്രകാശിപ്പിക്കുകയും വേണം.

**റോൾപ്ലേ**

- സംഘപ്രവർത്തനമായിട്ടാണ് റോൾപ്ലേ നടക്കേണ്ടത്.
- ഓരോ ഗ്രൂപ്പും ഒരു കഥ തെരഞ്ഞെടുക്കണം
- കഥ മുഴുവനായോ അല്ലെങ്കിൽ ഇഷ്ടപെട്ട ഭാഗങ്ങളോ കുട്ടികൾക്ക് തിരഞ്ഞെടുക്കാം. ഒരേ കഥ തന്നെ പല ഗ്രൂപ്പുകളും തിരഞ്ഞെടുത്താലും കുഴപ്പമില്ല.
- ആരൊക്കെ ഏതൊക്കെ കഥാപാത്രങ്ങളുടെ ഭാഗം അവതരിപ്പിക്കും എന്ന് നിശ്ചയിക്കണം.
- അവതരണ ക്രമം നിശ്ചയിക്കണം (ആദ്യം ഏതു കഥാപാത്രം പിന്നെ ഏത് എന്നിങ്ങനെ)
- ഓരോ കഥാപാത്രത്തിന്റെയും സംഭാഷണം കൃത്യപ്പെടുത്തണം.(വാചികം)
- വേഷവിധാനത്തിൽ കഥാപാത്രത്തെ സൂചിപ്പിക്കുന്ന ലളിതമായ സൂചനകൾ ഉൾച്ചേർക്കാവുന്നതാണ്.
- ഗ്രൂപ്പവതരണത്തെ മറ്റു കുട്ടികൾ  വിലയിരുത്തണം.
- അവതരണ ശേഷം ടീച്ചറും കുട്ടികളും തമ്മിൽ നടത്തുന്ന ചർച്ചയിലൂടെ റോൾപ്ലേയുടെ വിലയിരുത്തൽ സൂചകങ്ങൾ നിശ്ചയിക്കാം.
- 

ചർച്ച ഇങ്ങനെ തുടങ്ങാം:

- സംഭാഷണം നന്നായി അവതരിപ്പിച്ചതാരാണ്?
- സംഭാഷണം നന്നായി എന്നു തോന്നാൻ എന്താണ് കാരണം (വികാരാംശം പ്രതിഫലിക്കുന്ന ഭാവഹാവങ്ങളോടെയും, ശബ്ദ വ്യതിയാനത്തോടെയും അവതരിപ്പിക്കുന്നു.)
- കഥ തുടർച്ചയായി മനസ്സിലാക്കാൻ കഴിഞ്ഞത് ആരുടെയൊക്കെ അവതരണത്തിലാണ്? (തുടർച്ച പാലിക്കുന്നു, പരസ്പര ബന്ധത്തോടെ പറയുന്നു.)

- കഥാപാത്രങ്ങളെ വേർതിരിച്ചറിഞ്ഞത് ഏതൊക്കെ ഗ്രൂപ്പുകളുടെ അവതരണത്തിലാണ് (ലളിതമായ വേഷവിധാനങ്ങളിലൂടെ കഥാപത്ര സൂചനകൾ നൽകാൻ കഴിയണം.)

| റോൾപ്ലേ സൂചകങ്ങൾ |
|---|
| ■ സംഭവത്തിൻെറ അഥവാ സന്ദർഭത്തിൻെറ തുടക്കം വളർച്ച ഒടുക്കം എന്നിവ വ്യക്തമാവുന്നുണ്ട്. |
| ■ ആശയത്തെ വ്യക്തമായി കൈമാററം ചെയ്യാൻ സഹായകമായ സംഭാഷണമാണ്. |
| ■ വർത്തമാന രീതിക്കിണങ്ങുന്ന തരത്തിലാണ് സംഭാഷണങ്ങൾ (എഴുത്തു ഭാഷാരീതിയിലല്ല, പറച്ചിൽ ഭാഷാരീതിയിലാണ് സംഭാഷണങ്ങൾ) |
| ■ സന്ദർഭത്തിൽ അടങ്ങിയ വികാരത്തെ കൈമാറാൻ കെൽപ്പുള്ള ശബ്ദ നിയന്ത്രണം, ഉച്ചാരണത്തിലെ ഊന്നലുകൾ ഭാവഹാവങ്ങൾ എന്നിവ പാലിക്കുന്നുണ്ട്. |
| ■ കഥാ പാത്രത്തിനു ചേരുന്ന ലളിതമായ വേഷവിധാനങ്ങൾ സ്വീകരിച്ചിട്ടുണ്ട്. |
| ■ രംഗോപകരണങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. |
| ■ |

ഓരോ അവതരണത്തെയും കുട്ടികൾ ഈ സൂചകങ്ങൾ വച്ച് വിലയിരുത്തട്ടെ.
തയ്യാറാക്കി അവതരിപ്പിക്കുന്ന റോൾപ്ലെ വീഡിയോ റെക്കാർഡ് ചെയ്ത് ക്ലാസ്/ സ്ക്കൂൾ തല സൂമൂഹ്യ മാധ്യമങ്ങളിൽ പോസ്റ്റ് ചെയ്യാവുന്നതാണ്.

**പാവനാടകം**

പ്രവൃത്തി പരിചയ പ്രവർത്തനങ്ങളുമായി ഉദ്ഗ്രഥിച്ച് നടത്തേണ്ടതാണിത്. പ്രവൃത്തി പരിചയ ക്ലാസിൽ പാവനിർമാണം നടക്കണം. വിവിധ തരം പാവകളിൽ കുട്ടികൾക്ക് എളുപ്പം തയ്യാറാക്കാവുന്നവയാണ് ആദ്യം പരിചയപ്പെടുത്തേണ്ടത്. വിരൽപ്പാവകൾ, പ്ലാസ്റ്റിക് ബോട്ടിൽ പാവകൾ, കയ്യുറപ്പാവകൾ, സ്പോഞ്ച് പാവകൾ എന്നിങ്ങനെ വിവിധ സാധ്യതകൾ ഔചിത്യപൂർവം തെരഞ്ഞെടുക്കാം.
കഥാവതരണത്തിനുള്ള സംഭാഷണം കുട്ടികൾ സ്വയം തയ്യാറാക്കട്ടെ. ഗ്രൂപ്പിൽ അവതരണം നടത്തുമ്പോൾ പരസ്പര വിലയിരുത്തലിന് സാധ്യതകൾ ഉണ്ടാവും.
അവതരണത്തിനു ശേഷം ചർച്ച നടത്തണം.

- കഥാപാത്രത്തിനിണങ്ങുന്ന തരത്തിലുള്ള പാവകൾ നിർമിച്ചിട്ടുണ്ടോ?

- ആരുടെ അവതരണത്തിലാണ് കഥ കൃത്യമായി മനസ്സിലാക്കാനായത്? (പൂർവാ പരക്രമം)
- കഥാപാത്രത്തിനനുയോജ്യമായ ശബ്ദത്തിൽ, ഭാവത്തിൽ സംഭാഷണം നടത്തിയത് ആരാണ്?
-

അവതരിപ്പിച്ച പാവനാടകം സാമൂഹ്യമാധ്യമങ്ങളിൽ പോസ്റ്റ് ചെയ്യാവുന്നതാണ്. ബാലസഭയിലും പ്രഭാതസർഗവേളയിലും പാവനാടകം അവതരിപ്പിക്കണം.

**കടങ്കഥയിലേക്ക്**

കടങ്കഥയുടെ ഉള്ളറകളിലേക്ക് കുട്ടികളെ നയിക്കാനുള്ള പ്രവർത്തനമാണ് ചുവടെ ചേർക്കുന്നത്.

**നിങ്ങൾക്കുത്തരം കിട്ടിയോ?**

ഇ.എൻ ഷീജയുടെ വികൃതി ന്ന രചന, ഓരോ ചെറിയ ഭാഗങ്ങളായി ക്ലാസിൽ എഴുതി അവതരിപ്പിക്കുന്നു. ഓരോ ഭാഗം കഴിയുമ്പോഴും കുട്ടികൾക്ക് ഉത്തരം ഊഹിച്ചെഴുതാം. തുടർന്നുള്ള വരികൾ കേൾക്കുമ്പോൾ നേരത്തെ എഴുതിയ ഉത്തരം ശരിയല്ല എന്നു തോന്നുന്നെങ്കിൽ മാറ്റിയെഴുതുകയുമാവാം.

**വികൃതി**

*ഇ എൻ ഷീജ*

*വല്ലാത്തൊരു വികൃതിക്കുട്ടിതന്നെ*
*പുലരുമ്പൊഴേ മുറ്റത്ത്*
*വികൃതികാട്ടാനെത്തും.*

- ആരാണാ വികൃതി? ഉത്തരം കിട്ടിയവർക്കെഴുതാം. എഴുതിയാൽ മാത്രം മതി, പറയരുത്. തുടർന്ന് ടീച്ചർ അടുത്ത വരി എഴുതുന്നു.

  എന്തോരം വിരലുകളാ..
- ഉത്തരം കിട്ടിയോ? കിട്ടിയവർക്ക് എഴുതാം. ആദ്യം കിട്ടിയ ഉത്തരം ശരിയല്ല എന്നു തോന്നുന്നെങ്കിൽ മാറ്റി എഴുതാം. തുടർന്ന് അടുത്ത വരി എഴുതിക്കാണിക്കുന്നു.

നീണ്ട നഖമുണ്ടെന്നു വച്ച്

ഇങ്ങനെ മാന്താൻ പാടുണ്ടോ?

- ഇനിയും ഉത്തരം കിട്ടിയില്ലേ? ഇല്ലെങ്കിൽ അവസാനത്തെ സൂചന കൂടി എഴുതാം.

*പാവം മണ്ണു കരയുന്നതുകേട്ടാണ്*

*എന്നും കുട്ടി ഉണരുന്നത്.*

കുട്ടികൾ അവർക്കു കിട്ടിയ ഉത്തരം പറയട്ടെ. ആദ്യ വരി വായിച്ചുതന്നെ ശരിയുത്തരം കണ്ടെത്തിയവർ ആരെല്ലാമാണ്. രണ്ടാമത്തെ വരിയിലോ?

ചൂല് എന്ന ഉത്തരവും ചർച്ചക്ക് വിധേയമാക്കാം.

മറ്റു ചില ഉദാഹരണങ്ങളും ടീച്ചർക്ക് സ്വന്തമായി കണ്ടെത്തിക്കൊടുക്കാം.

**ഉറങ്ങാത്ത ഉണ്ണി**

രാത്രി ഉറങ്ങാത്തൊരുണ്ണി

പൂനിലാപോലുള്ളൊരുണ്ണി

ആർക്കെല്ലാം ഉത്തരം കിട്ടി. ഉത്തരം കിട്ടാത്തവർക്ക് അടുത്ത ക്ലൂ ഇതാ.

അത്തറു പൂശിയോരുണ്ണി

നന്നെ വെളുത്തിട്ടാണുണ്ണി

ഇപ്പോൾ ഉത്തരം കിട്ടിയോ. വേണമെങ്കിൽ ആദ്യമെഴുതിയ ഉത്തരം തിരുത്തിയെഴുതുകയുമാവാം.

അമ്മിണി കാലത്തെണീറ്റാൽ

മാലയായ് ചൂടുന്നു നിന്നെ.

ഉത്തരം - മുല്ല.

കുട്ടികൾ കടങ്കഥകൾക്ക് ഉത്തരം കണ്ടെത്തുന്ന സന്ദർഭത്തിൽ അവരുടെ കാവ്യാസ്വാദന ക്ഷമത വിലയിരുത്താനും ടീച്ചർക്ക് കഴിയും.

കണ്ടെത്തിയ ഉത്തരവും കടങ്കഥയിൽ പറയുന്ന കാര്യങ്ങളും തമ്മിൽ എന്തു ബന്ധമാണുള്ളതെന്ന് വിശദീകരിക്കുന്നതിലാണ് കടങ്കഥാ വിശകലനത്തിൻെറ

പൊരുൾ കുടിയിരിക്കുന്നത്. ഉദാഹരണമായി 'കാളകിടക്കും കയറോടും' എന്ന കടങ്കഥയുടെ ഉത്തരം മത്തങ്ങ എന്നുതന്നെയാവണമെന്നില്ലല്ലോ. കാളക്കയർ ഓടുംപോലെ വളരുന്നൊരു വള്ളിയും കാള കിടക്കും മട്ടിലുള്ളൊരു വലിയ കായും ഉണ്ടായാൽ മതിയല്ലോ. അപ്പോൾ ഉത്തരം കുമ്പളങ്ങയോ വെള്ളരിക്കയോ ഒക്കെയാവാം എന്നു വരുന്നു. കണ്ടെത്തിയ ഉത്തരം കടങ്കഥയുമായി എങ്ങനെ യോജിക്കുന്നു എന്ന് വിശദീകരിക്കുന്നതിലാണ് കാര്യം.

**ഒളിച്ചുകളി**

മഹാകവി കുമാരനാശാൻെറ രചനയാണിത്. കവിത കുട്ടികൾ വ്യക്തിഗതമായി വായിക്കാൻ ശ്രമിക്കട്ടെ. ചിലപ്പോൾ അവർക്കതിൻെറ താളവും ഈണവും ആദ്യഘട്ടത്തിൽ കണ്ടെത്താനായില്ലെന്നു വരാം.

തകിട തകിട തകിട തകിട

തകിട തകിട തകിട തകിട

എന്ന ഒരു താളഘടന ഈ വരികളിൽ ഒളിഞ്ഞിരിപ്പുണ്ട്. താളംപിടിച്ചു ചൊല്ലാൻ ആവശ്യമായ പിന്തുണ കുട്ടികൾക്കു നൽകുമല്ലോ.

**നിഘണ്ടുപരിചയം**

പരിചയമില്ലാത്ത ചില വാക്കുകൾ കവിതയിൽനിന്നും കുട്ടികൾ കണ്ടെത്തട്ടെ. നിഘണ്ടു നോക്കി അവയുടെ അർത്ഥം കണ്ടുപിടിക്കണം. ഇതിനായി നിഘണ്ടു പരിചയപ്പെടുത്തേണ്ടി വരും. നിഘണ്ടുവിൻെറ ഉപയോഗം വഴിയാണ് അക്ഷരമാല, അകാരാദിക്രമം എന്നിവ കണ്ടെത്തേണ്ടതും പ്രയോഗിക്കേണ്ടതും.

ഇതിനായി 'തരു' എന്ന വാക്ക് തെരഞ്ഞെടുക്കുന്നു എന്നിരിക്കട്ടെ. തരു എന്ന വാക്കിൽ ആദ്യാക്ഷരം ത എന്നാണല്ലോ. തുടർന്ന് ക്ലാസിലെ അക്ഷരമാലാ ചാർട്ട് പരിശോധിച്ച് ഏതെല്ലാം അക്ഷരങ്ങൾക്കു ശേഷമാണ് ത വരുന്നത് എന്ന് കണ്ടെത്തട്ടെ. ത യിൽതുടങ്ങുന്ന വാക്കുകൾ ആദ്യംമുതൽ പരിശോധിച്ച് നിഘണ്ടുവിൽനിന്ന് തരു എന്ന വാക്ക് കണ്ടെത്തട്ടെ. അർത്ഥം കുറിച്ചെടുക്കട്ടെ.

**കവിതയ്ക്കുപേരിടൽ**

കവിതയിലെ പരിചയമില്ലാത്ത വാക്കുകളുടെ അർത്ഥം കണ്ടെത്തിയല്ലോ. തുടർന്ന് ഒരുവട്ടംകൂടി താളമിട്ട് കുട്ടികൾ കവിതചൊല്ലട്ടെ. ഇപ്പോൾ മനസ്സിലായ കാര്യങ്ങൾ അടിസ്ഥാനമാക്കി കവിതയ്ക്കുചേരുന്നൊരു പേര് ഓരോരുത്തരും എഴുതട്ടെ.

അവയിൽനിന്ന് ചിലത് അവതരിപ്പിച്ച് ചർച്ചനടത്താം. കുട്ടികൾ എഴുതിയ പേരുകൾ ബോർഡിൽ ക്രോഡീകരിക്കണം.

- ഈ പട്ടികയിൽനിന്ന് ഏറ്റവും ഉചിതമായ ഒരുപേര് തെരഞ്ഞടുക്കൂ.
- ഈ പേര് തെരഞ്ഞെടുക്കാൻ എന്താണ് കാരണം?
- ഇത് ഉചിതമായ പേരാണെന്ന് മറ്റുള്ളവർക്കുതോന്നുന്നുണ്ടോ? എന്തുകൊണ്ട്? ഇല്ലെങ്കിൽ മറ്റേതുപേരാണ് നിർദ്ദേശിക്കാനുള്ളത്?
- ചർച്ചയുടെ അടിസ്ഥാനത്തിൽ കൂടുതൽ മെച്ചപ്പെട്ടപേര് നിർദ്ദേശിക്കാനുണ്ടോ?

ഉചിതമായപേര് നിർദ്ദേശിക്കാനും അവയെക്കുറിച്ച് അഭിപ്രായങ്ങൾ പറയാനും കഴിയണമെങ്കിൽ കവിതയുടെ ആശയം കുട്ടികൾക്ക് നന്നായി മനസ്സിലാവണം. ഇതിന് ടീച്ചറുടെ സഹായം വേണ്ടിവരും. ടീച്ചർ വിശദീകരിക്കുക, കുട്ടികൾ കേട്ടുമനസ്സിലാക്കുക എന്ന രീതിക്കപ്പുറം കുട്ടികളുടെ ചിന്ത ഉണർത്തുന്ന ചോദ്യങ്ങളിലൂടെ ആശയം കണ്ടെത്താൻ സഹായിക്കുകയാണ് വേണ്ടത്. ചിന്ത ഉണർത്താനെന്തൊക്കെ ചോദിക്കാനാവും?

- ഈ കവിത നമ്മോടുന്നയിക്കുന്ന ചോദ്യമെന്താണ്?
- അതിനുത്തരം കണ്ടുപിടിക്കാൻ എന്തെങ്കിലും സൂചന ഈ കവിതയിലുണ്ടോ?
- വിചിത്രരൂപൻ എന്താണ് നിർമിച്ചുവച്ചിട്ടുള്ളത്?
- ഇതുകണ്ടാൽ എന്തുപോലെയാണ് തോന്നുന്നത്?
- എവിടെയാണ് ആ വിചിത്രരൂപൻ ഇരിക്കുന്നത്?
- ആരാണീ വിചിത്രരൂപൻ?
- എട്ടുകാലിയെക്കുറിച്ച് നിങ്ങൾക്കൊരു കടങ്കഥയോ കടങ്കഥപ്പാട്ടോ ഉണ്ടാക്കിപ്പറയാമോ?

കുമാരനാശാൻ ഈ കവിതയ്ക്കു നൽകിയ പേര് 'തോട്ടത്തിലെ എട്ടുകാലി' എന്നാണ്. 'പുഷ്പവാടി' എന്ന കവിതാസമാഹാരത്തിൽനിന്നാണ് ഇത് എടുത്തുചേർത്തിട്ടുള്ളത്. ഇക്കാര്യം കുട്ടികളുമായി പങ്കുവയ്ക്കണം.

**കവിതയുടെ ആശയം ഇങ്ങനെ ചുരുക്കിയെഴുതാം**

തളിരിട്ട് ആടിയാടിനിൽക്കുന്ന മരക്കൊമ്പേ. അതിൽ രശ്മിപോലെ നാലുഭാഗത്തേയ്ക്കും നീണ്ട നൂലുകൊളുത്തിയിട്ടുണ്ട്. അതുകാണുമ്പോൾ കുളത്തിനുള്ളിൽ നിഴലിച്ചുകാണുന്ന സൂര്യബിംബംപോലെയുണ്ട്. കാറ്റത്താടുന്ന വെളുത്ത വലവിരിച്ചാണ് ഇരിപ്പ്. കൗതുകം തോന്നുന്ന ആകൃതിയുള്ള ഇവൻ

| |
|---|
| ആരാണ്? |

| |
|---|
| **കുമാരനാശാൻ** |
| ആധുനിക കവിത്രയത്തിൽ ഉൾപ്പെടുത്തി നാം ആദരിക്കുന്ന മഹാകവിയാണ് എൻ കുമാരനാശാൻ. 1873 ൽ തിരുവനതപുരത്ത് കായിക്കരയിൽ ജനിച്ചു.1924 ൽ പല്ലനയാറ്റിൽ വച്ചുണ്ടായ ബോട്ടപകടത്തിൽ പൊലിഞ്ഞുപോയ ജീവിതം. അമ്പത് വർഷത്തെ ജീവിതം കൊണ്ട് അതിവിശേഷമായ ശാശ്വതസ്ഥാനം മലയാളസാഹിത്യലോകത്ത് നേടിയെടുത്ത പ്രതിഭ. വീണപൂവ്, നളിനി, ലീല, ചണ്ടാലഭിക്ഷുകി, കരുണ,ദുരവസ്ഥ, പ്രരോദനം എന്നീ ഖണ്ഡകാവ്യങ്ങളും മണിമാല, വനമാല, പുഷ്പവാടി തുടങ്ങിയ കവിതാ സമാഹാരങ്ങളും ബുദ്ധചരിതം, സൗന്ദര്യലഹരി, ബാലരാമായണം തുടങ്ങിയ വിവർത്തനങ്ങളുമാണ് അദ്ദേഹത്തിന്റെ പ്രധാന കൃതികൾ. |

**മാനത്തെക്കാഴ്ചകൾ**

| |
|---|
| **പ്രഭാവർമ്മ** |
| കവി ചലച്ചിത്രഗാന രചയിതാവ് മാധ്യമപ്രവർത്തകൻ എന്നീ നിലകളിൽ പ്രസിദ്ധനാണിദ്ദേഹം. കേന്ദ്ര- കേരള സാഹിത്യ അക്കാദമി അവാർഡുകൾ, ആശാൻ പ്രൈസ്, വയലാർ അവാർഡ്, വള്ളത്തോൾ അവാർഡ് , ഉള്ളൂർ അവാർഡ്, തുടങ്ങിയ വ്യത്യസ്ത പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. സൗപർണിക, അർത്ഥപൂർണിമ ചന്ദനനാഴി, ശ്യാമമാധവം എന്നിവ അദ്ദേഹത്തിന്റെ കൃതികളിൽ ചിലതാണ്. 1959 ൽ തിരുവനന്തപുരത്ത് ജനിച്ചു. |

കടങ്കവിതാമട്ടിലുള്ള ഒരു രചനയാണ് മാനത്തെക്കാഴ്ചകൾ. അതിൽ ചോദ്യവും ഉത്തരവും അടങ്ങിയിട്ടുണ്ട്. കുട്ടികൾ കവിത താളമിട്ടു ചൊല്ലട്ടെ. ഒരു ഗ്രൂപ്പ് ചോദ്യം ഉന്നയിക്കുന്ന വരികൾ ചൊല്ലുമ്പോൾ ഉത്തരമടങ്ങിയ വരികൾ മറ്റൊരു ഗ്രൂപ്പ് ചൊല്ലട്ടെ. പാഠപുസ്തകത്തിലെ വിശകലന ചോദ്യങ്ങൾ ഉപയോഗിച്ച് കവിതയിൽ പ്രയോഗിച്ച സാമ്യപ്പെടുത്തലിൻെറ ഭംഗി ശ്രദ്ധയിൽക്കൊണ്ടുവരാം.

**പകരം പദം**

ഒരു വാക്കിന് പകരം ഉപയോഗിക്കാവുന്ന മറ്റു വാക്കുകളിലേക്ക് കുട്ടികളുടെ ചിന്തയെ നയിക്കാനാണ് ഈ പ്രവർത്തനം. കുട്ടി പരിചയപ്പെടുന്ന പുതിയ വാക്കിൻെറ അർത്ഥം സന്ദർഭത്തിൽനിന്നും ഊഹിക്കാനുള്ള അവസരമാണ് ആദ്യം നൽകേണ്ടത്. അർത്ഥം ഊഹിക്കുന്നതിലൂടെ ആ വാക്കിന് പകരം നിൽക്കാവുന്ന മറ്റു പദങ്ങൾ ഉൾച്ചേർക്കാനുള്ള അവസരവും കുട്ടികൾക്കു നൽകണം.

ഉദാഹരണം:

'കായലിൽ നിറയെ **<u>നീരാ</u>**ണുണ്ടാവേണ്ടത്. ഓളങ്ങൾ ഇളകിമറിഞ്ഞ് നിറഞ്ഞേന്തുന്ന **<u>നീര്</u>**. എന്നാൽ ഈ നീലക്കായലിൽ ഒരു തുള്ളി **<u>നീരി</u>**ല്ല.'

ഈ കുറിപ്പ് വായിക്കാനോ കേൾക്കാനോ അവസരം കിട്ടുന്നതോടെ നീര് എന്ന വാക്കിൻെറ അർത്ഥം സന്ദർഭത്തിൽനിന്നും ഊഹിച്ചു കണ്ടെത്താൻ കുട്ടികൾക്കു കഴിയും. വെള്ളത്തിൻെറ എല്ലാ സമാനപദങ്ങളും ഈ ഘട്ടത്തിൽ കുട്ടികൾക്ക് പരിചയപ്പെടുത്തണമെന്നില്ല. വെള്ളം ജലം എന്നീ വാക്കുകൾ കുട്ടികൾക്ക് സ്വയം കണ്ടെത്താനാവുമല്ലോ. ഇനി ഈ വാക്കുകൾ ചേർത്ത് മുകളിലെ വാക്യം കുട്ടികൾ മാറ്റിയെഴുതട്ടെ.

കായലിൽ നിറയെ **<u>വെള്ള</u>**മാണുണ്ടാവേണ്ടത്. ഓളങ്ങൾ ഇളകിമറിഞ്ഞ് നിറഞ്ഞേന്തുന്ന **<u>നീര്</u>**. എന്നാൽ ഈ നീലക്കായലിൽ ഒരു തുള്ളി **<u>ജല</u>**മില്ല.

സൂര്യൻ അസ്തമിച്ചു. **<u>വാനം</u>** ഇരുണ്ടു തുടങ്ങി. പതുക്കെപ്പതുക്കെ **<u>വാന</u>**ത്ത് ആയിരം പൊൻതിരികൾ കൺമിഴിച്ചു. **<u>വാന</u>**ത്തിൻെറ നെറ്റിയിൽ തെളിഞ്ഞുണരുന്ന മഞ്ഞപ്പൊട്ട്. ഹായ്! അണിഞ്ഞൊരുങ്ങി നൽക്കുന്ന **<u>വാനം</u>**.

കുട്ടികൾ വാനത്തിന് പകരം പദം കണ്ടെത്തി വാക്യം മാറ്റിയെഴുതട്ടെ. മാനം ആകാശം എന്നീ പദങ്ങൾ മാത്രം ഇപ്പോൾ പരിചയപ്പെട്ടാലും മതി.

ഈ യൂണിറ്റിലെ കാനനോത്സവം എന്ന പാഠഭാഗം ഉപയോഗിച്ചും ഇത്തരം പ്രവർത്തനം തുടർന്ന് ചെയ്യാനാവും. കാനനം, സായാഹ്നം തുടങ്ങിയ വാക്കുകൾ പരിചയപ്പെടുത്താം.

**കടങ്കഥാപാട്ടുകൾ**

കുട്ടികൾക്ക് പരിചയപ്പെടുത്താവുന്ന ചില കടങ്കഥാപ്പാട്ടുകളാണ് താഴെ കൊടുത്തിട്ടുള്ളത്.

| |
|---|
| പന്ത്രണ്ടാളുകൾ കാവൽ നിൽക്കും<br>ചന്തമിയന്നൊരു കൊട്ടാരം<br>വലിയമ്മാനും ചെറിയമ്മാനും<br>റോന്തു ചുറ്റും കൊട്ടാരം<br>കൊട്ടാരത്തിൽ നിന്നുമിടക്കിടെ<br>മണിയടി കേൾക്കാം കട്ടായം<br>ഏതേതാണീ കൊട്ടാരം<br>ആരാരോതും കേൾക്കട്ടെ.<br>(ക്ലോക്ക്) |

എല്ലാവർക്കും ആലോചിക്കാനും ഉത്തരം കണ്ടെത്താനും അവസരമുണ്ടാവണം. കുട്ടികൾ ഉത്തരം വിളിച്ചു പറയുന്ന രീതി ഉണ്ടാവരുത്. ഓരോരുത്തർക്കും താൻ കണ്ടെത്തിയ ഉത്തരത്തെ ന്യായീകരിക്കാൻ അവസരം നൽകണം.

ഉദാഹരണമായി ഒരു കുട്ടി ആകാശം എന്നു പറയുന്നു എന്നു കരുതൂ. ആകാശം എന്ന ഉത്തരത്തിലേക്ക് അയാളെ നയിച്ച ചില ഘടകങ്ങൾ ഉണ്ടാവും. അത് വിശദീകരിക്കാനവസരം ഉണ്ടാവണം. ആകാശത്തിലെ സൂര്യനും ചന്ദ്രനുമാണ് വലിയമ്മാനും ചെറിയമ്മാനും എന്ന് കുട്ടി കണ്ടേക്കാം. ഇടിവെട്ടുന്നതാണ് മണിയടി എന്നു സങ്കൽപ്പിച്ചേക്കാം. ഇത്തരം ഉത്തരങ്ങൾക്കെല്ലാം ക്ലാസിൽ സ്ഥാനമുണ്ട്. ചർച്ചയുടെ അവസാനം ടീച്ചർ ഉദ്ദേശിച്ച ഉത്തരം ക്ലോക്ക് ആണ് എന്ന് പറഞ്ഞു കൊടുക്കാം. കാവൽ നിൽക്കുന്നതാര്?, റോന്തു ചുറ്റുന്നതാര്?, മണിയടിക്കുന്നതെന്ത്? എന്നിവയെല്ലാം സ്വയം കണ്ടെത്താൻ കുട്ടികൾക്ക് അവസരം നൽകുകയും വേണം.

| |
|---|
| മറ്റൊരു കടങ്കഥപ്പാട്ട്<br><br>ചൂടാത്തൊരു കുട, ചോരാത്തൊരു കുട,<br>കമ്പില്ലാക്കുട, കാലുള്ളൊരു കുട,<br>ആനപ്പുറമതിലേറില്ലാ കുട,<br>ആളുകൾ കണ്ടുകൊതിക്കുന്നു കുട,<br>തൂവെള്ളക്കുട, തൂമയെഴും കുട, |

| |
|---|
| തുതുതുരെയങ്ങു നിരക്കുന്നു കുട,<br>വാനിൽ കാറു പരക്കുന്നേരം<br>താനേ പൊട്ടിമുളയ്ക്കുന്നു കുട,<br>ഇടിവെട്ടുമ്പോൾ നിവരുന്നു കുട,<br>ഇലപൊഴിയും പോൽ കൂമ്പുന്നു കുട.<br>( തൂമയെഴും കുട = ചന്തമുള്ള കുട)<br><br>(കൂൺ) |

| |
|---|
| നാലുകാലുള്ളൊരു നങ്ങേലിപ്പെണ്ണിനെ<br>കോലുനാരായണൻ കട്ടോണ്ടുപോയ്<br>തവളയെപ്പിടിക്കുന്ന നീർക്കോലി |
| ഓടും കുതിര ചാടും കുതിര<br>വെള്ളം കണ്ടാൽ നിൽക്കും കുതിര<br>തോൽച്ചെരുപ്പ് |

പുതിയ കടങ്കഥപ്പാട്ടുകൾ കണ്ടെത്തി താളം പിടിച്ചു ചൊല്ലാനും ഉത്തരം കണ്ടെത്താനും അവസരം നൽകണം. കുട്ടികൾക്ക് പരിചിതമല്ലാത്ത വാക്കുകൾ പരിചയപ്പെടുത്തണം. ഉദാഹരണമായി തൂമയെഴും കുട എന്നത് ചന്തമുള്ള കുട എന്നാണർത്ഥം എന്ന് കുട്ടികളോട് പറയേണ്ടതുണ്ട്.

(റഫറൻസ്: കടങ്കഥ ജനുസ്സും വ്യവഹാരവും. കെ എം അനിൽ - വള്ളത്തോൾ വിദ്യാപീഠം)

എല്ലാ കടങ്കഥാപ്പാട്ടുകളും ചാർട്ടിൽ എഴുതി പ്രദർശിപ്പിക്കണം,കുട്ടികൾക്ക് നോട്ടുബുക്കിൽ കുറിച്ചെടുക്കാൻ അവസരം നൽകാം.

**കടങ്കഥപ്പയറ്റ്**

ക്ലാസിൽ ഒരു കടങ്കഥാ പയറ്റ് നടത്തുകയാണ്. ഇതിൽ ഒരു നിബന്ധനയുണ്ട്. നേരത്തെ കേട്ടതോ വായിച്ചതോ ആയ ഒരു കടങ്കഥയും ഉപയോഗിക്കരുത്. എങ്കിൽ എന്തുവേണം. നാം പുതിയ കടങ്കഥകൾ ഉണ്ടാക്കണം. ആരുണ്ടാക്കും?

എല്ലാവരും ഉണ്ടാക്കും. എത്ര സമയം വേണം? 10 മിനിറ്റ്? എത്ര കടങ്കഥയുണ്ടാക്കാം? എത്രവേണമെങ്കിലും ഉണ്ടാക്കാം.

നിർദ്ദേശങ്ങൾക്കനുസരിച്ച് എല്ലാവരും കടങ്കഥകൾ ഉണ്ടാക്കട്ടെ.
ഇനി പയറ്റ് തുടങ്ങാം. ഗ്രൂപ്പായാണ് മത്സരം. ഇതിനായി കുട്ടികളെ സൗകര്യത്തിനനുസരിച്ച് അംഗങ്ങളുള്ള ചെറുസംഘങ്ങളാക്കി മാറ്റുന്നു. അഞ്ചുപേരടങ്ങുന്ന ഗ്രൂപ്പാണ് ടീച്ചർ കാണുന്നതെങ്കിൽ ഇങ്ങനെ ചെയ്യാം. ആകെ ക്ലാസിലെ കുട്ടികളുടെ എണ്ണത്തിനുസരിച്ച് ടീച്ചർ മുൻകൂട്ടിത്തയ്യാറാക്കിയ ചില കടങ്കഥകൾ ചെറിയ കടലാസിൽ എഴുതുന്നു. കുട്ടികൾക്കിടയിൽ വിതരണം ചെയ്യുന്നു. അഞ്ചു കടങ്കഥകൾക്ക് ഒരേ ഉത്തരം ലഭിക്കുന്ന വിധമാവും കടങ്കഥകൾ തയ്യാറാക്കിയിട്ടുണ്ടാവുക. ഒരേ ഉത്തരം കിട്ടുന്ന അഞ്ചുപേർ ഒരു സംഘം എന്നനിലയിൽ കുട്ടികൾ കൂട്ടം ചേരുന്നു. ഇവിടെ കുട്ടികൾക്ക് കൂടുതൽ കടങ്കഥകളുമായി പരിചയപ്പെടാൻ സ്വാഭാവികമായ അവസരം ലഭിക്കുന്നു എന്നതാണ് ഇത്തരത്തിൽ ഗ്രൂപ്പ് തിരിക്കുന്നതുകൊണ്ടുള്ള ഗുണം.

ഗ്രൂപ്പിൽ എല്ലാവരും അവരവർ തയ്യാറാക്കിയ കടങ്കഥകൾ വായിച്ചവതരിപ്പിക്കണം. അവതരിപ്പിച്ചവയിൽ നിന്ന് മെച്ചപ്പെട്ടത് തെരഞ്ഞെടുത്താണ് മത്സരത്തിൽ അവകരിപ്പിക്കുക.
എങ്ങനെയാണ് മെച്ചപ്പെട്ടത് കണ്ടെത്തുക? നല്ല കടങ്കഥയാണല്ലോ തെരഞ്ഞെടുക്കേണ്ടത്. ഒരു നല്ല പടങ്കഥയ്ക്ക് എന്തെല്ലാം പ്രത്യേകതകൾ കാണും? കുട്ടികൾ അഭിപ്രായങ്ങൾ പറയുന്നു. ടീച്ചർ അവ ബാർഡിൽ എഴുതണം.
കുട്ടികൾ ഇങ്ങനെയെല്ലാം കണ്ടെത്താനിടയുണ്ട്.

- കടങ്കഥകൾക്ക് നല്ല താളമുണ്ടാവണം.
- അക്ഷരങ്ങൾ ആവർത്തിച്ച് വരുമ്പോൾ കടങ്കഥ കേൾക്കാൻ രസമുണ്ടാവും.
- ഒരു വസ്തുവിനെ മറ്റൊന്നായി കാണാൻ കഴിയുമ്പോഴാണ് നല്ല കടങ്കഥയാവുന്നത്.
- ഉത്തരം ഒളിപ്പിച്ചുവച്ചു പറയുമ്പോഴാണ് ഒരു ചോദ്യം കടങ്കഥയായിത്തീരുന്നത്.
- 

തുടർന്ന് ഈ സൂചകം ഉപയോഗിച്ച് ഗ്രൂപ്പിലെ ഏറ്റവും മികച്ച ഏതാനും കടങ്കഥകൾ കണ്ടെത്തട്ടെ.

ഇനി പയറ്റ് തുടങ്ങാം.

ഒരു ഗ്രൂപ്പ് അവർ കണ്ടെത്തിയ ഏറ്റവും മികച്ച ഒരു കടങ്കഥ അടുത്ത ഗ്രൂപ്പിനോടു ചോദിക്കുന്നു. ഉത്തരം കണ്ടെത്തട്ടെ. അവർക്ക് ഉത്തരം കണ്ടെത്താനിയല്ലെങ്കിൽ അടുത്ത ഗ്രൂപ്പിനവസരം.

ഓരോഗ്രൂപ്പിനും അവരവർ കണ്ടെത്തിയ ഉത്തരത്തെപ്പറ്റി വിശദീകരിക്കാനവസരം വേണം. ഏറ്റവും അവസാനം കടങ്കഥ തയ്യാറാക്കിയ ഗ്രൂപ്പ് അവരുടെ ഉത്തരം പറയുന്നു. ഉത്തരം കണ്ടെത്തിക്കഴിഞ്ഞാൽ അതൊരു നല്ല കടങ്കഥയായോ എന്ന് പൊതുവായി പരിശോധിക്കാം. അതിനായി നേരത്തെ തയ്യാറാക്കിയ സൂചകങ്ങൾ തന്നെ ഉപയോഗിക്കാം.

പുതിയകടങ്കഥകൾ കേൾക്കുമ്പോൾ കടങ്കഥയ്ക്കുണ്ടാവേണ്ട വേറെയും ചില സവിശേഷതകൾ കണ്ടെത്താനായി എന്നുവരാം. അപ്പോൾ സൂചകങ്ങളിൽ അക്കാര്യം കൂടി കൂട്ടിച്ചേർക്കാം.

ചില ഘട്ടങ്ങളിൽ തർക്കം ഉണ്ടാവാം. സൂചകങ്ങളെ അടിസ്ഥാനമാക്കി ടീച്ചർ തർക്കത്തിൽ ഇടപെടണം. അതുപോലെ പറഞ്ഞ കടങ്കഥ വേണ്ടത്ര നിലവാരമുള്ളതായില്ല എന്നുതോന്നുന്നുവെങ്കിൽ അതേ ഉത്തരം കിട്ടുന്ന മറ്റൊരു കടങ്കഥ ടീച്ചറുടെ വകയായി പകരം ചോദിക്കുകയും ആവാം.

ഇങ്ങനെ എല്ലാ ഗ്രൂപ്പിനും ഇത്തരം അവസരം ലഭിക്കും വിധം പയറ്റ് തുടരണം. ഇതോടൊപ്പം ചർച്ചയും നടത്തണം

കടങ്കഥാ പയറ്റിനുശേഷം എല്ലാവർക്കും അവർതയ്യാറാക്കിയ കടങ്കഥ മെച്ചപ്പെടുത്തി എഴുതാം. സൂചകങ്ങളിൽ പറഞ്ഞ സവിശേഷതകൾ പരമാവധി ഉൾക്കൊള്ളിച്ചാവണം പുതുക്കി എഴുതൽ.

ഇങ്ങനെ കുട്ടികൾ മെച്ചപ്പെടുത്തിയ കടങ്കഥകൾ ശേഖരിച്ച് ക്ലാസിൽ കടങ്കഥാ ശേഖരമുണ്ടാക്കണം. അത് സ്ക്കൂൾ അസംബ്ലിയിൽ പ്രകാശനം ചെയ്യാം. പ്രകാശനച്ചടങ്ങിൻെറ ഭാഗമായി ഏതാനും കടങ്കഥകൾ അസംബ്ലിയിൽ എഴുതി പ്രദർശിപ്പിക്കാം. സ്ക്കൂളിലെ കൂട്ടുകാർക്കെല്ലാം ഉത്തരം എഴുതി ക്ലാസിൽ സജ്ജീകരിച്ച പെട്ടിയൽ നിക്ഷേപിക്കാം. ശരിയുത്തരം കിട്ടിയവരെ അടുത്ത അസംബ്ലിയിൽ അനുമോദിക്കുകയും വേണം.

## താളവും മേളവും

സർഗാത്മകമായ വിവരണവും വിവിധ കലകളുമാണ് മൂന്നാമത്തെ പാഠത്തിൽ പ്രമേയമായി സ്വീകരിച്ചിട്ടുള്ളത്. ഒരു കഥയിലുപയോഗിക്കുന്ന സങ്കേതവും ഭാഷയും പ്രയോജനപ്പെടുത്തിക്കൊണ്ടാണ് ഇതിലെ ഉത്സവവിവരണം വികസിപ്പിച്ചിട്ടുള്ളത്. ഏതാനും കലകളെ പ്രാഥമികമായി പരിചയപ്പെടാനുള്ള സന്ദർഭമാണ് കലകളെക്കുറിച്ച് സൂചിപ്പിക്കുന്നതിലൂടെ ലക്ഷ്യമിടുന്നത്.

**കാനനോത്സവം**

കുട്ടികൾ വ്യക്തിഗതമായും സംഘമായും വായിച്ചാസ്വദിക്കട്ടെ. തുടർന്ന് ടീച്ചർ ഭാവാത്മകമായി വായിക്കുന്നു. വ്യത്യസ്ത ദിവസങ്ങളിൽ കുട്ടികൾക്ക് വായിക്കാൻ അവസരം നൽകണം. ഒരു ലഘു വിവരണം വായിച്ചാസ്വദിക്കുന്നതിനുള്ള അവസരമാണ് പ്രധാനമായും ഈ പാഠഭാഗം നൽകുന്നത്. വിവരണമെന്നാൽ കേവലം വസ്തുതകൾ നിരത്തിവയ്ക്കലല്ല. പൂർവ്വാപരബന്ധം ഉണ്ടാവുക എന്നത് പ്രധാനം തന്നെ. പുതിയ വാക്കുകളും പദക്കൂട്ടുകളും കണ്ടെത്തി ഉപയോഗിക്കുമ്പോൾ അതിന് ചന്തം കൂടും. മാത്രമല്ല ഒരനുഭവത്തെ മറ്റൊരു സന്ദർ ഭത്തിൽ ചേർത്തുവയ്ക്കുമ്പോൾ അത് വിവരണത്തിന് കൂടുതൽ മിഴിവുനൽകും. ഉദാഹരണമായി "കുട്ടികൾ തിങ്ങിനിറഞ്ഞ ഗ്രൗണ്ട് പൂത്തതാഴ്‌വരപോലെ." പൂത്ത താഴ്‌വര എന്നത് കിളിക്ക് മറ്റൊരവസരത്തിലുണ്ടായ അനുഭവമാണ്. കുട്ടികൾ തിങ്ങിനിറഞ്ഞു നിൽക്കുന്ന കാഴ്ചയോട് ഈ അനുഭവത്തെ ചേർത്തുവച്ചു പറഞ്ഞപ്പോൾ അതിന് കൂടുതൽ മിഴിവ് കൈവന്നു.

അതുപോലെ 'ദാ..ന്ന് പറഞ്ഞതുപോലെ കലോത്സവദിനമായി' എന്നിങ്ങനെയുള്ള പ്രയോഗങ്ങളിലേക്കും കുട്ടികളുടെ ശ്രദ്ധ കൊണ്ടുവരണം.

**കാനനോത്സവം - പുതിയ ഇനങ്ങൾ**

ഒരു കാര്യം വായിച്ച് അതിനോട് സർഗാത്മകമായി ഇടപെടാൻ കഴിയുമ്പോഴാണ് വായന ജൈവികമാവുന്നത്. ഇവിടെ വിവരണം വായിച്ച് കുട്ടി അതിനോട് സർ ഗാത്മകമായി ഇടപെടേണ്ടതുണ്ട്. അതിനാണ് പുതിയ ഇനങ്ങൾ നിർദ്ദേശിക്കാൻ പാഠപുസ്തകത്തിൽ പറഞ്ഞിട്ടുള്ളത്. ഇതിനായി ക്ലാസിൽ ഒരു ചർച്ച സംഘടിപ്പിക്കണം.

- ആന പങ്കെടുക്കാനിടയുള്ള മത്സരം ഏതാവും?
- ഫാൻസി ഡ്രസ് മത്സരത്തിൽ ആരാവും പങ്കെടുക്കുക?
- വണ്ട്, കൊടുക്, തേനീച്ച എന്നിവർക്ക് ഒന്നിച്ച് പങ്കെടുക്കാവുന്ന മത്സരം ഏതാവും.

- പാട്ടുപാടൽ മത്സരത്തിൽ പങ്കെടുക്കാനിടയുള്ളതാരാണ്?
- ഓരിയിടൽ മത്സരത്തിലോ?
- 

ഇ ചർച്ചയിലൂടെ താഴെക്കാണുന്ന കണ്ടെത്തലുകൾ ഉണ്ടായേക്കാം.

- ചിന്നം വിളി മത്സരം - ആന
- ഫാൻസി ഡ്രസ്സ് - ഓന്ത്
- വാലാട്ടിക്കളി - പക്ഷികൾ
- മൂളിപ്പാട്ടു മത്സരം - വണ്ട്, കൊതുക്, തേനീച്ച
- ഓരിയിടൽ മത്സരം - കുറുക്കൻ, നായ
- 

ഇനിയും പുതിയ ഇനങ്ങൾ കണ്ടെത്താം.

വിവരണത്തിൽ ഉള്ളതും കുട്ടികൾ കണ്ടെത്തിയതുമായ മത്സര ഇനങ്ങൾ പട്ടികപ്പെടുത്തുന്നത് അകാരാദി ക്രമം പാലിച്ചെഴുതുന്നതിനുള്ള അവസരം നൽ കാനാണ്. അതിനാൽ കുട്ടികൾ പട്ടിക തയ്യാറാക്കിയതിനു ശേഷം അവയുടെ ക്രമം കൃത്യമാണോ എന്ന് പരിശോധിക്കാൻ അവസരം നൽകേണ്ടതുണ്ട്. ഇത്തരം ഒരു പരിശോധന സാധ്യമാക്കുവാൻ ആ സമയത്ത് ക്ലാസിൽ അക്ഷരമാല പ്രദർ ശിപ്പിക്കയും വേണം. അതുമായി തട്ടിച്ചുനോക്കി താൻ നിർണയിച്ച ക്രമം കുട്ടികൾ സ്വയം പരിശോധിക്കട്ടെ.

കുട്ടികൾ എഴുതേണ്ട രീതി ഉദാഹരണമെന്ന നിലയിൽ ടീച്ചർ കാണിക്കേണ്ടിവരും.

- പാട്ട് - കുയിൽ, തത്ത
- നൃത്തം - മയിൽ, വാലാട്ടിക്കിളി
- 
- 

**നിയമാവലി**

നിയമാവലി തയ്യാറാക്കുന്ന പ്രവർത്തനം ലളിതമായ ഒരു സർഗാത്മക കണ്ടെത്തലിനുള്ള അവസരം ഒരുക്കുകയാണ്. ഇതിന് മുന്നനുഭവം നൽകാനായി പരിചയമുള്ള ഒരു കളിയുടെ നിയമാവലി ചർച്ചയിലൂടെ രൂപപ്പെടുത്തണം. ഉദാഹരണത്തിന് സംഘനൃത്തമാണെന്നു വയ്ക്കൂ.

- സംഘത്തിൽ എത്രപേരുണ്ടാവാം?

- എത്രസമയം നൃത്തം വയ്ക്കാം?
- എന്തെല്ലാം വേഷവിധാനങ്ങളാവാം?
- അണിഞ്ഞൊരുങ്ങാനുള്ള ആഭരണങ്ങളും ഡ്രസ്സുകളും പങ്കെടുക്കുന്നവർ കൊണ്ടു വരേണ്ടതുണ്ടോ?
- പാട്ടിനും കൊട്ടിനും കാസറ്റ് ഉപയോഗിക്കാമോ?
- 

ഇത്തരം ചർച്ചയിലൂടെ സംഘനൃത്തത്തിൻെറ നിയമാവലി രൂപപ്പെടുത്താമല്ലോ.

തുടർന്ന് കുട്ടികൾ കാനനോത്സവത്തിലെ വിവിധ ഇനങ്ങളുടെ നിയമാവലി തയ്യാറാക്കട്ടെ.

കുട്ടികൾ തയ്യാറാക്കുന്ന നിയമാവലി ക്ലാസിൽ ചർച്ചക്കു വിധേയമാക്കണം. ചർച്ച എങ്ങിനെയാക്കാം?

- നിയമാവലി പങ്കെടുക്കുന്ന ജീവികളുടെ പ്രത്യേകതകൾക്ക് യോജിച്ചവയാണോ?
- സമയത്തെ സംബന്ധിച്ച നിബന്ധന ഉചിതമാണോ?
- വാദ്യോപകരണങ്ങളെസംബന്ധിച്ച നിർദ്ദേശങ്ങളുണ്ടോ?
- 

ഇത്തരത്തിൽ ചർച്ച മുന്നോട്ടു കൊണ്ടു പോകണം.

നിയമാവലിക്ക് ടീച്ചർ മാതൃക നൽകണം.

**<u>മൂളിപ്പാട്ടു മത്സരം - നിയമാവലി</u>**

- അഞ്ചുമിനിറ്റാണ് മത്സര സമയം
- ഒരു ഗ്രൂപ്പിൽ ഏഴുപേർക്കു പങ്കെടുക്കാം
- വാദ്യോപകരണങ്ങൾ ഉപയോഗിക്കരുത്.
- പറന്നു നടക്കുന്ന ജീവികൾ മാത്രമേ പങ്കെടുക്കാൻ പാടുള്ളൂ

### കായിക മത്സര ഇനങ്ങൾ കണ്ടെത്തൽ

കുട്ടികളുടെ ചിന്തക്ക് വൈവിദ്ധ്യമുണ്ടാക്കാൻ ഈ പ്രവർത്തനം സഹായിക്കും.

- മരം പറിച്ചെടുക്കൽ മത്സരം
- തേൻ ശേഖരണം
- മരഞ്ചാട്ടം
- കൂടുണ്ടാക്കൽ മത്സരം

- നീന്തൽ
- മാളം നിർമിക്കൽ
- ഓട്ടം ചാട്ടം പറക്കൽ (ഉയരത്തിൽ പറക്കൽ, വേഗത്തിൽ പറക്കൽ)

ഇങ്ങനെ വിവിധ മത്സര ഇനങ്ങൾ കണ്ടെത്താം.

പുതിയ മത്സര ഇനങ്ങൾ, നിയമാവലി, കായിക മത്സര ഇനങ്ങൾ എന്നിവയെല്ലാം കുട്ടികളുടെ നോട്ടുപുസ്തകത്തിൽ ചേർക്കണം.

**കുഞ്ഞരിപ്രാവുകണ്ട കലോത്സവം**

"താൻകണ്ട കലോത്സവത്തെപ്പറ്റി കുഞ്ഞരിപ്രാവ് വിശദമായി പറഞ്ഞു."- കുഞ്ഞരിപ്രാവ് സായാഹ്നസഭയിൽ നടത്തിയ അനുഭവവിവരണം എന്തായിരിക്കും?

കുഞ്ഞരിപ്രാവിൻെറ സ്ക്കൂൾ കലാമേളാനുഭവങ്ങൾ കുട്ടികൾ പറയട്ടെ.

വ്യക്തിപരമായി കുഞ്ഞരിപ്രാവിൻെറ അനുഭവവിവരണം എഴുതി തയ്യാറാക്കട്ടെ. വ്യക്തിപരമായി എഴുതിത്തയ്യാറാക്കിയ രചനകൾ ഗ്രൂപ്പുകളിൽ അവതരിപ്പിക്കട്ടെ. പരസ്പരം മെച്ചപ്പെടുത്തൽ നിദേശങ്ങൾ പങ്കുവെക്കാം. ഇതിന്റെ അടിസ്ഥാനത്തിൽ ഓരോഗ്രൂപ്പും പുതിയൊരു വിവരണം എഴുതി ക്ലാസ്സിലവതരിപ്പിക്കട്ടെ. മാറ്റ് ഗ്രൂപ്പുകൾ മെച്ചപ്പെടുത്തൽ നിർദേശങ്ങൾ പങ്കിടട്ടെ. മികച്ച വിവിവരണത്തെ അടിസ്ഥാനമാക്കി സൂചകങ്ങൾ വികസിപ്പിക്കാനുള്ള ചർച്ച നടത്താം.

നല്ലൊരനുഭവക്കുറിപ്പിന് എന്തെല്ലാം പ്രത്യേകതകൾ വേണം?

ടീച്ചറും കുട്ടികളും ചേർന്ന് പൊതു ചർച്ച നടത്തി അനുഭവവിവരണത്തിൻെറ സൂചകങ്ങൾ വികസിപ്പിക്കുന്നു.

| സൂചകങ്ങൾ: |
|---|
| ■ വിവരണം വായിക്കുമ്പോൾ, സംഭവങ്ങളും സന്ദർഭങ്ങളും വ്യക്തമായി മനസ്സിലാക്കാനാവുന്നുണ്ട്. |
| ■ അനുഭവങ്ങളിൽ നിന്നുണ്ടായ മനസ്സിൽതട്ടുന്ന രീതിയിൽ ചിന്തയും വികാരങ്ങളും ചേർത്തെഴുതിയിട്ടുണ്ട്. |
| ■ വികാരങ്ങൾ ആവിഷ്ക്കരിക്കുന്നതിന് ഉചിതമായ വാക്കുകളും പ്രയോഗങ്ങളും ഉപയോഗിച്ചിട്ടുണ്ട്. |

- തുടർന്ന് ടീച്ചർ താഴെക്കൊടുത്ത ജസയുടെ വിവരണം മാതൃകയായി അവതരിപ്പിക്കുന്നു.

- സൂചകങ്ങൾക്കിണങ്ങുന്ന എന്തെല്ലാം കാര്യങ്ങൾ ഈ വിവരണത്തിലുണ്ടെന്ന് ചർച്ച. ഇതിൻെറ വെളിച്ചത്തിൽ സൂചകങ്ങളെ അടിസ്ഥാനമാക്കി ഓരോരുത്തരും സ്വന്തം രചന മെച്ചപ്പെടുത്തുന്നു. (ഇത് ഗൃഹപാഠമായി ചെയ്യാവുന്നതാണ്. പിറ്റേന്നുമുതൽ പ്രഭാതസർഗവേളയിൽ എല്ലാവർക്കും അവതരിപ്പിക്കാനവസരം ഒരുക്കണം.)

അനുഭവവിവരണത്തിന് ഇത് മാതൃകയാക്കാം:

*സ്ക്കൂൾവിട്ടു വരികയാണ്. അപ്പോഴാണ് പി ടി പിര്യേഡിൽ കളിക്കുമ്പോൾ മേലിൽ തട്ടിയ ചൊറിയൻ ചെടിയുടെ ഫലം അറിഞ്ഞത്. ചൊറിച്ചിൽകൊണ്ട് ഞാൻ ഓടി.*
*"എന്റമ്മേ.. കാലും കയ്യും ചൊറിയിണേ.."*
*പെട്ടെന്നെനിക്ക് പോകുന്ന വഴിയിലുള്ള അരിച്ചാൽ ഓർമവന്നു. വേഗം ഞാൻ അരിച്ചാലിനടുത്തെത്തി. കണ്ണാടിപോലെ ഒഴുകുന്ന തെളിഞ്ഞവെള്ളം. ആഹാ... എന്തുഭംഗി!*
*ങാ.. അതൊന്നും എനിക്കിപ്പോൾ അറിയേണ്ട കാര്യമില്ല. എനിക്കു ചൊറിഞ്ഞിട്ടു വയ്യ.*
*ഒന്നും നോക്കാതെ ഞാൻ വെള്ളത്തിലേക്ക് എടുത്തുചാടി. മുടി നനഞ്ഞു. യൂണിഫോം പകുതി മുക്കാലും നല്ലവണ്ണം നനഞ്ഞു. കുളിച്ചതോ, ചെളിവെള്ളത്തിൽ. വേറെയൊന്നുമല്ല. ചാലിൽ ചാടിയപ്പോൾ ചാലിൻെറ അടിയിലുള്ള ചെളി ഇളകി ശുദ്ധജലം അശുദ്ധമായതാ.*
*അതു സാരല്യ. ചൊറിച്ചിൽ മാറിക്കിട്ടിയല്ലോ!*

***(കരിങ്കല്ലത്താണി ജി എൽ പി സ്ക്കൂളിലെ ജസ എന്ന മൂന്നാം ക്ലാസുകാരിയുടെ കുറിപ്പ്)***
*(അരിച്ചാൽ - വഴിയരികിലൂടെ വെള്ളമൊഴുകിപ്പോകുന്ന ചെറിയചാൽ (അരികുചാൽ)*

**സ്വന്തം നാട്ടിലെ കലാരൂപങ്ങൾ**

കാട്ടിലെ ഉത്സവം കണ്ടു. ഓരോ നാട്ടിലും ആ നാടിൻെറ സവിശേഷമായ ചില പ്രാദേശിക കലാരൂപങ്ങൾ ഉണ്ടാവും. അവ കുട്ടികൾക്ക് പരിചയപ്പെടാനുള്ള സന്ദർഭമാണിത്. നാട്ടിലെ കലാരൂപം കാണുന്നതിനായി അവ അവതരിപ്പിക്കുന്ന സ്ഥലത്തേക്ക് കുട്ടികളുമായി പോവുകയോ, കലാപ്രവർത്തകരെ സ്കൂളിലേക്കു വിളിച്ച് പരിപാടി അവതരിപ്പിക്കുകയോ ചെയ്യാം. രണ്ടായാലും കാണാൻ പോകുന്ന കലാരൂപത്തെക്കുറിച്ച് പ്രാഥമികമായി ചില വിവരങ്ങൾ ടീച്ചർ കുട്ടികൾക്ക് നൽകണം. അതിനാവശ്യമായ മുന്നൊരുക്കം പാഠാവതരണത്തിനുമുമ്പ് നടത്തേണ്ടതുണ്ട്.

കലാവതരണത്തിൻെറ കാഴ്ചയാണ് പ്രധാനം. ഒപ്പം കുട്ടികൾക്ക് കലാപ്രവർത്തകരുമായി സംസാരിക്കാനും കഴിയണം. അണിയുന്ന ആടയാഭരണങ്ങൾ, അവതരണത്തിൽ ഉപയോഗിക്കുന്ന പാട്ട് വാദ്യം എന്നിവയെക്കുറിച്ചൊക്കെ ചോദിക്കാനും അവസരം നൽകണം. എന്നാൽ അത് ഔപചാരികമായ ഒരു അഭിമുഖ സംഭാഷണമായി മാറുകയും വേണ്ട.

വാദ്യോപകരണങ്ങൾ, ആടയാഭരണങ്ങൾ എന്നിവയുടെയും മറ്റും പേര്, അവതരണവുമായി ബന്ധപ്പെട്ട ചടങ്ങുകൾ, ക്രമം എന്നിങ്ങനെ കലാപ്രവർത്തകരുമായി സംസാരിക്കുമ്പോൾ കേട്ട പുതിയ വാക്കുകൾ കുട്ടികളുടെ ശ്രദ്ധയിൽ കൊണ്ടുവരണം. എന്നാൽ അവ അപ്പപ്പോൾ എഴുതിയെടുക്കണമെന്ന് കുട്ടികളോട് നിർദ്ദേശിക്കണമെന്നില്ല. അതേസമയം ടീച്ചർ അവ രേഖപ്പെടുത്തി വയ്ക്കുകയും വേണം. കഴിയുമെങ്കിൽ കലാവതരണവും കലാകാരൻമാരുടെ വർത്തമാനവും വീഡിയൊ റെക്കാർഡ് ചെയ്തുവയ്ക്കുന്നതും നന്നാവും.

തൻെറ നാട്ടിലും മറ്റു പ്രദേശങ്ങളിലെല്ലാമുള്ളതുപോലെ സവിശേഷമായി കലാരൂപങ്ങൾ ഉണ്ട് എന്ന് കണ്ടെത്താൻ കുട്ടിക്കവസരം നൽകുക എന്നതാണ് ഇവിടെ പ്രധാനമായും നടക്കേണ്ടത്. അതിനാൽതന്നെ കലാരൂപം കണ്ടതിനുശേഷം തുടർ പ്രവർത്തനങ്ങൾ ഉണ്ടാവണം. എന്തെല്ലാം തുടർ പ്രവർത്തനങ്ങളാവാം?

- കലാരൂപങ്ങളുടെ ചിത്രം ഒട്ടിയ്ക്കൽ, പ്രദർശനം
- കലാരൂപവുമായി ബന്ധപ്പെട്ട വാക്കുകൾ അവയുടെ അർത്ഥം എന്നിവ പട്ടികപ്പെടുത്തൽ (ഉദാഹരണം. കാതില- ചെവിയിൽ അണിയുന്ന ആഭരണം)
- വാക്കുകൾ അക്ഷരമാലാ ക്രമത്തിൽ ക്രമീകരിച്ച് രേഖപ്പെടുത്തൽ

- കലാവതരണത്തിൻെറ വിവരണം/ കലാവതരണം കണ്ട ദിവസത്തെ ഡയറി തയ്യാറാക്കൽ

ഡയറിക്കുറിപ്പ് ഒരനുഭവ വിവരണമാണ്. വിവരണം അല്ലെങ്കിൽ ഡയറി കുട്ടികൾ വ്യക്തിപരമായി എഴുതട്ടെ. വ്യക്തിപരമായി എഴുതിത്തയ്യാറാക്കിയ രചനകൾ ഗ്രൂപ്പുകളിൽ അവതരിപ്പിക്കട്ടെ. പരസ്പരം മെച്ചപ്പെടുത്തൽ നിദേശങ്ങൾ പങ്കുവെക്കാം. ഇതിന്റെ അടിസ്ഥാനത്തിൽ ഓരോഗ്രൂപ്പും പുതിയൊരു വിവരണം എഴുതി ക്ലാസ്സിലവതരിപ്പിക്കട്ടെ. മാറ്റ് ഗ്രൂപ്പുകൾ മെച്ചപ്പെടുത്തൽ നിർദേശങ്ങൾ പങ്കിടട്ടെ. മികച്ച വിവിവരണത്തെ അടിസ്ഥാനമാക്കി സൂചകങ്ങൾ വികസിപ്പിക്കാനുള്ള ചർച്ച നടത്താം.

**വിവരണം/ഡയറി തയ്യാറാക്കുന്നതിനുള്ള സൂചകങ്ങൾ:**

- കണ്ട കലാരൂപത്തിൻെറ സവിശേഷതകൾ പ്രതിഫലിക്കുന്നുണ്ട്.
- അവതരണം കണ്ടപ്പോൾ മനസ്സിലുണ്ടായ ചിന്തകൾ, വികാരങ്ങൾ പ്രതിഫലിക്കുന്നുണ്ട്.
- കണ്ട കലാരൂപത്തിൻെറ ചിത്രം വാക്കുകളിൽ വരച്ചിടും വിധം എഴുതി ത്തയ്യാറാക്കിയിട്ടുണ്ട്.

ടീച്ചർ തയ്യാറാക്കിയ വിവരണവും ഡയറിയും വായിക്കാൻ സന്ദർഭമൊരുക്കുകയും വേണം. സൂചകം വച്ച് അവയും പരിശോധിക്കുന്നു. സൂചകങ്ങളുടെ വെളിച്ചത്തിൽ അവരവർ എഴുതിയ ഡയറി/ വിവരണം കുട്ടികൾമെച്ചപ്പെടുത്തുന്നു.
രണ്ടോ മൂന്നോ പേർ പ്രഭാത സർഗവേളയിൽ അവതരിപ്പിക്കാം. മെച്ചപ്പെടുത്തിയ ഡയറി/ വിവരണം പോർട്ട് ഫോളിയോയിൽ ചേർക്കണം

**നിറക്കൂട്ട്**

മറ്റെല്ലായിടങ്ങിലുമെന്നപോലെ കേരളത്തിൽ അങ്ങോളമിങ്ങോളം പല കലാരൂപങ്ങളുണ്ട്. പ്രചാരത്തിലുള്ള പ്രദേശം ഉപയോഗിക്കുന്ന വേഷവിധാനം, താളം, നൃത്തം, പിന്നണിപ്പാട്ട്, വാദ്യോപകരണങ്ങൾ എന്നിവയിലെല്ലാം വിവിധ കലാരൂപങ്ങൾ തമ്മിൽ സാമ്യവും വ്യത്യാസവും ധാരളമുണ്ടാവും. കുട്ടിയുടെ ജീവിത സാഹചര്യങ്ങളുമായി ബന്ധപ്പെട്ടുള്ള വ്യത്യസ്ത കലാരൂപങ്ങൾ കാണാനും സവിശേഷതകൾ ചിലതറിയാനും നടത്തുന്ന പ്രാഥമിക പരിശ്രമമാണ് ഈ ക്ലാസിൽ നടക്കുന്നത്. ഇതിനുള്ള സഹായക സാമഗ്രി എന്ന നിലയിലാണ് പാഠഭാഗത്ത് പടയണിയും കഥകളി കത്തിവേഷവും നൽകിയിട്ടുള്ളത്. കഥകളിയോ പടയണിയോ

ആഴത്തിൽ പഠിക്കണം എന്നുദ്ദേശിച്ചല്ല പാഠഭാഗത്ത് ഇവ നൽകിയിട്ടുള്ളത്. അതതിടങ്ങളിൽ പ്രചാരത്തിലുള്ള ഏതു രണ്ടു കലാരൂപത്തെയും പകരമായി ഉപയോഗിക്കാം. ഇവ നേരിട്ടുകാണാനോ അല്ലെങ്കിൽ അവയുടെ വീഡിയോ കാണാനോ അവസരമൊരുക്കണം. നാടൻ കല, ശാസ്ത്രീയ കല എന്ന വേർ തിരിവൊന്നും ഈ ഘട്ടത്തിൽ കുട്ടികൾ തിരിച്ചറിയണമെന്നില്ല. കലകളെല്ലാം ഒരു പോലെയല്ല എന്ന് കണ്ടെത്തിയാൽ മതി. കൂടുതൽ വൈവിദ്ധ്യമാർന്നവയും പ്രാദേശികമായി പ്രാധാന്യമുള്ളവയുമായ കലാരൂപങ്ങൾ IT സാധ്യത ഉപയോഗപ്പെടുത്തി കുട്ടികൾക്ക് കാണാനവസരം ഒരുക്കാം. പൊതുവായി അവയെ താരതമ്യം ചെയ്താൽ മതിയാവും. (ടീച്ചർക്ക് സഹായകമാവുന്ന വിധത്തിൽ രണ്ടു കലാരൂപങ്ങളേയും പരിചയപ്പെടുത്തുന്ന ചെറുകുറിപ്പ് ഇതൊടൊപ്പം നൽകുന്നുണ്ട്) വിവിധ കലാരൂപങ്ങൾ കാണാനും അവ തമ്മിലുള്ള പ്രകടമായ സാമ്യ വ്യത്യാസങ്ങൾ കണ്ടെത്താനുമാണ് ഇവിടെ പ്രാധാന്യം നൽകേണ്ടത്. കലാരൂപങ്ങൾ കാണുന്നതിനുമുമ്പ് നടക്കുന്ന ചർച്ചയും ടീച്ചർ നൽകുന്ന നിർദ്ദേശങ്ങളും ഏറെ പ്രധാനമാണ്.

ഏതെല്ലാം കാര്യങ്ങൾ ശ്രദ്ധിക്കണം?

- അവതരിപ്പിക്കുന്ന സ്ഥലത്തിൻെറ പ്രത്യേകത: സ്റ്റേജിൽ അവതരിപ്പിക്കുന്നതോ, പൊതുസ്ഥലത്ത് അവതരിപ്പിക്കുന്നതോ?
- വേഷത്തിൽ ഉപയോഗിച്ചിട്ടുള്ള നിറങ്ങൾ, അവയുടെ വൈവിധ്യം.
- ആടയാഭരണങ്ങളുടെ പ്രത്യേകതകൾ, ആടയാഭരണങ്ങൾ നിർമിക്കാനുപയോഗിച്ച വസ്തുക്കൾ.
- ഉപയോഗിക്കുന്ന വാദ്യോപകരണങ്ങൾ
- കലയിൽ ഉപയോഗിക്കുന്ന പാട്ട്.
- 
- 

തുടങ്ങിയ കാര്യങ്ങളെല്ലാം പരിഗണിക്കപ്പെടാം.

ആവശ്യമായ നിർദ്ദേശങ്ങൾക്കു ശേഷം കുട്ടികൾ കാണട്ടെ. അതിനുശേഷം കണ്ട കാര്യങ്ങളെക്കുറിച്ചുള്ള ചർച്ച. തുടർന്ന് സാമ്യവ്യത്യാസങ്ങൾ രേഖപ്പെടുത്തൽ. ആവശ്യമെങ്കിൽ ഒരു പട്ടികയുടെ മാതൃക കുട്ടികൾക്കു നൽകാം.

| **പ്രത്യേകത** | **പടയണി** | **കഥകളി (കത്തിവേഷം)** |
|---|---|---|
| കിരീടം | വലിയ കിരീടം | അത്ര വലിയ കിരീടമല്ല |

| | | |
|---|---|---|
| വേഷവിധാനം | കുരുത്തോലയും പാളയും മറ്റും ഉപയോഗി ക്കുന്നു | മരംകൊണ്ടും മറ്റും നിർ മിച്ചെടുത്ത വസ്തുക്കൾ ഉപയോഗിക്കുന്നു |
| | | |
| | | |

(കുട്ടികൾ തയ്യാറാക്കുന്ന പട്ടിക പോർട്ട് ഫോളിയോയുടെ ഭാഗമാക്കാം)

**പടയണി**

പടയണി തെക്കൻകേരളത്തിലെ ഭദ്രകാളീക്ഷേത്രങ്ങളിൽ അവതരിപ്പിച്ചുവരുന്ന ഒരു കലാരൂപമാണ് പടയണി. പടേനി എന്നും പറയും. ഈ കല ഉണ്ടായതിനെപ്പറ്റി പല കഥകളും പറഞ്ഞുവരുന്നു. ചേരമാൻ പെരുമാൾ യുദ്ധത്തിൽ വിജയിച്ചതിന്റെ ഓർമ്മയ്ക്കായി തുടങ്ങിയ ആഘോഷമാണെന്നും പറഞ്ഞുവരുന്നുണ്ട്. പടയണി നടത്തിയാൽ രോഗങ്ങൾ അകലുമെന്നും നാട്ടിൽ സമൃദ്ധിയുണ്ടാകുമെന്നും പഴമക്കാർ വിശ്വസിച്ചിരുന്നു. നല്ല വിളവുണ്ടാകാനുള്ള ഒരു പ്രാർഥന കൂടിയായിരുന്നു പടയണി. അതിനാൽ ഇതൊരു കാർഷികോത്സവം കൂടിയാണ്. ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലെ ചില പ്രദേശങ്ങളിലാണ് പടയണി ഇപ്പോഴും നടത്തി വരുന്നത്. നീലമ്പേരൂർ , കടമ്മനിട്ട, ഓതറ തുടങ്ങിയ ഗ്രാമങ്ങളിലെ പടയണി ഏറെ പേരുകേട്ടതാണ്. പല ഗ്രാമങ്ങളിലെ ചടങ്ങുകളിലും ചെറിയ വ്യത്യാസങ്ങൾ ഉണ്ടാവും.

പടയണിയുള്ള വിവരം അറിയിച്ചുകൊണ്ടുള്ള കാച്ചിക്കൊട്ടാണ് പ്രധാന ചടങ്ങ്. തപ്പ് എന്ന വാദ്യം കൊട്ടുന്നതോടെയാണ് ചടങ്ങ് ആരംഭിക്കുന്നത്. . തുടർന്നു കാപ്പൊലി. ഇലകളോടുകൂടിയ മരച്ചില്ലയോ, വെള്ളത്തോർത്തോ വീശി ആർത്തുവിളിച്ച് താളം ചവിട്ടുന്നതാണ് കാപ്പൊലി. തുടർന്നു കൈമണിയുമായി താളം തുള്ളും. ഇതാണ് താവടിതുള്ളൽ. താവടിതുള്ളലിന് ചെണ്ട തുടങ്ങിയ വാദ്യോപകരണങ്ങൾ ഉപയോഗിക്കും. പാളകൊണ്ടുണ്ടാക്കിയ വാദ്യോപകരണങ്ങളാണ് അതിനുപയോഗി ക്കുന്നത്. വെളിച്ചപ്പാട്, പരദേശി തുടങ്ങിയ ഹാസ്യാനുകരണങ്ങളും കാണും. ചൂട്ടുകറ്റയിലാണ് ശ്രീകോവിലിൽ നിന്നും അഗ്നിയുടെ രൂപത്തിലുള്ള അമ്മയെ

ആവാഹിക്കുന്നത്. അങ്ങനെ ആവാഹിച്ചെടുത്ത അഗ്നി യഥാസ്ഥാനം സ്ഥാപിക്കപ്പെട്ടു കഴിഞ്ഞാൽ ചടങ്ങുകൾ തീരുന്നതുവരെ അണയാതെ എരിഞ്ഞു കൊണ്ടു തന്നെ നിൽക്കണം. ചൂട്ടുകറ്റകളുടെയും തീവെട്ടികളുടെയും വെളിച്ചത്തിലാണ് കോലങ്ങൾ തുള്ളുന്നത്.

തപ്പാണ് പ്രധാനവാദ്യം. ചെണ്ടയും കൈമണിയും ഉപയോഗിക്കാറുണ്ട്. ഗണപതിക്കോലം, യക്ഷിക്കോലം, പക്ഷിക്കോലം, മാടൻകോലം, കാലൻകോലം, മറുതക്കോലം, പിശാചുകോലം, ഭൈരവിക്കോലം, ഗന്ധർവ്വൻകോലം തുടങ്ങിയ കോലങ്ങൾ തലയിൽവച്ച് തുള്ളും, പാട്ടുപാടും. പച്ചപ്പാളയിൽ കോലമെഴുതി മുഖത്തു കെട്ടും. പാളകൊണ്ടുള്ള മുടിയിലും കോലങ്ങൾ ചിത്രീകരിക്കും.

പ്രകൃതിയിൽ നിന്നെടുക്കുന്ന വസ്തുക്കളാണ് സമ്പൂർണ്ണമായും ഉപയോഗിക്കുന്നത് എന്നതുകൊണ്ട് ഉത്സവം കഴിഞ്ഞ് അതെല്ലാം മണ്ണിൽത്തന്നെ ലയിച്ചുചേരും. അതിനാൽ മലിനീകരണം ഉണ്ടാക്കുന്നില്ല ഈ ആചാരാഘോഷം എന്ന പ്രത്യേകതയുണ്ട്. പടയണിയുടെ ചില അംശങ്ങൾ കുഞ്ചൻ നമ്പ്യാർ തുള്ളലിൽ ഉപയോഗിച്ചിട്ടുണ്ട്. . ഉത്തരകേരളത്തിലെ തെയ്യവുമായി വേഷവിധാനം, മേളം തുടങ്ങിയ കാര്യങ്ങളിൽ പടയണിക്ക് ചില സമാനതകളുണ്ട്.

## കഥകളി

കേരളത്തിൽ പലയിടത്തും പ്രചാരത്തിലുള്ള ഒരു കലാരൂപമാണ് കഥകളി. കഥകളിയിൽ അരങ്ങത്തു വരുന്നത് വേഷങ്ങളാണ്. കഥകളിയിൽ പുരുഷവേഷങ്ങളും സ്ത്രീ വേഷങ്ങളുമുണ്ട്. പച്ച, കത്തി, താടി, കരി, മിനുക്ക് എന്നിങ്ങനെ അഞ്ചുതരത്തിൽ വേഷങ്ങളെ തരം തിരിക്കുന്ന രീതിയും ഉണ്ട്. ഇതിലെ കത്തിവേഷമാണ് പാഠപുസ്തകത്തിലെ ചിത്രത്തിൽ കാണുന്നത്. പൊതുവിൽ വീരൻമാരായ കഥാപാത്രങ്ങളാണ് കത്തിവേഷത്തിൽ അരങ്ങത്തെത്തുന്നത്. രാവണൻ, കീചകൻ, ദുര്യോധനൻ എന്നിങ്ങനെ.

പച്ചവേഷം ഉത്തമ കഥാപാത്രങ്ങളാണ്. സ്ത്രീ വേഷങ്ങൾ പൊതുവിൽ മിനുക്കാണ്. കരിയും താടിയും പൊതുവിൽ താമസ സ്വഭാവമുള്ള കഥാപാത്രങ്ങളാണ്. എന്നാൽ വെള്ളത്താടി ഉത്തമസ്വഭാവമുള്ള കഥാപാത്രങ്ങളാണ്.
കഥകളിയിൽ അരങ്ങത്ത അഭിനയിച്ചുകാണിക്കാൻ ഒരു കഥയുണ്ടാവും. ആ

കഥയുടെ സാഹിത്യരൂപമാണ് ആട്ടക്കഥ. ഈ ആട്ടക്കഥയാണ് കഥകളിയരങ്ങത്ത് പിന്നിൽ നിന്നുകൊണ്ട് പാട്ടുകാർ പാടുന്നത്. ചെണ്ടയിലും മദ്ദളത്തിലും അരങ്ങത്ത് മേളമൊരുക്കും.

കഥകളി പഠിപ്പിക്കുന്ന പല സ്ഥാപനങ്ങളും കേരളത്തിലുണ്ട്. ഇവയിൽ പ്രധാനപ്പെട്ടതാണ് കേരള കലാമണ്ഡലം. തൃശൂർ ജില്ലയിലെ ചെറുതുരുത്തിയിൽ ഭാരതപ്പുഴയുടെ തീരത്തുള്ള വള്ളത്തോൾ നഗറിലാണ് കലാമണ്ഡലം സ്ഥിതിചെയ്യുന്നത്. മഹാകവി വള്ളത്തോളാണ് കേരള കലാമണ്ഡലം സ്ഥാപിക്കാൻ മുൻകൈ എടുത്തത്.

**നൃത്തം ചെയ്യുന്ന ഭാഷ**

**കുഞ്ചൻനമ്പ്യാർ**

തുള്ളൽ പ്രസ്ഥാനത്തിന് തുടക്കം കുറിച്ച മഹാകവി കുഞ്ചൻനമ്പ്യാരുടെ ജീവിതകാലം 1705 നും 1770 നും ഇടക്കാണ്. പ്രാചീന മഹാകവിത്രയങ്ങളിൽ ഒരാൾ. പാലക്കാട്, ലക്കിടി കിള്ളിക്കുറുശ്ശിമംഗലത്തെ കലക്കത്ത് വീട്ടിലാണ് ജനനം. പ്രദോഷമാഹാത്മ്യം, സന്താനഗോപാലം, കല്യാണസൗഗന്ധികം തുടങ്ങി ധാരാളം തുള്ളൽപ്പാട്ടുകൾ രചിച്ചിട്ടുണ്ട്.

പ്രദോഷമാഹാത്മ്യം തുള്ളലിലെ വരികളാണ് പാഠഭാഗത്ത് നൽകിയിട്ടുള്ളത്. കഥയിലെ പ്രധാന കഥാപാത്രമായ ധർമഗുപ്തൻ നഷ്ടപ്പെട്ട രാജ്യം വീണ്ടെടുക്കുന്നതിനായി വിദർഭയിലെ സാല്വരാജാവിനെ ആക്രമിക്കാനൊരുങ്ങുക യാണ്. ധർമിഷ്ഠനായ അദ്ദേഹം നാട്ടിലെ ആളുകൾക്ക് യുദ്ധം മൂലം വലിയ നാശനഷ്ടങ്ങൾ വരാനിടയുണ്ട് എന്ന് മുൻകൂട്ടിക്കാണുന്നു. ചില ഭടൻമാർ അരുതെന്ന് വിലക്കുംമുമ്പ് നാട്ടുകാർക്ക് ദോഷങ്ങൾ ചെയ്യും. അതിനാൽ തൽ ക്കാലും പടയിൽ പങ്കെടുക്കാത്തവർ ഏതാനും ദിവസം വീട്ടിൽനിന്ന് മാറിനൽ ക്കണമെന്ന് നിർദ്ദേശിക്കുകയാണ് ധർമഗുപ്തൻ. ഒപ്പം വിലപ്പെട്ടവയെല്ലാം മറ്റൊരിടത്തേക്കുമാറ്റണമെന്നും. തുടർന്ന് ഓരോ പടപിരിയുമ്പോഴും കേൾക്കുന്ന സങ്കടങ്ങളെയും വിവരിക്കുന്നു. ഈ ഭാഗമാണ് പാഠത്തിൽ കൊടുത്തിരിക്കുന്നത്.

**തുള്ളലിലെ താളവും ഭാഷയും**

കുട്ടികൾ വ്യക്തിഗതമായും ഗ്രൂപ്പിലും പൊതുവായും തുള്ളൽക്കവിത ചൊല്ലി അവതരിപ്പിക്കുന്നു. മറ്റുള്ളവരും ടീച്ചറും മെച്ചപ്പെടുത്തൽ നിർദ്ദേശങ്ങൾ നൽകുന്നു. തുള്ളൽപ്പാട്ടുകളുടെ ഏറ്റവും വലിയ സൗന്ദര്യം അവയിലെ ഭാഷയും താളവുമാണ്. അതുകൊണ്ടുതന്നെ ആ ഭാഷയുടെ സൗന്ദര്യം കുട്ടികളുടെ ശ്രദ്ധയിൽ ക്കൊണ്ടുവരാൻ കഴിയണം. കണ്ടച്ചാരുടെ ചെണ്ട, കേളച്ചാരുടെ വാള് എന്നിങ്ങനെ അക്ഷരങ്ങളുടെ ക്രമമായ ആവർത്തനം കൊണ്ടുണ്ടാവുന്ന രസം കുട്ടികൾക്ക് കണ്ടെത്താനവസരം നൽകണം.

താളംപിടിച്ച് കവിതചൊല്ലാൻ കുട്ടികൾക്ക് അവസരം നൽകണം. ഒരു വരിയിൽ നാല് അടി വരുന്ന ക്രമത്തിൽത്തന്നെയാണ് തരംഗിണി വൃത്തത്തിലുള്ള ഈ കവിതാഭാഗവും ചൊല്ലേണ്ടത്. ടീച്ചർ താളം പിടിച്ച് ചൊല്ലിക്കാണിക്കണം. ഒരോ വരിയലും ഏതക്ഷരം വരുമ്പോഴാണ് താളമടിക്കുന്നത് എന്ന് കുട്ടികൾക്കു ബോധ്യപ്പെടുംവിധം വ്യക്തതയോടെ ചൊല്ലിക്കേൾപ്പിക്കുമ്പോഴെ അവർക്ക് കവിതയിലെ താളക്രമം സ്വയം കണ്ടെത്താൻ സാധിക്കൂ. താളം പിടിക്കുമ്പോൾ അടിവരുന്ന അക്ഷരങ്ങൾക്ക് അടിവരയിട്ട് ചുവടെ കൊടുക്കുന്നു.

ഇട്ടിപ്പെണ്ണിനു കട്ടിലുപോയി
നെട്ടിപ്പെണ്ണിനു പെട്ടികൾ പോയി.
കണ്ടച്ചാരുടെ മുണ്ടും പോയി
ചെണ്ടക്കാരുടെ ചെണ്ടകൾ പോയി.

**പടയിലെ നഷ്ടങ്ങൾ**

യുദ്ധംമൂലമുണ്ടാവാനിടയുള്ള നഷ്ടങ്ങൾ എഴുതാൻ കുട്ടികളോട് പാഠപുസ്തകത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. കുട്ടികൾ അക്കാര്യം ഒറ്റപ്പെട്ട വാക്യങ്ങളിൽ എഴുതാനാണ് സാധ്യത. ഇങ്ങനെ കുട്ടികൾ കണ്ടെത്തിയ നഷ്ടപ്പെട്ട വസ്തുക്കൾ ഒരു ആശയപടമായി (Concept map) ക്ലാസിൽ വികസിപ്പിക്കാം, അതിൻെറ സഹായത്തോടെ എല്ലാ കുട്ടികൾക്കും വരികൾ വികസിപ്പിക്കാൻ സാധ്യത ഒരുക്കാം. അതോടൊപ്പം കുട്ടികളുടെ എഴുത്തിനെ താളത്തിലാക്കുവാൻ ടീച്ചർ ചില മാതൃകകൾ നൽകുന്നതും നന്നായിരിക്കും.

വാവക്കുഞ്ഞിനു പാവകൾ പോയി
ഷാനിക്കുഞ്ഞിനു ഷൂസുകൾ പോയി
ബേബിക്കുട്ടനു ബാറ്റുകൾ പോയി
ബോബിക്കവനുടെ ബുക്കുകൾ പോയി

ഇത്തരത്തിൽ കുട്ടികൾക്ക് ചില മാതൃകകൾ നൽകുകയും അതിനനുസരിച്ച് വരികൾ സ്വന്തമായി ഉണ്ടാക്കാൻ നിർദ്ദേശിക്കുകയും ചെയ്യാം.
മെച്ചപ്പെട്ട വരികൾ ബാലസഭയിൽ അവതരിപ്പിക്കാം.

**തുള്ളൽ വൈവിദ്ധ്യം**

തുള്ളൽ മൂന്നുവിധം. ഓട്ടൻ തുള്ളൽ പറയൻ തുള്ളൽ, ശിതങ്കൻതുള്ളൾ എന്നിങ്ങനെ മൂന്നുവിധം തുള്ളലുകളുണ്ട്. ഇവയുടെ ചിത്രങ്ങളാണ് പാഠപുസ്തകത്തിലുള്ളത്. ഒരപോലെയല്ല ഇവിയുടെ വേഷവിധാനം എന്ന കാര്യം ചിത്രങ്ങൾ നോക്കി കുട്ടികൾ കണ്ടെത്തട്ടെ.

**അധ്യാപക പരിശീലനത്തിലേക്ക്**

- കവിതക്കീണം നൽകാനും താളത്തിൽ ചൊല്ലാനും വിഷമിക്കുന്ന കുട്ടികളെ സഹായിക്കാൻ ക്ലാസ്സിൽ എന്തെല്ലാം തന്ത്രങ്ങൾ സ്വീകരിക്കാനാവും?
- ടീച്ചറെന്ന നിലയിൽ താളത്തെക്കുറിച്ചറിയാൻ എനിക്ക് എന്തെല്ലാം അനുഭവങ്ങൾ/സന്ദർഭങ്ങൾ ലഭിക്കേണ്ടതുണ്ട്?

# 2

# പലഹാരപ്പൊതി

## ആമുഖം

ജീവിക്കാൻ അത്യാവശ്യമായ ഒന്നാണ് ഭക്ഷണം. അതോടൊപ്പം സാംസ്കാരികത്തനിമ നിഴലിക്കുന്ന ഒരു ഉപാധി കൂടിയാണത്. ആഹാരത്തിലെ വ്യത്യസ്തത വിവിധ സംസ്കാരങ്ങളെയാണ് പ്രതിഫലിപ്പിക്കുന്നത്. അതുകൊണ്ട് തന്നെ വിവിധ വിഭാഗം ജനങ്ങളുടെ ആഹാരത്തിലും ആഹാരരീതിയിലും ഒന്ന് മീതെ മറ്റൊന്ന് താഴെ ഒന്ന് ശുദ്ധം മറ്റൊന്ന് അശുദ്ധം എന്ന തരത്തിലുള്ള വിവേചനകൾക്ക് യാതൊരടിസ്ഥാനവുമില്ല.

ആഹാരം പ്രമേയമായി വരുന്ന ധാരാളം സാഹിത്യരചനകൾ ഭാഷയിലുണ്ട്. അത്തരത്തിലുള്ള ചിലത് കുട്ടികൾക്കു രസിക്കുന്ന രീതിയിൽ അവതരിപ്പിക്കുക, കേരളത്തിന്റെ ഏറ്റവും വലിയ ആവശ്യമായ മാലിന്യ സംസ്ക്കരണത്തെക്കുറിച്ചുള്ള അവബോധം കുട്ടികളിൽ സൃഷ്ടിക്കുക എന്നിവയാണ് ഈ യൂണിറ്റിലൂടെ ലക്ഷ്യമിടുന്നത്. 'കൈപ്പും മധുരവും', 'മഴത്തുള്ളിപ്പിണക്കം' എന്നിങ്ങനെ രണ്ടു പാഠങ്ങളാണ് ഈ യൂണിറ്റിലുള്ളത്. 'കൈപ്പും മധുരവും' ആഹാരവുമായി ബന്ധപ്പെട്ടതാണ്. 'മഴത്തുള്ളിപ്പിണക്ക'മാവട്ടെ മാലിന്യസംസ്ക്കരണത്തെ കുറിച്ചാണ്.

മാധുര്യമുള്ള കുഞ്ഞുരചനകൾ ആസ്വദിക്കാനും റോൾപ്ലേ, പോസ്റ്റർ, ഡയറി തുടങ്ങിയ രസകരമായ വ്യവഹാരരൂപങ്ങളിലൂടെ പ്രകടിപ്പിക്കാനും കുട്ടിക്ക് കഴിയണം. ഒറ്റയ്ക്കും കൂട്ടായും ഏർപ്പെടുന്ന പ്രവർത്തനങ്ങളിൽ കുട്ടിക്ക് ആഹ്ലാദിക്കാനാവണം. ഇതിനുള്ള പിന്തുണയും കൈത്താങ്ങും ഒരുക്കലാണ് ടീച്ചറുടെ ചുമതല.

## പലഹാരപ്പൊതി - യൂണിറ്റ് വിശകലനം

### <u>പഠന ലക്ഷ്യങ്ങൾ</u>

1. കഥ പറഞ്ഞുകേട്ടും സ്വയംവായിച്ചും കവിത ചൊല്ലിക്കേട്ടും സ്വയംചൊല്ലിയും വിവരണം വായിച്ചുകേട്ടും സ്വയംവായിച്ചും ചർച്ചയിലൂടെ സൗന്ദര്യാംശം തിരിച്ചറിഞ്ഞ് ആസ്വദിക്കുക. ആസ്വദിച്ച കാര്യങ്ങൾ പോസ്റ്റർ, ഡയറി, റോൾപ്ലേ, സംഭാഷണം, ചിത്രീകരണം എന്നീ വ്യവഹാര രൂപങ്ങളിലൂടെ അവതരിപ്പിക്കുന്നതിൽ ആഹ്ളാദം കണ്ടെത്തുക.

2. വിവരണം, കടങ്കഥാസ്വഭാവമുള്ള കവിത, കത്ത് എന്നിവ വായിച്ച് കാഴ്ചപ്പാടുകൾ തിരിച്ചറിയുകയും സ്വന്തം അഭിപ്രായം പോസ്റ്റർ, കത്ത് എന്നീ വ്യവഹാര രൂപങ്ങളിലൂടെ അവതരിപ്പിക്കുകയും ചെയ്യുന്നതിൽ ആനന്ദിക്കുക.

3. വാർത്തകൾ കേട്ടും വായിച്ചും വിശകലനം ചെയ്ത് സ്വന്തം പ്രതികരണം ചർച്ച/ അഭിപ്രായ പ്രകടനം, പോസ്റ്റർ എന്നീ വ്യവഹാര രൂപങ്ങളിൽ രസകരമായി അവതരിപ്പിക്കുക.

4. കവിതയിൽ അടങ്ങിയ വിവിധ താളങ്ങളെ വേർതിരിച്ചറിഞ്ഞ് താളംപിടിച്ചു ചൊല്ലിരസിക്കുക.

5. ചേർച്ചയുള്ള വാക്കുകളെ കോർത്തിണക്കുമ്പോൾ ഗദ്യത്തിൽ വരുന്ന താളസ്വഭാവം അറിഞ്ഞാസ്വദിക്കുക. ഇത്തരം സൗന്ദര്യാംശങ്ങളിലൂന്നി ഗദ്യഭാഗങ്ങൾ ഭാവാത്മകതയോടെ ആകർഷകമായി പറഞ്ഞും വായിച്ചും അവതരിപ്പിക്കുക.

6. വാമൊഴി വഴക്കങ്ങൾ, ശൈലികൾ, നാടൻ പ്രയോഗങ്ങൾ, പഴഞ്ചൊല്ലുകൾ, കടങ്കഥകൾ തുടങ്ങിയവ ഭാഷയ്ക്ക് നൽകുന്ന സൗന്ദര്യവും ശക്തിയും തിരിച്ചറിയുക. അവയെ ഉചിതമായും രസകരമായും പ്രയോഗിക്കുക. രസകരമായ പുതിയ കടങ്കഥകൾ നിർമിച്ചു പങ്കിടുക.

7. രചനകളിലെ പകരംപദം, വിശേഷണം, ഈണവും താളവും, പദങ്ങൾ തമ്മിലുള്ള അകലം, വരിയകലം, ഖണ്ഡികാകരണം, ചിഹനനം (ചോദ്യചിഹ്നം, പൂർണ്ണവിരാമം) തുടങ്ങിയ ഭാഷാവസ്തുതകൾ തിരിച്ചറിയുക. സ്വന്തം രചനകളിൽ ഉചിതമായി പ്രയോഗിക്കുക.

8. വിവിധ സന്ദർഭങ്ങൾ, സംഭവങ്ങൾ, ജീവിതാനുഭവങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് സംഭാഷണം, വിവരണം/ഡയറി, കത്ത് തുടങ്ങിയ സർഗാത്മക രചനകളിൽ രസകരമായി ഏർപ്പെടുക.

8. ചർച്ചകളിൽ പങ്കെടുത്ത് ടീച്ചറുടെ സഹായത്തോടെ വിലയിരുത്തൽ സൂചകങ്ങൾ വികസിപ്പിക്കുക. സ്വന്തം രചനകളും മറ്റുള്ളവരുടെ രചനകളും സൂചകങ്ങളുടെ വെളിച്ചത്തിൽ മെച്ചപ്പെടുത്തുന്നതിൽ ആഹ്ളാദിക്കുക.

**പ്രമേയം**

ഭക്ഷണവും ആരോഗ്യവും ആണ് ഈ യൂണിറ്റിലെ പ്രമേയം. തുടർന്നുള്ള ക്ലാസ്സുകളിലും ഇതേ പ്രമേയം കടന്നുവരും. ഒരു പ്രമേയത്തിലെ വ്യത്യസ്ത ഉപപ്രമേയങ്ങളെയാണ് പലതരം ഊന്നലുകളോടെ വിവിധ ക്ലാസ്സുകളിൽ പരിഗണിക്കുന്നത്.

**ഉപപ്രമേയങ്ങൾ**

ഭക്ഷണസംസ്കാരത്തിലുള്ള വൈവിധ്യം, ആരോഗ്യകരമായ ജീവിതത്തിനു വേണ്ടുന്ന ശരിയായ മാലിന്യ സംസ്കരണബോധം എന്നിവയാണ് ഇവിടെ ഉപപ്രമേയങ്ങളായി സ്വീകരിച്ചിട്ടുള്ളത്.

**സാഹിത്യ രൂപങ്ങൾ**

വിവരണം, കവിത, കഥ, കത്ത്, വാർത്ത തുടങ്ങിയ സാഹിത്യ രൂപങ്ങളാണ് ഉള്ളടക്കമായി നിർണ്ണയിച്ചിട്ടുള്ളത് .

## ഭാഷാവസ്തുതകൾ

രചനകളിലെ പകരംപദം, വിശേഷണം, ഈണവും താളവും, പദങ്ങൾ തമ്മിലുള്ള അകലം, വരിയകലം, ഖണ്ഡികാകരണം, ചിഹനനം (ചോദ്യചിഹ്നം, പൂർണ്ണവിരാമം) തുടങ്ങിയ ഭാഷാവസ്തുതകളാണ് യൂണിറ്റിന്റെ പ്രവർത്തനങ്ങളിലൂടെ കുട്ടിയിൽ വികസിപ്പിക്കേണ്ടത്.

**സമയം**
15 മണിക്കൂർ.

## യൂണിറ്റ് ഗ്രിഡ്

ഈ യൂണിറ്റ് മുന്നോട്ടുവയ്ക്കുന്ന ആശയധാരണകൾ, ഇതുവഴി നേടേണ്ട ശേഷികൾ, മൂല്യങ്ങൾ, മനോഭാവങ്ങൾ, പാഠഭാഗത്തെ പ്രവർത്തനങ്ങൾ, പ്രകടിപ്പിക്കേണ്ട വ്യവഹാരരൂപങ്ങൾ, വിലയിരുത്തൽ സൂചനകൾ എന്നിവ ഇങ്ങനെ സംഗ്രഹിക്കാം.

| ആശയങ്ങൾ/ ധാരണകൾ | ശേഷികൾ/ നൈപുണികൾ | മൂല്യങ്ങൾ/ മനോഭാവങ്ങൾ | പ്രവർ ത്തനങ്ങൾ/ പ്രക്രിയ | വ്യവഹാര രൂപങ്ങൾ | വിലയിരുത്തൽ സന്ദർഭം |
|---|---|---|---|---|---|
| മറ്റുള്ളവരുടെ അഭിപ്രായത്തെ ക്ഷമാപൂർവ്വം മനസ്സിലാക്കി യോജിച്ചുകൊണ്ടോ വിയോജിച്ചുകൊണ്ടോ പ്രതികരിക്കുമ്പോഴാണ് ചർച്ച ഫലപ്രദമാകുന്നത്.<br><br>കഥാപാത്രത്തിന്റെ സ്വഭാവം, വികാരം എന്നിവ ഉൾക്കൊണ്ട് ആംഗ്യങ്ങളും ഭാവങ്ങളും പ്രകടിപ്പിക്കുമ്പോഴാണ് റോൾപ്ലേ മികച്ചതാകുന്നത്.<br><br>റോൾപ്ലേയിലെ കഥാപാത്രത്തിന്റെ സ്വഭാവത്തിനും വൈകാരികസന്ദർഭത്തിനും അനുസരിച്ച് പദങ്ങൾ, പ്രയോഗങ്ങൾ, ശൈലികൾ, ഉയർച്ചതാഴ്ചകൾ, ഊന്നലുകൾ തുടങ്ങിയവയിൽ ആവശ്യമായ മാറ്റം വേണ്ടിവരും.<br><br>സന്ദർഭത്തിനു അനുയോജ്യമായ പരസ്പരബന്ധവും തുടർച്ചയും ഉണ്ടാകുമ്പോഴാണ് കഥാപാത്രങ്ങൾ തമ്മിലുള്ള സംഭാഷണം മെച്ചപ്പെടുന്നത്.<br><br>സംഭാഷണത്തിൽ | ആശയങ്ങൾ അഭിപ്രായങ്ങ ൾ പ്രതികരണങ്ങ ൾ എന്നിവ യുക്തിപൂർവ്വം അവതരിപ്പിച്ചു കൊണ്ട് ചർച്ചയിൽ പങ്കെടുക്കുകയ ും അഭിപ്രായം പ്രകടിപ്പിക്കുക യും ചെയ്യുന്നു.<br><br>ചർച്ചയിൽ മറ്റുള്ളവർ പ്രകടിപ്പിക്കുന്ന യുക്തമായ അഭിപ്രായങ്ങ ളെ സ്വന്തം നിലപാടിനോട് കൂട്ടിച്ചേർക്കുന്ന ു.<br>കഥ,വിവരണം തുടങ്ങിയ ഗദ്യഭാഗങ്ങൾ മനസ്സിൽ തട്ടുന്നവിധം ഉചിതമായ ശബ്ദവ്യതിയാ നത്തോടെ വായിക്കുന്നു. | ഭക്ഷണം എല്ലാവരുടെയും അത്യാവശ്യമാ ണെന്നും അതെല്ലാവർക്കും കിട്ടാൻ അർ ഹതയുണ്ടെന്നും തിരിച്ചറിഞ്ഞു ഭക്ഷണം പങ്കിട്ടുകഴിക്കുന്ന ശീലം വളർത്തുന്നു.<br><br>തനിക്കിഷ്ടമല്ലാ ത്ത ഭക്ഷണങ്ങൾ ചിലപ്പോൾ മറ്റുള്ളവർക്ക് പ്രിയപ്പെട്ടതാവാ മെന്നറിഞ്ഞുകൊ ണ്ട്'അവരുടെ ഭക്ഷണത്തെയും ഭക്ഷണശീലത്തെ യും ആദരവോടെ അംഗീകരിക്കുന്നു .<br><br>ശരിയായ മാലിന്യസംസ്കര ണ ബോധം മറ്റുള്ളവരിൽ വളർത്തിയെടുക്ക | കഥ കേൾക്കൽ<br><br>കഥ പറയൽ<br><br>ഈണം നൽകൽ<br><br>താളത്തിൽ ചൊല്ലൽ<br><br>പകരം പദം കണ്ടെത്തൽ<br><br>വിശേഷിപ്പി ച്ചു പറയൽ<br><br>പോസ്റ്റർ നിർമ്മാണം<br><br>ഡയറിയെഴു ത്ത്<br><br>മഴക്കാലനുഭ വങ്ങൾ പറയൽ<br><br>റോൾപ്ലേ സംഭാഷണം<br><br>പഴഞ്ചൊൽ വായന, | പോസ്റ്റർ<br>കത്ത്<br>ഡയറി<br>റോൾപ്ലേ<br>സംഭാഷണ ം<br>ചിത്രീകരണ ം<br>പഴഞ്ചൊല്ല്,<br>കടങ്കഥ | ചിത്രവായന ചർച്ചയിലെ പ്രകടനം.<br><br>റോൾപ്ലേ തയ്യാറാക്കൽ, അവതരിപ്പിക്കൽ.<br><br>സംഭാഷണം - [വാചികമായും ലിഖിതമായും]<br><br>ഡയറിയിലെ ഉള്ളടക്കവും മനസ്സിൽതട്ടിയ ഭാഷാപ്രയോഗങ്ങ ളും.<br><br>ഈണം താളം വ്യത്യസ്തമായ ഊന്നലുകൾ എന്നിവ പുലർത്തിക്കൊ ണ്ടുള്ള കവിത ചൊല്ലൽ<br><br>ശബ്ദത്തിലെ ഉയർച്ചതാഴ്ചകൾ, ഉചിതമായ നിർത്തലുകൾ തുടങ്ങിയ മാർ ഗങ്ങളിലൂടെ ഭാവം |

| | | | | | |
|---|---|---|---|---|---|
| ഏർപ്പെടുന്ന വ്യക്തിയുടെ /കഥാപാത്രത്തിന്റെ സ്വഭാവത്തിനും വൈകാരികസന്ദർഭത്തിനും അനുസരിച്ച് പദങ്ങൾ, പ്രയോഗങ്ങൾ, ശൈലികൾ, ഉയർച്ച താഴ്ചകൾ, ഊന്നലുകൾ ആവശ്യമായ മാറ്റം വേണ്ടിവരും.<br><br>കഥാപാത്രങ്ങൾ തമ്മിലുള്ള സംഭാഷണത്തിന് / സന്ദർഭത്തിന് അനുയോജ്യമായ പരസ്പരബന്ധവും തുടർച്ചയും വളർച്ചയും വേണം.<br><br>മനസ്സിനെ സ്പർശിച്ച സംഭവങ്ങളും അതിനോടുള്ള പ്രതികരണവുമടക്കം എഴുതുമ്പോഴാണ് ഡയറി മികച്ചതാവുന്നത്.<br><br>പ്രതികരണങ്ങൾ അവതരിപ്പിക്കുന്നതിന് യോജിച്ച പദങ്ങൾ, പ്രയോഗങ്ങൾ എന്നിവ തിരഞ്ഞെടുത്ത് ഉപയോഗിക്കുന്നതിലൂടെ ഡയറി കൂടുതൽ മനോഹരമാകും.<br><br>സന്ദർഭം, പ്രശ്നം, പ്രമേയത്തിന്റെ സൂക്ഷ്മാംശങ്ങൾ എന്നിവ ചിത്രങ്ങളിലൂടെയും പ്രതീകങ്ങളിലൂടെയും അവതരിപ്പിക്കുമ്പോഴാണ് ഒരു രചനയുടെ ചിത്രീകരണം മികച്ചതാവുന്നത്.<br><br>പോസ്റ്ററിൽ സംഭവം/ പ്രശ്നവുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട ആശയമോ ആവശ്യമോ ചുരുക്കി അവതരിപ്പിക്കണം. വായിക്കാൻ താൽപ്പര്യം ഉണ്ടാകുന്ന രീതിയിൽ എഴുതണം. അനുയോജ്യമായ ചിത്രങ്ങളും ചേർക്കാം.<br><br>അറിയിക്കേണ്ട കാര്യത്തിന് യോജിച്ച വികാരം കൂടി ചേരുമ്പോഴാണ് കത്തിലെ ഭാഷയ്ക്ക് ചന്തവും ശക്തിയും കൂടുന്നത്.<br><br>കത്തിന് സ്ഥലം, തീയതി, സംബോധന, തുടക്കം, ഒടുക്കം, ആര്, ആർക്കെഴുതുന്നു | വായിച്ചു കേട്ട ഗദ്യഭാഗങ്ങളിലെ ആശയങ്ങളെ വിദശകലനം ചെയ്ത് കണ്ടെത്തുന്നു. ഈണം, താളം ഊന്നലുകളിലുള്ള വ്യത്യാസം എന്നിവ പുലർത്തിക്കൊണ്ട് ആകർഷകമായി കവിത ചൊല്ലിയവതരിപ്പിക്കുന്നു.<br>കേട്ട/വായിച്ച കഥ കവിത എന്നിവയിലെ ആശയത്തെ പുറത്തെടുക്കാൻ പറ്റിയ ചോദ്യങ്ങൾ കണ്ടെത്തുന്നു.<br><br>കഥാപാത്രത്തിന്റെ സ്വഭാവത്തിനും വികാരത്തിനും അനുസരിച്ച് ഭാവപ്രകടനവും ഭാഷണവും ഒത്തുചേർന്നുള്ള റോൾപ്ലേ അവതരിപ്പിക്കുന്നു.<br><br>സന്ദർഭത്തിനും പ്രമേയത്തിനും ഇണങ്ങുന്ന വൈകാരികഭാവം ഉൾപ്പെടുത്തി കഥാപാത്രങ്ങൾ തമ്മിലുള്ള സംഭാഷണം തയ്യാറാക്കി അവതരിപ്പിക്കുന്നു.<br><br>അനുഭവങ്ങൾക്കും പ്രതികരണങ്ങൾക്കും ഊന്നൽ നൽകിക്കൊണ്ട് നിത്യേന ഡയറി തയ്യാറാക്കുന്നു.<br><br>ഒരു പ്രമേയത്തിന്റെ | ുന്നതിനു ആവശ്യമായ പ്രചാരണപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു..<br><br>ആവശ്യത്തിന് മാത്രം ഭക്ഷണം വാങ്ങുകയും വാങ്ങിയത് മുഴുവൻ ഒട്ടും പാഴാക്കാതെ കഴിക്കുകയും ചെയ്യുന്നു.<br><br>മാലിന്യസംസ്കരണം സ്വന്തം ഉത്തരവാദിത്വമായി ഏറ്റെടുക്കുകയും സ്വന്തം പരിസരം വൃത്തിയാക്കി വെക്കുന്നതിൽ തുടർച്ചയായി ഇടപെടുകയും ചെയ്യുന്നു.<br><br>മാലിന്യസംസ്കരണത്തിലേർപ്പെടുന്നവരോട് ബഹുമാനത്തോടെ പെരുമാറുന്നു. | കടങ്കഥയുടെ ഉത്തരം കണ്ടെത്തൽ<br>പുതിയ കടങ്കഥാ രചന<br><br>നിഘണ്ടു വികസിപ്പിക്കൽ<br><br>ഭക്ഷണസംസ്കാരവുമായി ബന്ധപ്പെട്ട കാഴ്ചകളോടുള്ള അഭിപ്രായപ്രകടനം<br><br>പകരം പദങ്ങൾ<br><br>പലഹാരക്കുറിപ്പ്<br><br>പലഹാരപ്പാട്ട് ചൊല്ലൽ<br>ശേഖരണം<br>പതിപ്പുനിർമ്മാണം<br><br>അപ്പാണ്യം ക്ലാസിൽ<br><br>ശുചീകരണ നിയമാവലികൾ<br><br>ഭാവാത്മക വായന<br><br>പദാവർത്തനം<br><br>പറഞ്ഞും എഴുതിയും സംഭാഷണം വികസിപ്പിക്കൽ<br><br>അഭിമുഖ ചോദ്യാവലി നിർമ്മാണം<br><br>പോസ്റ്റർ വായന<br><br>ചർച്ച | | പ്രകടിപ്പിച്ചുകൊണ്ടുള്ള വായന [കഥ, വിവരണം, കത്ത്, വാർത്ത...]<br><br>ആശയങ്ങളെ വരച്ചും നിറം നൽകിയും ക്രമീകരിച്ചും പ്രകടിപ്പിക്കുന്ന ചിത്രീകരണം.<br><br>വര, നിറം, വാക്ക് എന്നിവ ഉചിതമായി കൂട്ടിച്ചേർത്ത് ആശയങ്ങളെ സമർത്ഥമായി അവതരിപ്പിക്കുന്ന പോസ്റ്റർ രചന<br><br>നിശ്ചിത ഘടന പാലിച്ചുകൊണ്ട് ഭാഷാപരമായ ഒതുക്കത്തിലും വസ്തുനിഷ്ഠമായും വൈകാരികമായും എഴുതുന്ന കത്ത്.<br><br>പദങ്ങളാവർത്തിച്ചു വരുന്ന വിശേഷങ്ങൾ ചേർത്ത് ക്രിയക്ക് ഊന്നൽ കൊടുത്തുകൊണ്ടുള്ള പ്രയോഗങ്ങൾ<br><br>വാക്കകലം, വാരിയകലം,ഖണ്ഡികാകരണം , ചോദ്യചിഹ്നം, പൂർണ്ണവിരാമം തുടങ്ങിയവ പാലിച്ചുകൊണ്ടുള്ള എഴുത്ത്.<br><br>അക്ഷരമാലാക്രമത്തിൽ വാക്കുകളെ അടുക്കിക്കൊണ്ടുള്ള എഴുത്ത്.<br><br>ചെറിയ വാക്യങ്ങളിൽ ഒരു കാര്യത്തിന്റെ പല അംശങ്ങളും ഉൾപ്പെടുത്തി ആശയത്തിന്റെ |

| | | | | | |
|---|---|---|---|---|---|
| എന്നിവയെല്ലാം വ്യക്തമാക്കുന്ന ഘടനവേണം.<br><br>നിത്യ ജീവിതത്തിൽ പാലിക്കേണ്ട ചില ശീലങ്ങൾ, മുൻകരുതലുകൾ, ക്രമങ്ങൾ, ചിട്ടകൾ, തുടങ്ങിയവ സംബന്ധിച്ച നിർദേശങ്ങളാണ് പഴഞ്ചൊല്ലിലൂടെ നൽകുന്നത്. സ്വന്തം ഭാഷയിൽ പഴഞ്ചൊല്ലുകൾ ഉപയോഗിക്കുന്നത് വഴി ആശയങ്ങൾ അനുയോജ്യമായും ശക്തമായും പ്രകടിപ്പിക്കാൻ സാധിക്കും.<br><br>കടങ്കഥയ്ക്ക് ഉത്തരത്തെ ഒളിപ്പിച്ചുവയ്ക്കാനും കൂടുതൽ ആലോചിക്കുമ്പോൾ ഉത്തരം കിട്ടാനും പാകത്തിലുള്ള പദ - വാക്യക്രമീകരങ്ങളുണ്ട് .<br><br>പദങ്ങളുടെ അർഥം കൂടാതെ വാക്യം കൊണ്ട് പുതിയ ആശയത്തെ ഉണ്ടാക്കാനുള്ള കഴിവാണ് കടങ്കഥയിൽ ഉപയോഗിക്കുന്നത്.<br><br>ഒരു നിശ്ചിത വസ്തു/ജീവി/സംഭവം മനസ്സിൽ വച്ചുകൊണ്ട് പദങ്ങളെയും പ്രയോഗങ്ങളെയും അനുയോജ്യമായ രീതിയിൽ ചേർത്ത് അത് ഉത്തരമായി വരുന്ന കടങ്കഥ ഉണ്ടാക്കാൻ കഴിയും.<br><br>ഭക്ഷണസംസ്കാരത്തിൽ വന്ന മാറ്റം വഴി ഭാഷയിൽ പുതിയ കടങ്കഥ, ശൈലി, പ്രയോഗങ്ങൾ തുടങ്ങിയവ ഉണ്ടായിവരുന്നുണ്ട്.<br><br>ഭക്ഷ്യവിഭവങ്ങൾ, ഭക്ഷണരീതികൾ, പാചകരീതികൾ തുടങ്ങിയവ നഷ്ടപ്പെടുന്നത് വഴി പല പദങ്ങളും പ്രയോഗങ്ങളും, ശൈലികളും, ചൊല്ലുകളും ഭാഷയിൽ നിന്ന് ഇല്ലാതാകുന്നുണ്ട്. | / സന്ദർഭത്തിന്റെ സത്ത ചോർന്നു പോകാതെ ചിത്രീകരണം നടത്തുന്നു.<br><br>പ്രശ്നം / ആശയം അവതരിപ്പിക്കാൻ കഴിയും വിധം വാക്കും വരയും നിറവും ഉപയോഗിച്ചും ഉചിതമായ ലേ ഔട്ട് പാലിച്ചും പോസ്റ്റർ തയ്യാറാക്കുന്നു.<br><br>സ്വന്തം ഭാഷാ പ്രകടനത്തിലെ അനുയോജ്യമായ സന്ദർഭങ്ങളിൽ ചേർച്ചയുള്ള പഴഞ്ചൊല്ലുകൾ പ്രയോഗിക്കുന്നു.<br><br>പുതിയ കടങ്കഥകൾ ഉണ്ടാക്കുന്നു.<br><br>ചില പ്രത്യേക ആവശ്യങ്ങളും പ്രതികരണങ്ങളും ശക്തമായി അറിയിക്കുന്നതിന് സഹായകമായ കത്തുകൾ തയ്യാറാക്കുന്നു. | | കഥ പൂർത്തിയാക്കൽ<br><br>കത്ത്<br><br>പലഹാരചിത്രം വര മേനിപറച്ചാൽ<br><br>പലഹാരവിവരണം എഴുത്ത് | | തുടർച്ചയും വളർച്ചയും ഉറപ്പുവരുത്തിക്കൊണ്ടുള്ള വിവരണമെഴുത്ത്.<br><br>ഉചിതമായ ചോദ്യങ്ങൾ തയ്യാറാക്കിയും അവ ചോദിച്ചും കൃത്യമായ വിവരം ശേഖരിക്കുന്ന അഭിമുഖഭാഷണം.<br><br>ആശയം തിരിച്ചറിഞ്ഞ പഴഞ്ചൊല്ലുകളും പ്രയോഗങ്ങളും ഉചിതമായി ഉൾപ്പെടുത്തിക്കൊണ്ട് വാചികമായും ലിഖിതമായും നടത്തുന്ന ഭാഷാപ്രകടനങ്ങൾ.<br><br>ഒതുക്കിയും വ്യക്തമായും ഇടപെടൽ സൂചനകൾ ഉൾപ്പെടുത്തി നിർമ്മിക്കുന്ന വിമലവിദ്യാലയം നിയമാവലി.<br><br>സൂക്ഷ്മമായി നിരീക്ഷിച്ച് പോസ്റ്ററിലടങ്ങിയ ആശയത്തെ പുറത്തെടുക്കുന്ന പോസ്റ്റർ വായന.<br><br>ആശയം മറച്ചുവച്ചും കിലുക്കമുള്ള വാക്കുകളുപയോഗിച്ചും ഏർപ്പെടുന്ന പുതിയ കടങ്കഥാരചന.<br><br>ശുചീകരണപ്രവർത്തനങ്ങളിലും പ്രചരണങ്ങളിലുമുള്ള പങ്കാളിത്തം. |

**പ്രവർത്തന വിശദീകരണം.**

**വാതിൽ**

ലളിതാ ലെനിൻ എഴുതിയ 'ഞാനല്ല' എന്ന കവിത യൂണിറ്റിലേക്ക് വാതിൽ തുറക്കുന്ന പ്രവേശക പ്രവർത്തനമാണ്.

| |
|---|
| ലളിത ലെനിൻ<br>കർക്കിടവാവ്, നമുക്ക് പ്രാർത്ഥിക്കാം, കടൽ എന്നീ കവിതാസമാഹാരങ്ങളും കുട്ടികൾക്കായി മിന്നു എന്നൊരു നോവലും എഴുതിയിട്ടുണ്ട്. ബാലസാഹിത്യത്തിനുള്ള കേരള സാഹിത്യഅക്കാദമി പുരസ്കാരം , അബുദാബി ശക്തി അവാർഡ് , മൂലൂർ പുരസ്കാരം എന്നിവ ലഭിച്ചിട്ടുണ്ട്. 1946 ൽ തൃശൂർ ജില്ലയിലെ തൃത്തല്ലൂരിൽ ജനിച്ചു. കേരള സർവകലാശാലയിൽ അധ്യാപികയായിരുന്നു. |

**ചിത്രവായന**

കവിതയിൽ പ്രതിപാദിക്കുന്ന സംഭവത്തിന് തൊട്ടുമുമ്പുള്ള രംഗമാണ് പേജ് മുപ്പത്തിനാലിൽ ചിത്രീകരിച്ചിട്ടുള്ളത്. ചിത്രവായനക്കുള്ള സൂചകങ്ങൾ താഴെ നൽകുന്നു.

ചിത്രത്തെ അടിസ്ഥാനമാക്കി കുട്ടികളുമായി സ്വാഭാവികമായ സംഭാഷണമാണ് ക്ലാസിൽ വികസിപ്പിക്കേണ്ടത്. ഇതിലൂടെ ചിത്രം സൂചിപ്പിക്കുന്ന ആശയങ്ങൾ ഉൾക്കൊള്ളാനും വ്യത്യസ്ത പ്രതികരണങ്ങൾ നടത്താനും ഓരോ കുട്ടിക്കും സന്ദർഭങ്ങൾ ലഭിക്കണം.

| |
|---|
| പഠന രീതിയിലും, പഠനവേഗതയിലും വ്യത്യസ്തതയുള്ളവരാണ് കുട്ടികൾ. അവരെ വേണ്ടതുപോലെ പരിഗണിക്കാൻ ടീച്ചർ എന്തെല്ലാം കാര്യങ്ങൾ ശ്രദ്ധിക്കേണ്ടി വരും?<br>● തുടർച്ചയായ ഇടപെടലിലൂടെ സ്വന്തം ക്ലാസ്സിലെ ഓരോ കുട്ടിയുടേയും പഠനശൈലിയിലും വേഗതയിലുമുള്ള വ്യത്യസ്തതകളും സവിശേഷതകളും തിരിച്ചറിയലാണ് ഒന്നാമത്തെ കാര്യം<br>● ഇതിനായി കുട്ടികൾ പഠനപ്രവർത്തനങ്ങൾ ഏറ്റെടുത്തു നിർവഹിക്കുമ്പോൾ അവരെ സൂക്ഷ്മമായി നിരീക്ഷിക്കുകയും പിന്തുടരുകയും ചെയ്യുന്നത് നന്നായിരിക്കും.<br>● ഇതിലൂടെ ലഭിക്കുന്ന കണ്ടെത്തൽ ടീച്ചിംങ് മാന്വലിന്റെ പ്രതികരണപേജിൽ കുറിക്കാവുന്നതാണ്.<br>● ആശയ സ്വീകരണത്തിനും പ്രകടനത്തിനും കൂടുതൽ സമയവും സാവകാശവും വേണ്ടുന്ന കുട്ടികൾക്ക് അത് നൽകാൻ കഴിയുന്ന വിധം, ടീച്ചറുടെ സാമീപ്യവും ശ്രദ്ധയും പെട്ടെന്ന് ലഭ്യമാവുന്ന മട്ടിൽ, ക്ലാസിലെ അവരുടെ ഇരിപ്പിടങ്ങൾ ക്രമീകരിക്കണം. |

- അതോടൊപ്പം ഇത്തരം കുട്ടികൾക്ക് അധിക സൂചനകളും സഹായങ്ങളും നൽകാൻ ടീച്ചർക്ക് സമയവും സാവകാശവും വേണ്ടി വരും. അതു ലഭിക്കുന്നതിനായി പെട്ടെന്ന് പ്രതികരിക്കുന്ന കുട്ടികൾക്ക് ഇടപെടാൻ ആശയപ്രകടനത്തിനുള്ള എഴുത്ത്, സർഗ്ഗാത്മക പ്രകടനത്തിനുള്ള എഴുത്ത്, നിർമ്മാണ പ്രവർത്തനങ്ങൾ , എന്നിങ്ങനെ അപ്പോൾ നടന്നു വരുന്ന പ്രവർത്തനങ്ങളുടെ തുടർച്ച ഉറപ്പുവരുത്താൻ പ്രത്യേക നിർദേശങ്ങൾ നൽകേണ്ടിവരും.

ചിത്രവായന - ചർച്ചാസൂചനകൾ

- ചിത്രത്തിൽ ആരൊക്കെ / എന്തൊക്കെയാണുള്ളത്?
- അണ്ണാൻ പേരമരത്തിൽ കയറുന്നത് എന്തിനായിരിക്കും?
- പെൺകുട്ടി എന്തോ ചൂണ്ടിക്കാണിക്കുന്നുണ്ടല്ലോ. അതെന്തായിരിക്കും?
- ചിത്രത്തിലെ ആൺകുട്ടിയും പെൺകുട്ടിയും തുടർന്ന് എന്തൊക്കെ ചെയ്തിരിക്കും?
- അവിടെ സംഭവിച്ചത് എന്താണ്? കവിത വായിക്കൂ.

കുഞ്ഞേട്ടൻ ചെയ്ത പല കാര്യങ്ങളിലും പരിഭവം തോന്നുന്ന ഒരു കുട്ടിയാണ് കവിതയിലുള്ളത്. ആദ്യം വ്യക്തിഗതമായും പിന്നെ ഗ്രൂപ്പായും കുട്ടികൾ കവിത ചൊല്ലട്ടെ. തുടർന്ന് ടീച്ചർ താളത്തിൽ കവിതചൊല്ലിക്കൊടുക്കണം. കുട്ടികൾക്ക് ഏറ്റുചൊല്ലാം. പിന്നീട് പാഠപുസ്തകത്തിലെ ചോദ്യ സൂചനകൾ ഉപയോഗിച്ച് ചർച്ച.

ചർച്ചയിലൂടെ പാഠാവതരണത്തിന് അനുയോജ്യമായ ക്ലാസ് അന്തരീക്ഷം സൃഷ്ടിക്കപ്പെട്ട ശേഷം 'ഞാനല്ലെന്ന്' പറയുന്ന മറ്റൊരു കഥയായ **മുന്തിരിങ്ങ** അവതരിപ്പിക്കാം.

**പാഠാവതരണം**

വ്യക്തിഗതമായി കുട്ടികൾ 'മുന്തിരിങ്ങ' എന്ന കഥ വായിക്കുന്നു. തുടർന്ന് ഭാവഹാവങ്ങളോടെ ടീച്ചറുടെ കഥ വായന.

**ആശയഗ്രഹണം - ചർച്ച**

- നിങ്ങൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട കഥാപാത്രം ആരാണ് ? എന്തുകൊണ്ട് ?
- ഈ കഥയിലെ അച്ഛനെ നിങ്ങൾക്ക് ഇഷ്ടമായോ ? എന്തുകൊണ്ട് ?
- വീട്ടിൽ എല്ലാവരും ചിരിച്ചപ്പോഴും വാന്യ കരയാൻ എന്തായിരിക്കും കാരണം ?
-
-

ഇത്തരം ചോദ്യസൂചനകളിലൂടെ കഥയിലെ ആശയവും കഥാപാത്രങ്ങളുടെ വികാരങ്ങളും ചിന്തയും തന്റേതായ രീതിയിൽ ഉൾക്കൊള്ളാൻ ഓരോ കുട്ടിക്കും

കഴിയണം. അതിനാവശ്യമായ ഉപചോദ്യങ്ങളും സൂചനകളും കണ്ടെത്തി നൽകാവുന്നതാണ്.

ചർച്ചയ്ക്കൊടുവിൽ ഇഷ്ടപ്പെട്ട കഥാപാത്രം, ഇഷ്ടപ്പെടാനുണ്ടായ കാരണം, എന്നിവ ഉൾച്ചേർത്ത് കുട്ടികൾ കുറിപ്പെഴുതട്ടെ.

**ചർച്ച - സംഘപ്രക്രിയ**

വർത്തമാനം ഭാഷയുടെ ജീവനാണ്. മൊത്തം നടക്കുന്ന ഭാഷാ വ്യവഹാരങ്ങളിൽ ഏറിയ പങ്കും വാചികമാണ്. വാചികഭാഷ ഉപയോഗിക്കാനുള്ള പ്രധാനപ്പെട്ട ഒരു സന്ദർഭമാണ് ചർച്ച. ഏതൊരു ചർച്ചക്കും ഒരു വിഷയം വേണ്ടതുണ്ട്. വിഷയത്തോട് യോജിച്ചും വിയോജിച്ചും ഇഴപിരിച്ചും കൂട്ടിച്ചേർത്തും എല്ലാവരും പറയുകയും എല്ലാവരും കേൾക്കുകയും ചെയ്യുന്ന ഭാഷാനുഭവമാണ് ചർച്ചയിലെ പ്രധാന കാര്യം. ക്ലാസ്സിൽ ഫലപ്രദമായി ചർച്ച നടക്കുന്നതിന് ചില ജാഗ്രതകൾ വേണ്ടതുണ്ട്.

- ചർച്ച ചെയ്യുന്ന വിഷയം എല്ലാവർക്കും പരിചിതമായിരിക്കണം.
- എല്ലാവർക്കും പങ്കെടുക്കാൻ അവസരം ഉണ്ടായിരിക്കണം .
- പ്രോത്സാഹനം നൽകിയും വിടവുകൾ നികത്തിയും ഉചിതമായ ചോദ്യസൂചനകളിലൂടെ മുന്നോട്ട് നയിച്ചും ടീച്ചർ ഇടപെട്ടുകൊണ്ടിരിക്കണം.
- പറയുക അറിയിക്കുക എന്നത് മാത്രമല്ല , കേൾക്കുക ഉൾക്കൊള്ളുക സ്വയം തിരുത്തി മെച്ചപ്പെടുത്തുക എന്നിവയൊക്കെ എല്ലാവരുടെയും ചുമതലയാണെന്ന് ബോധ്യപ്പെടാനാവണം.
- ഇതിനായി , ഒരാൾ സംസാരിക്കുമ്പോൾ അതു ക്ഷമയോടെ കേൾക്കാൻ മറ്റുള്ളവരെ ടീച്ചർ പ്രേരിപ്പിക്കണം.
- ആവർത്തനങ്ങളെ വാത്സല്യത്തോടെ തിരുത്തിക്കൊണ്ടിരിക്കണം .
- വ്യത്യസ്തമായ പ്രതികരണങ്ങൾക്ക് അവസരം നൽകണം.
- എത്തിച്ചേരുന്ന പൊതുധാരണകളും കണ്ടെത്തലുകളും ടീച്ചർ ഊന്നിപ്പറഞ്ഞുറപ്പിക്കുന്നുണ്ടാവും.

***ഒരു ചർച്ച സംഘടിപ്പിക്കുമ്പോൾ ചില കാര്യങ്ങൾ ടീച്ചർ ശ്രദ്ധിക്കേണ്ടതുണ്ട്.***

- *ഒരാൾ പറയുന്നത് എല്ലാവരും കേൾക്കുന്നുണ്ടോ?*
- *ഉന്നയിച്ച കാര്യങ്ങളോട് മനസ്സിരുത്തി എല്ലാവരും പ്രതികരിക്കാൻ ശ്രദ്ധിക്കുന്നുണ്ടോ?*
- *അഭിപ്രായം പറയാൻ താല്പര്യമുള്ള എല്ലാവർക്കും പറയാൻ അവസരം ലഭിക്കുന്നുണ്ടോ?*
- *ഒരാളുടെ അഭിപ്രായത്തോട് മറ്റുള്ളവർക്ക് പ്രതികരിക്കാൻ അവസരം ലഭിക്കുന്നുണ്ടോ?*
- 

**റോൾപ്ലേ**

വായിച്ചും കേട്ടും മനസ്സിലാക്കുവാൻ പറ്റിയ രൂപത്തിലുള്ളവയാണ് കഥകൾ. എന്നാൽ റോൾപ്ലേ അവതരിപ്പിച്ചു കാണാവുന്നതരത്തിലാണ്. അതിനാൽ റോൾപ്ലേയിൽ കാഴ്ചക്കാണ് പ്രാധാന്യം. അതായത് കഥയെ കാഴ്ചയുടെ ഭാഷയിലേക്കു മാറ്റണം.

ഏറ്റവും കുറഞ്ഞ രംഗസജ്ജീകരണങ്ങൾ, വേഷവിധാനങ്ങൾ എന്നിവയിലൂടെ കഥയുടെ ആവിഷ്ക്കാരം സാധ്യമാക്കണം. അതിനുതകുന്ന സംഭാഷണം, ശാരീരിക ചലനങ്ങൾ, ആംഗ്യങ്ങൾ, ഭാവഹാവങ്ങൾ എന്നിവ ഉണ്ടാവുമ്പോഴാണ് കഥയെ ദൃശ്യഭാഷയിലേക്ക് മാറ്റാൻ സാധിക്കുന്നത്.

മുഴുവനായൊരു കഥയെ തുടർച്ചയായി റോൾപ്ലേ രൂപത്തിൽ അവതരിപ്പിക്കാൻ ആദ്യംതന്നെ കുട്ടികൾക്ക് കഴിയണമെന്നില്ല. അതിനാൽ ചെറിയ ചെറിയ അഭിനയമുഹൂർത്തങ്ങൾ കുട്ടികൾക്കുനൽകി അവതരണാവസരങ്ങൾ ഒരുക്കു കയാണ് വേണ്ടത്.

നേരത്തെ കുട്ടികൾ പരിചയിച്ച 'ആനേം അണ്ണാറക്കണ്ണനും' എന്ന കഥയിലെ വിവിധ ദൃശ്യങ്ങൾ കുട്ടികൾ ചെറിയ ഗ്രൂപ്പിൽ അവതരിപ്പിക്കട്ടെ. കഥയിലെ ചെറിയ ചെറിയ സംഭവങ്ങൾ ഗ്രൂപ്പിൽ എഴുതിനൽകാം.

ഉദാഹരണമായി ആനേം അണ്ണാറക്കണ്ണനും പ്ലാവിൻതൈ നട്ടു എന്ന ഒറ്റ സംഭവം ഒരു ഗ്രൂപ്പിൽ നൽകാം. വേണമെങ്കിൽ പുതിയ കഥാപാത്രങ്ങളെക്കൂടി ചേർത്ത് കുട്ടികൾ സംഭവം അവതരിപ്പിക്കട്ടെ. ഇതിനായി ടീച്ചറുടെ നേതൃത്വത്തിൽ ചർച്ച നടത്തേണ്ടിവരും . എന്തെല്ലാം കാര്യങ്ങൾ ചർച്ചയിലൂടെ കുട്ടികളുടെ ശ്രദ്ധയിൽ ക്കൊണ്ടുവരണം?

- കഥ നടക്കുന്നതെവിടെയാണ്?
- കഥനടക്കുന്ന സ്ഥലം കാടാണ് എങ്കിൽ അത് സൂചിപ്പിക്കാൻ എന്തുചെയ്യാം?
- ആനയ്ക്കും അണ്ണാറക്കണ്ണനും പുറമെ ആരെല്ലാം അവിടെ ഉണ്ടാവാം?
- അവരെയെല്ലാം കാഴ്ചക്കാർക്കു തിരിച്ചറിയാൻ പാകത്തിൽ എങ്ങനെ വേഷം ഒരുക്കണം?
- ഓരോ കഥാപാത്രത്തിൻെറയും ചലനം എങ്ങനെയാവും?
- കഥാപാത്രങ്ങൾ തമ്മിൽ എന്തെല്ലാം സംസാരിക്കും?
- ആരെല്ലാം ഏതെല്ലാം കഥാപാത്രങ്ങളെ അവതരിപ്പിക്കും?
- 

വിവിധ ഗ്രൂപ്പുകൾ ഇത്തരത്തിലുള്ള വിവിധ സന്ദർഭങ്ങൾ ചർച്ച ചെയ്ത് അവതരിപ്പിക്കട്ടെ.

ഈ അനുഭവങ്ങളുടെ വെളിച്ചത്തിൽ 'മുന്തിരിങ്ങ' എന്ന കഥ റോൾപ്ലേ ആയി അവതരിപ്പിക്കാം. നേരത്തെ നടത്തിയ ചർച്ചയുടെ മാതൃകയിൽ ചർച്ച നടത്തണം.
കുട്ടികൾ ഗ്രൂപ്പിൽ റോൾപ്ലേ തയ്യാറെടുപ്പുകൾ നടത്തുന്നു. അവതരണത്തിനു ശേഷം മികച്ചത് ആരുടേതാണെന്ന് കണ്ടെത്തട്ടെ. ഇതിനായി കുട്ടികളുമായി ചർച്ച ചെയ്ത് സൂചകങ്ങൾ തയ്യാറാക്കണം.

*സൂചകങ്ങൾ*

- സംഭവത്തിൻെറ അഥവാ സന്ദർഭത്തിൻെറ തുടക്കം വളർച്ച ഒടുക്കം എന്നിവ വ്യക്തമാവുന്നുണ്ട്.
- ആശയത്തെ വ്യക്തമായി കൈമാററം ചെയ്യാൻ സഹായകമായ സംഭാഷണമാണ്.
- വർത്തമാന രീതിക്കിണങ്ങുന്ന തരത്തിലാണ് സംഭാഷണങ്ങൾ (എഴുത്തു ഭാഷാരീതിയിലല്ല, പറച്ചിൽ ഭാഷാരീതിയിലാണ് സംഭാഷണങ്ങൾ)
- സന്ദർഭത്തിൽ അടങ്ങിയ വികാരത്തെ കൈമാറാൻ കെൽപ്പുള്ള ശബ്ദ നിയന്ത്രണം, ഉച്ചാരണത്തിലെ ഊന്നലുകൾ ഭാവഹാവങ്ങൾ എന്നിവ പാലിക്കുന്നുണ്ട്.
- കഥാ പാത്രത്തിനു ചേരുന്ന ലളിതമായ വേഷവിധാനങ്ങൾ സ്വീകരിച്ചിട്ടുണ്ട്.
- രംഗോപകരണങ്ങൾ ഉപയോഗിച്ചിട്ടുണ്ട്.
-

മികച്ച ഗ്രൂപ്പിന് റോൾപ്ലേ അടുത്ത ബാലസഭയിൽ അവതരിപ്പിക്കാൻ അവസരം നൽകാം.

**സംഭാഷണമെഴുതാം**

ഭാഷയുടെ ഏറ്റവും ജീവസ്സുറ്റ രൂപമാണ് സംഭാഷണം. അതിൻെറ മൗലികമായ ആവിഷ്ക്കാരം വാചികമായിട്ടാണ്. കഥാപാത്രങ്ങൾ തമ്മിലുള്ള സ്വാഭാവികമായ സംഭാഷണം റോൾപ്ലേ അവതരണ സമയത്ത് നടത്തിക്കാണും. റോൾപ്ലേയിലെ സംഭാഷണങ്ങൾ മാത്രം എടുത്ത് മെച്ചപ്പെടുത്തി കുട്ടികൾ എഴുതട്ടെ.
സംഭാഷണം എഴുതുന്നതിനുമുമ്പ് ആരൊക്കെത്തമ്മിലാണ് വർത്തമാനം പറയുന്നത് എന്നു കണ്ടെത്തണം. 'മുന്തിരിങ്ങ' എന്ന കഥയിൽ നിന്നും കഥാപാത്രങ്ങളെ കണ്ടെത്താം. റോൾപ്ലേയിൽ നടന്ന സംഭാഷണത്തെ ഈ പ്രവർത്തനത്തിന് അടിസ്ഥാനമാക്കാം.
സംഭാഷണരചനയുടെ ഘട്ടങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം.

- അവതരിപ്പിച്ച റോൾപ്ലേയിലെ ഏതൊക്കെ കഥാപാത്രങ്ങൾ തമ്മിലുള്ള സംഭാഷണങ്ങളാണ് മെച്ചപ്പെടുത്തി എഴുതാൻ തിരഞ്ഞെടുക്കേണ്ടതെന്ന് നിശ്ചയിക്കൽ.
- സംഭാഷണ രചന - വ്യക്തിഗതം.
- ഏതാനും പേരുടെ അവതരണം.
- ചെറുസംഘങ്ങളിൽ സംഭാഷണം മെച്ചപ്പെടുത്തി എഴുതൽ, അവതരണം, ചർ ച്ച.
- ചർച്ചയുടെ അടിസ്ഥാനത്തിൽ സൂചകങ്ങൾ രൂപീകരിക്കൽ.
- ടീച്ചർ തയ്യാറാക്കിയ മാതൃകാ സംഭാഷണം അവതരിപ്പിക്കൽ.
- സൂചകങ്ങളെ അടിസ്ഥാനമാക്കി കുട്ടികൾ തയ്യാറാക്കിയ സംഭാഷണത്തി-ൻെറയും ടീച്ചർ അവതരിപ്പിച്ച സംഭാഷണത്തിൻെറയും വിശകലനം.
- വിശകലനം അടിസ്ഥാനമാക്കി ഗ്രൂപ്പിൽ തയ്യാറാക്കിയ സംഭാഷണങ്ങളെ മെച്ചപ്പെടുത്തൽ

സൂചകങ്ങൾ താഴെക്കൊടുക്കുന്നു.

- വർത്തമാനം പറയുന്ന രീതിയിലുള്ള ഭാഷ ഉപയോഗിക്കുന്നു. (എഴുത്തു ഭാഷയല്ല)
- സംഭാഷണത്തിൽനിന്ന് ആശയത്തിൻെറ തുടർച്ചയും വളർച്ചയും മനസ്സി ലാവുന്നുണ്ട്.
- സംഭാഷണത്തിൽ ചേർച്ചയുള്ള വാക്കുകൾ, പ്രയോഗങ്ങൾ, ചൊല്ലുകൾ എന്നിവ ഉപയോഗിച്ചിട്ടുണ്ട്.

**<u>ഡയറി</u>**

ദിവസേന തയ്യാറാക്കുന്ന അനുഭവക്കുറിപ്പാണ് ഡയറി. ഒന്നിനുപിന്നാലെ മറ്റൊന്ന് എന്ന നിലയിൽ അനുഭവങ്ങൾ നിരത്തിപ്പരത്തിയാൽ നല്ല ഡയറിയാവണമെന്നില്ല. മനസ്സിനെ സ്പർശിച്ച പ്രധാന അനുഭവങ്ങൾ ഉള്ളിൽത്തട്ടുന്നരീതിയിൽ എഴുതുമ്പോഴാണ് ഡയറിക്കുറിപ്പ് മികച്ചതാവുന്നത്. ഞാൻ എന്നോടും മറ്റുള്ളവരോടും പറയുന്ന സ്വഭാവമാണ് ഡയറിക്കുള്ളത്. അതിനാൽ കാവ്യാത്മകമായ പറച്ചിൽ രീതിയാണ് ഡയറിയുടെ മികവ് വർദ്ധിപ്പിക്കുന്നത്.
ഇവിടെ ഡയറി തയ്യാറാക്കുന്നതിനുള്ള മുന്നൊരുക്കമായി ചർച്ച നടത്തണം. മുന്തിരിങ്ങ എന്ന കഥയിലെ വാന്യയുടെ ഡയറിയാണെഴുതുന്നത് എന്നിരിക്കട്ടെ. അതിന് ഓരോകുട്ടിയും മനസ്സുകൊണ്ട് വാന്യയായി രൂപാന്തരപ്പെടണം. ഇതിനുപറ്റുന്ന നിലയിലുള്ള ചർച്ചയായിരിക്കണം എഴുത്തിനുമുന്നോടിയായി നടക്കേണ്ടത്. ചർ ച്ചയിൽ

- വാന്യയെ നിങ്ങൾക്കിഷ്ടപ്പെട്ടോ? എന്തുകൊണ്ട്?

- വാന്യയുടേതു പോലുള്ള അനുഭവങ്ങൾ നിങ്ങൾക്കുണ്ടായാൽ അതിന്റെ സങ്കടം എങ്ങിനെയെല്ലാമാണ് തീർക്കുക? അതിനായി എന്തെല്ലാം വഴികൾ സ്വീകരിക്കും ? ആരോടെല്ലാം പറയും ? എന്തല്ലാം എഴുതും ? വരയ്ക്കും?
- അന്നത്തെ ദിവസം വാന്യ എഴുതിയ ഡയറി എങ്ങനെയായിരിക്കും? എഴുതിനോക്കൂ.

വ്യക്തിഗതമായ എഴുത്ത്. ചിലരുടെ അവതരണം. ഗ്രൂപ്പിൽ അവതരിപ്പിച്ച് ഗ്രൂപ്പിൻ റേതായി ഒരു ഡയറി തയ്യാറാക്കി അവതരിപ്പിക്കൽ. ഗ്രൂപ്പ്ഡയറിയെ അടിസ്ഥാനമാക്കി നല്ലൊരു ഡയറിക്കുവേണ്ട ഗുണങ്ങൾ ചർച്ച ചെയ്യുന്നു. പൊതുചർച്ചയിലൂടെ സൂചകങ്ങൾ വികസിപ്പിക്കുന്നു.

സൂചകങ്ങൾ

- മനസ്സിൽത്തട്ടിയ കാര്യങ്ങൾ അതിനുയോജിച്ച വാക്കുകൾ, പ്രയോഗങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് അവതരിപ്പിച്ചിട്ടുണ്ട്.
- മറ്റാരും മുമ്പെഴുതിയിട്ടില്ലാത്ത രീതിയിൽ ആശയങ്ങളെയും അനുഭവങ്ങളെയും പുതുമയോടെ അവതരിപ്പിച്ചിട്ടുണ്ട്.
- കാര്യങ്ങൾ ചുരുക്കി എഴുതിയിട്ടുണ്ട്.
- ശരിയായവാക്യം, ഖണ്ഡികയാക്കൽ തുടങ്ങിയവയുണ്ട്.
- 

ടീച്ചർ വേർഷൻ അവതരിപ്പിക്കുന്നു.

ടീച്ചർ വേർഷൻ 1

**<u>അച്ഛനാണെന്റെ ഹീറോ</u>**

കൊതി വരുത്തുന്ന വിനയുടെ കാര്യം പറയാനില്ല. ഉരുണ്ടു തുടുത്തു കുട്ടപ്പനായ മുന്തിരിയെ തലോടിയപ്പോ ഓർത്തില്ലല്ലോ അവനിങ്ങനെ പറ്റിക്കുമെന്ന്. എന്തു നല്ല മണമായിരുന്നു. വായിൽ വെള്ളമിറക്കിയപ്പോളൊന്നും ഓർത്തില്ലല്ലോ കണ്ണിലിങ്ങനെ വെള്ളം വരുമെന്ന്.

ന്നാലും ന്റെ അമ്മ എത്ര നല്ലൊരു പോലീസാ .....

പക്ഷേ, ഇന്നത്തെ ഹീറോ അച്ഛൻ തന്നെ! എന്താ അച്ഛന്റെ ഒരു കൗശലം... സമ്മതിച്ചു. ന്നെ പേടിപ്പിക്കുകയും മറ്റുള്ളവരെ ചിരിപ്പിക്കുകയും ചെയ്തില്ലേ...

എന്റെ കള്ളത്തരം എത്ര പെട്ടന്നാ പൊളിഞ്ഞത് !!!

ന്നാലും എനിക്ക് പറ്റിയ ഒരു അമളിയേ... അയ്യയ്യോ !!!

ടീച്ചർ വേർഷൻ 2

ഇന്ന് വളരെ സന്തോഷമുള്ളൊരു ദിവസമായിരുന്നു.അമ്മ ആദ്യമായാണ് മുന്തിരിങ്ങ വാങ്ങിക്കൊണ്ടുവന്നത്. തിന്നാൻ തരാതിരുന്നപ്പോൾ അമ്മയോട് ഞങ്ങൾ ദേഷ്യപ്പെട്ടു. പൊതി തുറന്ന് അമ്മ മുന്തിരിക്കുലയെടുത്ത് വെള്ളത്തിലിട്ടു കഴുകുമ്പോൾ ഞാൻ അത് ഒളിച്ചുനിന്നു കണ്ടു. കുലയിൽനിന്നും ഓരോരോ മുന്തിരിങ്ങയെടുത്ത് പിഞ്ഞാണത്തിൽ വെക്കുന്നതു കണ്ടപ്പോൾ വായിൽ വെള്ളം വന്നു. എന്തു രസാ അത് കാണാൻ....! കറുത്തിരുണ്ട്, മെഴുമെഴെയുള്ള ആ മുന്തിരി കണ്ടപ്പോൾ കൊതിയായി. ഒരു മുന്തിരങ്ങക്കു വേണ്ടി കെഞ്ചിയപ്പോൾ അമ്മ, ഭക്ഷണത്തിനു ശേഷമേ തരൂ എന്നു പറഞ്ഞു. എനിക്ക് സങ്കടം സഹിച്ചില്ല. മുന്തിരിങ്ങ കഴുകിവച്ച പ്ലേറ്റ് ഊൺ മേശയിൽവച്ച് അമ്മ അടുക്കളയിലേക്ക് പോയപ്പോൾ ഞാൻ മെല്ലെ അതിനടുത്തേക്ക് ചെന്നു. ഹൊ, മേശപ്പുറത്തെ പ്ലേറ്റിലിരുന്ന് മുന്തിരിങ്ങ എന്നെ മാടിവിളിച്ചു. സഹിച്ചില്ല. ഒരു മുന്തിരിങ്ങയെടുത്ത് വേഗം തിന്നു. ഹായ്, എന്തു മധുരമായിരുന്നു അത്. ആരും കണ്ടില്ലെന്ന വിശ്വാസത്തിലാണ് അപ്പോൾ അത് തിന്നത്. പാത്രത്തിൽ ഒരു മുന്തിരിങ്ങ കുറവാണെന്ന് അമ്മ പറഞ്ഞപ്പോഴാണ് അത് എണ്ണിയാണ് വെച്ചിരുന്നതെന്ന് അറിഞ്ഞത്.
മുന്തിരിങ്ങയിലെ കുരുതിന്നാൽ മരിക്കുമെന്ന് അച്ഛൻ പറഞ്ഞപ്പോൾ, എൻെറ ഉള്ളൊന്നു കാളി. പേടിച്ചുപേടിച്ചാണ്, കുരു തുപ്പിക്കളഞ്ഞിരുന്നെന്നു പറഞ്ഞത്. അതാണ് എന്റെ കള്ളത്തരം പിടിക്കാൻ കാരണമായത്. അതോടെ എനിക്ക് സഹിക്കാനായില്ല. പൊട്ടിപ്പൊട്ടിക്കരഞ്ഞു. മുന്തിരിയുടെ മധുരം കയ്പായി മാറി.

സൂചകങ്ങൾ വച്ച് പരിശോധിക്കുന്നു. തുടർന്ന് സ്വന്തം ഡയറി കുട്ടി മെച്ചപ്പെടുത്തുന്നു. മെച്ചപ്പെടുത്തിയ ഡയറി പോർട്ട്ഫോളിയോയിലേക്ക് മാറ്റുന്നു.

സ്വന്തം അനുഭവങ്ങൾ വച്ച് കുട്ടി നിത്യവും ഡയറി മെച്ചപ്പെടുത്തട്ടെ.

**തോൽക്കില്ല ഞാൻ**

ഇത് ഒരു ചോദ്യോത്തര സ്വഭാവമുള്ള കവിതയാണ്. കുട്ടിക്കുസൃതി നിറഞ്ഞ ചോദ്യോത്തരപ്പാട്ടുകളും അവയെപ്പറ്റി ചർച്ചയും ഈ കവിതയുടെ അവതരണത്തിനു മുന്നോടിയായി നടത്താനാവും. ഒരുദാഹരണം ഇതാ.

**ചോദ്യാത്തരപ്പാട്ട്**

ആരാത്? ഞാൻതന്നെ

എന്തിനുവന്നു ? എഴുത്തുംകൊണ്ട്

എന്തെഴുത്ത്? തലയിലെഴുത്ത്

എന്തുതല? മൊട്ടത്തല

എന്തുമൊട്ട? കോഴിമുട്ട

എന്തുകോഴി? പൂവൻകോഴി

എന്തുപൂവ്? റോസാപ്പൂവ്

എന്തുറോസ്? കാട്ടുറോസ്

എന്തുകാട്? പട്ടിക്കാട്

എന്തുപട്ടി? പേപ്പട്ടി

എന്തുപേ? പെപ്പരപ്പേ...

ചോദ്യോത്തരപ്പാട്ടു ടീച്ചർ ചൊല്ലിയവതരിപ്പിക്കുന്നു. തുടർന്ന് പാട്ട് ചാർട്ടിലെഴുതി പ്രദർശിപ്പിക്കുന്നു. ടീച്ചറും കുട്ടികളും ചേർന്ന് ചൊല്ലിയവതരിപ്പിക്കുന്നു. പിന്നീട് ചോദ്യങ്ങൾ ഒരു സംഘവും ഉത്തരങ്ങൾ മറ്റൊരു സംഘവുമായി ചൊല്ലിയവതരിപ്പിക്കുന്നു.

ചർച്ച:

- ഇതിന് ചോദ്യോത്തരപ്പാട്ട് എന്ന് പേരിടാൻ കാരണമെന്തായിരിക്കും?
- ചോദ്യത്തിനു ചേരാത്ത എന്തെല്ലാം ഉത്തരങ്ങളിതിലുണ്ട്?
- ചോദ്യം രൂപപ്പെടുന്നതെവിടെനിന്നാണ്?
- എന്തെങ്കിയും വിശേഷപ്പെട്ടകാര്യം ഇതിൽ പറയുന്നുണ്ടോ?
- പിന്നെ എന്താണ് ഈ പാട്ടിൽ നമുക്ക് രസം തോന്നിക്കുന്ന ഘടകം? [ഉത്തരത്തിൽ നിന്നും ചോദ്യമുണ്ടാക്കുന്ന വികൃതി, അക്ഷരത്തിന്റെ/വാക്കിന്റെ ആവർത്തനം, താളം... ]

ഇത്തരം ചോദ്യോത്തരപ്പാട്ടുകളും ചങ്ങലപ്പാട്ടുകളും കുട്ടികളുടെ നാവിൻ തുമ്പത്ത് ഭാഷ വിളയാടാൻ സഹായിക്കും.

**ചങ്ങലപ്പാട്ട്**

കുളക്കോഴി മുട്ടയിട്ടു
മുട്ടതട്ടി കൂട്ടിലിട്ടു
കൂടടയ്ക്കാൻ കൈതയ്ക്കുപോയി
കൈതേലിത്തിരി തേനിരുന്നു
തേൻകഴുകാൻ ആറ്റിൽപ്പോയി
ആറ്റിലൊരു വാളേക്കണ്ടു
വാളേപ്പിടിക്കാൻ വള്ളിക്കുപോയി
വള്ളിതട്ടി ചടപട..ധീം.

## കവിതയിലേക്ക്

തോൽക്കില്ല ഞാൻ

കെ സി ഫ്രാൻസിസ്
1940 മുതൽ 1960 വരെയുള്ള കാലത്ത് മലയാള കവിതാ ലോകത്ത് ശ്രദ്ധിക്കപ്പെട്ട കവിയാണ് കെ സി ഫ്രാസിസ്. 2018 ൽ കേരള സാഹിത്യഅക്കാദമി അദ്ദേഹത്തിന്റെ തിരഞ്ഞെടുത്ത കവിതകൾ ഉൾക്കൊള്ളിച്ച് 'പുതിയ മനുഷ്യൻ' എന്ന കവിതാ സമാഹാരം പുറത്തിറക്കി.

കുട്ടികൾ വ്യക്തിഗതമായി കവിതചൊല്ലട്ടെ. ചിലപ്പോൾ അവർക്ക് കവിതയ്ക്ക് ഉചിതമായ ഈണം കണ്ടെത്താൻ കഴിഞ്ഞില്ലെന്നുവരാം.
"നീല...ക്കാർമുകിൽ വർണ്ണനന്നേരം
രാധാ...യെന്നൊരു നാരിയുമായി ...." എന്ന ശീലിൽ കവിത ചൊല്ലാം..

ഈ കവിതയിൽ കുട്ടിക്ക് പരിചയമില്ലാത്ത വാക്കുകളുടെ അർത്ഥം പാഠപുസ്തകത്തിൽത്തന്നെ നൽകിയിട്ടുണ്ട്. ആ വാക്കുകളെ അകാരാദി ക്രമത്തിലെഴുതാനുള്ള അവസരം നൽകണം. ക എന്ന അക്ഷരത്തിലാരംഭിക്കുന്ന നാലുവാക്കുകൾ അതിലുണ്ട്. അവയെ ക,കാ,കി,കീ,കു,കൂ.... എന്ന ക്രത്തിലാക്കാൻ കുട്ടികളെ സഹായിക്കണം. അതിന് ഈ വാക്കുകൾ നിഘണ്ടുവിൽ ഏതുക്രമത്തിലാണ് എഴുതിയിട്ടുള്ളത് എന്നു കണ്ടെത്തിയാൽ മതി. കുട്ടികൾക്ക് സ്വതന്ത്രമായി ഉപയോഗിക്കാനാവും വിധം ചെറിയ നിഘണ്ടു ക്ലാസിൽ ലഭ്യമാക്കണം.

കവിതയിലെ ആശയം വ്യക്തമാക്കുന്ന ചർച്ച ക്ലാസിൽ നടത്തണം. ഇതിനുള്ള സൂചനകൾ:

- കവിതയിൽ ചോദ്യം ചോദിക്കുന്നതാരാണ്?
- ഉത്തരം പറയുന്നതോ?
- ആരാണ് കൊച്ചുറാണി?
- അവളുടെ വേഷവിധാനങ്ങൾ എങ്ങിനെയാണ്?
- റാണി എന്തുചെയ്തുകൊണ്ടാണ് വീട്ടിലേയ്ക്കുവരുന്നത്?
- ചിത്രത്തിലെ കൊച്ചുറാണിയുടെയും കവിതയിലെ കൊച്ചുറാണിയുടെയും വേഷവിധാനങ്ങൾ തമ്മിൽ എന്തെല്ലാം വ്യാത്യാസമുണ്ട്?
- കൊച്ചുറാണിവരുമ്പോൾ വീട്ടിലോരോരുത്തരും ചെയ്യുന്നതെന്താണ്?
- ഭക്ഷണത്തെപ്പറ്റി എന്തെല്ലാം കാര്യങ്ങളാണ് കൊച്ചുറാണി പറയുന്നത്.
- പാഠപുസ്തകത്തിൽ ഒരു മീൻമരത്തിൻെറ ചിത്രമുണ്ടല്ലോ. ആ ചിത്രത്തിനു ചേരുന്ന വരികൾ പാഠഭാഗത്തുനിന്നും കണ്ടെത്തൂ.
- മുന്തിരിങ്ങ തിന്ന വാന്യയും മാന്തൾ തിന്ന മേരിയും കുടുങ്ങിപ്പോയ സന്ദർഭത്തിൽ നിന്നും രക്ഷപ്പെട്ടത് എങ്ങനെ ?

**ഞെട്ടൊന്ന് കായ്കൾ പലത്**

- കവിതയിൽ കരം എന്നൊരു വാക്കുണ്ട് . അതുൾപ്പെടുന്ന വരികൾ കണ്ടെത്തിച്ചൊല്ലട്ടെ. ഇവിടെ കരം എന്നവാക്കിന്റെ അർഥം എന്താണ്? കൈ എന്ന് കുട്ടികൾ പറഞ്ഞേക്കാം.

ഇത്തിരി വൈകിയാണ് കൊച്ചുറാണി അന്ന് ഉറക്കമുണർന്നത്. എണീറ്റയുടനെ അവൾ കിളിവാതിൽ തള്ളിത്തുറന്നു. അത്ഭുതം സൂര്യന്റെ കരങ്ങൾ അവളെ തൊട്ടുതലോടി.

- ഇത് ചാർട്ടിലെഴുതി പ്രദർശിപ്പിക്കുന്നു.
- കവിതയിലെ അപ്പച്ചന്റെ കരവും ഇതിലുള്ള സൂര്യന്റെ കരവും ഒന്നാണ്. എങ്കിൽ കരം എന്ന വാക്കിനു എന്തെല്ലാം അർഥങ്ങൾ കണ്ടെത്താനാവും?
  [കരം -കൈ , രശ്മി]

**<u>മാന്തൾ</u>**
കനം കുറഞ്ഞ് നാക്കുപോലെ പരന്ന ഒരു മത്സ്യമാണ് മാന്തൾ അഥവാ മാന്ത. ചിലയിടത്ത് ഇതിന് നങ്ക് എന്നും പേരുണ്ട്.

## <u>ഞാനും എന്റെ നാടും - ചിത്രം വര</u>

പേരെന്താ പേരക്ക
നാടേതാ നാരങ്ങ
മാസേതാ മത്തങ്ങ
എന്നൊക്കെ ചൊല്ലിക്കൊണ്ട് കുട്ടികൾക്കിടയിൽ ഒരു കളിയുണ്ട്. അതിനെ സൂചിപ്പിക്കുന്നതാണ് കവിതയിലെ പ്രയോഗങ്ങൾ. നാരങ്ങനാട്ടിലെ റാണിയുടെ ചിത്രമാണ് പാഠഭാഗത്ത് കൊടുത്തിട്ടുള്ളത്. 'പേരെന്താ പേരയ്ക്കാ നാടേതാ നാരങ്ങാ' എന്ന പാട്ടുപാടിക്കൊണ്ട് കുട്ടികൾ ഇഷ്ടപ്പെട്ട ഒരു പുതിയ നാട് കണ്ടെത്തട്ടെ. മാനത്തെ അമ്പിളിങ്ങയിലെ രാജാവോ റാണിയോ ആവാം, നീലക്കടലിലെ, പവിഴദ്വീപിലെ, മഞ്ചാടിക്കുന്നിലെ, മന്ദാരക്കാവിലെ, മേഘത്തോപ്പിലെ, നക്ഷത്ര കൊട്ടാരത്തിലെ... ഇങ്ങനെ ഏതു നാട്ടിലെ രാജാവോ റാണിയോ ആവാം.
കണ്ടെത്തിയ രാജാവിന്റെയോ റാണിയുടേയോ ചിത്രം വരയ്ക്കാൻ ആവശ്യപ്പെടാം.

ഒന്നമത്തെ യൂണിറ്റിൽ 'കാക്കിരി പൂക്കിരി' കവിതക്ക് ചിത്രീകരണം നടത്തിയപ്പോൾ കടന്നുപോയ ഘട്ടങ്ങളിലൂടെ ഈ പ്രവർത്തനം നടത്താൻ ശ്രദ്ധിക്കുമല്ലോ.
വരച്ച ചിത്രങ്ങൾ ക്ലാസിന് പുറത്ത് ബോർഡിൽ പ്രദർശിപ്പിക്കണം, പോർട്ട് ഫോളിയോവിലും ചേർക്കാം.

## <u>പലഹാരക്കൊതിയൻമാർ</u>

വിജയൻ കോതമ്പത്ത്

മലപ്പുറം ജില്ലയിലെ എടപ്പാൾ സ്വദേശി. ഒറ്റക്കിരിക്കുന്ന കുട്ടി ആദ്യ കവിതാസമാഹാരം. കുട്ടികൾക്കു വേണ്ടി, ഓന്തും അരണയും, അപ്പാണ്യത്തിനുപോയ പലഹാരക്കൊതിയൻ മാർ, കാഴ്ചകൾ കൗതുകങ്ങൾ, ചോദിച്ചറിയാം ഭരണഘടന, കുട്ടികളറിയാൻ ഇന്ത്യൻ ഭരണഘടന, മാൻകുട്ടി പോലൊരു ആട്ടിൻകുട്ടി തുടങ്ങിയകൃതികൾ രചിച്ചിട്ടുണ്ട്. കുട്ടികളുടെ പ്രസിദ്ധീകരണങ്ങളായ യുറീക്ക, ശാസ്ത്ര കേരളം എന്നിവയുടെ മാനേജിങ് എഡിറ്ററായിരുന്നു. വൈദ്യുതബോർഡിൽ ഉദ്യോഗസ്ഥനായിരുന്നു. ഇപ്പോൾ അഭിഭാഷകനായി പ്രവർത്തിക്കുന്നു.

ഒരുപാട് ചന്തകളെക്കുറിച്ച് [മാർക്കറ്റ്] നമ്മൾ കേട്ടിട്ടുണ്ട്. ചന്തയിൽ പലതരം വാണിഭങ്ങൾ (കച്ചവടങ്ങൾ) ഉണ്ട്. ആദ്യമായാവും പലഹാരത്തിനു മാത്രമായി ഒരു ചന്തയെക്കുറിച്ച് കേൾക്കുന്നത്. പൊന്നാനിച്ചന്തയിലെ അപ്പവാണിഭത്തിന് പോകുന്ന രണ്ട് ഉറുമ്പുകളുടെ രസകരമായ കഥയാണ് വിജയൻ കോതമ്പത്ത് എഴുതിയ 'അപ്പാണ്യത്തിനു പോയ പലഹാരക്കൊതിയൻമാർ'. ഇതിൽ നിന്നും എടുത്തുചേർത്ത ചെറിയൊരു ഭാഗമാണ് 'പലഹാരക്കൊതിയന്മാർ' എന്ന പാഠഭാഗം.
ഇതിന്റെ അവതരണത്തിന് മുന്നോടിയായി ക്ലാസ്സിൽ ഒരു ചർച്ചയാവാം.

**ചർച്ച**

- വാന്യ കഴിച്ചത് മുന്തിരിങ്ങയാണ്. മേരി കഴിച്ചതോ, മാന്തളും. നമ്മളെന്തെല്ലാം കഴിക്കാറുണ്ട് ? അതിൽ ഏറ്റവും ഇഷ്ടപ്പെട്ടത് ഏതാണ്?

കൊതിയൂറുന്ന പലഹാരങ്ങളെക്കുറിച്ച് ചർച്ച.

**പാഠഭാഗത്തേക്ക്**

കുട്ടികൾ വ്യക്തിഗതമായി വായിക്കട്ടെ. തുടർന്ന് ഗ്രൂപ്പ് വായനയാണ് നടക്കേണ്ടത്. അവിടെ ആരാണ് മികച്ച രീതിയിൽ വായിക്കുന്നത് എന്ന് ഓരോ ഗ്രൂപ്പും കണ്ടെത്തണം. അതിനായി ക്ലാസ്സ് ചർച്ചയുടെ അടിസ്ഥാനത്തിൽ ഭാവാത്മക വായനയുടെ സൂചകങ്ങൾ വികസിപ്പിക്കുന്നു. തുടർന്ന് ഗ്രൂപ്പിൽ വായന. സൂചകങ്ങൾക്കനുസരിച്ച് വായനയെ വിലയിരുത്തൽ. മികച്ചത് കണ്ടെത്തുന്നു.

*സൂചകങ്ങൾ*

- കഥയ്ക്ക് ചേരുന്ന രീതിയിൽ വേണ്ടതുപോലെ ശബ്ദം ഉയർത്തിയും താഴ്ത്തിയും നീട്ടിയും കുറുക്കിയും വായിച്ചിട്ടുണ്ട്.
- വിവരിച്ചു പറയുന്ന ഭാഗങ്ങൾ താളത്തോടെ വായിച്ചിട്ടുണ്ട്. (നെയ്യ് അലുവ കറുത്ത അലുവ...)
- ചിഹ്നങ്ങളുടെ (കുത്ത് , കോമ, ചോദ്യചിഹ്നം, അത്ഭുത ചിഹ്നം) അർഥം വ്യക്തമാവുന്ന രീതിയിൽ വായിച്ചിട്ടുണ്ട്.
  (അതിന്റെ ഒരു മണം! ഇവൻ എങ്ങനെ എന്റെ ചങ്ങാതിയായി).

തുടർന്ന് ടീച്ചർ രുചികരമായി പാഠം വായിക്കുന്നു. സൂചകങ്ങൾക്കനുസരിച്ച് വായനയെ വിലയിരുത്തുന്നു.

**<u>പലഹാരം തിന്നപ്പോൾ - ചർച്ച</u>**

- ഈ അപ്പച്ചന്തയുടെ കഥ കേട്ടപ്പോൾ നിങ്ങൾക്ക് രസകരമായിത്തോന്നിയ കാര്യങ്ങൾ എന്തൊക്കെയാണ്? ചർച്ച

അപ്പാണ്യം, മുട്ട സുർക്ക , മുട്ടമാല

പൊടിപൊടിച്ച അപ്പക്കച്ചവടം

അങ്ങാടി

വിവിധതരം ഹൽവകൾ, ജിലേബികൾ, വറവുകൾ, അപ്പങ്ങൾ തുടങ്ങിയവ ചർച്ച ചെയ്യണം.

**<u>മേനി പറയാം വരയ്ക്കാം, എഴുതാം</u>**

ഇഷ്ടപ്പെട്ട പലഹാരമാണെന്ന് സ്വയം സങ്കൽപിച്ച് ആ പലഹാരത്തിന്റെ പ്രത്യേകതകൾ കുട്ടികൾ പറയട്ടെ. പറയുന്ന പലഹാരത്തെ മറ്റു കുട്ടികൾ കണ്ടെത്തിപ്പറയുന്നു.

ഓരോ കുട്ടിയും ഇഷ്ടപ്പെട്ട പലഹാരത്തിന്റെ ചിത്രം വരച്ച് അവയുടെ ചില പ്രത്യേകതകൾ എഴുതട്ടെ. കുട്ടികളുടെ അവതരണം.

**<u>അക്ഷരപ്പലഹാരം</u>**

കുട്ടികൾ, അവർക്കറിയാവുന്ന പലഹാരങ്ങളുടെ പേരുകൾ വ്യക്തിഗതമായി എഴുതുന്നു. തുടർന്ന് ടീച്ചർ അക്ഷരക്കാർഡുകൾ ക്ലാസ്സിൽ വിവിധഭാഗങ്ങളിലായി പ്രദർശിപ്പിക്കുന്നു. കുട്ടികൾ ഓരോരുത്തരായി അവർ എഴുതിയ പലഹാരപ്പേരുകൾ അതത് അക്ഷരക്കാർഡുകളിൽ വന്ന് എഴുതുന്നു. ഈ ഘട്ടത്തിൽ പലഹാരപ്പേരിന്റെ ആദ്യത്തെ അക്ഷരങ്ങൾ മാത്രം നോക്കിയാൽ മതി. അതിൽ വന്നേക്കാവുന്ന അകാരാദിക്രമം [ക,കാ,കി,കീ ..] പരിഗണിക്കേണ്ടതില്ല. പേരുകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമല്ലോ. പൂർത്തിയാക്കിയ അക്ഷരക്കാർഡുകൾ പൊതുചർച്ചയിലൂടെ അക്ഷരമാലാ ക്രമത്തിലാക്കി പ്രദർശിപ്പിക്കുന്നു. കുട്ടികൾ നോട്ടുബുക്കിലേക്ക് എഴുതിയെടുക്കുന്നു.

**<u>പലഹാരപ്പാട്ടുത്സവം.</u>**

ഞാനൊരു പാട്ടു പഠിച്ചിട്ടുണ്ട്
കൈതപ്പൊത്തിൽ വച്ചിട്ടുണ്ട്
അപ്പം തന്നാലിപ്പപ്പാടാം
ചക്കര തന്നാപ്പിന്നേം പാടാം

ടീച്ചറും കുട്ടികളും ചേർന്ന് പാട്ട് ആസ്വദിച്ച് പാടുന്നു.
ഇത്തരത്തിലുള്ള പലഹാരപ്പാട്ടുകൾ കൂടുതൽ കണ്ടെത്തി പാടാൻ ആവശ്യപ്പെടാം. (ചെമ്പാവ് പുന്നെല്ലിൻ ചോറോ.., അയില വറുത്തതുണ്ട്.. തുടങ്ങിയ സിനിമാ പാട്ടുകളും ആവാം)

- അവയിലെ പലഹാരങ്ങളുടെ പേരുകൾ കണ്ടെത്തി എഴുതൂ.
- ശേഖരിച്ച പലഹാരപ്പാട്ടുകൾ ചേർത്ത് ഒരു പതിപ്പ് തയ്യാറാക്കൂ.

**<u>അപ്പാണ്യം</u>**

ക്ലാസ്സിൽ ഒരു അപ്പാണ്യം സംഘടിപ്പിക്കണം. കുട്ടികളുടെ വീടുകളിൽനിന്നു കൊണ്ടുവരുന്ന പലഹാരങ്ങളുടെ പ്രദർശനവും പങ്കിടലുമാണ് അപ്പാണ്യത്തിൽ നടക്കേണ്ടത്. അധ്യാപകരും കുട്ടികളും രക്ഷിതാക്കളും ഒത്തൊരുമിച്ച് ഒരുക്കങ്ങൾ നടത്തുന്നു.

ആദ്യപടിയായി ക്ലാസിൽ നടക്കുന്ന അപ്പാണ്യത്തെക്കുറിച്ച് ഒരു പോസ്റ്റർ തയ്യാറാക്കൂ.

**പോസ്റ്റർ രചന**

വരകളും നിറങ്ങളും വാക്കുകളും ഉപയോഗിച്ച് ഏറ്റവും സാന്ദ്രമായും സുന്ദരമായും സാർത്ഥകമായും ആശയം കൈമാറുന്നതിനുള്ള മാധ്യമമാണ് പോസ്റ്റർ. പോസ്റ്റർ രചിന നടത്തണമെങ്കിൽ കുട്ടികൾക്ക് പോസ്റ്റർ പരിചിതമാവണം. ഇതിനായി കുട്ടികളുടെ ചെറുസംഘങ്ങളിൽ വിവിധ ഉള്ളടക്കങ്ങളുള്ള പോസ്റ്ററുകൾ നൽകാം. പോസ്റ്ററിലെ എഴുത്തുരീതി വരകളുടെയും നിറങ്ങളിലൂടെയും പ്രത്യേകത തുടങ്ങിയവയിൽ ഊന്നിക്കൊണ്ട് ഓരോ ഗ്രൂപ്പും പോസ്റ്ററിനെക്കുറിച്ച് സംസാരിക്കട്ടെ. തുടർന്ന് ക്ലാസ്സിൽ നടത്തുന്ന അപ്പാണ്യത്തിന്റെ പോസ്റ്റർ ഒരോ ഗ്രൂപ്പും നിർമ്മിക്കട്ടെ. നിശ്ചിത ഘട്ടങ്ങളിലൂടെ ക്ലാസ്സിൽ പൊതുചർച്ച നടത്തി സൂചകങ്ങൾ രൂപീകരിക്കുന്നു.

*<u>സൂചകങ്ങൾ</u>*

- അറിയിക്കാനുള്ള കാര്യത്തിന് ചേരുന്ന ചിത്രങ്ങൾ ചേർത്തിട്ടുണ്ട്.
- ചന്തം കൂട്ടുന്ന രീതിയിൽ യോജിച്ച നിറങ്ങൾ കൊടുത്തിട്ടുണ്ട് .
- കുറഞ്ഞ വാക്കുകളിൽ അറിയിക്കാനുള്ള കാര്യം ചന്തമായി എഴുതിയിട്ടുണ്ട്.

- വീണ്ടും വീണ്ടും നോക്കാൻ തോന്നുന്ന തരത്തിൽ തികഞ്ഞ ചന്തത്തോടെ തയ്യാറാക്കിയിട്ടുണ്ട്.
- 

ടീച്ചർ വേർഷൻ ക്ലാസിൽ അവതരിപ്പിക്കുന്നു. സൂചകത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നു.

ഓരോ കുട്ടിയും പോസ്റ്റർ നിർമ്മിക്കട്ടെ. അവ പോർട്ട് ഫോളിയോയിലും പുറംചുമർ പ്രദർ ശനവേദിയിലും ചേർക്കുന്നു.

**<u>പലഹാരപ്പണി - പാചകക്കുറിപ്പ്</u>**

കോഴിമുട്ടയുടെ മഞ്ഞക്കരു മാത്രമെടുത്ത് ഉടച്ചുടച്ച് ചെറിയ ചെറിയ ഓട്ടകളുള്ള ചിരട്ടയിലൂടെ നൂലുപോലെയാക്കി പഞ്ചസാരപ്പാവിലൊഴിച്ച് അലിയിച്ചലിയിച്ചാണ് മുട്ടമാല ഉണ്ടാക്കുന്നത്. ഇതുപോലെ നിങ്ങൾക്ക് ഇഷ്ടമുള്ള ഒരു പലഹാരം ഉണ്ടാക്കുന്ന വിധം പറയൂ. എഴുതി നോക്കിയാലോ. കുട്ടികൾ വ്യക്തിഗതമായി പാചകക്കുറിപ്പ് എഴുതട്ടെ. ശേഷം ഗ്രൂപ്പിൽ അവതരിപ്പിച്ചു മെച്ചപ്പെടുത്തി നോട്ട്ബുക്കിൽ എഴുതട്ടെ.

**<u>പലഹാരച്ചൊല്ലുകൾ</u>**

*അപ്പത്തിൽ കല്ലും മുറ്റത്ത് ഇടപാടും

കൂലി കിട്ടിയ പണം തികയാഞ്ഞ്, കുറച്ചു കാശ് കടവും മേടിച്ച്, അമ്മ പുതിയൊരു സൈക്കിൾ വാങ്ങി.

"ഹായ്, പുതിയ സൈക്കിൾ! ആർക്കുള്ളതാ?" ബാബു പുത്തൻ സൈക്കിളിൽ പതിയെ വിരലോടിച്ചു.

"മറ്റാർക്കാ ഇവിടെ സൈക്കിൾ, നിനക്കല്ലാതെ." ബാബുവിൻെറ തലമുടിയിൽ വിരലോടിച്ചു കൊണ്ട് അമ്മ പറഞ്ഞു.

"ഇതെവിടുന്നാണമ്മേ? വാങ്ങിയതാ? ഇതിനൊക്കെ എവിടുന്നാണമ്മേ പണം?" പടക്കം പൊട്ടുംപോലെ ഒരു പാടു ചോദ്യങ്ങൾ ഒന്നിച്ചു ചോദിച്ചു, ബാബു.

"ൻെറ കുട്ടിക്കു വേണ്ടി ഞാൻ വാങ്ങീതല്ലേ, സൈക്കിൾ? പിന്നെ പണം. അതെന്തിനാ നീ അറിയണ്? 'അപ്പം തിന്നാപ്പോരേ, കുഴി എണ്ണണോ?'

ബാബു നിമിഷനേരം കൊണ്ട് സൈക്കിളിൽ കേറി മൂന്നുനാലുചുറ്റ് ഓടിച്ചു. കുറെ നാളുകൾക്കുശേഷം അമ്മയുടെ മുഖത്ത് നിലാവുദിച്ചു.

"നാളെ മുതൽ ഞാൻ സൈക്കിളിൽ ചേച്ചിയോടൊപ്പം പത്ര വിതരണത്തിനു

പോകട്ടേ?" ബാബുവിന് ഉത്സാഹമായി.
അമ്മ പറഞ്ഞു: "അത് നല്ല കാര്യാ, 'നെയ്യപ്പം തിന്നാ രണ്ടുണ്ടുകാര്യം' എന്നു പറഞ്ഞതുപോലെ ചേച്ചിക്കൊരു സഹായവുമാവും നിനക്കൊരു വ്യായാമവുമാവും."

"നമുക്കിനി കുറേ വീടുകളിൽക്കൂടി പത്രം കൊടുക്കാം. കിട്ടുന്ന പണം കൂട്ടിവച്ച് ചേച്ചിക്കൊരു ലാപ്ടോപ്പ് വാങ്ങാം. കുറേ പഠിക്കാനുണ്ടല്ലോ, ചേച്ചിക്ക്."
"ഏയ്, അതൊന്നും വേണ്ട. എനിക്കു പഠിക്കാനുള്ളതൊക്കെ എൻെറ പുസ്തകത്തിൽ തന്നെയുണ്ട്." ചേച്ചി തീർത്തുപറഞ്ഞു.
"അങ്ങനെയല്ല, ലാപ്ടോപ്പുണ്ടെങ്കിൽ പുസ്തകത്തിലില്ലാത്ത പുതിയ കാര്യങ്ങളും മനസ്സിലാക്കാലോ. 'നെയ്യേറീട്ട് അപ്പം കേടാവില്ല.' കൂടുതൽ പഠിച്ചതോണ്ട് ദോഷൊന്നും വരില്ല. അല്ലേ അമ്മേ?"
"ശരിയാ.. 'ചട്ടീലുണ്ടെങ്കിലേ അപ്പത്തിൽ കാണൂ.' ഉള്ളിലറിവുണ്ടെങ്കിലേ പരീക്ഷക്ക് നന്നായി എഴുതാൻ പറ്റൂ.." അമ്മ കൂട്ടിച്ചേർത്തു.
"അയ്യോ, ചട്ടിയിൽ കിടന്ന് അപ്പം കരിഞ്ഞോ ആവോ?" പെട്ടെന്ന് അപ്പത്തിൻെറ കാര്യം ഓർത്ത് ബാബു അടുക്കളയിലേക്കോടി. കൂടെ ചേച്ചിയും അമ്മയും.

*അപ്പത്തിൽ കല്ലും മുറ്റത്ത് ഇടപാടും

അപ്പത്തിൽ കല്ലുകടിച്ചാൽ അതിൻെറ രസം പോയി. അതുപോലെ കച്ചവടമോ മറ്റെന്തുമാവട്ടെ, മുറ്റത്തുനിന്ന് സംസാരിച്ച് തീർച്ചയാക്കരുത്. വീട്ടിനകത്ത് ഇരുന്ന് സംസാരിച്ചുറപ്പിക്കുമ്പോഴേ കാര്യം ഭംഗിയാവൂ. എന്നാണ് ഈ പഴഞ്ചൊല്ലിൻെറ സാരം.

ആദ്യയൂണിറ്റിൽ സൂചിപ്പിച്ചതുപോലെ കുട്ടികൾ പഴഞ്ചൊല്ലുകൾ വെറുതെ പരിചയപ്പെട്ടാൽ മാത്രം പോര. അവയിൽ നിറഞ്ഞിരിക്കുന്ന ആശയലോകം കണ്ടെത്താൻ അവർക്കാവണം. അതിനാലാണ് പഴഞ്ചൊല്ലുകൾ ഇത്തരത്തിൽ ചില സന്ദർഭങ്ങളിൽ പ്രയോഗിച്ച് പരിചയപ്പെടുത്തുന്നത്. അതിനാൽ ക്ലാസിൽ ഓരോകുട്ടിക്കും ഇത് വായിക്കാനും പഴഞ്ചൊല്ലുകളെ തൻേതായ നിലയിൽ വ്യാഖ്യാനിക്കാനും അവസരം നൽകണം. ഒപ്പംതന്നെ പരിചിതമായ പഴഞ്ചൊല്ലുകൾ സംഭാഷണത്തിലും എഴുത്തിലും പ്രയോഗിക്കാൻ പ്രോത്സാഹിപ്പിക്കുകയും വേണം. കുട്ടികൾ ദൈനംദിനം സ്വതന്ത്രമായി നടത്തുന്ന സംഭാഷണങ്ങളിലും എഴുത്തിലും സാധ്യമായ സന്ദർഭങ്ങലിൽ പഴഞ്ചൊല്ലുകള കൂട്ടിച്ചേർക്കാൻ നാം സഹായിക്കണം.

അങ്ങനെ കൂട്ടിച്ചർക്കുമ്പോൾ ഭാഷയ്ക്കു കൈവന്ന ശക്തിയും ചാരുതയും തിരിച്ചറിയാനും അവസരമൊരുക്കണം.

ഇതു ക്ലാസിൽ പ്രദർശിപ്പിക്കുന്നു. അതിലെ പഴഞ്ചൊല്ലുകൾ കുട്ടികൾ കണ്ടെത്തട്ടെ. ഇതിനായി അപ്പത്തിൽകല്ലും മുറ്റത്തിടപാടും എന്ന വായനാ ടെക്സ്റ്റ് കുട്ടികൾക്ക് വ്യക്തമായി വായിക്കാൻ കഴിയും വിധം ടീച്ചർ പ്രദര്ശിപ്പിക്കുമല്ലോ. വ്യക്തിഗതമായ വായനക്കുശേഷം ടീച്ചറോടൊത്തും ഈ ഭാഗം കുട്ടികൾ നന്നായി വായിക്കട്ടെ.

- സൈക്കിൾ വാങ്ങാനുള്ള പണം എങ്ങിനെയാണ് ഉണ്ടാക്കിയതെന്ന് ബാബു അറിയേണ്ടതില്ല. ഇതിനായി അമ്മ പറയുന്നതെന്താണ്? കണ്ടെത്തൂ.
- സൈക്കിളിന്റെ കാര്യം പറയുമ്പോൾ ആപ്പത്തിന്റെയും കുഴിയുടെയും കാര്യം കൂട്ടിച്ചേർത്തതെന്തിനാവും? [ഇതൊരു പഴഞ്ചൊല്ലാണ്. ഒരു പ്രവൃത്തിയുടെ അവസാനം കിട്ടുന്ന നേട്ടം അനുഭവിച്ചാൽ പോരെ അതിന്റെ കഷ്ടപ്പാടുകൾ എണ്ണിയെണ്ണി ബുദ്ധിമുട്ടേണ്ടതുണ്ടോ എന്നതാണ് ഇതിന്റെ ആശയം]
- ഇതുപോലെയുള്ള മറ്റേതെല്ലാം പ്രയോഗങ്ങൾ ഈ എഴുത്തിലുണ്ട് ?
-

ഓരോ പഴഞ്ചൊല്ലിന്റെയും ആശയം സന്ദർഭവുമായി ബന്ധപ്പെടുത്തി പറയട്ടെ. പഴഞ്ചൊല്ലും ആശയവും നോട്ട്ബുക്കിൽ പകർത്താം.

**<u>കടങ്കഥകൾ</u>**

ഉത്തരം കണ്ടെത്തൂ

- ചില്ലു കൂട്ടിലെ ഓലപ്പടക്കം
  കാശു കൊടുത്താൽ കറു മുറു തിന്നാം (സമൂസ )

ആഹാരവുമായി ബന്ധപ്പെട്ട ഇത്തരത്തിലുള്ള കടങ്കഥകൾ ശേഖരിക്കൂ.

**<u>പലഹാരവിവരണം</u>**

വ്യത്യസ്ത പ്രവർത്തനങ്ങളിലൂടെ ഇതിനകം പലഹാരങ്ങളെപ്പറ്റി ഏറെ വിവരങ്ങൾ കുട്ടികൾക്കുണ്ട്. ഇവയെ ക്രമപ്പെടുത്തി ഒരു വിവരണം തയ്യാറാക്കുന്നതിലേക്ക് പ്രവേശിക്കാം.ആദ്യമായി ഓരോ കുട്ടിയും അവർക്ക് ഏറെ ഇഷ്ടപ്പെട്ട ഒരു പലഹാരം തിരഞ്ഞെടുക്കുന്നു. ഒരേ പലഹാരം തിരഞ്ഞെടുത്തവരെ ഒരു ഗ്രൂപ്പാക്കാം. അറിയാവുന്ന വിവരങ്ങൾ വച്ച് ഓരോ ഗ്രൂപ്പും പലഹാരവിവരണം തയ്യാറാക്കി അവതരിപ്പിക്കട്ടെ. ഓരോന്നിന്റെയും നേട്ടകോട്ടങ്ങളെക്കിറിച്ച് ഓരോ ഗ്രൂപ്പും പ്രതികരിക്കട്ടെ. മികച്ച ഗ്രൂപ്പ് രചനയെ ആസ്പദമാക്കി ക്ലാസ്സിൽ ചർച്ച നടക്കട്ടെ .

- നല്ലൊരു വിവരണത്തിന് എന്തെല്ലാം പ്രത്യേകതകൾ ഉണ്ടായിരിക്കും?

സൂചകങ്ങൾ വികസിപ്പിക്കാം.

*<u>സൂചകങ്ങൾ</u>*

- പലഹാരത്തിന്റെ മികവ് സൂചിപ്പിച്ചിട്ടുണ്ട്.
- പലഹാരത്തിന്റെ രൂപം, നിറം, മണം, രുചി തുടങ്ങിയവയെപ്പറ്റി പറഞ്ഞിട്ടുണ്ട്.
- ആശയങ്ങൾ ക്രമപ്പെടുത്തി എഴുതിയിട്ടുണ്ട്.
- ചോദ്യം, ഉത്തരം , അത്ഭുതം, സംശയം, പരിഹാസം തുടങ്ങിയവ സൂചിപ്പിക്കുന്ന തരത്തിലുള്ള പലതരം വാക്യങ്ങൾ എഴുതിയിട്ടുണ്ട്.

ടീച്ചർ വേർഷൻ

| |
|---|
| **ജിലേബി**<br><br>ഞാൻ ജിലേബി. എന്നെക്കുറിച്ചോർക്കുമ്പോൾ തന്നെ നിന്റെ വായിലൊരു കപ്പലോടിക്കാം, അല്ലെ? എടാ കൊതിയാ, എന്നെക്കുറിച്ച് നിനക്കെന്തറിയാം? നോക്കൂ, എന്നെ കാണാൻതന്നെ എന്തൊരു ചന്തമാണ്! ചൊകചൊകാന്നങ്ങനെ. ഞങ്ങളിൽ ചിലർ മഞ്ഞനിറത്തിലാണ്. മറ്റു ചിലരാവട്ടെ തനി വെള്ളയും. മൈദയും, പഞ്ചാരപ്പാവും ചേർന്നതാണ് എന്റെ ശരീരം. തിന്നാലും തിന്നാലും മതിയാവില്ല. എന്താ രുചി! എന്നെ ഒന്ന് തിന്നു നോക്കൂ. |

സൂചകങ്ങൾക്കനുസരിച്ച് ടീച്ചർ വേർഷൻ വിലയിരുത്തൽ. കുട്ടികൾ അവരെഴുതിയ വിവരണം സ്വയം മെച്ചപ്പെടുത്തുന്നു.

**<u>കണ്ടെത്താം എഴുതാം.</u>**

കണ്ട് - കണ്ടുകണ്ട് , കേട്ട് - കേട്ടുകേട്ട് ഇങ്ങനെ വാക്കുകൾ ആവർത്തിച്ച് ചേർത്തുപറയുമ്പോൾ വാക്കർഥത്തിനു കിട്ടുന്ന ഊന്നൽ കുട്ടികൾ കണ്ടെത്തിപ്പറയട്ടെ. അത്തരം വാക്കുകൾ പാഠഭാഗത്തു നിന്നും കുട്ടികൾ കണ്ടെത്തുന്നു. [ചെറിയചെറിയ അലിയിച്ചലിയിച്ച് അങ്ങിനെയിങ്ങനെ...] തുടർന്ന് ഇത്തരത്തിൽ അറിയാവുന്ന മറ്റുവാക്കുകളും കുട്ടികൾക്കു കൂട്ടിച്ചേർക്കാം. കണ്ടെത്തിയ വാക്കുകൾ ടീച്ചർ ക്രോഡീകരിച്ചെഴുതുന്നു.
ഈ വാക്കുകളോട് കൂട്ടിച്ചേർക്കാവുന്ന മറ്റു വാക്കുകൾ കുട്ടികൾ ഗ്രൂപ്പ് തിരിഞ്ഞു കണ്ടെത്തട്ടെ. ഉദാ:- പറഞ്ഞുപറഞ്ഞു - കുഴങ്ങി/മടുത്തു/തളർന്നു.. ഇതിനായി ടീച്ചർ ചില ചോദ്യങ്ങൾ ചോദിക്കേണ്ടി വരും. പറഞ്ഞു പറഞ്ഞിട്ടെന്താണുണ്ടായത്? കേട്ടുകേട്ടിട്ടെന്താണുണ്ടായത്? എന്നിങ്ങനെ. ഗ്രൂപ്പുകളുടെ കണ്ടെത്തലുകൾ ടീച്ചർ അതത് വാക്കുകൾക്ക് നേരെ എഴുതിച്ചേർക്കുന്നു. നോട്ടുബുക്കിലേക്ക് പകർത്താം.

**<u>കഥ പൂർത്തിയാക്കാം</u>**

- ചോണനും മണിയനും അപ്പച്ചന്തയിലെത്തിയോ?
- അവർക്കപ്പം കിട്ടിക്കാണുമോ ? പിന്നീടെന്തൊക്കെ സംഭവിച്ചിരിക്കും?

കുട്ടികൾ അപ്പാണ്യക്കഥയുടെ ബാക്കിഭാഗം സങ്കൽപ്പിച്ചു പറയട്ടെ. വ്യക്തിഗതമായി അവതരിപ്പിക്കാൻ ചിലർക്ക് അവസരം നൽകിയശേഷം ചെറിയ

ഗ്രൂപ്പുകളാക്കിത്തിരിക്കാം. ഗ്രൂപ്പിൽ എല്ലാവരും കഥ പറയുന്നു. മറ്റുകുട്ടികൾ മെച്ചപ്പെടുത്തൽ നിർദേശം നൽകുന്നു. തുടർന്ന് ഓരോ ഗ്രൂപ്പിന്റെയും ഉൽപ്പന്നമായി കഥ തുടർന്നെഴുതി അവതരിപ്പിക്കുന്നു. [ഗ്രൂപ്പുകൾ അവതരിപ്പിച്ച കഥകൾ വീഡിയോ റെക്കോർഡ് ചെയ്ത് ക്ലാസ് ഗ്രൂപ്പുകളിൽ പങ്കുവെക്കാം.] ഗ്രൂപ്പുകൾ പരസ്പരം മെച്ചപ്പെടുത്താനുള്ള നിർദേശങ്ങൾ നൽകുന്നു. മികച്ചൊരു കഥക്കുവേണ്ട ഗുണങ്ങളെന്തൊക്കെയാണ്? പൊതുചർച്ചയിലൂടെ സൂചകങ്ങൾ വികസിപ്പിക്കുന്നു.

സൂചകങ്ങൾ

- നേരത്തെയുള്ള കഥയുടെ തുടർച്ച തോന്നുന്നുണ്ട്.
- തുടർന്നെഴുതിയ കഥയിലെ സംഭവങ്ങൾ തമ്മിൽത്തമ്മിൽ ചേർച്ചയും തുടർച്ചയും വളർച്ചയുമുണ്ട്.
- കഥയിൽ സംഭാഷങ്ങൾ, വിവരണങ്ങൾ, കഥാപാത്രങ്ങളുടെ വിചാരങ്ങൾ തുടങ്ങിയവയുണ്ട്.
- 

ടീച്ചർ വേർഷനായി 'അപ്പാണ്യത്തിനുപോയ പലഹാരക്കൊതിയന്മാർ' എന്ന കഥയിലെ തുടർന്നുള്ള കുറച്ചു ഭാഗം അവതരിപ്പിക്കാവുന്നതാണ്. സൂചകങ്ങൾ എത്രമാത്രം ഈ കഥയോട് യോജിക്കുന്നുവെന്ന് പൊതുചർച്ചക്ക് വിധേയമാക്കാം.സ്വയം രചിച്ച കഥ കുട്ടികൾ സൂചകത്തിന്റെ വെളിച്ചത്തിൽ മെച്ചപ്പെടുത്തിയെഴുതുന്നു. ഇത് ക്ലാസ്സിന്റെ കഥാപതിപ്പായി സ്കൂൾ അസംബ്ലിയിൽ പ്രകാശിപ്പിക്കാം.

'അപ്പാണ്യത്തിനുപോയ പലഹാരക്കൊതിയന്മാർ' എന്ന പുസ്തകം ക്ലാസ് ലൈബ്രറിയിൽ ലഭ്യമാക്കണം. കഥയുടെ ബാക്കിഭാഗം അറിയാൻ കുട്ടികൾ പുസ്തകം വായിക്കട്ടെ.

അപ്പാണ്യത്തിനുപോയ പലഹാരക്കൊതിയന്മാർ - വിജയൻ കോതമ്പത്ത്
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്.

## <u>കഥ കേൾക്കാം.</u>

കുട്ടികൾക്ക് ഒരു പലഹാരക്കഥ പരിചയപ്പെടുത്താനായി ഈ കഥ ഉപയോഗിക്കാം. ടീച്ചർ ഭാവാത്മകമായി കഥ അവതരിപ്പിക്കണം.

**<u>നാത്തടി</u>**

കേശവൻ ഒരു വീട്ടിൽ പണിക്കു പോയി. അവിടെ അന്നുണ്ടാക്കിയ പലഹാരം കൊഴുക്കട്ട ആയിരുന്നു. പണി കഴിഞ്ഞപ്പോൾ ചായയോടൊപ്പം കൊഴുക്കട്ടയും കേശവന് കിട്ടി. ആദ്യമായിട്ടാണ് കേശവൻ കൊഴുക്കട്ട കാണുന്നത്. തിന്നപ്പോൾ നന്നായി ഇഷ്ടപ്പെട്ടു. "ഇദ്നെന്താ പറയാ?" കേശവൻ ചോദിച്ചു. "കൊഴുക്കട്ടേണ് "

വീട്ടമ്മ പറഞ്ഞു.
വീട്ടിൽ ചെന്ന് ഭാര്യയോട് ഇതുണ്ടാക്കിത്തരാൻ പറയണം എന്നുറച്ചു കൊണ്ട് കേശവൻ അവിടെ നിന്നിറങ്ങി. നടന്നു നടന്നു പോകുമ്പോൾ പലഹാരത്തിന്റെ പേര് കേശവൻ മനസ്സിലങ്ങനെ പറഞ്ഞുകൊണ്ടിരുന്നു. "കൊഴുക്കട്ട ... കൊഴുക്കട്ട ......
വരമ്പത്തുകൂടെ അങ്ങനെ നടക്കുമ്പോൾ *ഒരറ്റക്കഴായ അതാ മുമ്പിൽ . അതിലിറങ്ങിക്കയറാൻ മടിച്ച് ഒരടി പിന്നോക്കം മാറി നിന്ന് **'ന്നത്തടി'** എന്നും പറഞ്ഞ് കേശവൻ അപ്പുറത്തേയ്ക്ക് ഒരു ചാട്ടം കൊടുത്തു.
ചാട്ടത്തോടെ കേശവന്റെ നാവിൽ തുമ്പിൽ നിന്ന് 'കൊഴുക്കട്ട' പറപറന്നു. അത് **'ന്നത്തടി'** എന്നായി. വീട്ടിൽ ചെന്ന ഉടൻ അയാൾ ഭാര്യയെ വിളിച്ചു പറഞ്ഞു: “ഇന്ന് ഞാൻ പോയ വീട്ടിൽ **ന്നത്തട്യാ**യ്ര്ന്നു പലഹാരം. നല്ല രസംണ്ട്. നമുക്കുംണ്ടാക്കണം "
ഭാര്യയ്ക്ക് ഒന്നും മനസ്സിലായില്ല. അവർ പകച്ചങ്ങനെ നിന്നു . **"ന്നത്തട്യോ?** അങ്ങനൊരു പലഹാരണ്ടോ ? ങ്ങക്ക് തെറ്റീതാവും. "
കേശവന് കലശലായ ദേഷ്യം വന്നു.
"തെറ്റ്വേ, ഞാൻ തിന്നതല്ലേ? ഇങ്ങനെ ഉരുണ്ട്ട്. **ന്നത്തട്യ**ന്നെ **ന്നത്തടി** "
"ങ്ങക്ക് പ്രാന്താണ്. ഉരുണ്ട്ട് ന്തൊക്കെ പലഹാരം ണ്ട്!"
ഇതും കൂടി കേട്ടപ്പോൾ കേശവൻ കലിതുള്ളി ഭാര്യയെ തല്ലാൻ ചെന്നു.

ഉന്തുംതള്ളിനുമിടയ്ക്ക് കേശവന്റെ നെറ്റി കട്ടിളപ്പടിയിൽ ഒരൊറ്റ മുട്ട് . നെറ്റിയും പൊത്തിപ്പിടിച്ച് നിൽപ്പുനിന്നു, കേശവൻ. ഇതു കണ്ട ഭാര്യ ഓടിച്ചെന്ന് കേശവന്റെ നെറ്റി തടവിക്കൊണ്ടു പറഞ്ഞു: “അയ്യോ, കൊഴുക്കട്ട പോലെ മൊഴച്ചൂലോ! "

വേദനക്കിടയിലും കേശവൻ തുള്ളിച്ചാടിക്കൊണ്ടു പറഞ്ഞു:
"അതന്നെ ഞാൻ പറഞ്ഞ പലഹാരം, കൊഴുക്കട്ട ..... കൊഴുക്കട്ട .....”

-നാടോടിക്കഥ

***അറ്റക്കഴായ-** മുകളിലെ കണ്ടത്തിൽ [കൃഷിസ്ഥലം] നിന്ന് താഴത്തെ കണ്ടത്തിലേക്ക് വരമ്പ് മുറിച്ചുനിർമ്മിച്ച വെള്ളം ഒഴുകുന്നതിനുള്ള ചാൽ.

ഇത്തരം പലഹാരക്കഥകൾ കുട്ടികൾക്ക് ശേഖരിക്കാവുന്നതാണ്.

# മഴത്തുള്ളിപ്പിണക്കം

ഈ യൂണിറ്റിലെ രണ്ടാമത്തെ പാഠമാണിത്. മാലിന്യസംസ്ക്കരണത്തിന്റെ പ്രസക്തിയും പ്രാധാന്യവുമാണ് പാഠത്തിന്റെ ആശയമേഖല. ഇതിനുതകുന്ന രചനകളും പ്രവർത്തനങ്ങളുമാണ് ഉള്ളടക്കമായി ക്രമീകരിച്ചിട്ടുള്ളത്.

**കാലവർഷത്തിൻെറ എഴുന്നള്ളത്ത്**

പി കുഞ്ഞിരാമൻനായരുടെ ആത്മകഥയാണ് **'കവിയുടെ കാൽപ്പാടുകൾ'.** ഇതിൽ നിന്നുള്ള ചെറിയൊരു ഭാഗമാണ് 'കാലവർഷത്തിൻെറ എഴുന്നള്ളത്ത്'.

പാഠഭാഗത്തിലേക്ക് പ്രവേശിക്കാൻ പേജ് 46 ലെ ചിത്രം പ്രയോജനപ്പെടുത്താം.

**ചിത്രവായന**

- ചിത്രത്തിലെന്തെല്ലാമാണ് കാണുന്നത്?
- ചിത്രം സൂചിപ്പിക്കുന്ന കാലമേതാണ്?വേനൽക്കാലം, മഴക്കാലം,മഞ്ഞുകാലം ഇവയിലേതിനെ സൂചിപ്പിക്കുന്നു?
- നിങ്ങളുടെ ചില മഴക്കാല അനുഭവങ്ങൾ പറയാമോ?

കുട്ടികൾ പ്രതികരിക്കട്ടെ.

കവി പി കുഞ്ഞിരാമൻനായരുടെ മഴക്കാല അനുഭവങ്ങൾ ഒന്ന് വായിക്കാം. കുട്ടികൾ വ്യക്തിഗതമായി പാഠഭാഗം വായിക്കുന്നു. തുടർന്ന് കുട്ടികളും ടീച്ചറും ചേർന്നുള്ള വായന.

**ചർച്ചചെയ്യാം കണ്ടെത്താം**

പാഠഭാഗത്തിലെ ആശയങ്ങൾ കുട്ടികൾക്ക് ഗ്രഹിക്കാനാവുന്നതാവണം ചർച്ച. പാഠത്തിലെ ചോദ്യസൂചനകൾ ചർച്ചക്കുപയോഗിക്കാം. കൂടുതൽ ചോദ്യങ്ങൾ ഉപയോഗപ്പെടുത്താവുന്നതാണ്.

കുട്ടികൾക്ക് ഉത്തരം കണ്ടെത്താൻ ഉതകുന്ന തരത്തിൽ ടീച്ചറുടെ ഇടപെടൽ ഉണ്ടാവണം.

ഇടവഴികളും തോടുകളും എല്ലാം മഴത്തുള്ളിക്ക് സ്വതന്ത്രമായി ഒഴുകുന്നതിനുള്ള വഴികളാണ്. മനുഷ്യർ ഇവിടെയെല്ലാം മാലിന്യങ്ങൾ നിറച്ച് മഴത്തുള്ളിയുടെ വഴിമുടക്കുന്നു. മാലിന്യം മഴത്തുള്ളിയെയും മലിനമാക്കുന്നു. അതിന് ദുർഗന്ധം ഉണ്ടാകുന്നു. ഇത്തരം കാര്യങ്ങളെല്ലാം ചർച്ചയിൽ വരണം.

മഴത്തുള്ളിയുടെ സങ്കടം മാറ്റാൻ നമുക്കുചെയ്യാവുന്ന കാര്യങ്ങൾ കുറിപ്പായി എഴുതൂ.

**ഭൂമിയെ പൂങ്കാവനമാക്കുന്നവർ - ചിത്രവായന**

മലിനമാക്കപ്പെട്ട ഭൂമിയെ മഴത്തുള്ളി വൃത്തിയാക്കുന്നതുപോലെ ഒരു കൂട്ടം മനുഷ്യർ നടത്തുന്ന മാലിന്യസംസ്കരണപ്രവൃത്തിയെ സൂചിപ്പിക്കുന്ന സർഗാത്മക ആവിഷ്കാരമാണ് ശ്രീജ പള്ളത്തിന്റെ ചിത്രം - 'ഇന്നിന്റെ കാഴ്ച്ചകൾ'.

ചിത്രം എന്തൊക്കെയാണ് നമ്മോട് പറയുന്നത് എന്ന് ചർച്ചയ്ക്ക് വിധേയമാക്കണം. ചിത്രത്തെ രണ്ടു തരത്തിൽ വായിച്ചെടുക്കാം. ചിത്രത്തിൽ നേരിട്ടു കാണുന്ന ദൃശ്യത്തിന്റെ വായന. ആ ദൃശ്യങ്ങളിലൂടെ സൂചിപ്പിച്ച ആശയങ്ങളുടെ വായന.

ദൃശ്യവായന

- ചിത്രത്തിൽ എന്തൊക്കെ കാണാനുണ്ട്?
- ചിത്രത്തിൽ കാണുന്ന മനുഷ്യർ എന്താണ് ചെയ്യുന്നത്? [മാലിന്യം വേർതിരിക്കുന്നു.]

ആശയവായന.

- കുന്നുകൂടിക്കിടക്കുന്ന ഈ മാലിന്യങ്ങൾ എവിടെനിന്നു കൊണ്ടുവന്നതാവും? [വീടുകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് ]
- നിങ്ങളുടെ വീട്ടിൽ ഒരു മാസത്തിൽ എന്തൊക്കെ പ്ലാസ്റ്റിക് മാലിന്യങ്ങൾ ഉണ്ടാവുന്നുണ്ട്?
- എങ്കിൽ നൂറ് വീടുകളിൽനിന്ന് എത്രമാത്രം മാലിന്യങ്ങളുണ്ടാവാൻ ഇടയുണ്ട്?
- മാലിന്യങ്ങളൊക്കെ ചുറ്റുപാടും വലിച്ചെറിഞ്ഞാൽ എന്താവും സ്ഥിതി?
- എങ്കിൽ ഈ മാലിന്യങ്ങളൊക്കെ ആരാവും ശേഖരിക്കുന്നത്? [കേരളത്തിലെ ഓരോ എല്ലാ ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളും അതത് പ്രദേശത്തെ ഖരമാലിന്യങ്ങൾ ശേഖരിക്കാനും മറ്റുമായി ചിലരെ ചുമതലപ്പെടുത്തിയിട്ടുണ്ട് . ഇവരാണ് ഹരിതകർമ്മ സേന. നമ്മുടെ ഭൂമിയെ പച്ചപിടിപ്പിക്കുന്നവർ - സുന്ദരമാക്കുന്നവർ എന്ന അർത്ഥത്തിലാണ് ഇവർക്ക് ഹരിതകർമ്മസേന എന്നു പേരിട്ടിരിക്കുന്നത്.]
- ഹരിതകർമ്മസേനാംഗങ്ങൾ വീട്ടിൽ വരാറുണ്ടോ ?
- എന്തൊക്കെയാണ് അവർ ചെയ്യുന്ന പ്രവർത്തനങ്ങൾ എന്നറിയാമോ ?
- ഹരിതകർമ്മസേനാംഗങ്ങൾ വീടുകളിൽ നിന്ന് എന്തൊക്കെ മാലിന്യങ്ങളാണ് ശേഖരിക്കുക?
- അവരുടെ സേവനങ്ങൾകൊണ്ട് നമുക്ക് എന്തെല്ലാം ഗുണങ്ങളാണ് ഉള്ളത്?

ഹരിതകർമ്മസേനാംഗങ്ങളുടെ പ്രവർത്തനംകൊണ്ടുണ്ടാകുന്ന ഗുണങ്ങളെപ്പറ്റി ചർച്ചയിലൂടെ ഉരുത്തിരിയുന്ന കാര്യങ്ങൾ ടീച്ചർ ക്രോഡീകരിച്ചെഴുതുമല്ലോ.

**മൈനക്കൊരു കത്ത്**

കുട്ടികൾ കത്തുവായിക്കുന്നു.

- പ്ലാസ്റ്റിക്കിന്റെ സങ്കടമെന്താണ്?
- അതിന് സന്തോഷം വരാൻ എന്തു ചെയ്യണം?
- ബിസ്കറ്റ് കവർ ആണ് ഇവിടെ സങ്കടം പറഞ്ഞത്. ഇതുപോലെ മറ്റാരെല്ലാം സങ്കടം പറയാൻ സാധ്യതയുണ്ട്?

ബിസ്കറ്റ് കവറിൽ കുടുങ്ങി പ്രയാസം അനുഭവിച്ചത് പരൽ മീനാണല്ലോ. ഇതുപോലെ മാലിന്യം മനുഷ്യൻ അലക്ഷ്യമായി വലിച്ചെറിയുന്നതിലൂടെ പ്രയാസം അനുഭവിക്കുന്ന ആരെല്ലാം ഉണ്ടാകും?

ഇവരെല്ലാം കത്തെഴുതാൻ തുടങ്ങിയാൽ എന്താവും സ്ഥിതി?

എത്രയെത്ര കത്തുകളാണ് മനുഷ്യന് ലഭിക്കുക!

ഇക്കൂട്ടത്തിലൊരാൾ എഴുതിയ കത്ത് നമുക്കൊന്ന് തയ്യാറാക്കിയാലോ?

- മഷി തീർന്ന പേന
- വലിച്ചെറിഞ്ഞ പേപ്പർഗ്ലാസ്
- ഉപേക്ഷിച്ച കളിപ്പാട്ടങ്ങൾ
- 
- 

കുട്ടികൾ വ്യക്തിഗതമായി കത്തെഴുതുന്നു. നിശ്ചിത ഘട്ടങ്ങളിലൂടെ സൂചകങ്ങൾ രൂപീകരിക്കുന്നു.

സൂചകങ്ങൾ

- സ്ഥലം, തിയ്യതി, ആരെഴുതുന്നു,ആർക്കെഴുതുന്നു,എന്നീ വിവരങ്ങളുണ്ട്.
- ശരിയായ തുടക്കവും ഒടുക്കവുമുണ്ട്.
- അറിയിക്കാനുള്ള പ്രധാനകാര്യം ഉള്ളിൽതട്ടുന്ന വിധം ചുരുക്കിയെഴുതിയിട്ടുണ്ട്.
- വായിക്കുന്നവർക്ക് സ്നേഹവും സൗഹൃദവും തോന്നുന്ന രീതിയിലാണ് എഴുതിയിട്ടുള്ളത്.

സൂചകങ്ങളുമായി പാഠഭാഗത്തെ കത്തിനെ തട്ടിച്ചുനോക്കി, കുട്ടികളെഴുതിയ കത്ത് സ്വയം മെച്ചപ്പെടുത്തുന്നു.

**ഹരിതകർമ്മസേനയെ പരിചയപ്പെടാം - അഭിമുഖഭാഷണം**

ഹരിതകർമ്മസേനാംഗങ്ങളുമായി അഭിമുഖഭാഷണം നടത്താം. ഇതവരെ ആദരിക്കുന്നൊരു പരിപാടി കൂടിയാണ്. അവരോട് ഉന്നയിക്കുന്ന ചോദ്യങ്ങൾ രൂപപ്പെടുത്താൻ ക്ലാസ്സിൽ വ്യക്തിപരമായ ചോദ്യരചന, ഗ്രൂപ്പിൽ മെച്ചപ്പെടുത്തൽ,

പൊതു അവതരണം, ചോദ്യങ്ങളുടെ തിരഞ്ഞെടുപ്പ് തുടങ്ങിയ പ്രവർത്തനങ്ങൾ നടക്കണം.

*<u>ചില ചോദ്യസൂചനകൾ</u>*

- പ്ലാസ്റ്റിക്ക് മാത്രമാണോ ശേഖരിക്കുന്നത്?
- ഈ ജോലിയുമായി ബന്ധപ്പെട്ട് എന്തെങ്കിലും ബുദ്ധിമുട്ടുകൾ അനുഭവപ്പെടാറുണ്ടോ?
- എന്തൊക്കെ തൊഴിലുപകരണങ്ങളാണ് ഈ പ്രവർത്തനത്തിന് ആവശ്യമായിട്ടുള്ളത് ?
- പ്ലാസ്റ്റിക് മാത്രമാണോ ശേഖരിക്കുന്നത്?
-

യന്ത്രികമായ ചോദ്യോത്തരപരിപാടി എന്നതിനപ്പുറം സ്നേഹപൂർണമായ വർത്തമാനമാക്കി അഭിമുഖഭാഷണത്തെ മാറ്റാൻ ടീച്ചർ ശ്രദ്ധിക്കുമല്ലോ. അഭിമുഖഭാഷണം ഫോണിൽ റെക്കോർഡ് ചെയ്യുന്നത് നന്നായിരിക്കും. അഭിമുഖഭാഷണത്തിൽ നിന്ന് കിട്ടുന്ന വിവരങ്ങൾ രേഖപ്പെടുത്താൻ ഏതാനും കുട്ടികളെ ചുമതലപ്പെടുത്താവുന്നതാണ്. അഭിമുഖം തീരുന്ന മുറക്ക് ഈ കുട്ടികൾ ഇതവതരിപ്പിക്കട്ടെ. ആ സമയത്ത് വേണ്ടുന്ന ഇടപെടലുകൾ നടത്തി ഓരോ പോയിന്റും പൂർണ്ണമാക്കി ടീച്ചർ ചാർട്ടിലെഴുതി ക്രോഡീകരിക്കുന്നു. കുട്ടികൾക്കിത് നോട്ട്ബുക്കിലേക്ക് പകർത്താം.

**ചർച്ച**

എനിക്കു ദു:ഖമുണ്ടെന്റെ
ഇന്ത്യ നന്നായിടാത്തതിൽ
എനിക്കു ദുഃഖമില്ലെന്റെ
ഇന്ത്യ ഞാനും നന്നാക്കിടാത്തതിൽ
-കുഞ്ഞുണ്ണി മാഷ്

ടീച്ചർ വരികൾ ഉറക്കെ ചൊല്ലുന്നു. കുട്ടികൾ ഏറ്റു ചൊല്ലുന്നു.

- ഞാനെന്തിനാണ് ദുഖിക്കുന്നത്?
- എനിക്ക് ദുഖമില്ല എന്നും ഇതിൽ പറയുന്നുണ്ട്. എന്തിലാണ് എനിക്ക് ദുഃഖമില്ലാത്തത്?
- ഹരിതകർമ്മ സേനയുടെ പ്രവർത്തനം ഇല്ലെന്നു കരുതുക. എന്താവും സംഭവിക്കുക ? നമ്മുടെ ക്ലാസ്സ്മുറികളിൽ ,വീടുകളിൽ, വഴിയരികിൽ, കളിയിടങ്ങളിൽ, സ്കൂൾ പറമ്പിൽ...

- കുഞ്ഞുണ്ണിമാഷുടെ ഈ കവിത ചൊല്ലിയപ്പോൾ നാടിനെ നമുക്കെന്തെല്ലാം ചെയ്യാനുണ്ടെന്നാണ് തോന്നുന്നത്?
- 

ഇത്തരം ചോദ്യങ്ങളിലൂടെ ക്ലാസ്സിലൊരു ചർച്ച നടക്കുകയാണ് വേണ്ടത്. ശുചിത്വം ഉറപ്പാക്കാൻ നാം ചെയ്യേണ്ട കാര്യങ്ങൾ, അതിനുവേണ്ട സംവിധാനങ്ങൾ, ചുമതലക്കാർ തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്യണം.

**<u>ഓരോ വറ്റും പദ്ധതി ആരംഭിച്ചു</u>**

വീട്ടിലെ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനെപ്പറ്റി നാം ചർച്ച ചെയ്തല്ലോ

- സ്കൂളിൽ മാലിന്യം ഉണ്ടാവാനുള്ള സാഹചര്യം ഉണ്ടോ?
- സ്കൂളിൽ ഏതെല്ലാം തരത്തിലുള്ള മാലിന്യങ്ങൾ ഉണ്ടാവും?
- വിളമ്പിക്കിട്ടിയ ഭക്ഷണം പൂർണ്ണമായും കഴിക്കാറുണ്ടോ? ബാക്കി വന്നാൽ എന്താണ് ചെയ്യാറുള്ളത്?
- ഭക്ഷണം ബാക്കിയാക്കുന്നതും അത് കൊട്ടിക്കളയുന്നതും ശരിയാണോ?

ഉച്ചഭക്ഷണം പാഴാക്കുന്നതിനെതിരായി ഒരു സ്കൂൾ നടപ്പിലാക്കിയ പദ്ധതി ഒന്ന് വായിച്ചു നോക്കൂ..

**വാർത്തയുണർത്തിയ ചിന്തകൾ**

വാർത്ത വായിച്ചപ്പോൾ കുട്ടികളുടെ  മനസ്സിലേക്ക് വന്ന ചിത്രങ്ങൾ, സംഭവങ്ങൾ, വാർത്തകൾ, .. തുടങ്ങിയവ അവതരിപ്പിക്കട്ടെ.

- എന്താണ് ഓരോ വറ്റും പദ്ധതി ?
- അങ്ങനെയൊരു പദ്ധതി നടപ്പിലാക്കാൻ കാരണമെന്ത്?
- ഇതിലൂടെ ഉണ്ടായ നേട്ടങ്ങൾ എന്തെല്ലാം?

ഭക്ഷണം കിട്ടാതെ വരുന്നവരുടെ പ്രയാസങ്ങൾ, പാഴാവുന്ന ഭക്ഷണം ഉണ്ടാക്കുന്ന മാലിന്യ പ്രശ്നങ്ങൾ എന്നിവയുമായി ബന്ധപ്പെട്ടു കുട്ടികൾ പറയുന്ന കാര്യങ്ങൾ പ്രാധാന്യത്തോടെ ഉയർത്തിക്കാട്ടി ടീച്ചർ ചർച്ച നയിക്കണം. ഒടുവിൽ ഭക്ഷ്യക്ഷാമത്തിന്റെ തീവ്രതയും പാഴാക്കുന്ന ഭക്ഷണത്തിന്റെ ബാഹുല്യവും വ്യക്തമാക്കുന്ന ചിത്രങ്ങളും വാർത്തകളും ടീച്ചർ കാണിക്കുകയും ചെയ്യുന്നു. [വേണ്ട സാമഗ്രികൾ ഗൂഗിളിൽ നിന്നും എടുക്കുമല്ലോ.]

- ഭക്ഷണം പാഴാക്കാതിരിക്കാനുള്ള പദ്ധതികൾ നമ്മുടെ സ്കൂളിലും വേണ്ടേ? അതിനായി നമുക്കെന്തെല്ലാം ചെയ്യാനാവും? പറയൂ.

കുട്ടികളുടെ നിർദേശങ്ങൾ ചാർട്ടിൽ ക്രോഡീകരിക്കാവുന്നതാണ്.

## വിമല വിദ്യാലയം - നിയമാവലി

ഇപ്പോൾ നമ്മൾ പരിചയപ്പെട്ടത് ഒരു സ്കൂളിലെ ഉച്ചഭക്ഷണത്തിൽ നിന്നുള്ള മാലിന്യപ്രശ്നവും അത് മറികടന്ന രീതിയുമാണ്.

- ഇത് മാത്രമാണോ സ്കൂളിൽ മാലിന്യമുണ്ടാകുന്ന വഴി?
- മറ്റെന്തെല്ലാം തരത്തിൽ മാലിന്യങ്ങൾ ഉണ്ടാവുന്നുണ്ട്?
- ഇവ കുറക്കാനെന്താണ് വഴി?
- ഇതിനായി സ്കൂളിലുള്ളവർ (അധ്യാപകർ, കുട്ടികൾ)എന്തെല്ലാം ശീലങ്ങൾ പാലിക്കേണ്ടി വരും?

കുട്ടികൾ ചെറു ഗ്രൂപുകളിൽ ഈ മൂന്ന് കാര്യങ്ങളും ചർച്ച ചെയ്ത് തയ്യാറാക്കട്ടെ.

ഗ്രൂപ്പുകളുടെ അവതരണം. ഗ്രൂപ്പുകൾ അവതരിപ്പിക്കുമ്പോൾ ടീച്ചർ മൂന്ന് ശീർഷകങ്ങളിലായി ക്രോഡീകരിച്ചെഴുതുന്നു. (മാലിന്യം വരുന്ന വഴികൾ, കുറക്കാനുള്ള മാർഗങ്ങൾ , പാലിക്കേണ്ട ശീലങ്ങൾ). ഗ്രൂപ്പുകൾ ഓരോ കാര്യവും അവതരിപ്പിക്കുമ്പോഴും മറ്റു ഗ്രൂപുകാർക്ക് അതുമായി ബന്ധപെട്ടു അഭിപ്രായങ്ങൾ പറയാൻ അവസരം നൽകണം.

- ഈ ശീലങ്ങൾ നമ്മൾ മാത്രം പാലിച്ചാൽ മതിയോ ?
- സ്കൂളിലെ എല്ലാവരും (അദ്ധ്യാപകർ, കുട്ടികൾ, മറ്റുള്ളവർ )കൂടി പാലിക്കേണ്ടതല്ലേ? എങ്കിൽ ഇവയെ സ്കൂൾ നിയമാവലിയിലേക്ക് ചേർക്കപ്പെടേണ്ടതല്ലേ?

ചേർക്കേണ്ട നിർദേശങ്ങളെ ചർച്ച ചെയ്ത് അംഗീകരിക്കുന്നു. സ്കൂൾ അസ്സംബ്ലിയിൽ വച്ച് വിമലവിദ്യാലയം - നിയമാവലി പ്രഥമാധ്യാപകന് കൈമാറുന്നു.

## <u>പോസ്റ്റർ തയ്യാറാക്കൽ</u>

ചെറിയൊരു സന്ദേശവാക്യം, വര, നിറം എന്നിവകൊണ്ട് വലിയൊരാശയത്തെ പ്രകാശിപ്പിക്കുന്നതിനുള്ള ഭാഷാപരമായ കഴിവ് നേടുക എന്നതാണ് ഈ പ്രവർത്തനത്തിലൂടെ ലക്ഷ്യമിടുന്നത്. ചില മാതൃകകൾ പാഠപുസ്തകം പേജ് 51 ൽ ഉണ്ട്.

പോസ്റ്ററിൽ സൂചിപ്പിക്കുന്ന കാര്യം, വരച്ചു ചേർത്ത ചിത്രങ്ങൾ, അതിലുപയോഗിച്ച നിറം, അവയുടെ പരസ്പരബന്ധം എന്നിവയെല്ലാം കണ്ടെത്താൻ കുട്ടികളെ സഹായിക്കണം.

ഉദാഹരണത്തിന് താഴയുള്ള പോസ്റ്റർ നോക്കൂ

- ചേർത്ത് കോർത്ത കൈകളാണ് മുകളിൽ. എന്താവും ഇത് സൂചിപ്പിക്കുന്നത്? കൈകോർക്കൂ മാലിന്യമുക്ത കേരളത്തിനായി എന്നെഴുതിയിട്ടുമുണ്ട്. [ഒരാൾ ഒറ്റക്ക് ചെയ്തുതീർക്കേണ്ടതല്ല എല്ലാവരും ഒത്തുചേർന്ന് ചെയ്യണം]

- ഒരു ചവറ്റുകൊട്ടയിൽ ഏതാനും മാലിന്യങ്ങളും അടുത്തൊരു ചൂലും കാണുന്നില്ലേ? ഈ ചിത്രം നമ്മളോട് പറയുന്നതെന്താണ്? [മാലിന്യങ്ങൾ വലിച്ചുവാരിയെറിയരുത് പെറുക്കിയെടുത്തും അടിച്ചുവാരിയും ചവറ്റുകൊട്ടകളിൽ ശേഖരിക്കണം.]
- ഇലകളെയും പൂമ്പാറ്റകളെയും എന്തിനാണ് വരച്ചുചേർത്തിരിക്കുന്നത്? [മാലിന്യങ്ങളില്ലാത്ത നാടാണ് പച്ചപ്പുള്ള ചന്തമുള്ള നാട് ]

ഇത്തരത്തിലുള്ള ചോദ്യങ്ങളിലൂടെ ഓരോ പോസ്റ്ററും സൂക്ഷ്മമായി നോക്കാനും കാര്യങ്ങൾ കണ്ടെത്താനും കുട്ടികളെ നയിക്കണം.

മറ്റു ചില പോസ്റ്റർ കൂടി കുട്ടികൾക്ക് നിരീക്ഷണത്തിനായി നൽകാവുന്നതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ നേരത്തെ തയ്യാറാക്കിയ പോസ്റ്റർ സൂചകങ്ങൾ മനസ്സിൽ വച്ച് ഓരോ കുട്ടിയും പോസ്റ്റർ തയ്യാറാക്കട്ടെ. പോസ്റ്റർസൂചകങ്ങൾ കുട്ടികളുടെ ശ്രദ്ധയിൽപ്പെടുത്തുമല്ലോ. തയ്യാറാക്കിയ പോസ്റ്റർ കൈമാറി വിലയിരുത്തട്ടെ. കണ്ടെത്തിയ നിർദേശങ്ങൾ പരിഗണിച്ച് മെച്ചപ്പെടുത്തലുകൾ നടത്തട്ടെ. കൂടുതൽ സഹായം ആവശ്യമുള്ള കുട്ടികൾക്ക് പിന്തുണയും കൈത്താങ്ങും നൽകി മെച്ചപ്പെടുത്താൻ സഹായിക്കുമല്ലോ. തയ്യാറാക്കിയ പോസ്റ്ററുകൾ പുറംചുമർ പ്രദർശനത്തിനുപയോഗിക്കാം.

**അധ്യാപക പരിശീലനത്തിലേക്ക്**

ഖണ്ഡികാകരണത്തിന്റെ യുക്തി കുട്ടികളിൽ എങ്ങനെ വികസിപ്പിച്ചെടുക്കും ?

# 3
# മനുഷ്യൻെറ കൈകൾ

ആമുഖം

തുടർച്ചയായി ജീവിതം പുതുക്കുന്നവരാണു മനുഷ്യർ. ചുറ്റുപാടിൽ കൂട്ടായി ഇടപെട്ടു മാറ്റം വരുത്തിയാണ് മനുഷ്യർ ജീവിതം മെച്ചപ്പെടുത്തുന്നത്. മുൻകൂട്ടി ലക്ഷ്യമിട്ട മാറ്റങ്ങൾക്കായി പ്രകൃതിയിലും സമൂഹത്തിലും കൂട്ടായി ഇടപെടാനുള്ള മനുഷ്യരുടെ കഴിവിനെ അധ്വാനം എന്നു വിളിക്കാം. ചുരുക്കത്തിൽ അധ്വാനത്തിലൂടെയാണ് മനുഷ്യർ ജീവിതം പുതുക്കിവരുന്നത്.

കൂട്ടായി അധ്വാനിക്കണമെങ്കിൽ ഭാഷവേണം. പലരും ചേർന്നു ചെയ്യേണ്ട കാര്യങ്ങൾ നിശ്ചയിക്കാനും പലരുടെയും ആശയങ്ങളും ചിന്തകളും പ്രവൃത്തികളും കൂട്ടിയോജിപ്പിക്കാനും ഭാഷയില്ലാതെ സാധ്യമല്ല. അതായത് അധ്വാനത്തെ സംഘടിപ്പിക്കുന്നതും സംയോജിപ്പിക്കുന്നതും ഭാഷയാണ്. അധ്വാനത്തിൽ നിന്നുരൂപമെടുത്ത ഭാഷ അധ്വാനത്തെ സാധ്യമാക്കുന്ന ഉപാധി കൂടിയാണെന്നർത്ഥം. അധ്വാനമാവട്ടെ, ഭാഷയെ വളർത്തുന്നൊരടിത്തറയായും നിലകൊള്ളുന്നു.

അധ്വാനത്തിന്റെ പ്രയോഗരൂപങ്ങളാണ് വിവിധ തൊഴിലുകൾ. ഓരോ തൊഴിലും പുതിയ വാക്കുകളും പ്രയോഗങ്ങളും മറ്റും ഭാഷയിലേക്കുണ്ടാക്കിത്തരുന്നുണ്ട്. തൊഴിലുകളുടെ വൃദ്ധിക്ഷയങ്ങൾ ഭാഷയിലും പ്രതിഫലിക്കും. നെൽക്കൃഷി പ്രധാനതൊഴിലായിരുന്ന കാലത്തെ പല വാക്കുകളും പ്രയോഗങ്ങളും ഇപ്പോൾ കൊഴിഞ്ഞു പോയിക്കാണും. പകരം പുതിയ തൊഴിൽ മേഖലയിൽ നിന്നുള്ള വാക്കുകളും മറ്റും വന്നു കയറിയതായും കാണാനാവും. അതായത് ഭാഷയുടെ വളർച്ചയുടെയും മുന്നേറ്റത്തിന്റെയും പ്രധാനപ്പെട്ടൊരടിത്തറ തൊഴിലാണ്.

അധ്വാനവും തൊഴിലുമൊക്കെയായി കുട്ടികൾക്കെന്താണു ബന്ധം? കുട്ടികൾ ചുറ്റുപാടിൽ നടത്തുന്ന വലിയൊരിടപെടലാണു കളി . ഈ അർത്ഥത്തിൽ കളി എന്നത് കുട്ടികളുടെ അധ്വാനപ്രയോഗത്തിന്റെ രൂപമാണ്. മുതിർന്നവർ പലപ്പോഴും കുട്ടിക്കളികളെ അധ്വാനത്തിന്റെ വിപരീതദിശയിലാണ് സ്ഥാനപ്പെടുത്താറുള്ളത്. മുതിർന്നവർക്ക് അധ്വാനശേഷിയെ പുനരുൽപ്പാദിപ്പിക്കുന്ന വിനോദം മാത്രമാണ് കളി. എന്നാൽ കുട്ടികൾക്കത് സാർത്ഥകമായി ചുറ്റുപാടിലിടപെടാനും ജീവിതത്തെ മുന്നോട്ടുനയിക്കാനുമുള്ള ഉപാധിയാണ്. മുതിർന്നവരേർപ്പെടുന്ന

അധ്വാനത്തിലേതുപോലെ കുട്ടികളുടെ കളിക്കും ലക്ഷ്യങ്ങളുണ്ട്, അതു നേടാനുള്ള വഴികളുടെ ആസൂത്രണമുണ്ട്, കൂട്ടായ പ്രയത്നവുമുണ്ട്. അധ്വാനത്തിൽ നിന്നുള്ള അനുഭൂതിയും കളി അവർക്കു നൽകുന്നുണ്ട്. അതിനാൽ കുട്ടികളുടെ അധ്വാനരൂപമെന്നനിലയിൽ കളിയെയും തൊഴിലായി കാണാനാണ് ഇവിടെ ശ്രമിക്കുന്നത്.

തൊഴിലും ഭാഷയും തമ്മിലുള്ള ബന്ധമാണ് ഈ യൂണിറ്റിലെ പ്രധാന ഉള്ളടക്കം. തൊഴിലിന്റെ ഭാഷാപരമായ പരിചരണമാണ് ഇവിടെ ലക്ഷ്യമിടുന്നത്. (വിവിധ തൊഴിലുകളും അവയുടെ സവിശേഷതകളും പരിസരപഠനവുമായി ബന്ധപ്പെട്ട് തൊഴിൽ എന്ന മേഖലവരുമ്പോൾ പരിഗണിക്കപ്പെടും. ) തൊഴിലുമായി ബന്ധപ്പെടുന്ന വാക്കുകൾ, പ്രയോഗങ്ങൾ, പണിപ്പാട്ടുകൾ, തൊഴിലനുഭവങ്ങൾ എന്നിവയാക്കെയാണ് ഈ യൂണിറ്റിലെ പരിഗണനാവിഷയം. 'തൊഴിലും ഭാഷയും' എന്ന ഒറ്റപ്പാഠം മാത്രമേ ഈ യൂണിറ്റിലുള്ളൂ.

## യൂണിറ്റ് വിശകലനം

**പഠനലക്ഷ്യങ്ങൾ**

1. തൊഴിലുമായി ബന്ധപ്പെട്ട വിവരണം, പണിപ്പാട്ടുകൾ, കവിത, എന്നിവ വായിച്ചും ചൊല്ലിക്കേട്ടും സ്വയംവായിച്ചും ചൊല്ലിയും ചർച്ചചെയ്ത് ആശയം, സൗന്ദര്യാംശം [താളം, ഈണം, ആവർത്തനഭംഗി തുടങ്ങിയവ] കണ്ടെത്തുന്നതിൽ ആഹ്ലാദിക്കുക.
2. കണ്ടെത്തിയ കാര്യങ്ങൾ സ്വന്തം ഭാവന ചേർത്ത് ദൃശ്യാവിഷ്കാരം, കവിത, വിവരണം എന്നിവയിലൂടെ രസകരമായി പ്രകടിപ്പിക്കുക.
3. ടീച്ചറുടെ സഹായത്തോടെ വിലയിരുത്തൽ സൂചകങ്ങൾ വികസിപ്പിച്ച് സ്വന്തം രചനയും മറ്റുള്ളവരുടെ രചനയും മെച്ചപ്പെടുത്തുന്നതിൽ ആനന്ദിക്കുക.
4. ചിത്രം വായിച്ചാസ്വദിച്ച് സ്വന്തം അഭിപ്രായം പ്രകടിപ്പിക്കുക.
5. പുതിയപദങ്ങൾ, പ്രയോഗഭംഗികൾ, പദച്ചേരുവകൾ എന്നിവയുടെ അർഥം, ആശയം, ഔചിത്യം എന്നിവ സന്ദർഭങ്ങളിൽ നിന്നും നിഘണ്ടു നോക്കിയും കണ്ടെത്തുന്നതിന്റെ ആഹ്ലാദം അനുഭവിക്കുക. പുതിയ സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കുക.

**പ്രമേയം**

തൊഴിൽ എന്ന പ്രധാന പ്രമേയത്തെ മുൻനിർത്തിയാണ് ഈ യൂണിറ്റിലെ പഠനാനുഭവങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. തൊഴിൽവൈവിധ്യം, തൊഴിലും ഭാഷയും തമ്മിലുള്ള ബന്ധം എന്നിവയിലേക്ക് കുട്ടികളുടെ ചിന്തയെ നയിക്കാൻ ഉതകുന്ന പ്രവർത്തനങ്ങൾ യൂണിറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**ഉപപ്രമേയങ്ങൾ**

തൊഴിലും ഭാഷയും, തൊഴിലും സംസ്കാരവും എന്നിവയാണ് ഉപപ്രമേയങ്ങളായി സ്വീകരിച്ചിട്ടുള്ളത്. ഇവയിലൂന്നി നിന്ന് ചില കണ്ടെത്തലുകൾ നടത്താൻ ഈ യൂണിറ്റിലെ പ്രവർത്തനങ്ങൾ കുട്ടികൾക്ക് സഹായകമാവും.

**സാഹിത്യരൂപങ്ങൾ**

ഈ പാഠഭാഗത്ത് പ്രധാനമായും കവിത / പണിപ്പാട്ടുകൾ, വിവരണം, ഓർമ്മക്കുറിപ്പ് എന്നീ സാഹിത്യരൂപങ്ങളാണ് കുട്ടികൾക്കു പരിചയപ്പെടുത്തുന്നത്. സർഗാത്മകാവിഷ്ക്കാരരൂപമെന്ന നിലയിൽ ചിത്രത്തെ പരിചയപ്പെടാനും ഇവിടെ അവസരമുണ്ട്.

**ഭാഷാവസ്തുതകൾ**

പുതിയപദങ്ങൾ കണ്ടെത്താനും അവയെ അകാരാദിക്രമത്തിലെഴുതാനും, ശൈലികൾ, സമാനപദങ്ങൾ എന്നിവ കണ്ടെത്താനും പുതിയ സന്ദർഭങ്ങളിൽ പ്രയോഗിക്കാനും അവസരം നൽകണമെന്ന് ഈ യൂണിറ്റ് ലക്ഷ്യമിടുന്നു. ഒപ്പം സമസ്തപദങ്ങൾ പിരിച്ചെഴുതി അവയുടെ അർത്ഥം കണ്ടെത്തുന്നതിനും പദങ്ങൾ ചേർത്തെഴുതി സമസ്തപദങ്ങൾ രൂപപ്പെടുത്തുന്നതിനും ഇവിടെ അവസരമുണ്ട്. കൂടാതെ ചിഹനനം (പൂർണ്ണവിരാമം, അല്പവിരാമം, ചോദ്യചിഹ്നം), ഉചിതമായ രീതിയിൽ ഖണ്ഡികാകരണം എന്നിവയ്ക്കും കുട്ടികൾക്ക് അവസരം ലഭിക്കണമെന്ന് യൂണിറ്റ് ലക്ഷ്യം വന്നു. വാക്യങ്ങളിൽ ഉള്ളടങ്ങിയിട്ടുള്ള കർത്താവ്, കർമം, ക്രിയ എന്നിവ തിരിച്ചറിയാനും അവസരമൊരുക്കുന്നുണ്ട്.

**സമയം**

10 മണിക്കൂർ

## യൂണിറ്റ് ഗ്രിഡ്

ഈ യൂണിറ്റ് മുന്നോട്ടുവയ്ക്കുന്ന ആശയധാരണകൾ, ഇതുവഴി നേടേണ്ട ശേഷികൾ, മൂല്യങ്ങൾ, മനോഭാവങ്ങൾ, പാഠഭാഗത്തെ പ്രവർത്തനങ്ങൾ, പ്രകടിപ്പിക്കേണ്ട വ്യവഹാരരൂപങ്ങൾ, വിലയിരുത്തൽ സന്ദർഭങ്ങൾ എന്നിവ ഇങ്ങനെ സംഗ്രഹിക്കാം.

| **ആശയം, ധാരണ** | **ശേഷി, നൈപുണി** | **മൂല്യം, മനോഭാവം** | **പ്രവർത്തനം, പ്രക്രിയ (സംഗ്രഹം)** | **വ്യവഹ ◌ാര രൂപം** | **വിലയിരുത്തൽ സന്ദർഭം** |
|---|---|---|---|---|---|
| • തൊഴിലുകളുമായി ബന്ധപ്പെട്ട പലതരം വാക്കുകൾ ഭാഷയിലുണ്ട്.<br>•കൂട്ടായി എന്തെങ്കിലും ചെയ്യണമെങ്കിൽ തമ്മിൽത്തമ്മിൽ നിർദ്ദേശങ്ങൾ നൽകാനും സ്വീകരിക്കാനുമായി ഭാഷ കൂടിയേ തീരൂ.<br>•വിവിധ തൊഴിലുകളുമായി ബന്ധപ്പെട്ട് പലതരം വായ്ത്താരികളും ചൊല്ലുകളുമുണ്ട്.<br>•നാടൻപാട്ടിന്റെ ദൃശ്യാവിഷ്കാരത്തിൽ/ ചൊൽക്കാഴ്ചയിൽ താളത്തിൽ ചലിക്കുന്നതും ചൊല്ലുന്നതും പ്രധാനമാണ്.<br>•കവിതയിലും പാട്ടിലും പലതരം താളങ്ങളുണ്ട്. താളമിട്ട് ഓരോന്നും പാടുമ്പോൾ നല്ല രസമുണ്ടാവുന്നുണ്ട്.<br>•അക്ഷരങ്ങളുടെ ആവർത്തനംകൊണ്ട് കവിത കൂടുതൽ ഭംഗിയുള്ളതാവുന്നു.<br>•കവിതയെഴുതുമ്പോൾ വാക്കുകളുടെ തിരഞ്ഞെടുപ്പ് പ്രധാനമാണ്.<br>•ഉദ്ധരണികൾ, ചൊല്ലുകൾ, പ്രയോഗങ്ങൾ, ഉദാഹരണങ്ങൾ എന്നിവ വേണ്ടതു പോലെ ചേർക്കുമ്പോൾ അനുഭവ | •കവിതകളുടെ ദൃശ്യാവിഷ്കാരം/ ചൊൽക്കാഴ്ച്ച നടത്തുന്നു.<br>•ഗദ്യഭാഗങ്ങൾ മനസ്സിൽ തട്ടുന്നവിധം ഉചിതമായ ശബ്ദവ്യതിയാനത്തോടെ വായിക്കുന്നു.<br>•വായിച്ചു കേട്ട ഗദ്യഭാഗങ്ങളിലെ ആശയങ്ങളെ വിദശകലനം ചെയ്ത് കണ്ടെത്തുന്നു.<br>•സന്ദർഭങ്ങളിൽനിന്ന് പുതിയ പദങ്ങൾ, പദക്കൂട്ടുകൾ എന്നിവയുടെ അർത്ഥം കണ്ടെത്തുന്നു.<br>•തൊഴിലുമായി ബന്ധപ്പെട്ടുണ്ടായ പദങ്ങൾ, പ്രയോഗങ്ങൾ, ശൈലികൾ എന്നിവ കണ്ടെത്തുന്നു.<br>•ഖണ്ഡിക വേർതിരിച്ച് വിവരണങ്ങൾ തയ്യാറാക്കുന്നു.<br>•കവിതകൾ താളം കണ്ടെത്തി ചൊല്ലുന്നു.<br>•ഉചിതമായവാക്കുകൾ ചേർത്ത് സ്വന്തമായി വരികൾ രൂപപ്പെടുത്തുന്നു. | •തൊഴിലുമായി ബന്ധപ്പെട്ടുണ്ടായ പദങ്ങൾ, പ്രയോഗങ്ങൾ, ശൈലികൾ എന്നിവ സ്വന്തം ഭാഷാപ്രകടനങ്ങളിൽ ഉപയോഗിക്കുക.<br>•പുതിയ ഗദ്യഭാഗങ്ങൾ ഉചിതമായ ശബ്ദവ്യതിയാനങ്ങളോടെ വായിക്കുന്നു.<br>•തൊഴിലുമായ ബന്ധപ്പെട്ട ചൊല്ലുകൾ, പ്രയോഗങ്ങൾ എന്നിവ സംഭാഷണത്തിൽ താല്പര്യപൂർവ്വം ഉപയോഗിക്കുക.<br>•തുടർച്ചയായി വളരുന്നതാണ് ഭാഷ എന്നറിഞ്ഞുകൊണ്ട് സ്വന്തം എഴുത്തിലും ആവിഷ്ക്കാരങ്ങളില ◌ും പുതിയ പദക്കൂട്ടുകൾ കണ്ടെത്തി പ്രയോഗിക്കുന്നു.<br>•ജീവിതാനുഭവങ്ങളെ ചിത്രീകരിക്കുക | •ചിത്രം വായിച്ച് അഭിപ്രായപ്രകടനം നടത്തൽ<br>•ഗദ്യഭാഗങ്ങൾ മനസ്സിൽ തട്ടുന്നവിധം ഉചിതമായ ശബ്ദവ്യതിയാനത്തോടെ വായിക്കൽ.<br>•വായിച്ചു കേട്ട ഗദ്യഭാഗങ്ങളിലെ ആശയങ്ങളെ വിദശകലനം ചെയ്ത് കണ്ടെത്തൽ.<br>• ആശയങ്ങളുടെ ചിത്രീകരണം<br>•നിഘണ്ടു പരിശോധന, സ്വയം തയ്യാറാക്കൽ.<br>•ഖണ്ഡിക വേർതിരിച്ച് വിവരണം തയ്യാറാക്കൽ.<br>•യോജിച്ച വായ്ത്താരികൾ, വരികൾ ഉണ്ടാക്കൽ | •ദൃശ്യാവിഷ്ക്കാരം.<br>•വിവരണം.<br>•ചർച്ച. / അഭിപ്രായ പ്രകടനം.<br>•ചിത്രീകരണം.<br>•ഭാവാത്മകവായന. | • സ്വയം രചിക്കുന്ന വരികൾക്ക് അക്ഷരാവർത്തനംകൊണ്ടും മറ്റും മികവേറ്റൽ.<br>•ചിത്രങ്ങൾ വായിച്ച് അവയിലെ ആശയങ്ങൾ കണ്ടെത്തൽ.<br>•ചിത്രങ്ങളിലെ സൗന്ദര്യാംശം കണ്ടെത്തൽ.<br>•ചിത്രീകരണം നടത്തൽ.<br>•കൃത്യമായ സൂചകങ്ങൾ നിർദ്ദേശിക്കൽ.<br>•ചർച്ചയിലെ പങ്കാളിത്തം.<br>•അഭിനയിച്ച് ഒരാശയം സംവേദനം ചെയ്യൽ.<br>•വാക്യങ്ങൾ വായിച്ച് അവയുടെ ഘടനാപരമായ പൊതു പ്രത്യേകതകൾ തിരിച്ചറിയൽ.<br>•വിവരണത്തി |

| | | | | | |
|---|---|---|---|---|---|
| വിവരണം മെച്ചമാവുന്നുണ്ട്.<br>•പുതിയപദങ്ങൾ, പദക്കൂട്ടുകൾ എന്നിവ അനുഭവവിവരണത്തിന്റെ കരുത്തും ഭംഗിയും വർദ്ധിപ്പിക്കും.<br>•കണ്ടറിഞ്ഞതോ വായിച്ചറിഞ്ഞതോ ആയ ആശയങ്ങളെ ചിത്രീകരിക്കുന്നത് രസകരമായ അനുഭവമാണ്.<br>•ചർച്ചയിൽ പങ്കെടുക്കുന്നവർ വിഷയവുമായി ബന്ധപ്പെട്ട കാര്യങ്ങൾ യുക്തിപൂർവ്വം അവതരിപ്പിക്കണം. മറ്റുള്ളവരുടെ അഭിപ്രായത്തെ ക്ഷമാപൂർവ്വം മനസ്സിലാക്കി യോജിച്ചുകൊണ്ടോ വിയോജിച്ചുകൊണ്ടോ പ്രതികരിക്കു ബോഴാണ് ചർച്ച ഫലപ്രദമാകുന്നത്.<br>•വാക്കുകൾ ശരിയായ സന്ദർഭത്തിൽ പിരിച്ചെഴുതുകയോ ചേർത്തെഴുതുകയോ ചെയ്താൽ മാത്രമേ ശരിയായരീതിയിൽ ആശയം പ്രകടിപ്പിക്കാനാവൂ.<br>•ഒരു പ്രധാനാശയത്തെ വികസിപ്പിച്ചെഴുതുന്നതാണ് ഖണ്ഡിക. | •ഭാഷാപ്രകടനങ്ങളെ സൂചകങ്ങൾക്കനുസരിച്ച് വിലയിരുത്തി മെച്ചപ്പെടുത്തുന്നു.<br>•ചിത്രീകരണം നടത്തുന്നു<br>•ചിത്രങ്ങൾ വായിച്ച് അതിലടങ്ങിയ ആശയങ്ങൾ കണ്ടെത്തുന്നു.<br>•ചിത്രങ്ങൾ വായിച്ച് അവയുടെ സൗന്ദര്യാംശം കണ്ടെത്തുന്നു. | | •നാടൻപാട്ട്-ദൃശ്യാവിഷ്കാരം/ചൊൽക്കാഴ്ച. | | ലെ ഉദ്ധരണി, ചൊല്ല്, ഉദാഹരണങ്ങൾ, പുതിയ പദങ്ങൾ, പദച്ചേരുവകൾ എന്നിവയുടെ ഉചിതമായ ഉൾച്ചേർക്കൽ.<br>•കാര്യകാരണ ബന്ധത്തോടെ അഭിപ്രായപ്രകടനം നടത്തൽ.<br>•പണിപ്പാട്ടുകളുടെയും മറ്റഭിനയ ഗാനങ്ങളുടെയു ം ആവിഷ്ക്കരണ ം (പങ്കാളിത്തം, തന്മയത്വം.)<br>•അനുഭവ വിവരണത്തിലെ പൂർവാപര ബന്ധം, ആശയങ്ങൾ ക്രമപ്പെടുത്തിയുള്ള ഖണ്ഡികാകരണം നടത്തൽ<br>•വാക്കുകൾ, വാക്യങ്ങൾ എന്നിവ ഉചിതമായ സന്ദർഭങ്ങളിൽ ചേർത്തോ പിരിച്ചോ എഴുതുന്നു. |

## വാതിൽ

യൂണിറ്റിലേക്ക് പ്രവേശിക്കാനുള്ള വാതിൽ എന്ന നിലയിലാണ് 'കുഞ്ഞനുറുമ്പും കുട്ട്യോളും' എന്ന പാട്ടുൾപ്പെടുത്തിയിട്ടുള്ളത്.

### കുഞ്ഞനുറുമ്പും കുട്ട്യോളും

**എം വി മോഹനൻ**

പാലക്കാട് ജില്ലയിൽ പട്ടാമ്പിക്കടുത്ത് ചുണ്ടമ്പറ്റയിൽ ജനിച്ച എം വി മോഹനൻ കവിയും ഗാനരചയിതാവുമാണ്. അധ്യാപകനായി വിവിധ ഹൈസ്കൂളുകളിലും ഡയറ്റുകളിലും ജോലി ചെയ്തു. തപ്പുകുടുക്കയിലെന്തുണ്ട് എന്ന കൃതിയിൽ നിന്നുമെടുത്തതാണ് കുഞ്ഞനുറുമ്പും കുട്ട്യോളും എന്ന പാഠഭാഗം.

കുട്ടികളുടെ ചിന്തയെ തൊഴിലിലേയ്ക്കു നയിക്കാൻ സഹായിക്കുന്ന ഒരു പാട്ടാണിത്. അതോടൊപ്പം വരികളിൽ താളംകൊണ്ടും വാക്കിണക്കംകൊണ്ടും ഉണ്ടായിവരുന്ന ചന്തവും ശ്രദ്ധയിൽപ്പെടുത്താം.

### താളം

കൃഷ്ണഗാഥയിലെ വരികൾ ചൊല്ലുമ്പോഴുള്ള താളഘടന ഈ വരികൾക്കും ഏറെക്കുറെ ഇണങ്ങും. എല്ലാ ലഘു അക്ഷരങ്ങളും ഗുരുവാക്കി നീട്ടിച്ചൊല്ലുന്ന രീതിയാണല്ലോ കൃഷ്ണഗാഥയിലെ വരികൾക്കുള്ളത്. തക്കിട്ടാ.. തക്കിട്ടാ.. തക്കിട്ടാ.. തക്കിട്ടാ.. എന്നിങ്ങനെ ഒരു വരിയിൽ നാലു തക്കിട്ടകൾ ആവർത്തിക്കുന്ന മട്ടിലാണ് ഇതിലെ താളത്തിന്റെ സ്വഭാവം. ഈ താളക്രമം കുട്ടികൾക്ക് കണ്ടെത്താൻ കുട്ടികളെ സഹായിക്കാം.

- അറിയാവുന്നതുപോലെ വ്യക്തിഗതമായി കുട്ടികൾ കവിത ചൊല്ലുന്നു. ഗ്രൂപ്പുകളിൽ താളം കണ്ടെത്തുന്നു. ക്ലാസ്സിലവതരിപ്പിക്കുന്നു. താളത്തിന്റെ വായ്ത്താരി വ്യക്തിഗതമായി പറയട്ടെ. കുട്ടികൾ തക്കിട്ട എന്നുതന്നെ പറയണമെന്നില്ല. തിത്തെയ്യാ.. തിത്തെയ്യാ.. എന്നോ തിത്തിത്താ.. തിത്തിത്താ.. എന്നോ ഒക്കെ പാടിയേക്കാം. അതിനവർക്ക് സ്വാതന്ത്ര്യം നൽകണം. കുട്ടികൾക്ക് താളഘടന കണ്ടെത്താനവസരം ലഭിക്കുക എന്നതാണ് പ്രധാനം.
- താളം പാലിച്ചുകൊണ്ട് ടീച്ചറുടെ അവതരണം. കുട്ടികൾ ഏറ്റുചൊല്ലുന്നു.
- കുട്ടികൾ താളാത്മകമായി ചൊല്ലിയ കവിത ബാലസഭയിൽ അവതരിപ്പിക്കാം. കവിതയുടെ ഓഡിയോ സ്ക്കൂൾ /ക്ലാസ് നവമാധ്യമ ഗ്രൂപ്പുകളിൽ പങ്കിടാം.

### ശബ്ദഭംഗി

'കുന്നോളം കുറിയരിക്കൂമ്പാരം' എന്ന വരി ചർച്ചചെയ്യുന്നത് കവിതയിലെ പ്രാസഭംഗി അഥവാ ശബ്ദഭംഗി ശ്രദ്ധയിൽ കൊണ്ടുവരാനാണ്. ഇത്തരത്തിൽ അക്ഷരങ്ങൾ ആവർത്തിക്കുന്നതുകൊണ്ട് ഭംഗിയേറുന്ന വരികൾ ഈ കവിതയിൽ നിന്ന് കണ്ടെത്തട്ടെ.

ഉദാഹരണം :

- കുട്ട്യോളും കെട്ട്യോളും പൊടിപൂരം
- കൂടൊന്നു തീർക്കാൻ കുന്നോളം തൊരം
  വീടാക്കിമാറ്റാൻ മലയോളം

ഇത്തരം വരികൾ കുട്ടികൾ കണ്ടെത്തട്ടെ. കവിതയിലും ചൊൽവാഴക്കങ്ങളിലുമുള്ള ശബ്ദഭംഗി ശ്രദ്ധയിൽപ്പെടുത്താൻ താഴെക്കൊടുത്ത ചില വരികളും ഉപയോഗിക്കാം. ഇവ ചാർട്ട് പേപ്പറിൽ എഴുതി പ്രദർശിപ്പിക്കുമല്ലോ.

**അക്കുത്തിക്കുത്താന കളി**

- അക്കുത്തിക്കുത്താനവരമ്പ -
  ത്തക്കര നിക്കണ ചക്കിപ്പെണ്ണിന്റെ
  കയ്യോ കാലോ രണ്ടാലൊന്ന്
  തട്ടീ മുട്ടി മലർത്തിക്കള.

ഇതൊരു കളിപ്പാട്ടാണ്. ചാർട്ടിലെഴുതിയ വരികൾ ടീച്ചറും കുട്ടികളും ചേർന്ന് ചൊല്ലുന്നു. തകധിമി/തകധിമി/തകധിമി/തകധിമി എന്നിങ്ങനെ നാലു തകധിമികൾ ചേരുന്ന താളമാണ് ഒരു വരിക്കുള്ളത്. അതായത്

അക്കു/ത്തിക്കു/ത്താനവ/രമ്പ

ത്തക്കര/നിക്കണ/ചക്കി/പ്പെണ്ണിന്റെ/......എന്നിങ്ങനെ.

[പണ്ടൻ നായുടെ പല്ലിനു ശൗര്യം

പണ്ടേ പോലെ ഫലിക്കുന്നില്ല - എന്ന തുള്ളൽപ്പാട്ടിന്റെ താളം ഈ വരികളോടു പൊരുത്തപ്പെടും.]

ഇതെങ്ങനെ കളിക്കാം ?

കൈപ്പടം നിവർത്തി കമഴ്ത്തി വട്ടത്തിലിരിക്കുന്ന ഏതാനും കുട്ടികൾ. അതിലൊരാൾ ഒരു കൈകൊണ്ട് മുഷ്ടിപിടിച്ച് , മറ്റുകുട്ടികളുടെ കൈപ്പടത്തിൻമുകളിൽ പതുക്കെ കുത്തി താളമിട്ട് ഈ പാട്ട് ചൊല്ലും. ചൊല്ലുന്ന കുട്ടിയും തന്റെ കൈപ്പടം രണ്ടും കമഴ്ത്തി വച്ചിരിക്കുന്നുവെന്ന് ഭാവിച്ച് അവിടെയും താളമിടണം. അവസാന വാക്ക് [ക്കള] പറയുമ്പോൾ ആരുടെ കയ്യിലാണോ താളമിടുന്നത് ആ കൈപ്പത്തി മലർത്താം. ഇങ്ങനെ രണ്ടുകൈപ്പത്തികളും മലർത്താൻ കഴിയുന്നവർ കളിയിൽ വിജയിച്ചുകൊണ്ടിരിക്കും.

ഈ വരികളിൽ ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ കണ്ടെത്താമോ? ഇങ്ങനെ ആവർത്തിക്കുന്നത് കൊണ്ട് എന്താണ് ഗുണം? ചർച്ച. [ക്ക, ത്ത, ട്ട, ക,തുടങ്ങിയവയുടെ ആവർത്തനവും അത് ചൊല്ലുമ്പോൾ ഉണ്ടാകുന്ന ഭംഗിയും ശ്രദ്ധയിൽപ്പെടുത്തുമല്ലോ.]

കൂടുതൽ ഉദാഹരണങ്ങൾ

- നല്ലൊരു വടികൊണ്ടവനെത്തല്ലി-
  പ്പല്ലുകളൊക്കെയുതിർത്തുടനവനുടെ
  എല്ലുകളുള്ളതിടിച്ചു നുറുക്കി-
  കൊല്ലാക്കൊലചെയ്തവനുടെയരയിൽ
  നല്ലൊരു വള്ളി വലിച്ചു മുറുക്കീ-
  ട്ടെല്ലായിടവും കൊണ്ടുനടക്കണ-
  മല്ലാതെകണ്ടവനുടെഗർവ്വുക-
  ളെല്ലാമിന്നു ശമിക്കയുമില്ല.

  കുഞ്ചൻ നമ്പ്യാർ

- കറുത്തിട്ടോ വെളുത്തിട്ടോ ചോന്നിട്ടോ
  അമ്പാടിക്കണ്ണന്റെ നിറമാണേ..

  കണ്ടവരുണ്ടോ - അക്കിത്തം
- അകാരം പണ്ടടയിലുമടിയിലു-
  മങ്ങാടിയിലുമടുക്കളതന്നിലു-
  മോടിനടന്നിട്ടരയാലിൻമേൽ
  കേറിയിരുന്നിട്ടമ്പട ഞാനേ
  എന്നു ഞെളിഞ്ഞില്ല.

  കുഞ്ഞുണ്ണിമാഷ്

ഈ വരികൾ സൗകര്യംപോലെ കുട്ടികൾ നോട്ടു പുസ്തകത്തിൽ പകർത്തിവയ്ക്കട്ടെ.

**വരികൾ കൂട്ടിച്ചേർക്കാം**

1 മഴയുടെ പൂരം മലയുടെ മുകളിൽ
മഴയുടെ പൂരം മണ്ണിനുമുകളിൽ
...............................................................
...............................................................

2 കാക്കയിരിക്കുന്നു കാഞ്ഞിരക്കൊമ്പിൻമേൽ
കാ കാ കാ കാ കാ കാ പാടീടുന്നു.

കോഴിയിരിക്കുന്നു കോലായത്തിണ്ണമേൽ
.............................................................
തത്തയിരിക്കുന്നു താണമരത്തിൻമേൽ
.............................................................
ചാഞ്ഞമരത്തിൻമേൽ മഞ്ഞക്കിളിയതാ
.............................................................
.............................................................
.............................................................

ഇത്തരത്തിലുള്ള വരികൾ മാതൃകയായി നൽകി ഇതിനോട് വരികൾ കൂട്ടിച്ചേർക്കുകയോ പുതിയ വരികൾ എഴുതുകയോ ചെയ്യാം.
കുട്ടികൾ ഓരോരുത്തരായി തയ്യാറാക്കുന്ന വരികൾ ഒന്നിച്ചുചേർത്ത് ക്ലാസ് തലത്തിൽ മെച്ചപ്പെട്ട രചനകൾ വികസിപ്പിക്കാനാവും. ഇങ്ങനെ വികസിപ്പിച്ച രചനകൾ കുട്ടികളുടെ രചനാ സമാഹരത്തിൽ ഉൾപ്പെടുത്താം. പ്രഭാത സർഗ വേളയിലോ ബാലസഭയിലോ കൂട്ടായി അവതരിപ്പിക്കുകയും ചെയ്യാം.

**വീടും കൂടും**

മനുഷ്യർ ഏർപ്പെടുന്ന വ്യത്യസ്ത തൊഴിലുകളെക്കുറിച്ചുള്ള ചർച്ചയിലേക്കാണ് 'വീടും കൂടും' എന്ന ചിത്രം വഴിതുറക്കുന്നത്.

**ചർച്ച**

- ചിത്രത്തിൽ ആരുടെയെല്ലാം പാർപ്പിടങ്ങൾ കാണുന്നുണ്ട്?
- പാഠപുസ്തകത്തിലെ ചോദ്യസൂചനകൾ ഉപയോഗപ്പെടുത്താം.
- കുരുവി കൂടുണ്ടാക്കുമ്പോൾ മുൻകൂട്ടി പ്ലാൻ വരച്ച് തയ്യാറെടുക്കാറുണ്ടോ? നമ്മളെന്തുകൊണ്ടാണ് വീടുവയ്ക്കാൻ മുൻകൂട്ടി പ്ലാൻ തയ്യാറാക്കുന്നത്?

(രണ്ടു വീടുകളുടെ പ്ലാനുകൾ ക്ലാസിൽ കുട്ടികൾക്ക് പരിശോധിക്കാൻ നൽകണം)

- ഇവരണ്ടും ഒരു പോലാണോ?
- നമ്മുടെയെല്ലാം വീടുകൾ ഒരുപോലെയാണോ?
- കാക്കയുണ്ടാക്കുന്ന വീടോ?

- എന്തുകൊണ്ടാണ് കാക്കയ്ക്ക് പുതിയ തരം കൂടുണ്ടാക്കൻ സാധിക്കാത്തത്?

മനുഷ്യനൊഴികെ മറ്റു ജീവികൾക്ക് ഒരു കാര്യം ചെയ്യുന്നതിനുമുമ്പ് അതിനെ മനസ്സിൽ സങ്കൽപ്പിക്കാനാവില്ല. അവ ജൈവപ്രേരണകൊണ്ടു മാത്രമാണ് നിർമിതികൾ ഉണ്ടാക്കുന്നത്.

| |
|---|
| ടീച്ചറോട്: സാധനങ്ങളും സേവനങ്ങളും സൗകര്യങ്ങളും സംവിധാനങ്ങളും ഉണ്ടാക്കിയെടുത്തുകൊണ്ടാണ് മനുഷ്യർ ജീവിതത്തെ മെച്ചപ്പെടുത്തുന്നത്. ഇത്തരത്തിൽ സാധന സേവനങ്ങൾ ഉൽപാദിപ്പിക്കുന്ന പ്രവർത്തനമാണ് തൊഴിൽ. ജീവികൾ പലതും ചുറ്റുപാടിലിടപെട്ടുകൊണ്ട് കൂടും മറ്റും ഉണ്ടാക്കാറുണ്ട്. എന്നാൽ ഇതെല്ലാം അവയുടെ ജനിതക പ്രേരണകൊണ്ടുമാത്രം ഉണ്ടായിവരുന്നതാണ്. മനുഷ്യരുടെ നിർമിതികൾക്ക് ഇവയിൽനിന്ന് എന്താണ് മാറ്റം? നിർമിക്കാനുള്ള ഒരു വസ്തു മനുഷ്യർ മനസ്സിൽ ആദ്യം കാണുന്നു. മനസ്സിൽ സങ്കൽപ്പിക്കുന്ന ഈ രൂപമാണ് മനുഷ്യർ പുറംലോകത്തു നിർമിക്കുന്നത്. കൂട്ടായ അധ്വാനം വഴിയാണ് മനുഷ്യർ ഇത്തരം നിർമിതികൾ ഉണ്ടാക്കിയെടുക്കുന്നത്. |

മറ്റേതെല്ലാം തൊഴിലുകളിൽ നാം ഏർപ്പെടുന്നുണ്ട് എന്ന ചോദ്യം വഴി തൊഴിലും ഭാഷയും എന്ന പാഠത്തിലേക്ക് പ്രവേശിക്കാം.

## തൊഴിലും ഭാഷയും

തൊഴിലിന് ഭാഷയും സംസ്ക്കാരവുമായുള്ള ബന്ധം കണ്ടെത്തുന്നതിനുള്ള ഉള്ളടക്കവും പ്രവർത്തനങ്ങളുമാണ് ഈ പാഠത്തിൽ കടന്നുവരുന്നത്.

| **എൻെറ കേരളം** |
|---|
| 2014-ൽ ആദ്യത്തെ അന്തർദേശീയ ക്ലിൻ്റ് സ്മാരക അവാർഡ് നേടിയ ചിത്രമാണ് എൻെറ കേരളം. തൃശ്ശൂർ ജില്ലക്കാരനായ അനുജാത് സിന്ധു വിനയ്ലാൽ എന്ന ചിത്രകാരൻ ഒമ്പതുവയസ്സുള്ളപ്പോൾ വരച്ച ചിത്രമാണിത്. |

പാഠഭാഗത്ത് നൽകിയിട്ടുള്ള ചർച്ചാസൂചനകൾ കുട്ടിയുടെ ചിത്രവായനയെ സഹായിക്കാനുള്ളതാണ്. ഒരു സന്ദർഭത്തിൻെറയോ, ആശയത്തിൻെറയോ ചന്തം തികഞ്ഞ ആവിഷ്ക്കാരമാണ് ചിത്രം. അതിനാൽ കുട്ടികൾ ചിത്രത്തിൻെറ ഉള്ളടക്കം മാത്രം നോക്കിപ്പോയാൽപ്പോര. അതിൻെറ സൗന്ദര്യാംശവും ശ്രദ്ധിക്കണം.

എന്തെല്ലാമാണ് ഈ ചിത്രത്തിന് ചന്തം നൽകുന്നത് എന്ന പാഠ പുസ്തകത്തിലെ ചോദ്യം ഇക്കാര്യം പരിഗണിക്കാനാണ്. ഈ ചിത്രത്തിൽ,

- നിറങ്ങളുടെ വേണ്ടതുപോലെയുള്ള സംയോജനം നടത്തിയിട്ടുണ്ട്.
- എല്ലാദൃശ്യങ്ങൾക്കും ഒരുപോലെ പ്രാധാന്യം കൊടുത്താണ് വരച്ചിട്ടുള്ളത്.
- മുകളിൽ നിന്നു നോക്കുന്ന രീതിയിലാണ് ചിത്രത്തിൻെറ ആവിഷ്ക്കാരം.
-
-

മുതലായവയെല്ലാം ഈ ചിത്രത്തിൻെറ ചന്തം വർദ്ധിപ്പിക്കുന്ന ഘടകങ്ങളാണ്.

ചിത്രത്തിലെ പ്രമേയം തൊഴിലാണല്ലോ. തൊഴിലും ഭാഷയും തമ്മിൽ ഗാഢമായ ബന്ധമുണ്ട്. ആ ബന്ധം തിരിച്ചറിയുന്നതിനുള്ള ചോദ്യസൂചനകളാണ് പാഠപുസ്തകത്തിൽ നൽകിയിട്ടുള്ളത്.

പല തൊഴിലുമായും ബന്ധപ്പെട്ട് ധാരാളം വാക്കുകളുണ്ട് എന്നു കണ്ടെത്തനുള്ള ചർച്ച ക്ലാസ്സിൽ നടക്കണം. ഉദാഹരണത്തിന് മീൻപിടുത്തം ഇവിടെ കാണാനുണ്ടല്ലോ. ഇതുമായി ബന്ധപ്പെട്ട് എന്തൊക്കെ വാക്കുകളുണ്ട്?[ചൂണ്ടലിടുക, ഇരകോർക്കുക, ചൂണ്ടൽ കൊളുത്ത്, വല, മീൻ, മത്തി, കണ്ണൻ, സ്രാവ്,......]

മീൻപിടുത്തം എന്ന തൊഴിൽ ഇല്ലായിരുന്നെങ്കിലോ? [അതുമായി ബന്ധപ്പെട്ട വാക്കുകൾ ഭാഷയിൽ ഉണ്ടാവില്ല]

**തൊഴിലിടം ചിത്രീകരണം**

തങ്ങൾക്കിഷ്ടപ്പെട്ട തൊഴിലുകൾ നടക്കുന്ന ഒരു ഇടം അഥവാ സന്ദർഭം കുട്ടികൾ തെരഞ്ഞെടുക്കട്ടെ. ഉദാഹരണമായി

- വാഹന ഗതാഗതം
- കൃഷിപ്പണി
- ഹോട്ടൽ ജോലികൾ
- കച്ചവടകേന്ദ്രങ്ങൾ
- മത്സ്യബന്ധനം
- കാട്ടുവിഭവങ്ങൾ ശേഖരിക്കൽ
- തേയില കൊളുന്തുനുള്ളൽ
-
-

ചിത്രീകരണത്തിനായി കുട്ടികൾക്ക് സ്വന്തം ജീവിത പരിസരത്തെ സന്ദർഭങ്ങൾ തെരഞ്ഞെടുക്കാൻ അവസരം നൽകണം. തെരഞ്ഞെടുത്ത തൊഴിലിടത്തെക്കുറിച്ച് ചർച്ച നടക്കണം. ചിത്രത്തിൽ ചേർക്കേണ്ട വിശദാംശങ്ങൾ കുട്ടിയുടെ മനസ്സിലേക്കു കൊണ്ടു വരുവാൻ അതുസഹായിക്കും.

തുടർന്ന് കുട്ടികൾ വ്യക്തിഗതമായി ചിത്രം വരയ്ക്കട്ടെ. സ്വന്തം ചിത്രത്തെ എങ്ങനെ വിലയിരുത്തി മെച്ചപ്പെടുത്താൻ കഴിയും? അതിനായി ക്ലാസിൽ ഒരു ചർച്ച നടക്കണം. ചിത്രത്തിൻെറ മിഴിവ് കൂട്ടുന്നത് എന്തെല്ലാമാണ്? (വരയിലെ വ്യക്തത എത്രമാത്രം? നിറങ്ങളുടെ ചേർച്ച? വരച്ച ആശയം വ്യക്തമായി പ്രതിഫലിക്കുന്നുവോ?.....)

ചർച്ചയുടെ അടിസ്ഥാനത്തിൽ സൂചകം രൂപീകരിക്കണം.

| |
|---|
| സൂചകങ്ങൾ<br>■ ഉദ്ദേശിച്ച ആശയം വ്യക്തമാവുന്നുണ്ട്.<br>■ ആശയം വ്യക്തമാവുന്ന വിധത്തിൽ വേണ്ടതുപോലെ നിറങ്ങൾ ചേർത്തിട്ടുണ്ട്.<br>■<br>■ |

സൂചകങ്ങൾക്കനുസരിച്ച് വരച്ച ചിത്രത്തെ ഓരോരുത്തരും മെച്ചപ്പെടുത്തുന്നു. അവ ക്ലാസ് /സ്ക്കൂൾ നവമാധ്യമ ഗ്രൂപ്പുളിൽ പങ്കുവയ്ക്കുന്നു. ചിത്രങ്ങൾ പുറംചുമർ പ്രദർശന ബോർഡിൽ പ്രദർശിപ്പിക്കുകയും വേണം. പ്രദർശനശേഷം ചിത്രങ്ങൾ കുട്ടികളുടെ രചനാശേഖരത്തിലേക്ക്.

**മിണ്ടാപ്പണി**

ഏതു കൂട്ടായ പ്രവർത്തനത്തിൻെറയും സംഘാടനവും സംയോജനവും നിർവഹിക്കുന്നത് ഭാഷയാണ്. ഒരു കൂട്ടത്തിനിടയിൽ പ്രവൃത്തി വിഭജിക്കാനും അവ കൂട്ടിയോജിപ്പിച്ച് നിർവഹിക്കാനും ഭാഷ അനിവാര്യമാണ്.

ഈ കാര്യം വ്യക്തമാക്കാൻ വേണ്ടി കുട്ടികൾക്കിടയിൽ ഒരു പ്രവർത്തനം നടത്താം. കുട്ടികളെ ചെറുസംഘങ്ങളാക്കി ഓരോ സംഘത്തിനും ഏതെങ്കിലും കൂട്ടായ പ്രവൃത്തി ചെയ്യുന്നതിനുള്ള നിർദ്ദേശമെഴുതിയ കുറിപ്പ് സ്വകാര്യമായി നൽകാം. ഉദാഹരണത്തിന്

- ഗ്രൂപ്പിലെ എല്ലാവരും മലയാള പുസ്തകം തുറന്ന് മുപ്പതാമത്തെ പേജ് കണ്ടെത്തുക

- ഗ്രൂപ്പിലെ എല്ലാവരും അടുക്കളയിൽചെന്ന് എല്ലാവരും ഓരോ അരിമണി കൊണ്ടു വരിക
- ഗ്രൂപ്പിലെ എല്ലാവരും ഓരോ ഗ്ലാസ് വെള്ളമെടുത്ത് ചെടികൾക്ക് നനയ്ക്കുക...
-
-

എന്നിങ്ങനെ. ഒരു ഗ്രൂപ്പിനു എഴുതിക്കിട്ടിയ നിർദ്ദേശം മറ്റൊരു ഗ്രൂപ്പിനെക്കൊണ്ട് ചെയ്യിക്കുകയാണ് വേണ്ടത്. എന്നാൽ പണി നിർദ്ദേശിക്കുന്നതിന് എഴുതിക്കാണിക്കാനോ പറഞ്ഞറിയിക്കാനോ പാടില്ല. ആംഗ്യങ്ങളിലൂടെ നിർദ്ദിഷ്ട ഗ്രൂപ്പിന് പണിയുടെ ചുമതല ഏൽപ്പിക്കണം. ആംഗ്യങ്ങളിലൂടെ മനസ്സിലായ കാര്യം അവർ നിർവഹിക്കണം. സ്വാഭാവികമായും ഒരു ഗ്രൂപ്പിനും കൃത്യമായി നിർ ദ്ദേശിക്കപ്പെട്ട പണി ചെയ്യാൻ കഴിയാതെപോകും.

തുടർന്ന്,

- എന്തായിരുന്നു യഥാർത്ഥത്തിൽ നിർദ്ദേശിച്ച പണി?
- അത് നടത്താൻ നിങ്ങൾ അനുഭവിച്ച പ്രയാസം എന്താണ്?
- ഒരു പണിയെടുക്കാൻ ഭാഷ എങ്ങിനെയെല്ലാമാണ് നമ്മെ സഹായിക്കുന്നത്?
-
-

കൂട്ടായി പണിയെടുക്കാൻ ഭാഷ കൂടിയേതീരൂ എന്ന് ക്രോഡീകരിക്കാൻ കഴിയണം.

**തൊഴിൽ വാക്യങ്ങൾ**

അനുജാതിൻെറ ചിത്രത്തിൽ നിന്ന് തൊഴിലുമായി ബന്ധപ്പെട്ട ധാരാളം വാക്യങ്ങൾ നിർമിക്കാനാവും. അത്തരം വാക്യങ്ങൾ വ്യക്തിഗതമായി കുട്ടികൾ പറയട്ടെ. ആവശ്യമെങ്കിൽ ടീച്ചർ ചില മാതൃകകൾ നൽകണം. വാക്യങ്ങളിൽ വൈവിധ്യമുണ്ടാക്കാൻ അതു സഹായിക്കും.

- സ്ത്രീകൾ ഞാറുനടുന്നു
- കടലിൽ നിന്ന് വല വലിച്ചുകയറ്റുന്നു മറ്റു ചിലർ.
- ചിലർ മീൻ വില്പന നടത്തുകയാണ്.
- ഒരാൾ പത്ര വിതരണം നടത്തുന്നുണ്ട്.
- ചൂണ്ടലിട്ടു മീൻ പിടിക്കുന്നു, ഒരാൾ.
- ഇളനീർ വിൽപ്പന തകൃതിയായി നടക്കുന്നുണ്ട്.
- തിറ തുള്ളി ഉറയുകയാണ്.

- ചിലർ ചെണ്ടകൊട്ടുന്നു.
- ആനയ്ക്കൊപ്പമാണ് ചിലർ.
- ആടിനെ കൂടണയ്ക്കുന്നു, ഒരമ്മ.
-
-

ഓരോരുത്തരും കണ്ടെത്തിയ വാക്യങ്ങൾ നോട്ടു പുസ്തകത്തിൽ കുറിക്കട്ടെ.

വാക്യങ്ങളിൽ വരുന്ന കർത്താവ്, കർമം, ക്രിയ തുടങ്ങിയ ഭാഷാ വസ്തുതകളിലേക്ക് കുട്ടികളുടെ ശ്രദ്ധ എങ്ങനെ കൊണ്ടു വരും? സാങ്കേതികമായി വ്യാകരണം പഠിച്ചതു കൊണ്ട് കുട്ടികൾക്കത് പ്രയോഗിക്കാൻ കഴിയണമെന്നില്ല. എന്നാൽ വ്യാകരണശുദ്ധിയുള്ള ഭാഷ പ്രയോഗിച്ചുകൊണ്ട് കുട്ടികൾ ഭാഷാവസ്തുതകൾ അറിയുകയും വേണം. പ്രയോഗത്തിൽ നിന്ന് വ്യാകരണ തത്വങ്ങളിലേക്ക് എന്നതാണ് നാം സ്വീകരിക്കുന്ന രീതി. ഇതിനായി നിർമിച്ച വാക്യങ്ങളിൽ ചിലതിനെ വിശകലനം ചെയ്യാനുള്ള അവസരം കുട്ടികൾക്കു നൽകാവുന്നതാണ്.

ഉദാഹരണത്തിന് 'താറാവ് വെള്ളത്തിൽ നീന്തുന്നു' എന്ന വാക്യത്തിലെ നീന്തുന്നു എന്നു മാത്രം പറഞ്ഞാൽ ആശയം വ്യക്തമാവാൻ എന്തൊക്കെ ചോദിക്കേണ്ടി വരും?

- ആരാണ് നീന്തുന്നത്?
- എവിടെയാണ് / എന്തിനാണ് നീന്തുന്നത്?

ചുരുക്കത്തിൽ ഒരു കാര്യം പറഞ്ഞോ എഴുതിയോ മറ്റൊരാൾക്ക് കൈമാറേണ്ടി വരുമ്പോൾ ആര്, എന്ത്/എവിടെ, എന്തുചെയ്തു എന്ന് പൂർണമായി പറയേണ്ടിവരും. ഒരാശയം പൂർണമായി കൈമാറുന്ന വാക്യത്തിൽ ഈ മൂന്നു ഘടകങ്ങളും ഉണ്ടാവും. ടീച്ചർ കുട്ടികളെഴുതിയ വാക്യങ്ങളെ ആര്, എന്ത്/എവിടെ, എന്തുചെയ്തു എന്നിങ്ങനെയുള്ള ചോദ്യങ്ങൾകൊണ്ട് വിശകലനം ചെയ്യണം.
എന്നാൽ കർത്താവ്, കർമം, ക്രിയ തുടങ്ങിയ സാങ്കേതിക പദങ്ങൾ ഇപ്പോൾ പരിചയപ്പെടുത്തേണ്ടതില്ല.

**വാക്കുകൾ വിളയുന്നു**

അടുക്കളവാക്കുകൾ കണ്ടെത്തുന്ന പ്രവർത്തനം തുടർന്ന് ചെയ്യാനുണ്ട്. ഇതിനുള്ള മുന്നൊരുക്കമാണ് 'വാക്കുകൾ വിളയുന്നു' എന്ന വിവരണം. ഭാഷയിലേക്ക് പുതു വാക്കുകൾ, ശൈലികൾ, പ്രയോഗങ്ങൾ എന്നിവ കടന്നുവരുന്നതിന്റെ

പ്രധാനപ്പെട്ടൊരു സ്രോതസ്സ് തൊഴിൽമേഖലയാണ്. ജീവിതത്തിലേക്ക് പുതിയ തൊഴിൽമേഖലകൾ വരുമ്പോൾ പുതിയ പുതിയ വാക്കുകളും പ്രയോഗങ്ങളും ഭാഷയിലേക്കു വരും. ഏതെങ്കിലും തൊഴിൽ മേഖല ക്ഷയിക്കുമ്പോൾ ആ തൊഴിലുമായി ബന്ധപ്പെട്ട വാക്കുകളും ശൈലികളുമെല്ലാം കൊഴിഞ്ഞു പോവുകയും ചെയ്യും. തൊഴിൽ മേഖലകളും ഭാഷയും തമ്മിലുള്ള ബന്ധമാണ് 'വാക്കുകൾ വിളയുന്നു' എന്ന ഭാഗത്തു സൂചിപ്പിക്കുന്നത്.

കുട്ടികൾ ഇത് വ്യക്തിപരമായി വായിക്കട്ടെ. വിവിധ കൃഷിപ്പണികൾ, ഉപകരണങ്ങൾ, ചൊല്ലുകൾ, കൃഷിയുമായി ബന്ധപ്പെട്ട മറ്റു വാക്കുകൾ എന്നിവയിലെല്ലാം കൂട്ടിച്ചേർക്കലുകൾ നടത്തി വിപുലപ്പെടുത്തട്ടെ.
ഇവിടെ വിവരണത്തിൽ ഖണ്ഡിക വേർതിരിച്ചെഴുതുന്നതിന്റെ യുക്തി എങ്ങനെ ബോധ്യപ്പെടുത്താം? ഇതിനായി ചില ചോദ്യസൂചനകളിലൂടെ ക്ലാസ്സിലൊരു ചർച്ച നടത്താം.

- നെൽകൃഷിയിൽ നാം ചെയ്യുന്ന വിവിധ പണികളുടെ പേരുകൾ വിവിവരണത്തിൽ എവിടെയാണ് എഴുതിയിട്ടുള്ളത്? ആ ഭാഗം കണ്ടെത്തി വായിക്കൂ.
- പണിയുപകരണങ്ങളുടെ പേരുകൾ എഴുതിയത് വായിക്കാമോ?
- മാറ്റുവാക്കുകളെക്കുറിച്ച് എവിടെയാണ് പറഞ്ഞിട്ടുള്ളത്? കണ്ടെത്തൂ.
- കൃഷിച്ചൊല്ലുകളെക്കുറിച്ച് പറഞ്ഞിട്ടുള്ളതെവിടെയാണ്?വായിക്കൂ.
- വിവരണത്തിൽ ഇടയ്ക്കിടെ ഓരോ വരികൾ എഴുതാനുള്ള സ്ഥലം വെറുതെ വിട്ടിരിക്കുന്നതെന്തിനാണ്? [വിവരണത്തിലെ ഓരോ കഷ്ണവും ഒരു പ്രധാന ആശയത്തെ/ കാര്യത്തെ വികസിപ്പിച്ചെഴുതുന്നതാണ്. ഒരാശയത്തെ ക്രമപ്പെടുത്തി വികസിപ്പിക്കുന്ന കഷ്ണമാണ് ഒരു ഖണ്ഡിക. ആ ആശയവുമായി ബന്ധപ്പെട്ട കാര്യങ്ങൾ മാത്രമേ ആ ഖണ്ഡികയിലെഴുതൂ. ഉദാഹരണത്തിന് ചൊല്ലുകളെക്കുറിച്ചു പറയുമ്പോൾ കൃഷിയുപകരണങ്ങളെ കുറിച്ചവിടെയെഴുതില്ല.]

**അക്ഷരമാലാക്രമം**

'വാക്കുകൾ വിളയുന്നു' എന്നതിന്റെ വായനയിൽ നിന്നും ചർച്ചയിൽ നിന്നും കണ്ടെത്തിയ പുതിയ പദങ്ങൾ അക്ഷരമാലാക്രമത്തിൽ നോട്ടുബുക്കിൽ കുറിക്കട്ടെ. ഈ ഘട്ടത്തിൽ ക, കാ, കി, കീ, കു, കൂ... എന്നിങ്ങനെയുള്ള അകാരാദിക്രമം

നിർബന്ധമായും പാലിക്കണമെന്നില്ല. അക്ഷരങ്ങളുടെ മുൻപിൻ ക്രമം നോക്കിയാൽ മതി. ഇതിനായി അക്ഷരമാലാ ചാർട്ട് ക്ലാസിൽ പ്രദർശിപ്പിക്കുമല്ലോ.

**അടുക്കളവാക്ക്**

അടുക്കളയും അവിടെ നടക്കുന്ന പണികളുമാണ് വീടിൻെറ ജീവൻ നിലനിർത്തുന്നത്. എന്നാൽ അടുക്കളപ്പണിക്ക് ഇന്നേവരെ അർഹിക്കുന്ന സ്ഥാനം നാം കൊടുക്കാറില്ല. അടുക്കളപ്പണിയുടെ പ്രാധാന്യവും അത് ഭാഷയ്ക്കു നൽകുന്ന സംഭാവനയും വ്യക്തമാക്കാനാണ് 'അടുക്കളവാക്ക്' എന്ന പ്രവർത്തനം കൊണ്ട് ഉദ്ദേശിക്കുന്നത്. പ്രവർത്തനത്തിലേക്ക് പ്രവേശിക്കാൻ പാഠപുസ്തകത്തിലെ ചിത്രം ഉപയോഗിക്കാം. ചിത്രത്തിൽ കാണുന്നതുപോലെ, അടുക്കളയിൽ എന്തെല്ലാം ജോലികൾ നടക്കുന്നു? എന്തെല്ലാം ഉപകരണങ്ങൾ ഉപയോഗിക്കും? അടുക്കളപ്പണിയുമായി ബന്ധപ്പെട്ട എന്തെല്ലാം ശൈലികളും പ്രയോഗങ്ങളും ഉണ്ട്? എന്നീകാര്യങ്ങൾ ക്ലാസിൽ ചർച്ചനടക്കണം. ഇവ ഉൾപ്പെടുത്തി വിവരണം തയ്യാറാക്കട്ടെ.

'വാക്കുകൾ വിളയുന്നു' എന്ന വിവരണത്തിൽ ചെയ്തതുപോലെ കുട്ടികൾ തയ്യാറാക്കുന്ന വിവരണത്തിൽ അടുക്കളപ്പണിയുടെ പേരുകൾ, അവിടത്തെ ഉപകരണങ്ങൾ, അടുക്കളപ്പണിയുമായി ബന്ധപ്പെട്ട ചൊല്ലുകൾ പ്രയോഗങ്ങൾ എന്നിവയെല്ലാം ഉൾപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പാക്കുമല്ലോ.

["ഉപ്പില്ലാത്ത കറിയില്ല, ഉപ്പുതൊട്ടു കർപ്പൂരം വരെ, ഇവിടെ ഒരു ചുക്കുമില്ല, കടുകു ചോരുന്നതു കാണും തേങ്ങ തള്ളുന്നത് കാണില്ല" എന്നിങ്ങനെയുള്ള പ്രയോഗങ്ങൾ കുട്ടികൾ സ്വയം കണ്ടെത്തിയില്ലെങ്കിൽ ടീച്ചർ പരിചയപ്പെടുത്താൻ ശ്രദ്ധിക്കുമല്ലോ. ഇല്ലത്തമ്മ കുളിച്ചു വരുമ്പോൾ വെള്ളിക്കിണ്ണം തുള്ളിത്തുള്ളി (അരി തിളച്ചു മറിയുന്നത്) അട്ടത്തുണ്ടൊരു കൊട്ടത്തേങ്ങ വെട്ടിപ്പൊളിക്കാൻ കിട്ടില്ല (അമ്പിളിമാമ) തുടങ്ങി പ്രാദേശികമായി കണ്ടെത്തുന്ന കടങ്കഥകളും പരിചയപ്പെടുത്തുമല്ലോ.]

വിവരണം തയ്യാറാക്കാൻ ക്ലാസിൽ നടക്കുന്ന പ്രക്രിയ ഇങ്ങനെ ചുരുക്കിപ്പറയാം.

- കുട്ടികളുടെ വ്യക്തിപരമായ എഴുത്ത്.
- വിവരണങ്ങളുടെ അവതരണം [ഏതാനും ചിലർ ക്ലാസ്സിലും മറ്റുള്ളവർ ഗ്രൂപ്പിലും]

- മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ - ചർച്ച [ക്ലാസ്സ്/ ഗ്രൂപ്പ്]
- മെച്ചപ്പെട്ട വിവരണം ഗ്രൂപ്പിൽ തയ്യാറാക്കൽ, ക്ലാസ്സിൽ അവതരണം, ചർച്ച.
- മികച്ച ഗ്രൂപ്പ് രചനയെ അടിസ്ഥാനമാക്കി ക്ലാസ്സിൽ ചർച്ച. നല്ലൊരു വിവരണത്തിനു വേണ്ടുന്ന ഗുണങ്ങൾ എന്തെല്ലാം? സൂചകങ്ങൾ വികസിപ്പിക്കുന്നു.
- ടീച്ചർ തയ്യാറാക്കിയ മാതൃകയുടെ അവതരണം.
- സൂചകവുമായി അത് എത്രമാത്രം പൊരുത്തപ്പെടുന്നു എന്ന ചർച്ച.
- സ്വന്തം രചനകൾ തിരുത്തി മെച്ചപ്പെടുത്തൽ (ഗൃഹപാഠം)
- തയ്യാറാക്കിയ കുറിപ്പുകൾ പോർട്ട് ഫോളിയോയിലെ രചനാശേഖരത്തിലേക്ക്.

ടീച്ചർ വേർഷൻ

**അടുക്കള ഭാഷ**

എന്നും വീട്ടിൽ അതിരാവിലെ എണീക്കുന്നത് അടുക്കളയാണ്. ഒരു ദിവസമെങ്ങാനും അടുക്കളയൊന്നുണരാതിരുന്നാലോ? എന്തൊരു പുകിലാവും! കുടിക്കാനുണ്ടാവില്ല, തിന്നാനുണ്ടാവില്ല അങ്ങനെ എന്തെല്ലാം!

കഴിക്കാനും കുടിക്കാനും ഉള്ളത് ഉണ്ടാക്കിത്തരുന്ന സ്ഥലം മാത്രമല്ല നമ്മുടെ അടുക്കള. അവിടെനിന്ന് എന്തെല്ലാം വാക്കുകളും പ്രയോഗങ്ങളുമാണ് പിറന്നു വീണിട്ടുള്ളത്!

അടുക്കളപ്പണികളെടുക്കാം. പാത്രം കഴുകുക, കറിക്കരിയുക, തേങ്ങ ചിരകുക, മീൻ മുറിച്ചു കഴുകുക, തീ പൂട്ടുക, കറി വയ്ക്കുക, അരിവാർക്കുക, വിളമ്പുക, മാമു ഊട്ടുക... അങ്ങനെ എന്തെല്ലാം.

ഇനി എന്തെന്തെല്ലാം ഉപകരണങ്ങളാണ് അടുക്കളയിൽ! മിക്സി, അമ്മിക്കല്ല്, ഗ്രൈന്റർ, ആട്ടുകല്ല്, ഗ്യാസ് സ്റ്റൗ, അടുപ്പ്, പ്രഷർ കുക്കർ....

ഇങ്ങനെ മറ്റെന്തെല്ലാം വാക്കുകളുണ്ട്? ചോറും കറിയും, ഉപ്പും മുളകും, എരിവും പുളിയും, കൈപ്പും ചവർപ്പും, വേവും ചൂടും..അങ്ങനെ എന്തെല്ലാം ഇണവാക്കുകൾ!

ഇനി പ്രയോഗങ്ങളെടുത്താലോ? ഉപ്പില്ലാതെ കറിയില്ല, ഉപ്പുതൊട്ടു കർപ്പൂരം വരെ. ഒരു ചുക്കും സംഭവിക്കില്ല, കടുകുപൊട്ടും പോലെ....

അടുക്കളയിൽ നിന്നിറങ്ങിവരുന്ന കടങ്കഥകൾ എത്രയാണ്!
ഇല്ലത്തമ്മ കുളിച്ചു വരുമ്പോൾ
വെള്ളിക്കിണ്ണം തുള്ളിത്തുള്ളി (അരി തിളച്ചു മറിയുന്നത്)
അട്ടത്തുണ്ടൊരു കൊട്ടത്തേങ്ങ
വെട്ടിപ്പൊളിക്കാൻ കിട്ടില്ല (അമ്പിളിമാമ)
അകമില്ല പുറമില്ല
ഞെട്ടില്ലാ വട്ടയില (പപ്പടം)

ഇനിയും കണ്ടെത്താമല്ലോ.

ചുരുക്കത്തിൽ അടുക്കളയിൽ നിന്ന് ഭാഷയും വളർന്നു വരുന്നു എന്നുകാണാം.

മുകളിൽ കൊടുത്തത് ടീച്ചറുടെ വിവരണത്തിൻെറ ഒരു മാതൃകയാണ്. ഇത്തരം മാതൃകകൾ എഴുതി ക്ലാസിൽ അവതരിപ്പിക്കണം. കുട്ടിയുടെ കൗതുകത്തെ ഉണർത്തുന്ന വിധം വായിച്ചവതരിപ്പിക്കുകയും വേണം.

## തടി പിടി

**കാവാലം നാരായണപ്പണിക്കർ**

കവി, ഗാനരചയിതാവ്, നാടകകൃത്ത്, സംവിധായകൻ, നടൻ എന്നീ നിലകളിലെല്ലാം പ്രസിദ്ധനാണ് കാവാലം നാരായണപ്പണിക്കർ. ആലപ്പുഴ ജില്ലയിൽ കുട്ടനാട്ടിൽ 1928 ൽ ജനനം. 2016 ൽ എൺപത്തെട്ടാമത്തെ വയസ്സിൽ അന്തരിച്ചു. കാക്കത്തൊള്ളായിരം[കവിത], അവനവൻ കടമ്പ, ദൈവത്താർ [നാടകങ്ങൾ] തുടങ്ങി ധാരാളം കൃതികൾ അദ്ദേഹത്തിന്റേതായിട്ടുണ്ട്. പത്മഭൂഷൺ, കേരള സാഹിത്യ അക്കാദമിയുടെ വിശിഷ്ടാംഗത്വം , വള്ളത്തോൾ പുരസ്കാരം തുടങ്ങിയ അംഗീകാരങ്ങൾ നേടിയിട്ടുണ്ട്.

പണിയും പാട്ടും തമ്മിലുള്ള ബന്ധമാണ് 'തടി പിടി' എന്ന കവിതയിൽ പ്രമേയമാവുന്നത്. ഭാരിച്ച വസ്തുക്കൾ കൂട്ടായി തള്ളിമാറ്റുമ്പോൾ എല്ലാവരും പ്രയോഗിക്കുന്ന ബലം ഒരേസമയത്ത് ഒരേ ദിശയിലാവണം. അതോടൊപ്പം ബലം പ്രയോഗിക്കുന്നവർക്കൊക്കെ ഇടയ്ക്കൊരു വിശ്രമവും കിട്ടണം. ഇത്തരത്തിൽ, ചെയ്യുന്ന പണിയെ ആയാസമില്ലാതെയും ഫലപ്രദമായും കൂട്ടിയോജിപ്പിക്കുന്ന പ്രവർത്തനമാണ് പണിപ്പാട്ടുകൾ നിർവഹിക്കുന്നത്. പാട്ടിലടങ്ങുന്ന താളമാണ് ഇങ്ങനെ ചെയ്യാൻ സഹായകമാവുന്നത്.

കുട്ടികൾ താളമിട്ട് വ്യക്തിപരമായി കവിതചൊല്ലട്ടെ. ഒരു വരിയിൽ നാല് തകധിമികൾ വരുന്ന തരത്തിലാണ് ഇതിലെ താളം. [ഏലേ/ മാലീ/ ഐ.../ സാ...] തുടർന്ന് കുട്ടികളും ടീച്ചറും ചേർന്ന് താളമിട്ടു ചൊല്ലാം.
'തടി പിടി' എന്ന കവിതയിൽ സൂചിപ്പിച്ച കവിതയുടെ ദൃശ്യാവിഷ്ക്കാരം കുട്ടികൾ ചെയ്യണം. ഒപ്പം മറ്റു ചില പണിപ്പാട്ടുകൾ കൊടുത്ത് അവയുടെ സംഘാവിഷ്ക്കാരത്തിനും സന്ദർഭം നൽകാം.

നിങ്ങളുടെ നാട്ടിലൊക്കെ എന്തെല്ലാമാണെടോ പണി
ഞങ്ങളുടെ നാട്ടിലൊക്കെ കന്നു പൂട്ടലാണേ
കന്നു പൂട്ടലെങ്ങനാടീ മോതിരക്കുറത്തീ
കന്നു പൂട്ടലങ്ങനെ പിന്നിങ്ങനെ പിന്നങ്ങനെ...
..........................................................................
..........................................................................
..........................................................................
..........................................................................

[കന്നുപൂട്ടലിനു പകരം കട്ടതല്ലൽ, വിത്തുവിത, ഞാറുപറി തുടങ്ങിയ മറ്റു കൃഷിപ്പണികൾ ചേർത്ത് പാട്ടു വികസിപ്പിക്കാം.]
എന്നു തുടങ്ങുന്ന നാടോടിഗാനം കുട്ടികളെ പരിചയപ്പെടുത്താം. പ്രാദേശികമായി പ്രചാരത്തിലുള്ള മറ്റു പാട്ടുകളും ഉപയോഗപ്പെടുത്താം. ഉദാഹരണമായി വഞ്ചിപ്പാട്ട്, ഞാറുനടീൽ പാട്ട്, കൊയ്ത്തുപാട്ട്. ചക്രംചവിട്ടൽ പാട്ട്, തേക്കുപാട്ട് മുതലായ സാധ്യതകളൊക്കെ ഉപയോഗിക്കാം.

കവിത താളമിട്ടു പാടുന്നത്, കവിതയുടെ ദൃശ്യവിഷ്ക്കാരം, പണിപ്പാട്ടുകളുടെ സംഘാവിഷ്ക്കാരം എന്നിവ ക്ലാസ് / സ്ക്കൂൾ നവമാധ്യമ ഗ്രൂപ്പിൽ പങ്കുവയ്ക്കാം.

**കവിതയുടെ സന്ദേശം**

കവിതയുടെ സന്ദേശം ഉൾക്കൊള്ളുന്ന വരികൾ കുട്ടികൾ വായിച്ച് കണ്ടെത്തട്ടെ.
(ഒത്തുപിടിച്ചാൽ മഹാബലം
ഒറ്റയ്ക്കായാൽ പരാജയം)

ഒപ്പം ഇത്തരം സന്ദേശമടങ്ങുന്ന മറ്റു ചില ഗാനങ്ങളും നൽകാം. ഒരു ഉദാഹരണം ഇതാ:

ഒത്തുപിടിച്ചാൽ മലയും പോരും
ഒത്തില്ലെങ്കിൽ മലർന്നു വീഴും
ഒത്താലത് ഒത്തതു തന്നെ
ഒക്കാതെന്തുണ്ട്? ഒക്കാതെന്തുണ്ട്?

ഒന്നൂല്യ, ഒന്നൂല്യാ ട്ടോ...[ഗദ്യരീതിയിൽ ]

കൊത്തിക്കൊത്തി നടക്കും പറവകൾ
വലയിൽ വീണപ്പോൾ
ഒന്നിച്ചൊന്നായ് പറന്നുയർന്നവർ
വലയാതായില്ലേ വലയാതായില്ലേ

എന്തുകൊണ്ട്?
അവർ ഒന്നിച്ചൊന്നായ് പറന്നു.[ഗദ്യരീതിയിൽ ]

ഒറ്റയ്ക്കൊരു കമ്പു മുറിയ്ക്കാനെന്തെളുപ്പം
ഒന്നിച്ചൊന്നായ് നിൽക്കും കമ്പുകൾ
എളുപ്പമല്ലല്ലോ.. എളുപ്പമല്ലല്ലോ..

എന്തുകൊണ്ട്?
അവരൊറ്റക്കെട്ട്.. [ഗദ്യരീതിയിൽ ]

കെ ടി രാധാകൃഷ്ണൻ

കുട്ടികൾക്ക് ഈ പാട്ട് അഭിനയിച്ചു കാണിക്കാനവസരം നൽകാം.
അതിനായി

- പാട്ട് വ്യക്തിപരമായി താളമിട്ടു ചൊല്ലൽ
- ചെറു സംഘങ്ങളിൽ താളം കൃത്യപ്പെടുത്തി ചൊല്ലൽ
- ടീച്ചറുടെ കൂടി പങ്കാളിത്തത്തോടെ താളം പിടിച്ചു ചൊല്ലൽ

- പാട്ടിൻെറ ദൃശ്യവിഷ്ക്കാരം സംഘമായി ചെയ്യുന്നതിനുള്ള മുന്നൊരുക്കം നടത്തൽ

ബാലസഭയിൽ ഈ പാഠഭാഗവുമായി ബന്ധപ്പെട്ട എല്ലാ അഭിനയഗാനങ്ങളുടെയും ആവിഷ്ക്കാരത്തിന് സന്ദർഭം നൽകണം.

'വാമൊഴിച്ചന്തം' എന്ന പാഠത്തിലെ 'ഒരുമതന്നെ പെരുമ' എന്ന ഭാഗം ഈ സന്ദർ ഭത്തിൽ സൂചിപ്പിക്കണം.

## കുതിരകെട്ടിക്കളി- കളിയനുഭവം

**കുരീപ്പുഴ ശ്രീകുമാർ**

മലയാളത്തിലെ ശ്രദ്ധേയനായ കവിയും എഴുത്തുകാരനുമാണ് കുരീപ്പുഴ ശ്രീകുമാർ. കൊല്ലം ജില്ലയിലെ കുരീപ്പുഴയിൽ 1955 ൽ ജനിച്ചു. പെണങ്ങുണ്ണി, ശ്രീകുമാറിന്റെ ദുഃഖങ്ങൾ, അമ്മ മലയാളം, തുടങ്ങി ധാരാളം കൃതികൾ അദ്ദേഹത്തിന്റേതായിട്ടുണ്ട്. വിദ്യാഭ്യാസവകുപ്പിൽ ജീവനക്കാരനായിരുന്നു. കേരളാ സാഹിത്യ അക്കാദമി അവാർഡ്, ആശാൻ സ്മാരക കവിതാപുരസ്കാരം , തുടങ്ങിയ പല അഗീകാരങ്ങളും ലഭിച്ചിട്ടുണ്ട്.

കുട്ടികൾക്ക് ഏറ്റവും പ്രിയപ്പെട്ടത് കളിയനുഭവമായിരിക്കുമല്ലോ. കളിയനുഭവം വിവരിക്കുന്നതിലേക്ക് കുട്ടികളെ നയിക്കാനാവണം. ഇതിനായി പാഠപുസ്തകം പേജ് 61 ലെ ചിത്രങ്ങൾ ഉപയോഗിക്കാം. ചിത്രങ്ങളെ അടിസ്ഥാനമാക്കി ചർച്ച.

- എന്തൊക്കെ കളികളാണ് ഇവിടെ നടക്കുന്നത്?
- കളി കൊണ്ടെന്തെല്ലാം ഗുണങ്ങളുണ്ട്?

തുടർന്ന് കവി കുരീപ്പുഴ ശ്രീകുമാർ എഴുതിയ 'കുതിരകെട്ടിക്കളി' വ്യക്തിഗതമായി വായിക്കട്ടെ.ടീച്ചറും കുട്ടികളും ചേർന്നുള്ള വായന. ചർച്ച

- നിങ്ങളെന്തൊക്കെ കളികളാണ് കളിക്കാറുള്ളത് ?
- കളിയനുഭവത്തെപ്പറ്റി നിങ്ങൾക്കെന്തെല്ലാം പറയാനുണ്ട്?[കുട്ടികൾ അവരുടെ കളിയനുഭവങ്ങൾ വാചികമായി അവതരിപ്പിക്കട്ടെ]

തുടർന്ന് കുട്ടികൾ അവർ നടത്തിയ ഒരു സംഘക്കളിയുടെ വിവരണം എഴുതട്ടെ. കളിയനുഭവം തയ്യാറാക്കുന്ന പ്രക്രിയ എന്തായിരിക്കും?

- അനുഭവം പറയൽ, ചർച്ച.

- പറയുന്നതിൻെറ അടിസ്ഥാനത്തിൽ വ്യക്തിപരമായി എഴുത്ത്.
- അതിൻെറ അവതരണം, ചർച്ച.
- ഓരോരുത്തരും തയ്യാറാക്കിയത് ഗ്രൂപ്പിൽ അവതരിപ്പിക്കൽ.
- ഗ്രൂപ്പ് രചന. അവതരണം, ചർച്ച.
- മികച്ച ഗ്രൂപ്പ് രചനയെ അടിസ്ഥാനമാക്കി സൂചകങ്ങൾ വികസിപ്പിക്കാനുള്ള ചർച്ച.
- ഓരോകുട്ടിയും സൂചകങ്ങളുടെ വെളിച്ചത്തിൽ സ്വന്തം രചന മെച്ചപ്പെടുത്തൽ. (ഗൃഹപാഠം).
- കളിയനുഭവങ്ങളുടെ സമാഹാരം തയ്യാറാക്കൽ.
- കളിയനുഭവങ്ങളുടെ സമാഹാരം അസംബ്ലിയിൽ പ്രകാശനം

(ഓരോകുട്ടിയുടെയും പോർട്ട്ഫോളിയോയിൽ അവരവർ തയ്യാറാക്കിയ കളിയനുഭവം ഉൾച്ചേർക്കാം).

**കൂടിച്ചേരുമ്പോൾ**

പിരിച്ചെഴുതുക, ചേർത്തെഴുതുക എന്നതിൻെറ ഭാഷാനിയമങ്ങളൊന്നും ഈ ഘട്ടത്തിൽ കുട്ടികൾ ആഴത്തിലറിയണമെന്നില്ല. എന്നാൽ ശരിയായി പിരിച്ചെഴുതുന്നതിൻെറയും ചേർത്തെഴുതുന്നതിൻെറയും അനുഭവങ്ങൾ കുട്ടികൾക്ക് കിട്ടുകയും വേണം. ഇത്തരം ഭാഷാനുഭവങ്ങളിൽ നിന്നാണ് പിന്നീട് പൊതു നിയമങ്ങളിൽ എത്തിച്ചേരേണ്ടത്.

വ്യക്തിപരമായി കുട്ടികൾ പാഠഭാഗത്തുനിന്ന് സമസ്ത പദങ്ങൾ കണ്ടെത്തട്ടെ. അവയെ പിരിച്ചെഴുതുകയും ചെയ്യട്ടെ. അവതരിപ്പിക്കാനും തിരുത്താനും കുട്ടികൾക്ക് അവസരം നൽകണം. പാഠഭാഗത്തുനിന്നല്ലാത്ത വാക്കുകളും കുട്ടികൾക്ക് ഇപ്രകാരം കണ്ടെത്തി പിരിച്ചെഴുതാം. കണ്ടെത്തിയ വാക്കുകൾ അക്ഷരമാലാ ക്രമത്തിലാക്കി കുട്ടികൾ നോട്ടുപുസ്തകത്തിൽ എഴുതിവയ്ക്കണം.

മര - കാല് = മരക്കാല്

വർണ - കടലാസ് = വർണക്കടലാസ്

കതിര് - കാല് = കതിരുകാല്

കുതിര – തല = കുതിരത്തല

കുതിര – വാല് = കുതിരവാല്

തോളിൽ - ഏറ്റി = തോളിലേറ്റി

വളരെ - ചെറിയ = വളരെച്ചെറിയ

ചേർത്തെഴുതുകയും പിരിച്ചെഴുതുകയും മറ്റും ചെയ്യുന്നത് ചേർന്നു വരുന്ന വാക്കുകൾ ശരിയായി പറയാനും എഴുതാനും വായിക്കാനുമുള്ള കഴിവു വളർത്താനാണ്. എങ്കിൽ ചില എഡിറ്റിങ് സന്ദർഭങ്ങൾ കുട്ടികൾക്കു നൽകുന്നതു നന്നായിരിക്കും. ചില വാക്യങ്ങൾ ഇതിനായി നൽകാം.

- കുതിര തല കുലുക്കി. കുതിര തല കെട്ടിയുണ്ടാക്കി. (ഇവിടെ കുതിരത്തല എന്നു വേണമല്ലോ. കുട്ടികൾ കണ്ടെത്തട്ടെ.) ഇതുപോലെ
- അമ്മ കിളിക്കു പാലുകൊടുത്തു. അമ്മ കിളി കുഞ്ഞിന് തീറ്റയുമായി വന്നു.
- എണ്ണ കുപ്പിയിലാക്കി വച്ചു. എണ്ണ കുപ്പി പൊട്ടി.

പുസ്തകങ്ങൾ TB

1. കുഞ്ഞനുറുമ്പും കുട്ട്യോളും - എം വി മോഹനൻ - തപ്പുകുടുക്കയിലെന്തുണ്ട്? - ലോഗോസ് ബുക്സ്, വിളയൂർ
2. തടി പിടി - കാവാലം നാരായണപ്പണിക്കർ - കാക്കത്തൊള്ളായിരം - കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
3. കുതിരകെട്ടിക്കളി - കുരീപ്പുഴ ശ്രീകുമാർ - യുറീക്ക് മെയ് 2023

പുസ്തകങ്ങൾ HB

1. ഒത്തുപിടിച്ചാൽ മലയും പോരും - കെടി രാധാകൃഷ്ണൻ